# ദിവ്യകോകിലം

## ആശാൻ ജന്മശതാബ്ദിപ്പതിപ്പ്



"മാററുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാററുമതുകളീ നിങ്ങളെത്താൻ"



"സാഹിതിതന്നെയും രാജ്യത്തെയും ശ്രദ്ധാ-
സൗഹൃദമാർന്നു സംസേവിച്ചു വാഴ്വാൻ
ദിവ്യകലാരൂപ, നീയിങ്ങു ഞങ്ങളെ-
യവ്യാജരാഗമനുഗ്രഹിച്ചീടുക.
സുവ്യക്തമായ് ലിപിയിൽ പ്രണവംപോലെ
ഭവ്യനിനാദമേ, നീയിതിൽ തങ്ങുക!"

# ദിവ്യകോകിലം

(ത്രൈമാസികം)

(ആശാൻ ജന്മശതാബ്ദിപ്പതിപ്പ്)


പുസ്തകം 1 1973 ഏപ്രിൽ ലക്കം 2


## താളുകൾ മറിക്കുമ്പോൾ


| | | പേജ് |
|---|---|---|
| കുമാരനാശാൻ എന്ന റെബെൽ | —എം. പ്രഭ | 7 |
| നളിനി – ഒരു പഠനം | —നിത്യചൈതന്യയതി | 16 |
| ആശാനും ഭാരതീയ സാഹിത്യപാരമ്പര്യവും | —തിരുനല്ലൂർ കരുണാകരൻ | 28 |
| ആശാന്റെ ഗുരുനാഥന്മാർ | —ജി. പ്രിയദർശനൻ | 43 |
| 'ലീല'യിലെ കാവ്യപ്രപഞ്ചം | —ഡി. വിനയചന്ദ്രൻ | 52 |
| ഒരു മഹാകവിയുടെ സന്ദേശം | —മൂർക്കോത്തു കുമാരൻ | 55 |
| ആശാൻ | —ഇ. വി. കൃഷ്ണപിള്ള | 63 |
| കയ്യെഴുത്തിലെ ആശാൻ | —കാപ്പിൽ കേശവൻ | 69 |
| ആശാന്റെ കവിത | —വിദ്വാൻ ഏ. ഡി. ഹരിശർമ്മ | 76 |
| ആശാൻകവിത | —പ്രൊ: ഇളംകുളം കുഞ്ഞൻപിള്ള | 88 |
| കുമാരനാശാന്റെ കവിതയിലെ ജീവിതവിമർശം | —സർദാർ കെ. എം. പണിക്കർ | 90 |
| കരുണ | —പേരൂർ എസ്സ്. മാധവൻവൈദ്യൻ | 97 |
| കുമാരനാശാന്റെ കവിത | —കെ. അയ്യപ്പൻ | 104 |
| '...... . അല്ലെങ്കിൽ ഒരു സ്നേഹം' | —മൂർക്കോത്തു ശ്രീനിവാസൻ | 128 |
| ആത്മപോഷിണിയുടെ 'പ്രരോദന' നിരൂപണവും മഹാകവി കുമാരനാശാന്റെ പ്രത്യാഖ്യാനവും | | 133 |
| ഒരു അനുസ്മരണം | —വിളയത്തു കൃഷ്ണനാശാൻ | 148 |
| പുസ്തകലോകം | —കെ. ശാന്തമ്മ | 151 |

# മഹാകവി ജി. യുടെ
# ഒരു കത്ത്



ഭദ്രാലയം,
എറണാകുളം—1
17–1–'73

പ്രിയ സുഹൃത്തേ,

സസ്നേഹം അയച്ച കത്തും 'ദിവ്യകോകിലവും'. വസന്തത്തെ അനുഗമിച്ചു പാടുന്ന കുയിലുകൾ ഉണ്ട്. വസന്തത്തെ ആനയിക്കുന്ന കുയിലുകൾ അപൂർവ്വമാണ്. കേരളീയ ഹൃദയത്തിലും ഭാഷാ കവിതയിലും പുതിയ വസന്തത്തിൻെറ നവചൈതന്യവും ഭാവസൗഭാഗ്യവും ആമോദാതിരേകവും വികാസവും കൊണ്ടുവന്ന ദിവ്യകോകിലം തന്നെയാണ് ആശാൻ. ഒന്നു രണ്ടു പ്രസംഗങ്ങളിൽ, ഇതിനു വളരെ മുൻപു ഞാൻ ഇതു പറഞ്ഞിട്ടുണ്ട്.

1947–ൽ ആശാനെക്കുറിച്ച് 'കായിക്കരെ'യോ മറേറാവെച്ചു ഞാൻ ചെയ്ത ഒരു പ്രസംഗത്തിൻെറ അപൂർണ്ണസംഗ്രഹം 'ജി–യുടെ നോട്ടുബുക്കി'ൽ എടുത്തുചേർത്തിരുന്നു. ഭാരതീയരെയും മഹാകവി ആശാനെയും താരതമ്യപ്പെടുത്തുന്ന

ഒരു സന്ദർഭവും ആ പുസ്തകത്തിൽത്തന്നെയുണ്ട്. 'ലേഖമാല'യിൽ ആശാനെക്കുറിച്ച് ഒരു ലേഖനം ചേർത്തിട്ടുണ്ടെന്നാണോർമ്മ. ആശാനെപ്പോലെ മററൊരു കേരളീയ കവിയെക്കുറിച്ച് ഞാൻ അത്രവളരെ പ്രസംഗിക്കയോ എഴുതുകയോ ചെയ്തിട്ടില്ല. മഹാകവിയെ ആദരിക്കുന്ന രണ്ടു സിമ്പോസ്യങ്ങൾ ഈയിടെ ഞാൻ ഉദ്ഘാടനംചെയ്തു: ഒന്നു തുഞ്ചൻപറമ്പിൽ; മററൊന്നു്, എറണാകുളത്തു്. ഹൃദ്രോഗാക്രമണം നടന്നുകഴിഞ്ഞ ഞാൻ പ്രസംഗിക്കാൻ പോകരുതെന്നു ഡോക്ടർ വിലക്കിയിട്ടുണ്ടു്; (ഡോക്ടർ സി. കെ. ഗോപി). എന്നിട്ടും കുമാരനാശാനോടുള്ള അന്യാദൃശ സ്നേഹാദരബഹുമാനങ്ങളാണു്, എന്നെ പിടിച്ചുകൊണ്ടുപോയതു്.

മഹാകവിയെപ്പററി പുതിയതായി വല്ലതും എഴുതണം; എഴുതുകയാണെങ്കിൽ, പറഞ്ഞതുതന്നെ പറഞ്ഞാൽ പററില്ല. എനിക്കു് ഇപ്പോൾ പഠനം നടത്താനുള്ള ദേഹസ്വാസ്ഥ്യമില്ല. വിശ്രമിക്കയാണു്. 'മലയാളനാട്ടിൽ'വരുന്ന ലേഖനങ്ങൾ തന്നെ ഡൽഹിയിൽവച്ചു് എഴുതിയവയാണു്. ഇവിടെ വന്നിട്ടു് ഒരു വാക്യം എഴുതിയിട്ടില്ല.

അടുത്ത ലക്കത്തിലേയ്ക്കു് എന്നിൽനിന്നും പ്രതീക്ഷിക്കരുതു്, ലേഖനം. എന്തെങ്കിലും മഹാകവിയെക്കുറിച്ചു പുതിയതായെഴുതിയാൽ അങ്ങോട്ടയയ്ക്കാം, അപ്പോൾ. നിത്യചൈതന്യയതിയുടെ ലേഖനം എന്നെ അത്യന്തം ആകർഷിച്ചു. മനോവിജ്ഞാനീയ സീമയ്ക്കുള്ളിലും സീമയ്ക്കപ്പുറത്തും നിന്നു് ആ മാന്യസുഹൃത്തു് 'നളിനി'യിലേയ്ക്കു വെളിച്ചം വീശുന്നു. അതൊരു പുതിയ നിരൂപണ സമീപനമാണു്.

'കൈരളി' എന്നല്ല, സാഹിത്യ പരിഷന്മാസികങ്ങൾ പോലും എൻെറ കൈയിലില്ല. ഡയറി എഴുതി ശീലമില്ലായിരുന്നു. കത്തുകൾക്കു പകർപ്പുവയ്ക്കാറില്ല. വരുന്ന കത്തുകളിൽ ചിലതു് അവിടെയും ഇവിടെയും കിടക്കും. ഓർമ്മ മാത്രം ആലംബിച്ചാണു്,—സത്യസന്ധമാണു് അതു്—'മലയാളനാട്ടി'ലെ ആ ലേഖനങ്ങൾ കുറിച്ചിട്ടുള്ളതു്.

മഹാകവി ആലുവായിലദ്വൈതാശ്രമത്തിലുള്ളപ്പോൾ, 1920—ലോ മററോ ആണെന്നു തോന്നുന്നു, കാണണമെന്നു മോഹം ജനിച്ചു. പതിനെട്ടു കടന്ന ഒരു സാധാരണക്കാരനായ എനിക്കു് അതിനു ധൈര്യമുണ്ടായില്ല. പിന്നെ 1924-വരെ ഞാൻ തിരുവില്വാമലെയായിരുന്നു. അവിടെ വെച്ചാണു് ആ അപമൃത്യുവാർത്ത നനഞ്ഞ കൺകളോടെ കേട്ടതു്. എൻെറ ജീവിതത്തിലെ വലിയൊരു ആഗ്രഹം, ആശാനെ കണ്ടു് അഭിവാദനം ചെയ്യണമെന്ന ആന്തരപ്രേരണ ഫലിക്കാതെ പോയി.

സ്നേഹപൂർവ്വം

ജി. ശങ്കരക്കുറുപ്പു്.

# കുമാരനാശാൻ എന്ന റെബെൽ

എം. പ്രഭ

ലോകചരിത്രത്തിൻെറ വശങ്ങളെ അലസമായിപ്പോലും നോക്കുന്ന ഏതൊരാളുടെ ശ്രദ്ധയിലും ചെന്നെത്തുന്ന ഒരു യാഥാർത്ഥ്യമുണ്ട്: അതിതാണ്—സ്വന്തമായി ഒരു വ്യക്തിത്വം നേടിയെടുക്കാൻ കഴിഞ്ഞ എല്ലാ പ്രഗത്ഭമതികളും തന്നെ, അവർ ജീവിച്ചിരുന്ന കാലഘട്ടത്തിൽ നിലവിലിരുന്ന വിശ്വാസങ്ങളെ, ധാരണകളെ, സങ്കല്പങ്ങളെ, വ്യവസ്ഥിതികളെ, ആചാരങ്ങളെ, എതിർത്തവരായിരുന്നുവെന്ന്. ഇന്നു നാം മതാചാര്യന്മാരെന്നോ, മതസ്ഥാപകരെന്നോ, സാമൂഹ്യപരിഷ്ക്കർത്താക്കളെന്നോ, പറയുന്നവരെല്ലാം തന്നെ അങ്ങിനെയുള്ളവരായിരുന്നു. സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ രംഗങ്ങളിലെ ദാർശനികന്മാരായി നാം കരുതുന്നവരും, അങ്ങനെയുള്ളവർ തന്നെ, കൺഫ്യൂഷ്യസും ബുദ്ധനും ജൈനനും ക്രിസ്തുവും മുഹമ്മദും അരിസ്റ്റോട്ടിലും എപ്പിക്യൂറസും പ്ലേറ്റോയും മാക്കസ് അറീലിയസും വാൾട്ടയറും ഹോബ്സും ലോക്കും ജോൺ സ്റ്റുവർട്ടമില്ലും റൂസോവും ഹെഗലും കാറൽമാർക്സും ഗാന്ധിയും നെഹ്രുവും ഷേക്സ്പീയറും മിൽട്ടണും ഷെല്ലിയും ടാഗൂറും വിവേകാനന്ദനും നാരായണനും അരവിന്ദനും എല്ലാംതന്നെ, അവരവരുടെ കഴിവനുസരിച്ചു നോക്കി മനസ്സിലാക്കിയവരും അവർ, തങ്ങളുടെ ചുററും കണ്ട വൈകല്യങ്ങളെയും പോരായ്മകളേയും നാമാവശേഷമാക്കാൻ യത്നിച്ചവരുമായിരുന്നു; ആ യത്നം പല രൂപം കൊണ്ടിരിക്കാമെന്ന വ്യത്യാസമുണ്ടെങ്കിലും, അതായത്, ചിലർ മനുഷ്യരുടെ മനസ്സിൽ മാററം വരുത്തുന്നതിനുള്ള പ്രചോദനം നൽകാൻ ശ്രമിച്ചു, മററു ചിലരാകട്ടെ മാനവമദ്ധ്യത്തിലേക്കു പുതിയ സന്ദേശങ്ങൾ പ്രവഹിപ്പിച്ചു, ഇതിനൊക്കെ വിവിധങ്ങളായ മാദ്ധ്യമങ്ങളായിരുന്നു സ്വീകരിച്ചിരുന്നതെങ്കിലും.

സാധാരണമായി, നാം ജനിച്ചുവളരുന്ന സാഹചര്യവുമായി പൊരുത്തപ്പെട്ടു പോവുകയാണു പതിവ്. ബാല്യം മുതൽക്കേ കണ്ടുപോരുന്നതിലെ അനീതികളും അക്രമങ്ങളും അന്യായങ്ങളും നാം മനസ്സിലാക്കുകയില്ല. പഴകിക്കഴിഞ്ഞ ഇരുട്ട് നമുക്കു വെളിച്ചമായിതോന്നും. ശീലിച്ചുപോരുന്ന കൈപ്പ് നമുക്കു മധുരിച്ചു എന്നുവരും. വളരെക്കാലമായി പഞ്ജരബദ്ധമായി കഴിയുന്ന പക്ഷി അതിൻെറ ചിറകിൻെറ ശക്തി മറന്നുപോകുന്നതുപോലെ മനുഷ്യൻെറ ആത്മ

വൈഭവം—വ്യക്തികളുടെ കഴിവുകൾ—അവൻ ജനിച്ചുവളരുന്ന സമൂഹത്തിൽ ചിരകാലമായി നിന്നുപോരുന്ന കീഴ്നടപ്പിനാൽ ഇല്ലാതാക്കപ്പെടുന്നുണ്ടാവും. ആ നിലയ്ക്കു് അസാമാന്യമായ പ്രതിഭയുള്ളവർക്ക മാത്രമേ, വ്യക്തിവൈശിഷ്ട്യമുള്ള വർക്ക മാത്രമേ ഇരുട്ടു് ഇരുട്ടാണെന്നും കയ്പു് കയ്പാണെന്നും മനസ്സിലാക്കാൻ കഴികയുള്ളൂ. ക്രുട്ടത്തിൽ പറയട്ടെ, ശുദ്ധോദനൻെറ പുത്രനായ ഗൗതമനെ ബുദ്ധനായി മാനവരാശിക്ക ലഭ്യമായതു്, അദ്ദേഹത്തിനു പ്രായമെത്തുന്നതിനു മുമ്പു്, വാദ്ധക്യം, രോഗം, മരണം എന്നിങ്ങനെ മനുഷ്യജീവികളെ ഗ്രസിക്കുന്ന ഉഗ്രങ്ങളായ യാഥാർത്ഥ്യങ്ങളെ കാണാൻ സന്ദർഭമുണ്ടാകാത്തതുകൊണ്ടാണു്: അതായതു്, അദ്ദേഹം കേവലം ശിശുവോ ബാലനോ ആയിരുന്ന കാലംതൊട്ടു തന്നെ മനുഷ്യനെ നേരിടുന്ന ഈ പീഡകൾ അദ്ദേഹം കാണാൻ തുടങ്ങിയിരുന്നുവെങ്കിൽ അദ്ദേഹത്തിനു്, തന്നെ യൗവനകാലത്തുണ്ടായ ഞെട്ടലും ഏദയവ്യഥയുമുണ്ടാകുമായിരുന്നില്ല, അദ്ദേഹത്തിനു് അന്നേവരെയുണ്ടായിരുന്ന വിശ്വാസങ്ങളെപ്പററി സന്ദേഹമുണ്ടാകുമായിരുന്നില്ല. മാത്രമല്ല ഗൗതമൻ,

“കരുണ ദേവതകൾക്കില്ലയോ നരനെന്നും
കരഞ്ഞർത്ഥിക്കും രക്ഷനൽകുന്നില്ലല്ലോയിവർ?

*　　　　*　　　　*

“അവരെ വിളിച്ചു കേഴുന്ന മർത്ത്യരെയവ—
ഗ്ഗവനം ചെയ്‌വാൻ കഴിയാത്തതു നിരൂപിച്ചാൽ
ദേവകൾ പരതന്ത്രരായ്‌വരാം നമ്മെപ്പോലെ
കേവലം നമ്മെ രക്ഷിപ്പാനവരശക്തരാം.

*　　　　*　　　　*

“പിന്നെദ്ദേവകൾ രക്ഷ നൽകുവാൻ ശക്തരെങ്കിൽ
മന്നിലിങ്ങനെ നിജഭക്തരെ വെടിയുമോ?
ബ്രഹ്മദേവനീ ദുഃഖരൂപമാം പ്രപഞ്ചത്തെ—
യിമ്മട്ടു സൃഷ്ടിച്ചെന്നും വച്ചുകൊണ്ടിരിപ്പതു
സംഭവ്യമാണോ, സർവശക്തനിക്കഷ്ടതകൾ
ജൃംഭിക്കും ഭുവനത്തെയിങ്ങനെ വിട്ടീടുമോ?
ശക്തനാണുപേക്ഷയിതെങ്കിൽ നിർദ്ദയനവൻ
ശക്തിയില്ലെങ്കിലവനീശ്വരനല്ലതാനും.”

ഇങ്ങനെ ചോദിക്കുമായിരുന്നുമില്ല. അതായതു്, ചുററും കാണുന്നവയെ, അവ നമ്മുടെ ജീവിതത്തിൻെറ ഭാഗമാകത്തക്കവണ്ണം സാത്മ്യം പ്രാപിച്ചുപോയാൽ പിന്നെ നമുക്ക ചോദ്യംചെയ്യാനാവില്ല. അല്ലെങ്കിൽ അത്രയ്ക്കു് അസാധാരണമായ ബുദ്ധിപ്രഭാവം ഉണ്ടായിരിക്കണം. അങ്ങനെയുള്ള കഴിവുണ്ടാവുകയും ആ കഴിവു് മനുഷ്യലക്ഷങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾക്ക നിദാനമാകത്തക്കവണ്ണം, അതും കാര്യമായി, വിനിയോഗിക്കാൻ കഴിഞ്ഞവർ മാത്രമാണു് ഇന്നു നാം മാനിക്കുന്ന വ്യക്തികൾ. അതായതു് പഴയ കാര്യങ്ങളെ ആവർത്തിച്ചു പറഞ്ഞവരെയല്ല, ഈടുള്ള പുതിയ കാര്യങ്ങൾ പറഞ്ഞവരെയാണു നാം അറിയുക.

വേറൊരു രീതിയിൽ പറഞ്ഞാൽ, കാപ്പിപ്പുസ്തകത്തിലെ മേൽവരി നോക്കി എഴുതുന്നവരെയല്ല ലോകത്തിനു വേണ്ടത്; മേൽവരിയെഴുതാൻ കഴിവുള്ളവരെയാണ്. ബുദ്ധനും ക്രിസ്തുവും മററും, അവർ ജീവിച്ചിരുന്ന കാലഘട്ടത്തിലെ വിശ്വാസങ്ങളെ അതേപടി സ്വീകരിക്കുകയും അവയെ പ്രതിധ്വനിപ്പിക്കുകയും മാത്രം ചെയ്തിരുന്നുവെങ്കിൽ, ലോകത്തിൽ ജനിച്ചു ജീവിച്ചു നശിച്ച കോടാനുകോടി അജ്ഞാതന്മാരിൽ പെട്ടവരാകുമായിരുന്നു. ഒന്നാവർത്തിച്ചു പറയട്ടെ, തന്നെ വളഞ്ഞിരിക്കുന്ന സാഹചര്യങ്ങളെ, തന്നെ നിയന്ത്രിക്കുന്ന ശക്തികളെ, സങ്കല്പങ്ങളെ, തന്റെ അവകാശാധികാരങ്ങളെയും തന്റെയും താനുൾപ്പെട്ട സമൂഹത്തിന്റെയും പുരോഗതിയെ നയിക്കുകയും നിയന്ത്രിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന വ്യവസ്ഥിതികളെ ചോദ്യംചെയ്തുകൊണ്ട്, വെല്ലുവിളിച്ചുകൊണ്ട് ജീവിക്കുന്നവർ മാത്രമാണ് മനുഷ്യർ എന്ന പേരിന് അർഹതയുള്ളവർ.

മലയാളസാഹിത്യം സംബന്ധിച്ച ചരിത്രങ്ങൾ പഠിക്കുന്ന ഒരാൾക്കു നിരവധി സാഹിത്യകാരന്മാരെ, കവികളെ, ഗ്രന്ഥകർത്താക്കളെ, നാടകകൃത്തുകളെ, കഥയെഴുത്തുകാരെ കണ്ടെത്താൻ കഴിയും. അവരിൽ അധികംപേരും ഭാഷയിൽ പാടവമുള്ളവരായിരുന്നിരിക്കും; അവർ ചില കാര്യങ്ങൾ പറഞ്ഞിരിക്കയും ചെയ്യും. അങ്ങനെ പറഞ്ഞ കാര്യങ്ങളിൽ എത്രയെണ്ണമാണ് മനുഷ്യന്റെ ആകെക്കൂടെയുള്ള പുരോഗതിക്കു സഹായിക്കുന്നതെന്നു നാം നോക്കുമ്പോൾ നമുക്ക് കടുത്ത നിരാശത തോന്നിയെന്നു വരും. ഏതെങ്കിലും പുരാണത്തിൽനിന്നു ചില രംഗങ്ങൾ സ്വീകരിച്ചുകൊണ്ട്, ശബ്ദഭംഗിയും അലങ്കാരസൗകുമാര്യവും കോർത്തിണക്കിയ സാഹിത്യശില്പങ്ങളാകും അവ. നാം ആ ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ മധുരങ്ങളായ അനുഭൂതികളൊക്കെ ഉണ്ടാവുകയും ചെയ്യും. പക്ഷേ, എന്താണവശേഷിക്കുന്നത്? വികസിച്ചുകൊണ്ടിരിക്കുന്ന, വളരുന്ന, വളർത്തേണ്ട ഒരു സമൂഹത്തിലെ അംഗമെന്ന നിലയിൽ ഒരുവനെ പ്രവൃത്ത്യുന്മുഖനാക്കുന്ന, പ്രചോദിപ്പിക്കുന്ന എന്തെങ്കിലും ആശയമോ സന്ദേശമോ വായനക്കാരന് ലഭിക്കുന്നുണ്ടാകുമോ? ഖേദത്തോടെതന്നെ പറയട്ടെ, മലയാളത്തിലുണ്ടായിട്ടുള്ള എല്ലാ സാഹിത്യകൃതികളും വായിച്ചുനോക്കിയാൽ നമുക്കു കാണാൻ കഴിയുന്നത് ചുരുക്കം ചിലതിൽ മാത്രമേ ഈ ഗുണം കാണുകയുള്ളു എന്നാണ്. ആ ഗുണം കാണാത്തത്, ആ കൃതികളുടെ രചയിതാക്കളിൽ മേൽ സൂചിപ്പിച്ച റെബെലിന്റെ സാന്നിദ്ധ്യം ഇല്ലാത്തതുകൊണ്ടാണുതാനും.

കുമാരനാശാന്റെ കവിതകളിൽ, അദ്ദേഹം ജീവിച്ചിരുന്ന കാലത്ത് അദ്ദേഹംതന്നെ പ്രസിദ്ധപ്പെടുത്തിയവയും, പ്രസിദ്ധപ്പെടുത്താൻവേണ്ടി അദ്ദേഹം എഴുതിവച്ചിരുന്നവയുമായ കാവ്യ ശില്പങ്ങളിൽ ഏതിനേയും എടുത്തുനോക്കൂ, ഏററവും ഉഗ്രനായ, ഭീമകായനായ, അപ്രതിഹതനായ, അജയ്യനായ ഒരു റെബെലിനെ നാം അവയിൽ കണ്ടെത്തുന്നു. അദ്ദേഹത്തെ വരിഞ്ഞുകെട്ടിയിരുന്ന സാമുദായികവും സാമൂഹ്യവും സാംസ്കാരികവുമായ ചങ്ങലകളിൽ ഏതാണ്ട് എല്ലാററിനേയും അദ്ദേഹം പൊട്ടിച്ചെറിയുന്നതു നാം കാണുന്നു; മാത്രമല്ല, നമ്മെക്കൊണ്ടു അങ്ങനെ ചെയ്യിക്കുവാൻ പ്രചോദനം നൽകുകയുംചെയ്യുന്നു.

കവിതകൾക്കുള്ള വിഷയം തിരഞ്ഞെടുക്കുന്നതിൽ, അവ അവതരിപ്പിക്കുന്നതിൽ അവയുടെ രൂപ ഭാവങ്ങൾ ആവിഷ്കരിക്കുന്നതിൽ, എല്ലാം തന്നെ യാഥാസ്ഥിതികത്വത്തെ വെല്ലുവിളിച്ചുകൊണ്ടു ഒരു നവീനതയെ രംഗപ്രവേശം ചെയ്യിക്കുന്നതും നാം കാണുന്നു.

'വീണപൂവു'മുതൽ അങ്ങോട്ടുള്ള ഓരോന്നിലും ആ ഉൽക്കടമായ ഉൽപ്പതിഷ്ണുത്വം തിരതല്ലുന്നുണ്ടു്. അദ്ദേഹത്തിൻെറ കാലംവരെയുള്ള കവികൾ, അദ്ദേഹത്തിൻെറ സമകാലീനന്മാർവരെ, പാരമ്പര്യത്തിൻേറയും യാഥാസ്ഥിതികത്വത്തിൻേറയും അവയുടെ പിന്നിലുള്ള അന്ധവിശ്വാസങ്ങളുടേയും നിലനില്പിനുവേണ്ടി തൂലികയെടുത്തവരായിരുന്നു. അതായതു്, സ്റ്റേററസ്ക്കോവിൻെറ കവിതകൾ. എന്നാൽ ആശാനാകട്ടെ, തുറന്ന മനസ്സോടെ അദ്ദേഹത്തിൻെറ ചുററിലുമുള്ള സമൂഹത്തെ നോക്കിക്കാണുകയും അതിൽ നടമാടുന്ന അനീതികളും ദുരാചാരങ്ങളും വ്യവച്ഛേദിച്ചറിയുകയും ആ അനീതികളുടേയും ദുരാചാരങ്ങളുടേയും പുറകിലുള്ള 'ക്രൂരിരുട്ടിൻകോട്ടകളെ' ചവിട്ടിനിരത്താൻ ബദ്ധകങ്കണനായി മുന്നോട്ടുവരുകയും ചെയ്ത ഒരു വിപ്ലവകാരിയാണു്. എൻെറ ഈ പ്രസ്താവന സാധൂകരിക്കയെന്നതു് നിസ്സാരമായ ഒരു കാര്യമാണു്. ആശാൻെറ അതിപ്രസിദ്ധങ്ങളായ കവിതകൾ വായിച്ചിട്ടുള്ളവക്കറിയാം എത്രബോധപൂർവ്വമായും ആത്മാർത്ഥമായുമാണു് അദ്ദേഹം കവിയെന്നനിലയിൽ തൻെറ ശില്പങ്ങൾ രചിച്ചിട്ടുള്ളതെന്നു്. ദൈവങ്ങൾക്കും രാജാക്കന്മാക്കും വാരസ്ത്രീകൾക്കുംവേണ്ടിയുള്ള കവിതാരചനയുമായി പരിചയപ്പെട്ടുപോന്ന കേരളീയക്കു സാക്ഷാത്തായ മാനുഷികമൂല്യങ്ങളുമായി ആശാൻ കടന്നുവന്നപ്പോൾ മാത്രമാണു് കൈരളീദേവിയെ അന്തസ്സററ ഒരു മാതാവായി വളരുന്നതു കാണാൻ കഴിഞ്ഞതു്. വാല്മീകിയുടെ സീതയെ, വാല്മീകിയുടെ കാലത്തെ സ്ത്രീകൾക്കു ഒരു മാതൃകയാക്കിയാണു് അവതരിപ്പിച്ചതെങ്കിൽ, ഭത്താവിനെ ദൈവംപോലെ കരുതി, ഭത്താവിൻെറ അടിമയായി, എല്ലാം സഹിച്ചും പൊറുത്തുംപോന്ന ഒരു സാധ്വിസ്ത്രീയെയാണു് അവതരിപ്പിച്ചതെങ്കിൽ, ആശാൻെറ സീതയെ ആധുനിക സ്ത്രീകൾക്കു ഒരു മാതൃകയായാണു് അവതരിപ്പിച്ചിരിക്കുന്നതു്. ചിന്താവിഷ്ടയായ സീതയിലെ സീത, അടിമയല്ല, സ്വന്തമായ വ്യക്തിത്വവും മാനസികമായ പ്രബുദ്ധതയുമുള്ള പുരുഷൻെറ സ്വാർത്ഥതയേയും ധിക്കാരത്തേയും വെല്ലുവിളിക്കുന്ന ഒരു റെബെലാണു്. ഭാരതസ്ത്രീകൾ സീതയെ അനുകരിച്ചു എന്നെന്നും അടിമകളായി കഴിയണമെന്ന ദുഃസ്ഥിതി പരിഹരിക്കാതെ ഇന്ത്യയ്ക്കു പുരോഗതിയുണ്ടാകയില്ലെന്ന ബോധമാണു് അദ്ദേഹത്തെക്കൊണ്ടു് ഇത്ര ധീരയും വിവേകബുദ്ധിയുള്ളവളുമായ ഒരു സീതയെ സൃഷ്ടിച്ചതെന്നു നമുക്കു തറപ്പിച്ചു പറയാവുന്നതാണു്. ചണ്ഡാലഭിക്ഷുകിയിലൂടെ ഇൻഡ്യയിൽ നിലനിന്നുപോരുന്ന, ഇവിടത്തെ പിൻതിരിപ്പൻ ശക്തികൾ ബോധപൂർവ്വമായിത്തന്നെ നിലനിറുത്തിപ്പോരുന്ന ജാതിവ്യത്യാസത്തെ ഇത്ര ശക്തമായി എതിർത്ത ഒരൊററക്കവിയും മലയാളത്തിലുണ്ടായിട്ടില്ല. കേരളത്തിലെ ജാതിവ്യവസ്ഥയുടെ അടിക്കല്ലുകൾ തകൎന്നതു്,

"വല്ലിതന്നഗ്രത്തിൽനിന്നോ—ദ്വിജൻ
ചൊല്ലുക മേഘത്തിൽനിന്നോ
യാഗാഗ്നിപോലെ ശമിതൻ—ഖണ്ഡ
യോഗത്തിൽനിന്നോ ജനിപ്പൂ?
അജ്ജാതി, രക്തത്തിലുണ്ടോ—അസ്ഥി
മജ്ജയിതുകളിലുണ്ടോ?"

എന്നിങ്ങനെ തുടങ്ങുന്ന സുവിദിതങ്ങളായ വരികളിലൂടെയാണ്. 'ദുരവസ്ഥ'യിൽ തികച്ചും ആധുനികനായ ഒരു വിപ്ലവകാരിയെയാണു നാം ദർശിക്കുന്നത്. അതിൽ അദ്ദേഹം ജാതിക്കെതിരായി മാത്രമല്ല റെബൽചെയ്യുന്നത്. മുമ്പോട്ടു കാലം കടന്നുപോയിട്ടാതെ, അപൗരുഷേയമെന്നും പാവനമെന്നും കരുതപ്പെട്ടു പോരുന്ന സ്മൃതികളാലും ശ്രുതികളാലും കോട്ടകെട്ടിനിറുത്തിയിരിക്കുന്ന വ്യവസ്ഥിതിയെ മുഴുവൻ ആശാൻ വെല്ലുവിളിക്കുകയാണ്. "നെല്ലിൻചുവട്ടിൽ മുളയ്ക്കും കാട്ടുപുല്ലല്ലസാധുപുലയൻ"എന്നു ചണ്ഡാലഭിക്ഷുകിയിൽ പറഞ്ഞുനിറുത്തിയെങ്കിൽ ഇവിടെ അവനെ ഉന്നതനായ ഒരുമനുഷ്യനായിത്തന്നെ അവതരിപ്പിക്കുന്നു. ('ദുരവസ്ഥ'യും 'ചണ്ഡാലഭിക്ഷുകി'യും 1098—ൽ ആണ് എഴുതിയത്) അവന്റെ കുടിലിന് സാഹിത്യത്തിൽ അത്യുന്നതമായ ഒരു സ്ഥാനം നൽകി – അതിസുന്ദരമായ, ഹൃദയാവർജ്ജകമായ ഒരു യഥാതഥവർണ്ണനയാൽ. മാത്രമല്ല, മാർക്സിസത്തിന്റെ തിരമാലകൾ കടന്നുവരാത്ത അക്കാലത്തു അദ്ദേഹം ചൂണ്ടിക്കാണിച്ചു:—

"തിട്ടമിപ്പുല്ലു കുടിലിന്നമംബരം
മുട്ടിവളരുമരമനയ്ക്കും
ചട്ടററവിത്തൊന്നുതന്നെ—യതാവിത്തു
പൊട്ടിവന്നിട്ടും പൊടിപ്പുതന്നെ,
എന്തുള്ളഭേദമിതുകളിൽ പാർക്കുന്ന
ജന്തുക്കൾതാനും സഹജരല്ലോ."

ഇടയ്ക്കൊന്നുപറയട്ടെ ഈ വിപ്ലവാത്മകമായ ചിന്ത അനന്തര കവിതകളിൽ കൂടുതൽ വസ്തുനിഷ്ഠമായ രൂപം കൊള്ളുന്നതു നമുക്കു കാണാൻ കഴിയുന്നതാണ്.

'ദുരവസ്ഥ'യിലെ 'സാവിത്രി'യിൽ അത്യന്തം ഉദാത്തമായ വ്യക്തിത്വമുള്ള ഒരു മഹതിയെയാണ് നാം കാണുന്നത്. ഹൈന്ദവശ്രേണിയിലെ അഗ്രിമസ്ഥാനത്തുള്ള നമ്പൂതിരിയില്ലത്തിലെ, യാഥാസ്ഥിതികത്വത്തിന്റെ ദന്തഗോപുരത്തിലെ ഒരു യുവതിയായ സാവിത്രി, സകലതും നശിച്ച ഒരു പുലയന്റെ ചാളയ്ക്കുള്ളിൽ അഭയംപ്രാപിക്കുന്നു. അതായതു്, ആ ശ്രേണിയിലെ ഏററവും താഴെപ്പടിയിലെ ഒരു ചണ്ഡാലന്റെ ചാളയ്ക്കുള്ളിൽ ചെന്നെത്തുന്നു. ആധുനികാദർശങ്ങളുടെ ഹിമാലയശൃംഗങ്ങളിൽ കഴിയുന്ന ഇന്നത്തെ വിപ്ലവകാരികൾക്കുപോലും, തങ്ങളുടെ ജാതിയുടെ ഡിഗ്രിയിൽ അരഡിഗ്രി കുറഞ്ഞാൽ സഹിക്കാനാവുകയില്ലല്ലോ. അവർ ജീവിതത്തെപ്പററി ചിന്തിക്കുന്നു, ആത്മഹത്യയെ

പ്പററി ചിന്തിക്കുന്നു. സാമ്പത്തികമായ സകല സൗകര്യങ്ങളുടെയും ആഭിജാത്യത്തിൻെറയും മടിത്തട്ടിൽനിന്നു് 'അന്തമില്ലാത്ത ആഴത്തിലേക്കു്' അവർ വലിച്ചെറിയപ്പെട്ടപ്പോൾ അത്തരത്തിലായിരിക്കുമല്ലോ ചിന്ത. അവളുടെ അന്ത്യതീരുമാനമെന്താണു്? യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിച്ചുകൊണ്ടു സാഹചര്യങ്ങളോടു യുദ്ധം ചെയ്യാനാണു അവർ തീരുമാനിക്കുന്നതു്; ഭീരുവാകാനല്ല; പിൻവാങ്ങാനല്ല; തന്നിലുള്ള വ്യക്തിത്വത്തെ വിജൃംഭിപ്പിച്ചു ജീവിതത്തെ നേരിടാൻ തന്നെയാണു്.

"കില്ലില്ല ഞാനെൻെറകാലം നയിക്കുമി–
പ്പുല്ലുമാടത്തിൽ പുലയിയായിത്താൻ.

* * *

"നൈരാശ്യവഹ്നിയിൽ നീറിനശിക്കുവാ–
നോരാതെയിങ്ങനെ നാൾകഴിക്കും
നീരുജഞാനെൻെറ പാഴ്‌വയറന്യനു്
ഭാരമാക്കാതെയും സൗഖ്യമായും."

എന്ന ദൃഢനിശ്ചയത്തോടെ അവർ ജീവിക്കുവാൻ തീരുമാനിക്കുകയാണു്, ആ തീരുമാനത്തിൻെറ പിന്നിൽ ചാത്തനിലുള്ള സത്വശുദ്ധിയും സ്നേഹവും തേജസ്സും അവർ മനസ്സിലാക്കുകയും ചെയ്യുന്നു—ഒന്നു ചോദിച്ചുപോകുന്നു, ഈ 1973–ലും ചാത്തനെപ്പോലെയുള്ളവരിലെ സത്വശുദ്ധിയും മററും കാണാൻ നമ്മിൽ എത്ര ആളുകൾക്കു സാധിക്കുന്നുണ്ടു്?

സാവിത്രിയുടെ മഹത്വത്തിൻെറ പാരമ്യം നാം കാണുന്നതു്:

"താണുകിടക്കും സഹജരെപ്പൊക്കുവാൻ
താണതാണെങ്കിൽ ഞാൻ ധന്യയായി"

എന്നു ശുഭാപ്തിവിശ്വാസം പ്രകടിപ്പിക്കുമ്പോഴാണു്:

(ശ്രീ. കുററിപ്പുഴയുടെ ഒരഭിപ്രായം ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുന്നു: 1922–ൽ ആശാനു് ഒരു നമ്പൂതിരി യുവതിയെക്കൊണ്ടു ഒരു പുലയയുവാവിനെ വിവാഹം ചെയ്യിക്കാൻ കരുത്തുണ്ടായി. എന്നാൽ, 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകത്തിൻെറ വിപ്ലവകാരിയായ കർത്താവിനു് ഒരു നായർയുവാവിനെക്കൊണ്ടു് ഒരു പുലയ യുവതിയെ വിവാഹം കഴിപ്പിക്കാൻ ധൈര്യമുണ്ടായില്ല!)

ആശാൻ എന്ന റെബെലിനെ ഗംഭീരനായിക്കാണുന്ന ഒരു രംഗം, 'ദുരവസ്ഥ'യുടെ അവസാനം "ഉദ്യാനപാലകന്മാരേ" എന്നു പറഞ്ഞുകൊണ്ടു കേരളത്തിലെ യാഥാസ്ഥിതികന്മാരെ വെല്ലുവിളിക്കുമ്പോഴാണു്;

"കാലം വൈകിപ്പോയി, കേവലമാചാര-
നൂലുകളൊക്കെ പഴകിപ്പോയി,
കെട്ടിനിറുത്താൻകഴിയാതെ്ദുർബ്ബല-
പ്പെട്ടചരടിൽ ജനതനില്ലാ
മാററുവിൻചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാററുമതുകളീ നിങ്ങളെത്താൻ!"

ഇതു ജാതിവ്യവസ്ഥയ്ക്കെതിരായി മാത്രമല്ല, ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിക്കെല്ലാമെതിരായ ഒരു വിപ്ലവത്തിനുള്ള ആഹ്വാനമാണെന്നുള്ളതു നാം വ്യക്തമായി മനസ്സിലാക്കേണ്ടതാണ്; നമ്പൂതിരിയെ മനുഷ്യനാക്കാനുംകൂടി.

ഏതാണ്ടു് ഈ ആശയംതന്നെയാണു് കുറേക്കൂടി തേച്ചുമിനുക്കി 'കാന്തിയും മൂല്യവും' ചൊരിയുന്ന വിധത്തിൽ, ആശാൻതന്നെ അതിപ്രസിദ്ധമായ 'സ്വാതന്ത്ര്യഗാഥ'യിൽ പ്രകടിപ്പിച്ചിട്ടുള്ളതെന്ന കാര്യം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ!

അദ്ദേഹത്തിൻെറ ചില ചെറിയ കവനങ്ങളിലും ഈ വെല്ലുവിളിയുടെ ഇടിമുഴക്കം നമുക്കു കേൾക്കാൻ കഴിയും. ചുരുക്കം ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ:

"ഒരു രാജ്യം നിങ്ങൾക്കൊരുഭാഷ, നിങ്ങൾ-
ക്കൊരുദേവൻ, നിങ്ങൾക്കൊരുസമുദായം
ഒരുമ നേടുവിൻ ... ... ... ... ... "

എന്നു "പ്രഭാതനക്ഷത്ര"ത്തിലും,

"അറയ്ക്കകത്തെഴുന്നൊരന്ധകാരവും വിഭോഭവാൻ
പറത്തുകിന്നഭസ്സിൽനിന്നു് മൂടൽമഞ്ഞുപോലുമേ,
വിറച്ചണഞ്ഞുവെയ്പുകൊണ്ടിടട്ടെ വൃദ്ധഭൃതണ-
ത്തുറച്ചതൻ ഞരമ്പിലെങ്ങുമുഷ്ണ രക്തമോടുവാൻ

* * *

"പുകഞ്ഞെരിഞ്ഞുടൻ പൊടിഞ്ഞുതാണിടട്ടെ പർവ്വതം
നികന്നിടട്ടെ വാരിരാശി നിൻെറ തേർത്തടങ്ങളിൽ
തിമത്തൊരീർഷ്യയാൽ തടഞ്ഞിടട്ടെ വൻഗജങ്ങളോ
തിമംഗലങ്ങളോ ഭവൽപഥത്തെ,യല്പദൃഷ്ടികൾ
അമത്തലേററു മസ്തകംഞെരിഞ്ഞവററ ചോരയിൽ
സമഗ്രമന്തിവർണ്ണമാക്കിടട്ടെ കുന്നുമാഴിയും"

എന്നു "പരിവർത്തന"ത്തിലും,

"കായാതക്കരെ നിന്നൊരാൾ
    തണലതിൽ കാറേററുവുള്ളംവിട്ടു-
ന്നായാസംപരമാന്റു കഷ്ക
    വിയർപ്പേന്തുന്നതെന്തിന്നു നീ?"

എന്നു കർഷകനോടു "ഒരു ദൂഷിതന്യായാസന"ത്തിൽ ചോദിക്കുമ്പോഴും

"ഉപദ്രവിക്കായ്കുവിൻ പോ—
യൊരു ജന്തുവിനേയുമേ
അപായം തടയാൻഘോര—
ഹുംകാരം കൂട്ടിനില്പുവിൻ.

* * *

"മുറിവേല്പിക്കിലും ധൂർത്തൻ
പത്രം ചുട്ടുകരിക്കിലും
മുഷ്ക്കിന്നു കീഴടങ്ങാതെ
മരിപ്പോളം തടുക്കുവിൻ!
മലക്കുണ്ടിൽ മറിഞ്ഞെത്ര
കീടം ചാകുന്നു നാരംക്കുനാരം
മധുകാത്തുററ തേൻകൂട്ടിൽ
മരിപ്പിൻ നിങ്ങരം വേണ്ടുകിൽ"

എന്നു് "ഒരു ഉൽബോധന"ത്തിൽ ഉൽബോധിപ്പിക്കുമ്പോഴും,

"ഉണരുണരിനുള്ളിലാത്മശക്തി—
പ്രണയമെഴും സഹജാതരെ തചരിപ്പിൻ!
രണപടഹമടിച്ചു ജാതിരക്ഷ—
സ്സണവൊരിടങ്ങളിലെക്കെ യെത്തിനേർപ്പിൻ

* * *

"എരികെരിക മദീയരുള്ളിലർച്ചി—
സ്ഫുരിതജഡാഞ്ചിത നിത്യദീപമേ! നീ
പെരിയൊരരിയെ നിങ്ങരംപോയ് ജയിപ്പിൻ
പരിചൊടു സിംഹയുവാക്കളേ! സലീലം."

എന്നു "സിംഹനാദ"ത്തിൽ ആഹ്വാനം ചെയ്യുമ്പോഴും നാം വ്യക്തമായിക്കാണുന്നതു് ആശാനിലെ റെബെലിനെത്തന്നെയാണു്.

ആശാൻെറ ജന്മശതാബ്ദിയാഘോഷിക്കുന്ന ഈ സന്ദർഭത്തിൽ അദ്ദേഹത്തിൻെറ കാവ്യശില്പങ്ങളുടെ അനുപമമായ സൗകുമാര്യവും അനിർവചനീയമായ ഗുണപൗഷ്കല്യങ്ങളും ഉദാഹരണസഹിതം വിവരിക്കുന്നതും അവയെ ശ്ലാഘിക്കുന്നതും നാം കേരംക്കുന്നുണ്ടു്. പക്ഷേ നാം ഒന്നു മനസ്സിലാക്കാനുണ്ടു്. അദ്ദേഹം കവിത രചിച്ചതു്, പാണ്ഡിത്യമുള്ള താൻ കുറെയൊന്നു ബുദ്ധിമുട്ടിയാൽ കുറെയേറെ വൃത്തബദ്ധമായ വരികരം മലയാളത്തിനു് നൽകാൻ കഴിയുമെന്ന ധാരണ

യിലല്ല. മനുഷ്യസ്നേഹിയായ ആശാൻ, പരിപൂതമായ സ്നേഹത്തിലും, മാനവ സമൂഹത്തെ മോക്ഷസുഖാബ്ധിയിൽ മുങ്ങിക്കുളിച്ചു പുളയ്ക്കുവാനും അവരെ സദ്ധർമ്മത്തിലൂടെ മുന്നോട്ടു കൊണ്ടുപോയി കൃതാർത്ഥരാക്കുവാനും സഹായിക്കുന്ന അപരിമേയമായ സ്നേഹത്തിലും മററു മാനുഷികമൂല്യങ്ങളിലും അധിഷ്ഠിതമായ ഒരു പുതിയ ലോകം സൃഷ്ടിക്കാൻവേണ്ടിയാണു് അദ്ദേഹം തൻെറ പ്രതിഭ വിനിയോഗിച്ചതു്. ആ കാര്യത്തിൽ അദ്ദേഹത്തെ വിജയസോപാനത്തിലേക്കെത്തിച്ചതു് അദ്ദേഹത്തിൽ തിരയടിച്ചിരുന്ന അസംതൃപ്തിയും അസഹിഷ്ണുതയുമത്രേ. ദുഷ്ടവും ക്രൂരവും മതജാതികളുടെപേരിൽ വെട്ടിമുറിച്ചു വേർതിരിക്കപ്പെട്ടതുമായ മനുഷ്യസമൂഹത്തിനു് ഉൽഗതി, പുതിയ ചില മൂല്യങ്ങൾ ജനങ്ങളിൽ സംജാതമായാൽ മാത്രമേ സാദ്ധ്യമാക്രൂ എന്നു് അദ്ദേഹം മനസ്സിലാക്കി.

ആശാൻെറ ഉപമകളേയും ഉല്ലേഖങ്ങളേയും തിരഞ്ഞുപിടിച്ചും അദ്ദേഹത്തിൻെറ ആശയങ്ങളിലെ അഗാധതയെ ചൂണ്ടിക്കാണിച്ചും സംസാരിക്കുന്നതും എഴുതുന്നതും കൊള്ളാം. എന്നാൽ ആശാനിലെ റെബെലിനെക്കാണാതിരിക്കുന്നവർ അദ്ദേഹത്തെക്കാണുന്നതേയില്ല എന്ന യാഥാർത്ഥ്യം ഓർമ്മയിലിരിക്കട്ടേ!

---

ആശാൻെറ ഓരോ വരിയും സാരസമ്പൂർണ്ണം; ഓരോ പദവും സജീവം; ഓരോ ചിന്തയും വികാരോദ്ദീപകം; ഓരോ കല്പനയും വിമർദ്ദഹൃദ്യം...... ആ മഹാകവിയുടെ അമൃതനിഷ്യന്ദികളായ സൂക്തിമാല്യങ്ങളുടെ കാന്തി അഭംഗുരമായി പ്രകാശിക്കും; പരിമളം അപ്രതിഹതമായി പ്രസരിക്കും; രസം അവിച്ഛിന്നധാരമായി പ്രവഹിക്കും; ആ നിർവൃതിദായകനെ ലോകം കൃതജ്ഞതാവിവശവും ആദരപ്രവണവുമായ ഹൃദയത്തോടുകൂടി എന്നെന്നേയ്ക്കും സ്മരിക്കും; അഭിനന്ദിക്കും; ആരാധിക്കും!

—മഹാകവി ഉള്ളൂർ.

# നളിനി

## നിത്യചൈതന്യയതി

(കഴിഞ്ഞ ലക്കത്തിൽനിന്നും തുടർച്ച)

അടിതകർന്ന സേതുപോലെ ഭ്രാന്തിയററു ദയനീയയായിതീർന്ന കാന്ത (നളിനി) വേനലിൽ ശ്യാനയാം തടിനിപോലെ ദീനയായി എന്നു പറഞ്ഞിരിക്കുന്നു. ഒരിക്കൽ ഒരു ഫ്രഞ്ചുകാരനെ ഒരു ഇംഗ്ലീഷുകാരൻ മലയാളം പഠിപ്പിക്കുവാൻ ശ്രമിച്ചു. മലയാളവാചകങ്ങളുടെ ഘടന വളരെ ബുദ്ധിമുട്ടുള്ളതാണെന്നു കാണിക്കുവാൻവേണ്ടി ഇംഗ്ലീഷുകാരൻ ഇങ്ങനെ പറഞ്ഞു. "നടപ്പില്ലാത്ത രണ്ടു കാര്യങ്ങൾ ഒന്നിച്ചു പറയുവാൻ മലയാളികൾക്കു വലിയ ഇഷ്ടമാണു്. "I am Running' എന്നതിന്റെ മലയാളം ഞാൻ ഓടിക്കൊണ്ടിരിക്കുന്നു എന്നാണു്—"Iam Running sitting. എന്താ പോരെ. എങ്ങനെയാണു ഒരാൾ ഒപ്പം ഓടുകയും ഇരിക്കുകയും ചെയ്യുന്നതു്? അതു മലയാളികൾക്കു മാത്രമേ അറിയാവൂ". സായിപ്പു പറയുന്നതുപോലെയാണു ആശാന്റെ ഉദാഹരണങ്ങളും. "പ്രവഹിച്ചുകൊണ്ടു കെട്ടിനിൽക്കുന്നു"—എന്നാണു് ഇവിടെ പറഞ്ഞിരിക്കുന്നതു്. എന്നാലും ഇതിൽ അനൗചിത്യമില്ല. അകത്തു കുമിഞ്ഞുനീറുന്ന സ്ഥിതി ആലോചിച്ചാൽ ചിറ പൊട്ടിയതുപോലെയാണു്. എന്നാൽ അവ ബോധത്തിൽമാത്രം ഉണ്ടായിരിക്കുന്ന ദൈന്യതയ്ക്കു ബോധതലത്തിലേക്കു ഒഴുകി വരുവാൻ സൗകര്യമില്ലാതിരിക്കുന്നതുകൊണ്ടു ഗതി തടഞ്ഞിരിക്കുന്നുവെന്നും പറയാം. അങ്ങനെയുള്ള ഒരു സ്ഥിതിതന്നെയാണു് ഏററവും വേദനാജനകമായിട്ടുള്ളതു്.

പ്രത്യക്ഷത്തിൽ നോക്കിയാൽ ഇത്ര ഉള്ളുനൊന്തു കരയേണ്ട യാതൊരു കാരണവും ഇവിടെ ഉണ്ടായിട്ടില്ല. യുവയോഗി അടുത്തുവന്നു നില്ക്കുന്ന വസ്തുത അനുവാചകർക്കുപോലും അജ്ഞാതമായിരിക്കുന്നു. കവിയുടെ മനസ്സിൽ മാത്രമാണു്. സഹൃദയനല്ലാത്ത നിരൂപകൻ ഈ വരികൾ വായിച്ചാൽ ഹിസ്റ്റീരിയാ പിടിച്ച നായികയ്ക്കു 'ആംക്സൈറ്ററി ന്യൂറോസിസ്'' ബാധിച്ചിരിക്കുന്നുവെന്നു പറഞ്ഞേക്കും. ബൗദ്ധികമായ വിജ്ഞാനമേഖലയിൽ നിന്നും ഒഴിഞ്ഞുമാറി നില്ക്കുന്ന വൈകാരികസത്ത സ്ത്രീയിലെന്നപോലെതന്നെ പുരുഷനിലുമുണ്ടു്. 'വധുവിനാധീരമാണന്തരംഗം' എന്നു പറയുന്നതു സമ്മതിച്ചുകൊടുക്കുവാൻ കൂട്ടാക്കാത്ത സ്ത്രീകളുടെ കാലമാണിതു്. മഹാകണ്ടകന്മാരായ ഒട്ടേറെ രാഷ്ട്രതലവ

ന്മാരുടെ താക്കീതുകൾ ഉണ്ടായിട്ടും യാതൊരു കൂസലുമില്ലാതെ യുദ്ധത്തിനിറങ്ങി പുറപ്പെടുന്ന ഇന്ദിരാഗാന്ധിയും ശോൾഡാമിയറും പുരുഷന്മാർക്കുകൂടി കാണിക്കാൻ കഴിയാത്തത്ര ധൈര്യമുള്ളവരാണ്. എന്നാലവരും പ്രേമത്തിന്റെ ദംശനം ഏററാൽ അധീരകളായി പോകുമെന്നു കവി നിഗമനം ചെയ്യുന്നതു് ഒരു മനഃശാസ്ത്രജ്ഞന്റെ ഉൾക്കണ്ണുകളോടുകൂടിയാണ്.

കലങ്ങിമറിഞ്ഞു കിടക്കുന്ന അപബോധത്തിൽനിന്നു ബോധതലത്തിലേക്കു മടങ്ങിയെത്തി അന്തരംഗത്തിനു ഭാവപ്രകാശം നൽകുവാൻ കവി തീരുമാനിച്ചിരിക്കുന്നു. അതിനു് തിരഞ്ഞെടുത്തിരിക്കുന്ന പ്രയോഗതന്ത്രം വെള്ളത്തിൽ നോക്കിയിരുന്നു തനിയെ പുലമ്പുന്ന 'ആത്മഗത'മാണ്. മനശാസ്ത്ര വിദ്യാർത്ഥികൾക്കു ഈ രീതീവിധാനം വളരെ ഔചിത്യപൂർവ്വം തെരഞ്ഞെടുത്തതായി തോന്നാനിടയുണ്ട്. 'ഹൈമന സരോജമൊത്തവൾ' കണ്ണീരൊഴുക്കിക്കൊണ്ടു് സരസ്സിൽ നോക്കിയിരുന്നു തനിയെ പുലമ്പി'യെന്നു പറഞ്ഞാൽ 'നർസീസ'ത്തിനു നല്ലൊരുദാഹരണമായി. ആത്മസാക്ഷാത്ക്കാരം ലഭിച്ചിട്ടില്ലാത്ത അവസ്ഥയിൽ ആത്മാവിന്റെ സ്ഥാനത്തു പ്രിയങ്കരമായി നില്ക്കുന്നതു അഹന്തയാണ് (ego) സ്വന്തം അഹന്തയെതന്നെ പ്രേമാസ്പദമായി കരുതി അതിനെ രതിവിഷയമാക്കി സദാ വിവശമാവുകയും, രോദിക്കുകയും, പുലമ്പുകയും ചെയ്യുന്നതാണ് നർസിസത്തിന്റെ ലക്ഷണം. ഈഡിപ്പസ് കോംപ്ലക്സ്, കാസ്ട്രേഷൻ ഫോബിയാ 'സ്കീസോ ഫ്രേനിയാ' ഇങ്ങനെ ഓരോരോ പേരുകൾ കണ്ടുപിടിച്ചു ഓരോ പേരിനും ഇണങ്ങുന്ന ലക്ഷണങ്ങളെ അടിസ്ഥാനമാക്കി ആളുകളെ രോഗികളെന്നു കരുതി സൈക്ക്യാട്രിസ്റ്റുകൾ ചികിത്സ നടത്തി പോരുന്നതാണ് ഈ കാലഘട്ടത്തിൽ വളർന്നു വന്നിട്ടുള്ള ഒരു വലിയ ദൗർഭാഗ്യമെന്നു സൈക്കിയാട്രിയിൽ വലിയ വിപ്ലവം സൃഷ്ടിച്ച R. D. Liang പറയുന്നു. മനുഷ്യപ്രകൃതി പൂർണ്ണമായി വികസിച്ചിട്ടുള്ളവരിൽ അതീവസങ്കീർണ്ണമായ രതിഭാവങ്ങളും രതിവൈകൃതങ്ങളും വൈകാരിക പ്രഭാവങ്ങളും, ചിലപ്പോൾ അവയുടെ ദയനീയമായ പരിണാമങ്ങളും ഉണ്ടാവുന്നതു് പൂർണ്ണിമയുടെ ലക്ഷണമായിട്ടു കരുതണമെന്നും ല്യങ്ങ് പറയുന്നു.

സ്വപ്നവും കവിതയും തമ്മിൽ വലിയ വ്യത്യാസമില്ലെന്നു നേരത്തെ പറയുകയുണ്ടായി. സ്വപ്നത്തിൽ മനസ്സു മനസ്സിനോടുതന്നെ സംസാരിക്കുന്നു. സ്വപ്നത്തിന്റെ ഭാഷ രൂപാത്മകമായ പ്രതീകമാണ്. ശാബ്ദികമായ സ്മൃതി അന്ധന്മാരുടെ സ്വപ്നത്തിലുണ്ടാവാറുണ്ടെങ്കിലും സാധാരണക്കാരിൽ ശാബ്ദികമായ ഭാഷയ്ക്കുപകരം ഓർമ്മയിൽനിന്നും പൊട്ടിച്ചെടുത്ത രൂപങ്ങളെ സമ്മിശ്രമാക്കിയും, പെരുക്കിയും, ലോപിച്ചുമാണ് സ്വപ്നങ്ങൾ നെയ്തെടുക്കുന്നതു്. അതുപോലെ കവി, കവിയോടുതന്നെ സംസാരിക്കുന്നു. സ്വപ്നം കാണുന്നവൻ സ്വപ്നത്തിലെ പ്രതിഭയെ തന്നിൽനിന്നും അന്യമായ വസ്തുക്കളൊ, ആളുകളോ ഒക്കെയായി എണ്ണി അവയോടോ അവരോടോതന്നെ പാരസ്പര്യപ്പെടുത്തുകയോ അഥവാ ഒരു സാക്ഷിയെന്നപോലെ നോക്കിയിരിക്കുകയോ ചെയ്യുന്നു. അതുപോലെ കവിതയിലെ പ്രതിഭ സാങ്കല്പികമായ അനാത്മവശത്തേക്കു മാറിനിന്നു കവിയോടു പലയളവിലും രൂപത്തിലും ആനുഭൂതികമായ വേഴ്ചയിലേർപ്പെടുന്നു.

'സ്വാമിയാം രവിയെ നോക്കിനിൽക്കുമെൻ താമരേ' എന്നു ആരാരെയാണു് സംബോധന ചെയ്യുന്നതു്? പൊയ്കയിലെ താമരയോടു് നളിനി പറയുന്നോ; അതോ നളിനിയുടെ ഹൃദയകമലത്തോടു അവൾതന്നെ മന്ത്രിക്കുന്നുവോ; അതോ കവി കാരുണ്യവാനായി തന്റെ മാനസപുത്രിയായ 'നളിനി'യോടു പറയുന്നോ? എന്നു ചോദിച്ചാൽ ഇതെല്ലാം ഒരുപോലെ സംഗതമാണെന്നു പറയാം. വികാരവിജ്റംഭിതമായ ഒരു മനസ്സിൽനിന്നും പൊടുന്നനെ പൊട്ടിപ്പുറപ്പെടുന്ന ഒരു കവിതയായിട്ടല്ല 'നളിനിയെ' വിലയിരുത്തേണ്ടതു്. ആനുക്ഷികമായ പ്രതീകങ്ങളെ മനസ്സിന്റെ മുൻപിൽ നേരത്തേ ഇണക്കിവച്ചുകൊണ്ടാണു് കവി തൂലിക എടുത്തിരിക്കുന്നതു്. ഒരു ഉപരിതനാക്ഷത്തിന്റെ ധനാത്മകമായ ധ്രുവം ഹിമാലയശൃംഗം അതിന്റെ പ്രാതിയൌഗികമായ ഋണാത്മകധ്രുവം ശോഭയാന്തടം. ശൃംഗത്തിൽ സൂര്യൻ, തടാകത്തിൽ താമര, സൂര്യനെപ്പോലെ യോഗിയായ ദിവാകരൻ, താമരയെപ്പോലെ യോഗിനിയായ നളിനി, ദൈവത്തെ പ്രേമിക്കുന്ന ദിവാകരൻ, ദിവാകരനെ കാമിക്കുന്ന നളിനി ഇതെല്ലാമാണു് കവിയുടെ മുമ്പിലുള്ളതു്. ഇവിടത്തെ മുഖ്യ പ്രതീകങ്ങളായ സൂര്യനും (ദിവാകരനും) താമരയ്ക്കും (നളിനിക്കും) ചേരുന്ന ധർമ്മങ്ങൾ കവി തെരഞ്ഞെടുത്തു നായകനിലും നായികയിലും അഭിവ്യഞ്ജിപ്പിക്കുന്നു. ഇതു കവി അത്യന്തം പരാധീനമായ ഒരു സാഹചര്യത്തെ സൃഷ്ടിച്ചുകൊണ്ടു കവിത എഴുതാനുള്ള ഒരു ഉദ്യമമാണു്. വാസ്തവം പറഞ്ഞാൽ നല്ല കവിതയെഴുതാൻ ഇങ്ങനെ തെരഞ്ഞെടുക്കുന്ന ആനുക്ഷികമായ നിർദ്ദേശതന്ത്രം സഹായകമല്ലെന്നു മാത്രമല്ല വിഘാതംകൂടിയാണു്. അതു് ഒരു "സ്റ്റ്രെയിറ്റു് ജാക്കറ്റു്" ഇട്ടുകൊണ്ടു നൃത്തം ചെയ്യുന്നതുപോലെയാണു്.

യോഗിയെന്നും സന്യാസിയെന്നും മറ്റും പറയപ്പെടുന്നവർ മനുഷ്യരാണെന്നും അവർക്കും മറ്റുള്ളവർക്കുണ്ടായിരിക്കുന്ന ഹൃദയവികാരങ്ങളും പ്രേമവും എല്ലാം ഉണ്ടാകാവുന്നതു സഹജമാണെന്നും മറ്റാരെക്കാളും നല്ലതുപോലെ അറിയാവുന്ന കവിയാണു് ആശാൻ. അങ്ങനെയാണെങ്കിലും പൊതുജനങ്ങളുടെ മനസ്സിൽ സന്യാസി നിർമ്മമനും, നിരഞ്ജനനും, നിർവ്വികാരനും എല്ലാമായിരിക്കുകയാൽ ചോരയും നീരുമില്ലാത്ത ഒരാശയത്തിന്റെ പ്രതിച്ഛായയായിട്ടുവേണം ആശാന്റെ നായകനും യോഗിയെന്ന നിലയിൽ വായനക്കാരന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ. ഒരു യോഗിയുടെ അനുരാഗവിയുക്തമായ നിരഞ്ജനത്വം സഹൃദയനു യഥാർത്ഥത്തിൽ അരോചകമായിരിക്കേണ്ടതാണെങ്കിലും അതൊരു മഹിമയായിട്ടാണു് അദ്ധ്യാത്മജീവിതത്തെ മാനിക്കുന്നവർ കരുതിപ്പോരുന്നതു്. അതുകൊണ്ടു് ദിവാകരയോഗിയെ വളരെ കരുതലോടുകൂടിവേണം ഉഷസന്ധ്യപോലെ പാവനാംഗിയായ നളിനിയുടെ അടുത്തു കൊണ്ടുചെന്നു നിർത്തുവാൻ. അങ്ങോട്ടു സ്നേഹിക്കപ്പെടാനല്ലാതെ യോഗി പെൺകുട്ടിയുടെ നേർക്കു തിരിഞ്ഞു് കിന്നാരം കാണിക്കാൻ തുടങ്ങിയാൽ പൊതുജനം അവനോ, അവനെ അവതരിപ്പിച്ച കവിയ്ക്കോ മാപ്പു കൊടുക്കുകയില്ല. ഒരു ചിത്രകാരനു് തന്റെ ആലേഖ്യയറയിൽ (Studio) വിഗളിതവസ്ത്രയായി കിടക്കുന്ന ഒരു സുന്ദരിയുടെ പൃഷ്ഠഭാഗത്തിന്റെ വളവുകളും ചുളിവുകളും നിതംബങ്ങളുടെ ചൊവ്വും ചരിവുമെല്ലാം സർവ്വതന്ത്ര

സ്വതന്ത്രനായിരുന്നു ക്യാൻവാസിൽ പകർത്താൻ ജനസമ്മതിയുണ്ടെങ്കിലും അതു പൊതുനിരത്തിൽ കൊണ്ടുവയ്ക്കാൻ ഒരിക്കലും അനുവദിച്ചില്ലെന്നു വരും. അതുപോലെ കവിയുടെ സാമ്രാജ്യം "ഫ്യൂഡലിസ്റ്റ് മൂരാച്ചികളുടെ കുത്തക നൈതികത"യുടെ കരിനിഴൽ പററാത്തതാണെങ്കിലും അവിടെയിരുന്നു് എഴുതിയുണ്ടാക്കുന്ന കവിത വായിച്ചാസ്വദിക്കേണ്ടവൻ പോലീസും, മജിസ്ട്രേട്ടും, കരനാഥനും, പഞ്ചായത്തു പ്രമാണികളും നുണ പറച്ചിൽകാരും, കുതികാൽവെട്ടികളും എല്ലാമുള്ള ലോകത്താണു്. അകത്തും പുറത്തും ഒരുപോലെയുള്ള നൈതീകത പാലിക്കുന്നവരെ കാണുവാൻ പ്രയാസം. കവി സത്യത്തെ സ്നേഹിക്കുന്നുവെങ്കിലും വ്യവഹാരത്തിനുവേണ്ടി പരമാർത്ഥത്തെ ഒളിവിലിരുത്തുവാൻ നിർബന്ധിതനായിപ്പോകുന്നു. "തരളവായുവേററു നീ ആമയം തടവിടായ്ക, തല്ലൂരസ്തോമമുണ്ടു തിരിയുന്ന ദിക്കിലും" എന്ന വാക്കുകൾ ഒററനോട്ടത്തിൽ നിരപരാധമായ ഒരു മനസ്സിൽ വന്നു നിറയുന്ന കാരുണ്യത്തെ ദ്യോതിപ്പിക്കുന്നതാണു്. തൊട്ടുമുമ്പുള്ള ശ്ലോകത്തിൽ വെളുപ്പാൻകാലത്തു തണുത്ത വെള്ളത്തിൽ കുളിച്ചിട്ടു് ഈറൻ മാററാതെ കാററുകൊണ്ടു നിൽക്കുന്ന ഒരു പെൺകുട്ടിയെപ്പററിയാണു് പറഞ്ഞതു്. അതിനുശേഷം താമരെ തരളവായുവേററു നിനക്കു തണുക്കുന്നുണ്ടോ? എന്നു ചോദിച്ചാൽ ആരും താമരയെ ആയിരിക്കുകയില്ല മുമ്പിൽ കാണുന്നതു്. "പെണ്ണിനു കുളിന്നിട്ടു വയ്യാ—ആർത്തിയോടുകൂടി 'സ്വാമി'യായ രവിയെ നോക്കുന്നു"വെന്നുതന്നെയല്ലേ ഇവിടെ പറഞ്ഞിരിക്കുന്നതു്. അശ്ലീലം! അശ്ലീലം!! എന്നുപറഞ്ഞു് പുസ്തകം താഴത്തിട്ടുകളയരുതു്. സ്നേഹമില്ലായ്മയാണു് ഒരു സ്ത്രീയ്ക്കു് അനുഭവപ്പെടാവുന്ന ഏററവും തണുത്ത കാററു്. ആ കാററു വീശുമ്പോഴൊക്കെയും സ്നേഹമുതിരേണ്ട ഒരു ഹൃദയത്തിലേക്കു അവളറിയാതെ തിരിഞ്ഞുപോകും. ഇവിടത്തെ നായികയ്ക്കാണെങ്കിൽ സ്നേഹത്തിൻെറ ഊഷ്മാവു പകർന്നുകൊടുക്കേണ്ടവൻ "സ്വാമി"യായി ഒററതിരിഞ്ഞു് കാട്ടുകളിൽ നിർമ്മമനായി നടക്കുകയാണു്. 'തല്ലൂരസ്തോമമുണ്ടു തിരിയുന്ന ദിക്കിലും' കവി പറയുന്നു. ആശാൻെറ ഏററവും പ്രിയപ്പെട്ട ഒരു പ്രതിജ്ഞയാണിതു്. ഒരു 'ആനന്ദനെ'ക്കാമിച്ചു ചെന്ന മാതംഗിയോടു ആയിരമായിരം ആനന്ദന്മാരെ ഉൾക്കൊള്ളുന്ന "സംഘ"ത്തേയും അവരെയെല്ലാം ആനന്ദന്മാരാക്കുന്ന "ധമ്മ"ത്തേയും "ബുദ്ധ"നേയും സ്നേഹിച്ചു സ്നേഹത്തിൻെറ ചക്രവാളത്തെ വ്യഷ്ടിയിൽനിന്നും സമഷ്ടിയിലേക്കു വികസിപ്പിക്കുവാൻ പറയുന്ന കവിതന്നെയാണു് ഇവിടെ ഒരു സുകുമാരിക്കു ലഭിക്കേണ്ടുന്ന ആലിംഗനംതന്നെയാണു് താമര വിരിയുന്ന പൊയ്കയിലെല്ലാം പ്രഭാതത്തിൽ വന്നണയുന്ന ദിവാകരസ്പർശത്താലുണ്ടാകുന്നതെന്നു പറഞ്ഞു സ്നേഹവിവശയായ നളിനിയെ സമാശ്വസിപ്പിക്കുന്നതു്.

ആകാശത്തു നില്ക്കുന്ന സൂര്യൻ താമരപൊയ്കയിൽ വിടരുന്ന മനോഹരമായ നളിനങ്ങളെക്കണ്ടു സന്തോഷിക്കുന്നുണ്ടോ എന്നു നമുക്കറിഞ്ഞുകൂടാ. വണ്ടിനു താമരയിഷ്ടമാണു്. സൂര്യൻ എല്ലാററിനേയും പ്രകാശിപ്പിക്കുന്നെങ്കിലും ഒന്നും കാണാൻ കഴിയാത്ത അന്ധനാണു്. വെളിച്ചം അറിവുണ്ടാക്കുന്നുവെങ്കിലും അതിനു സ്വയമേ അറിവില്ല. പൂവിൻെറ അഴകു കണ്ടു ആഹ്ളാദിക്കുന്നതു സഹൃദയൻ മാത്രമാണു്. അതുകൊണ്ടു താമരയുടെ ആത്മശോഭയിൽ നിർവൃതി

കൊള്ളുന്ന 'മിഹിരൻ' ബാഹ്യാകാശത്തിൽ ജ്വലിക്കുന്ന സൂര്യനല്ല, നമ്മുടെ ചിദാകാശത്തിൽ പ്രകാശിക്കുന്ന ആത്മസൂര്യനാണ്. ആത്മനിഷ്ഠമായ ആനന്ദം പ്ലേറ്റോയുടെ ബൗദ്ധിക പ്രപഞ്ചത്തിലെ പ്രാക്തനരൂപങ്ങളുടെ സാർവത്രിക മായ മൂല്യങ്ങളെ സംബന്ധിക്കുന്നതാണ്. ഇവിടത്തെ പരാമർശം പൂവിൻെറ ഉപരിതനമായ ആസ്വാദ്യതയാണ്. ഇതേ പൂവിനെ തന്നെ അനുപ്രസ്ഥമായി ആസ്വാദിക്കുന്ന വേറൊരുവനുണ്ട്—വണ്ടത്താൻ. കവിയെപ്പോലെ ദൂരെമാറി നിന്നു കാണാൻ കൊള്ളാം എന്നു പറയുവാനല്ല വണ്ടു ആശിക്കുന്നതു്. അതിന്നു താമരയുടെ മൃദുലകോമളമായ ദളങ്ങളിൽ തത്തിപ്പിടിച്ചു കയറിക്കൂടണം. പരാഗങ്ങളിലെല്ലാം മുരണ്ടും പിരണ്ടും തേനിരിക്കുന്ന ഗുപ്തമായ ഉള്ളറ കണ്ടെത്തണം. പിന്നെ പൂവിനിത്തിരി നൊന്താലും വേണ്ടില്ല ഒരു തുള്ളി തേനെങ്കിലും നുകരണം. ഇതു ബൗദ്ധിക പ്രപഞ്ചത്തിലെ മാനസികമോ വാചികമോ ആയ അഭിനന്ദനമല്ല; ഇവിടെ, ഇപ്പോൾ തന്നെ അനുഭവവേദ്യമായി വരുന്ന ഭോഗലാലസതയാണ്.

ബ്രഹ്മാനന്ദത്തേയും വിഷയാനന്ദത്തേയും വിദൂരഗങ്ങളായ രണ്ടു ധ്രുവങ്ങളിലെന്നോണം വ്യവഹരിച്ചു പോകുന്നതു ദാർശനികലോകത്തു വലിയ വിവാദങ്ങൾക്ക വഴിതെളിച്ചിട്ടുണ്ടു്. മിഹിരനാത്മശോഭ അർപ്പണം ചെയ്യുന്നതാണു വലുതെന്നു പ്ലേറ്റോ പറയുമ്പോൾ അതിനേക്കാൾ നല്ലതു മധുകൊതിച്ചുവരുന്ന വണ്ടിനു തേൻ നുണയുവാൻ വഴങ്ങിനിന്നു കൊടുക്കുന്നതാണെന്നു അരിസ്റ്റോട്ടിൽ പറയും. സൂക്ഷ്മഗ്രാഹികളായ ചില യോഗവിത്തുകൾക്ക മാത്രമേ ഈ രണ്ടു മൂല്യാസ്വാദനങ്ങളേയും പരസ്പര വിരോധം കൂടാതെ ഇണക്കി ആത്മരതിയായി മാററുവാൻ കഴിയുകയുള്ളു. അവരെപ്പററി ഈശാവാസ്യ ഉപനിഷത്തിൽ:

"വിദ്യാവിദ്യകൾ രണ്ടും
കണ്ടറിഞ്ഞവരവിദ്യയാൽ
മൃത്യുവെതരണം ചെയ്തു
വിദ്യയാലമൃതാന്നിടും" എന്നു പറഞ്ഞിരിക്കുന്നു. ആ രഹസ്യം

തന്നെ വേറൊരു തരത്തിൽ ബൈബിളിൽ പറഞ്ഞിരിക്കുന്നതു് "നിൻെറ പിതാവായ ദൈവത്തെ പൂർണ്ണഹൃദയത്തോടും, പൂർണ്ണമനസ്സോടും, പൂർണ്ണശക്തിയോടും പൂർണ്ണആത്മാവോടും കൂടി സ്നേഹിക്കുക; നിന്നെപ്പോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക." എന്നാകുന്നു നാരായണഗുരു ഈ രഹസ്യത്തെ തന്നെ വേറൊരുതരത്തിൽ പഞ്ഞിരിക്കുന്നു

"അവനിവനെന്നറിയുന്നതൊക്കെയോർത്താ—
ലവനിയിലാദിമമായൊരാത്മരൂപം;
അവനവനാത്മസുഖത്തിനാചരിക്കു
ന്നവയപരന്നു സുഖത്തിനായ്‌വരേണം." ബ്രഹ്മാനന്ദത്തിൽ വിഷ

യാനന്ദവും വിഷയാനന്ദത്തിൽ ബ്രഹ്മാനന്ദവും കാണുവാൻ കഴിയുന്നവൻ ഒരേ സമയത്തുതന്നെ മഹാവിരക്തനും സദാനുരക്തനും ആയിരിക്കും. ഇതു അപൂർവ്വ

മായി മാത്രം ഉണ്ടാകാറുള്ള ഒരു അത്ഭുതമാണു്. യോഗിനി എന്ന നിലയിൽ നളിനിയെ ഇപ്പോൾ ആകർഷിക്കുന്നതു കൈവല്യമാണെങ്കിലും പ്രകൃതി അവളുടെ ഹൃദയത്തിൽ ജ്വലിപ്പിച്ചിട്ടുള്ള രതിരസാഗ്നി ഇനിയും പൂർണ്ണമായി കെട്ടടങ്ങിയിട്ടില്ല. നാടൻ മര്യാദയ്ക്കു ഒരുത്തന്റെ ആത്മാവും വേറൊരുവന്റെ ശരീരവും ഒരുവൾ കൊടുത്തിരിക്കുന്നതായി പറഞ്ഞാൽ ജനങ്ങൾ അവളെ നിന്ദിക്കുകയേയുള്ളൂ. ഇൻഡ്യയെപ്പോലെ, സ്നേഹിക്കുവാൻ സ്വാതന്ത്ര്യമില്ലാത്തൊരു രാജ്യത്തു മിക്ക സ്ത്രീകളും ജീവിക്കേണ്ടിവരുന്നതു താൻ ആത്മാവിൽ പ്രിയങ്കരനായി വരിച്ചിട്ടുള്ള മനുഷ്യനോടൊപ്പമല്ലെന്നുള്ളതാണു വാസ്തവം. എങ്കിലും ആരുമതു തുറന്നു സമ്മതിക്കുവാനിടയില്ല. എന്നാൽ അതിനിവരുടെ നൈതിക സമ്മതി നൽകി താമരപ്പൂവിനെ അഭിനന്ദിക്കുന്നതു കാണുമ്പോൾ തന്റെ കാലഘട്ടത്തെ അതിജീവിച്ച സത്യത്തെ ദർശിക്കുവാനും സ്വീകരിക്കുവാനും കവിക്കു കഴിഞ്ഞിരുന്നുവെന്നുള്ളതിനു സംശയമില്ല.

ആശാന്റെ 'യതി' പാട്ടുകേട്ട വഴിക്കുതന്നെ നേരെയങ്ങു നടന്നു ചെല്ലുകയാണു്. ഇന്ദ്രിയത്തേയും മനസ്സിനേയും പാട്ടിലാക്കാൻ കഴിയുന്നവനാണു് യതി. എന്നാൽ ഈ യതിയുടെ ഇന്ദ്രിയവും മനസ്സും ഒരു പെണ്ണിന്റെ പാട്ടിൽ അലിഞ്ഞുചേർന്നു ആ വഴിക്കു പോവുകയാണു്.

വിഷയങ്ങളിൽ നിന്നും ഇന്ദ്രിയങ്ങളെ നിവർത്തിപ്പിച്ചു മനസ്സിനെ അടക്കി ആത്മാവുകൊണ്ടു ആത്മാവിൽ രമിച്ചു തനിക്കു താൻ പോരുന്നവനായിരിക്കേണ്ടുന്ന യതി പാട്ടുവരുന്ന ലാക്കിലേക്കു കണ്ണും കാതും തിരിക്കുന്നു. മനസ്സും ആ വഴിക്കുതന്നെ ചരിക്കുകയാണു്. "രസസ്രവം വായ്ക്കുമാമധുരശബ്ദം" കേട്ടാൽ മാത്രം പോരാ, അതിന്റെ ഉടമസ്ഥയെ കണ്ണുനിറയെ ഒന്നു കാണണം. അവളുടെ വാക്കിനേക്കാളും ഹൃദ്യമായി തോന്നുന്നതാണു് ഒരായിരം നിഗൂഢസൂചനകളുള്ള അതിന്റെ പൊരുൾ. ആശാൻ കുറെനാൾ ബംഗാളിൽ ജീവിച്ചിരുന്നതുകൊണ്ടാണോ എന്നറിഞ്ഞില്ല ദിവാകരനു ഭാവസമാധിയുണ്ടായതായി സൂചിപ്പിക്കുന്നതു. ബംഗാളിൽ ഇതെല്ലാം ആത്മീയമായ നിർവൃതിയുടെ കണക്കിൽ വരവുവയ്ക്കും. മലയാളികളുടെ തനതു ബുദ്ധിവച്ചാണെങ്കിൽ "ങ്ങാ, തരക്കേടില്ലല്ലോ. പോണ കണ്ടില്ലെ സ്വാമിയാരു്" എന്നെ പറയുകയുള്ളു.

പൂമരങ്ങളുടെ മൗനഭാഷക്കൂടി കവിയ്ക്കറിയാം. അവർ കുയിലിനെ പരിഹസിക്കുകയാണു്. പാവം കുയിലിനു ഹൃദയത്തിൽ കുറിക്കു കൊള്ളുന്ന വാക്കു തിരഞ്ഞെടുത്തു് പാടാൻ അറിഞ്ഞുകൂടാ. അവളുടെ പാട്ടു് അപസ്വരമല്ലെങ്കിലും അക്ഷരവിഹീനമാണെന്നു കവി കുറപ്പെടുത്തുന്നു.

യതിക്കു പരമാനന്ദലയമുണ്ടാക്കാൻ കവി ഒരു ഒന്നാംതരംവേദിയാണു് കണ്ടെത്തിയിരിക്കുന്നതു്. ഹൃദയതന്ത്രികളിൽനിന്നും പ്രേമഗാനമുതിർത്തു സുരഭിവായുവിൽ വികരണം ചെയ്യുന്ന ഒരു ഗായികയുടെ രസസ്രവം വായ്ക്കുന്ന മധുരശബ്ദത്തിലും അതിന്റെ പൊരുളിലും ലയിച്ചു ചേരുവാനാണു് ഈ യതിയെ

വിഹഗസ്വരങ്ങളാൽ സരോജിനി സ്വാഗതം ചെയ്തിരിക്കുന്നതു്. അവളെ കാണുവാൻ യതിയുടെ കണ്ണുകൾ ഉഴറുകയായി.

അതു അസ്സലായിരിക്കുന്നു. പാവനൻ സുരഭിവായുവന്നുകണ്ടു ആ വഴിക്കു പദമൂന്നിയാണു് യോഗി അങ്ങോട്ടു ചെന്നതെന്നു് കവി ആ പോക്കിനെ നേരത്തേ വിശേഷിപ്പിച്ചിരുന്നു. വായുവിൽ കലർന്നിരുന്ന വാസന യോഗ വായുവിൽ രമിച്ചു നടന്ന യോഗിയിൽ ഒളിഞ്ഞുകിടന്നിരുന്ന പഴയ വാസനയെ ഉണർത്തിയതെങ്ങനെയെന്നു നാം ഇതിനകം കണ്ടുകഴിഞ്ഞു. ആ സുരഭിവായുവിൽ മനം കുളുത്തു് അങ്ങോട്ടു കടന്നുചെന്ന യോഗിയെതന്നെ കവി ഇവിടെ ഒരു തെന്നലായി മാററിയിരിക്കുന്നു. നോക്കണേ! ഒരു സുരഭിവായുവിനുണ്ടാകുന്ന വിവിധങ്ങളായ രൂപാന്തരങ്ങൾ! പൂമണവും വഹിച്ചുകൊണ്ടു വനങ്ങളിൽ വളരെ നാളായി ധന്യനെന്നോണം ഉലാത്തിക്കൊണ്ടിരുന്ന യോഗി ഒരു തെന്നൽ തന്നെ. "കാററതിനു ഇഷ്ടമുള്ളിടത്തേയ്ക്കു വീശുന്നു" എന്നാണല്ലോ വേറൊരു യോഗീയായിരുന്ന യേശു തൻെറ ദിനസരിയെപ്പററി പറഞ്ഞതു്. ഏതു പൂവിൻെറ വാസനയും പേറിക്കൊണ്ടാണു് ഈ യോഗിയായ തെന്നൽ വന്യഭൂവിലെല്ലാം ധന്യനായി വർത്തിച്ചിരുന്നതു്? നളിനിയുമായുള്ള ബാല്യകാല പ്രണയത്തിൻെറ സൗരഭ്യം പുരണ്ട ഓർമ്മകളായിരിക്കണം യോഗിയെ വിടാതെ കൂടിയ വാസന. പിന്നെ കാലം കുറെ കഴിഞ്ഞു. ഗംഗതന്നെ പലപ്രാവശ്യം ഹിമവൽ ശൃംഗങ്ങളിൽ നിന്നും പതഞ്ഞൊഴുകി, ഊരുചുററി ബംഗാൾ സമുദ്രത്തിൽ വീണിരിക്കുന്നു. കുട്ടിക്കാലത്തു് അനാഘ്രാതമായി കാണപ്പെട്ട താമരമൊട്ടിനോടു യാത്ര പറയാതെ കടന്നുകളഞ്ഞ കൊടുങ്കാററു് ഇപ്പോഴാരെയും ആശ്വസിപ്പിക്കുന്ന തെന്നലായി ആ പഴയ നളിനിയിലേക്കുതന്നെ തിരികെ വന്നിരിക്കുന്നു. അവൾ ഇപ്പോഴും അനാഘ്രാത തന്നെയോ എന്നു സംശയിക്കാവുന്നതാണു്. ലോകമേ കപടമെന്നു വിചാരിച്ചു് കാട്ടിലേക്കു ഓടിപ്പോയവനു് സംശയമധികമായെന്നും വരാം. അതെല്ലാം മണത്തറിഞ്ഞതുപോലെയാണു് നളിനി പാടുന്നതു ശങ്കകൂടാതെവന്നു തന്നെ തഴുകുവാൻ. ഉറപ്പിച്ചുതന്നെ പറയുകയാണു് "തെന്നലേ, തഴുവുകിന്നു ശങ്കവേണ്ടന്നേ; ഞാൻ മലിനമേനിയല്ലെടോ!" ആശാൻെറ നായികമാരെല്ലാം അഗ്രസ്സീവാണു് (aggressive) നായകന്മാർ തണുപ്പന്മാരും.

"വാനിൽനിന്നു നിജ നീഡമാന്നെഴും
കാനനം ഖഗയുവാവു പോലവെ"

എന്നു ആറാമത്തെ ശ്ലോകത്തിൽ നാം വായിച്ചപ്പോൾ ആ കൂട്ടിൽ ഒരു കിളി കൂടിയുണ്ടെന്നു കവി നമ്മോടു പറഞ്ഞിരുന്നില്ല. ഒരു യോഗിനി കെട്ടിക്കൊടുത്ത കൂട്ടിൽ ഒളിഞ്ഞുകഴിയുന്ന വിരഹാർത്തയായ ഒരു രാപ്പാടിയുടെ അടക്കാൻ കഴിയാത്ത അനുരാഗമാണു് ഈ യുവയോഗിനിയിൽ നിന്നും ഉയരുന്ന രാഗതരംഗിണി. യോഗി ഏതിനും പൊരുന്നവനാണെന്നു കവി ആദ്യമേതന്നെ നമ്മോടു പറഞ്ഞിട്ടുണ്ടു്. ഇനി ഇവളെ ഒന്നുകണ്ടിട്ടുതന്നെ കാര്യം എന്നു അങ്ങേരു തീരുമാനിച്ചു. "കുഞ്ജിനീതടമണഞ്ഞു" നോക്കുകയായി.

കഥകളിക്കാരൻ തിരയുടെ പിന്നിൽവന്നുനിന്നു കിരീടത്തിൻെറ അററമൊന്നു കാണിക്കും. തിരയിൽ പിടിച്ചുകൊണ്ടു വെള്ളനഖം ഒന്നു വിറപ്പിക്കും; കിങ്ങിണികിലുക്കിക്കൊണ്ട് വട്ടക്കാലു ചവുട്ടിക്കാണിക്കും. ആരാണ് മറയുടെ പിന്നിൽ? പ്രേക്ഷകർ ശ്വാസംപിടിച്ച് ഉററു നോക്കിയിരിക്കയാണ്. അങ്ങനെ അരമണിക്കൂറെങ്കിലും ക്ഷമ പരിശോധിച്ചതിനുശേഷമേ തിര നീക്കുകയുള്ള. അതു പോലെ പതിനഞ്ചു ശ്ലോകങ്ങളിലെ "ബ്ളാക്കൗട്ട്" കഴിഞ്ഞതിനുശേഷമാണ്, തരുവിലീനമേനിയായ ഒരാള് വന്നുനില്ക്കുന്നു എന്നു പറയുന്നത്. പിന്നീട് അതൊരു സ്ത്രീയാണെന്നു വെളിപ്പെടുത്തി. അതിനുശേഷമാണ് അതൊരു യോഗിനിയാണെന്നു പറയുന്നത്. ഇത്രയൊക്കെ ആയിട്ടും ഇങ്ങനെ ഒരുത്തി വന്നു നില്ക്കുന്നതിൻെറ മണംപിടിച്ചുനടക്കാനല്ലാതെ അവളെ ഒന്നു കാണുവാൻ യോഗിയെ അനുവദിച്ചിട്ടില്ല. നാല്പത്തിയൊന്നു ശ്ലോകങ്ങൾക്കുശേഷം കവിയുടെ മനസ്സ് അലിയുന്നു "ഇനി ഇങ്ങോട്ടു നോക്കാം" എന്നു ആജ്ഞകൊടുക്കുന്നു. അതും വേണ്ടത്ര മുൻകരുതൽ എടുത്തുകൊണ്ടാണ്.

"ഒരു നോട്ടവുമെന്നിനിന്നതേ
വിരിയാതല്ലമടഞ്ഞ കണ്ണുകൾ"

എന്നിങ്ങനെ പൂവാകവിതിർത്ത ശാഖയുടെ അടിയിൽ കൊണ്ടിരുത്തിയ സീതയെപ്പോലെ ഈ യോഗിനിയുടെ കണ്ണു തുറന്നിരുന്നാലും മുമ്പിൽ വന്നു നില്ക്കുന്നത് ആരെന്നു കാണുവാൻ കഴിയാത്തമാതിരി ചിന്താക്ലാന്തയായി നിർത്തിയിട്ടാണ് യതിയോട് അങ്ങോട്ടു നോക്കുവാൻ പറഞ്ഞത്. അതിനുശേഷം ദിവാസ്വപ്നം കൊണ്ടു് നില്ക്കുന്ന നളിനിയെ കവി ഒന്നുതള്ളിയുണർത്തി "ദാ! നോക്കിക്കേ, ആരാ വന്നു മുമ്പിൽ നില്ക്കുന്നത്" എന്നു പറഞ്ഞാൽ അവൾ ഞെട്ടിയുണർന്നു യോഗിയുടെ കണ്ണിലേക്കുതന്നെ നോക്കണം. നല്ല സൂത്രധാരൻതന്നെ കവി!

ഒരുനോക്കു കണ്ടപ്പോൾതന്നെ ദിവാകരൻെറ മനസ്സു അലിഞ്ഞുപോയി.

"ഹാ കൃശാ തരുതലത്തിലിന്ദുവി—
ന്നേകരശ്മിയതുപോലെ യാരിവൾ
മാഴ്കിടുന്നു, ദയതോന്നും" എന്നലി—
ഞ്ഞേകയാമവളെ നോക്കിനാൽയതി.

മനസ്സിനെ മദോന്മത്തമാക്കുന്ന ഒരു മതിമോഹിനിയുടെ പ്രത്യംഗവർണ്ണനയൊന്നും ചെയ്യേണ്ടിവന്നില്ല. സ്ഥൂലവിഷയങ്ങളോടു സംഗമില്ലാതെ കഴിയുന്ന യമിയുടെ ആത്മാവിലേക്കു മൗനമായി കടന്നുചെല്ലത്തക്കവണ്ണം കവി തൻെറ നായികയെ സൂക്ഷ്മതരമാക്കിയിരിക്കുന്നു. ദയതോന്നുമാറു ദീനയായിനിന്ന ആ കൃശാംഗിയെ യുവയോഗി കാണുന്നതു ബാലേന്ദുവിൻെറ അതീവസൂക്ഷ്മമായ ഒരു രജതരശ്മി തരുതലത്തിലകപ്പെട്ടതുപോലെയാണ്. നാം ഈ അവസരത്തിൽ മഹാകവി കാളിദാസൻെറ കുമാരസംഭവത്തിലെ യോഗേശ്വരനായ ഹരനേയും തപസ്സുകൊണ്ടു കൃശയായതീർന്ന ഉമാമഹേശ്വരിയേയും ഓർത്തുപോകുന്നു.

കാളിദാസൻെറ അവതരണം നോക്കുക: അവിടെയും പാട്ടുന്ന കുയിലുണ്ട്. മാന്തളിർനിന്നു മധുരീകരിച്ച കണ്ഠനാളംകൊണ്ടു അനുഗ്രഹീതനായ പുംസ്കോകിലമാണു പാട്ടുന്നതു്. അതു അപസ്വരമായോ അനക്ഷരമായോ കാളിദാസനു തോന്നിയില്ല. മനസ്വിനിമാരുടെ അഭിമാനഗർവ്വത്തെ തകർത്തു രസാർത്തി ഉണ്ടാക്കുന്നതിനു കളകണ്ഠ സംഗീതം ഒരു പ്രധാനകരുവായി മഹാകവികാണുന്നു. ഹിമാലയം മുഴുവനും പ്രേമപ്രകർഷത്തിൽ കുളിച്ചുനില്ക്കുകയാണ്. പൂക്കുടങ്ങളാകുന്ന സ്തനങ്ങളുടെ മധുരസ്പർശംകൊണ്ടു കുളിരുകോരുന്ന ആലിംഗനരസം നല്കി ലതാ സുന്ദരികൾ പൂമരങ്ങളെ വാരിപ്പുണർന്നുനില്ക്കുന്ന അന്തരീക്ഷത്തിലാണു നാം ശിവനെ കാണുന്നതു്. ഇണചേർന്നുവന്ന മധുമക്ഷികൾ ഒരേ കോരകത്തിൽതന്നെ രമിച്ചു മധുവും രതിയും പരസ്പരം പകർന്നാസ്വാദിക്കുന്നതു അസാധാരണമല്ലെങ്കിലും, കർക്കശമായിരിക്കേണ്ടുന്ന രൂക്ഷതപോലും സ്നേഹാധിക്യംകൊണ്ടു മൃദുലതമമായിത്തീരുന്ന രംഗങ്ങൾ കൂടി നാം കാണുന്നു. പേടമാൻെറ പ്രേമാർദ്രമായ കൺപോളയിലെ ചൊറിച്ചിൽ മാററുവാനായി ആൺമാൻ അവൻെറ ശിഖരങ്ങളുള്ള കൊമ്പിൻെറ മൂർച്ചയുള്ള അററത്തെ അനുരാഗനിർഭരമായ മനസ്സിനെക്കാൾ മൃദുലമാക്കിക്കൊണ്ടു ഉരുമ്മികൊടുക്കുന്നതു കണ്ടാൽ കല്ലും അലിഞ്ഞുപോകും. അത്രയേറെ ഹൃദയഹാര്യമായ ആ അന്തരീക്ഷത്തിലും ശിവയോഗി പര്യങ്കം ബന്ധിച്ചു വീരാസനത്തിൽ വിരാജിക്കുകയാണ്. കാളിദാസൻെറ വർണ്ണന നോക്കുക: (മൂന്നാംസർഗ്ഗം)

പര്യങ്കബന്ധസ്ഥിര പൂർവ്വകായ—
മൃജ്വായതം സന്നമിതോഭയാംസം
ഉത്താനപാണിദ്വയ സന്നിവേശാത്
പ്രഫുല്ലരാജീവ മിവാംഗമദ്ധ്യേ (45)

ഭുജംഗമോന്നദ്ധ ജടാകലാപം
കർണ്ണാവസക്തദ്വിഗുണാക്ഷസൂത്രം
കണ്ഠപ്രഭാസംഗ വിശേഷനീലാം
മൃഗത്വചം ഗ്രന്ഥിമതീം ദധാനം (46)

കിഞ്ചിത് പ്രകാശസ്തിമിതോഗ്രതാരൈർ—
ഭ്രൂവിക്രിയായാം വിരതപ്രസംഗൈഃ
നേത്രൈരവിസ്പന്ദിത പക്ഷ്മമാലൈർ—
ലക്ഷീകൃത ഘ്രാണമധോമയൂഖൈഃ (47)

അവൃഷ്ടി സംരംഭമിവാംബുവാഹ,—
മപാമിവാധാരമനുത്തരംഗം
അന്തശ്ചരാണാം മരുതാം നിരോധാ—
ന്നിവാത നിഷ്കംപമിവ പ്രദീപം (48)

കപാലനേത്രാന്തര ലബ്ധമാര്ഗ്ഗൈർ
ജ്യോതി: പ്രരോഹൈരുദിതൈഃ ശിരസ്ഥഃ
മൃണാള സൂത്രാധിക സൗകമാര്യ്യാം
ബാലസ്യ ലക്ഷ്മീം ഗ്ലപയന്തമിന്ദോഃ (49)

മനോനവദ്വാര നിഷിദ്ധവൃത്തി
ഹൃദിവ്യവസ്ഥാപ്യ സമാധിവശ്യം
യമക്ഷരം ക്ഷേത്രവിദോ വിദു, സ്ത—
മാത്മാന മാത്മന്യവലോകയന്തം. (50)

ധ്യാനത്തിൽ ലീനചിത്തനായിരുന്ന ശിവൻെറ മനോഹരമായ കൈപ്പടങ്ങൾ തുടയിൽ വിശ്രമിക്കുന്നതു കണ്ടാൽ രണ്ടു വിടൎന്ന താമരപ്പൂക്കൾ മടിയിൽ വച്ചിരിക്കുന്നതുപോലെയുണ്ടു്. ജട മുകളിലേക്കാക്കി ഒരു സർപ്പത്തിൻെറ ചുരുളുകൊണ്ടു ഒതുക്കിക്കെട്ടിയിരിക്കുകയാണു്. രണ്ടു കാതുകളിലും രുദ്രാക്ഷമണിഞ്ഞിരിക്കുന്നു. മേലങ്കിയായി ധരിച്ചിരിക്കുന്ന കൃഷ്ണമൃഗത്തിൻെറ ചൎമ്മം നീലകണ്ഠപ്രഭയേററു കൂടുതൽ കൃഷ്ണവൎണ്ണമായി കാണപ്പെടുന്നു. ആ ഉഗ്രവ്രതനായ യോഗി കണ്ണുകളെ അധോമുഖമാക്കി നാസികാഗ്രത്തിൽ ഉറപ്പിച്ചിരിക്കുകയാണു്, മഴ പൊഴിക്കാതെ നില്ക്കുന്ന മേഘംപോലെയോ, തരംഗങ്ങളില്ലാത്ത ജലാശയം പോലെയോ, കാററില്ലാത്തിടത്തു ചലിക്കാതെ നിന്നുകത്തുന്ന ദീപശിഖപോലെയോ വിലാസം ചെയ്യുകയാണു്. അവിടത്തെ ശ്രീകരമായ പരിവേഷം മററെല്ലാ വിഭൂതികളേയും നിഷ്പ്രഭമാക്കുന്നു. നവദ്വാരങ്ങളേയും ബന്ധിച്ചു മനസ്സിനെ ഹൃദയത്തിൽ അടക്കിനിൎത്തി സമാധിയിൽ പൂൎണ്ണമായും നിമഗ്നനായിരിക്കുന്ന അവിടുന്നു ശ്രോത്രിയന്മാരാൽ അക്ഷരമെന്നു വൎണ്ണിക്കപ്പെടുന്ന ആത്മാവിനെ ആത്മാവിൽ കണ്ടു രമിച്ചിരിക്കുകയാണു്.

കാളിദാസൻെറ ശിവയോഗി 'സുരഭിവായു വന്നുകണ്ഠാവഴിക്കു പദമൂന്നുന്ന' ദിവാകരയോഗിയിൽനിന്നും വളരെ വ്യത്യസ്തനാണു്. "വിഹഗസഞ്ചാരങ്ങളാലെ" ന്നല്ല പുംസ്കോകിലത്തിൻെറ സംഗീതത്തെ "അനക്ഷരമാക്കുന്ന" "മഞ്ജുഗാനത്താൽ"തന്നെ "സ്വാഗതം പറയുന്ന സരോജനി" ഉണ്ടായിരുന്നാലും അങ്ങോട്ടു തിരിഞ്ഞുനോക്കുന്ന ആളല്ല ശിവൻ. എന്നിരുന്നാലും അങ്ങനെയുള്ള ദേവൻെറ മുമ്പിൽ വന്നുനിന്നിരുന്ന ഉമ നളിനിയേപ്പോലെ തപസ്സുകൊണ്ടു കൃശയും വാടി വിളറിപോയിരുന്നവളുമായിരുന്നു. എന്നുമാത്രമല്ല ബാലസൂൎയ്യൻെറ കുങ്കുമാഭമാം ആതപം തടവിയ മുഖബിംബമാണു് ഉഷസ്സന്ധ്യപോലെ പാവനാംഗിയായ ഉമയെ കാണുമ്പോഴും നമ്മുടെ ശ്രദ്ധയിൽ ആദ്യം പെടുന്നതു്.

ആവൎജ്ജിതാ കിഞ്ചിദിവസ്തനാഭ്യം
വാസോവസാനാ തരുണാൎക്കരാഗം
സുജാതപുഷ്പസ്തബകാവനമ്രാ
സംചാരിണീ പല്ലവിനീ ലതേവ.

എങ്കിലും കാമന്റെ അമ്പേററാൽ മുറിയാത്ത ശിവന്റെ ഹൃദയം മുറിഞ്ഞു. ഒരു നിമിഷത്തേക്കു മല്ലാർശരൻ വിജയിച്ചു. അതിന്നിടയാക്കിയതു ഇന്ദുവിന്റെ ഏകരശ്മിപോലെ കൃശയും വിളറിയവളുമായ ഉമയുടെ കീഴ്ചുണ്ടിൽ അവശേഷിച്ചിരുന്ന അല്പമാത്രമായ അരുണാഭയായിരുന്നു.

കവി നളിനിയെ ഉണർത്തിയിരിക്കുന്നു. അവരുടെ കണ്ണുകൾ തമ്മിലിടയുന്നു. അവൾ സർവ്വാംഗം അത്ഭുതംകൊണ്ടു നിറയുന്നു. യതി അവളുടെ ഉള്ളിൽ പ്രമോദത്തിന്റെ വേലിയേററമുണ്ടാക്കുന്ന പൂർണ്ണചന്ദ്രനായി മാറിയിരിക്കുന്നു. മോദം ഇടത്തു ചിറകു്, പ്രമോദം വലത്തു ചിറകു്, ആനന്ദം ശിരസ്സ്, സുഖം വാലു് ഇങ്ങനെ ബ്രഹ്മത്തിന്നു് നാലു സുഖാവസ്ഥകൾ പറയുന്നു. അതിൽ സ്ഥൂലപ്രപഞ്ചത്തിൽ യാഥാതത്ഥ്യമായ സുഖപ്രാപ്തി ഉണ്ടാക്കുന്ന അവസ്ഥയെയാണു പ്രമോദമെന്നു പറയുന്നതു്. ഇവിടെ പ്രമോദം മാത്രമല്ല, അതിന്റെ വേലിയേററം തന്നെ ഉണ്ടായിരിക്കുന്നു.

ദിവാകരനെ “ഉൽഫുല്ലബാലരവി, ഊഴികാക്കുവാൻ കോപ്പിടുന്ന നൃപതി, കളിക്കോപ്പെട്ടുത്ത ചെറുപൈതൽ, അധിത്യകാസ്ഥാനമാന്റെ തടശോഭ നോക്കുന്ന ഖഗയുവാവു്, സ്വാമിയാം രവി, താമരയുടെ ആത്മശോഭയേററുവാങ്ങുന്ന മിഹിരൻ, പൂമണംവഹിച്ചു് ധന്യനായി വന്യഭൂമിയിൽ വന്നണയുന്ന തെന്നൽ, എന്നിങ്ങനെ പലരൂപത്തിൽ നാം ഇതിന്നിടെ കണ്ടു കഴിഞ്ഞിരിക്കുന്നു. ഇപ്പോഴിതാ പൂർണ്ണചന്ദ്രനായി നളിനിയിലെ അനുരാഗസിന്ധുവിൽ വേലിയേററമുണ്ടാക്കുന്നു. നളിനിയെ അവതരിപ്പിക്കുന്നതു് ആദ്യമാദ്യം ഊനാത്മകമായ ചില സങ്കേതങ്ങൾ (negative indications) മാത്രം നൽകിയാണു്. ശോഭയാർന്ന തടം (കുന്നിന്റെ മുകളിൽ ശിവയോഗിയുണ്ടു്;) നീഡമാർന്നെഴും കാനനം (അധിത്യകാസ്ഥാനത്തുനിന്നു ഒരു പക്ഷിയെപ്പോലെ യുവയോഗി അങ്ങോട്ടു നോക്കുന്നുണ്ടു്;) പുരപുഷ്പവാടി (അതിനെ ഓർമ്മിപ്പിക്കുന്നതാണു് ഇവിടത്തെ പൊയ്ക;) തെന്നലിൽ തണ്ടലഞ്ഞു വിടരുന്ന താരുകൾ (പണ്ടു ഇഷ്ടതോഴൻ അറുത്തെടുത്തു സമ്മാനിച്ചിരുന്ന പൂക്കളെ ഓർമ്മിപ്പിക്കുന്നവ;) എന്നിവയാണു ആ സങ്കേതങ്ങൾ. ഈ സൂചനകൾക്കുശേഷം പിന്നീടു് ആളെ കണ്ടു തുടങ്ങുന്നു. ആദ്യം ആരെന്നു പറയാതെ തരുവിലീനമേനിയായി നില്ക്കുന്ന ‘ഒരാൾ’ മാത്രമായിട്ടു്, പിന്നെ ഉഷസ്സന്ധ്യപോലെയുള്ള ഒരു പാവനാംഗിയായി; അതു കഴിഞ്ഞു് തപസ്വിനിയെന്നു വിശേഷിപ്പിക്കുന്നു. ഇനി നടുങ്ങുന്ന ശിരീഷലതയോടും, മീനിന്റെ ചലനംകൊണ്ടു് വിറച്ചുപോകുന്ന ഓമനച്ചെറുമൃണാളത്തോടും ഉപമിക്കാവുന്ന കുലവധൂടിയായിട്ടു്. കുന്ദവല്ലി, തടില്ലത, ഭഗവതച്ചനാർഹമായ മനോജ്ഞമായ പൂവു്, അടി തകർന്ന സേതു, വേനലിൽ ശ്യാനയാം തടിനി, സ്വാമിയാം രവിയെ നോക്കിനില്ക്കുന്ന താമര, മിഹിരനാത്മശോഭയും വണ്ടിന്നു മധുവും പങ്കുവച്ചുകൊടുക്കുന്ന ഓമനപ്പൂവു്. സജീവയാം വീണ, പുണരുവാൻ ശങ്കിക്കേണ്ടാത്ത മലിനമേനിയല്ലാത്ത പൂവു്, കുഞ്ജലീനയായ ഖഗം, യതിയായ പൂർണ്ണചന്ദ്രനെ കണ്ടു വേലിയേററമുണ്ടാകുന്ന പ്രേമസാഗരം എന്നെല്ലാമാണു് പിന്നീടു ഉപമാനിതയായി തീരുന്നതു്.

നീണ്ട ജടയും, നഖങ്ങളും, ഭൂതിയും ഒക്കെ ഉണ്ടായിരുന്നിട്ടും നളിനി ആളെ തിരിച്ചറിഞ്ഞു. ഇഷ്ടജനങ്ങളെ തിരിച്ചറിയുവാൻ സ്ത്രീകൾക്കു് ഒരു പ്രത്യേക വിരുതുണ്ടെന്നു് ആശാൻ പറയുന്നു. ഇഷ്ടമോ ഇഷ്ടക്കേറവോ അല്ല ഈ തിരിച്ചറിയലുണ്ടാക്കുന്നതു്. സാമാന്യരീതിയിൽ പറഞ്ഞാൽ സ്ത്രീയുടെ മനസ്സ് പുരുഷൻേറതിനെക്കാൾ ഭാവപൂർണ്ണവും കല്പനാവൈഭവമുള്ളതും വൈകാരികപ്രധാനമായതുമാണു്. ഇല്ലാത്തതുകൂടി സങ്കല്പിക്കുവാനും കള്ളം പറയാനും വിരുതു കൂട്ടമെന്നു പറയുകയല്ല. പുരുഷൻ മിക്കവാറും യഥാതഥ്യതയിൽ വിചാരവാനായി കഴിയുകയോ കർമ്മനിരതനായി വർത്തിക്കുകയോ ചെയ്യുന്നു. ഒരു ചെറിയ സൂചനകൊണ്ടു് വളരെയേറെ വസ്തുത സ്ത്രീ ഊഹിച്ചെടുക്കുമ്പോൾ മിക്ക തടിയന്മാരോടും എല്ലാം പൊളിച്ചു പറഞ്ഞാലും അവർ ഉള്ളുകള്ളി മനസ്സിലാക്കിയെന്നു വരുകില്ല. തൻെറ പ്രവൃത്തിയിൽ മുഴുകിയിരിക്കുന്ന പുരുഷനു് പുറമേനിന്നു വരുന്ന കാറിൻെറ ശബ്ദവും, നായുടെ കരയും കുട്ടിയുടെ കരച്ചിലും വെറും അസഹ്യമായ ശബ്ദം മാത്രമായിരിക്കും. എന്നാൽ സ്ത്രീക്കു് അതു 'രവിഅണ്ണൻെറ കാറിൻെറ ശബ്ദവും', അടുത്ത വീട്ടിലെ രമയുടെ നായ്ക്കുട്ടി അതിനെ കളിപ്പിക്കുന്ന കുട്ടനോടു കരയുന്നതും, മരിച്ചുപോയ ശാന്തയുടെ കുഞ്ഞു, അമ്മയെ കാണാത്തതുകൊണ്ടു് കരയുന്നതുമാണു്. ഇംഗ്ലീഷിലിതിനെ (affective Perception) എന്നു പറയുന്നു.

നളിനി ഞെട്ടുന്നു—കുഴങ്ങുന്നു—സംഭ്രമിക്കുന്നു—പാഞ്ഞുചെല്ലുന്നു—സൂക്ഷിച്ചു നോക്കി മനസ്സിൽ തെററുപററിയിട്ടില്ലെന്നു് ഉറപ്പാക്കുന്നു—പിന്നെ എല്ലാ നിയന്ത്രണവും വിട്ടുപോകുന്നു. ആ പഠനം അസ്സലായിട്ടുണ്ടു്. 'ജെയിംസ് ലാംഗെ'യുടെ വൈകാരികസിദ്ധാന്തം ഒരു കാലഹരണപ്പെട്ട 'തീയറി'യാണെങ്കിലും അതിൽ ആദ്യത്തെ പ്രതികരണം ശരീരത്തിൻെറ ഞെട്ടലോ, വിറയലോ, സ്തംഭനമോ ആണെന്നു പറയുന്നതിൽ സത്യമില്ലാതില്ല. പിന്നെ കുഴയുന്നു. (സീദന്തി മമ ഗാത്രാണി—എന്നു പറഞ്ഞാണു് ഗീതയിൽ അർജ്ജുനൻ തൻെറ യുദ്ധഭൂമിയിലെ സ്ഥിതി വർണ്ണിച്ചുതുടങ്ങുന്നതു്.) കുഴങ്ങുന്നു എന്നു പറയുന്നതു ശരീരത്തിലോ മനസ്സിലോ എന്നു തീരുമാനിക്കാൻ പ്രയാസം (ഗാണ്ഡീവം സ്രംസതേ ഹസ്താദ്- എന്നു അർജ്ജുനൻ) പിന്നെ സംഭ്രമിക്കുന്നതു്—അതു കാരണമറിയാൻ വയ്യാത്ത മാനസികമായ ഒരു പ്രതിക്രിയയാണു്. (നച ശക്നോമ്യവസ്ഥാതും ഭ്രമതീവ ച മേ മനഃ—എന്നിങ്ങനെ അർജ്ജുനനിൽ) ഈ പ്രാഥമികമായ പ്രതികരണത്തിനു ശേഷം മനസ്സ് ഒരുനിമിഷത്തേക്കു ബുദ്ധിയിൽ ഒതുങ്ങിനില്ക്കുന്നു. 'ഇതു എൻെറ ആ പഴയ തോഴൻതന്നെ' എന്നു നളിനി തീരുമാനിക്കുന്നു. (ന ശ്രേയോ ന പശ്യാമി ഹത്വാ സ്വജനമാകവെ—എന്നു അർജ്ജുനൻ നിശ്ചയിച്ചുറയ്ക്കുന്നതുപോലെ) പിന്നെ നിയന്ത്രണം വിട്ടു തീക്ഷ്ണമായ ഒരു വൈകാരികഭാവത്തിൽ ആകവെ മുഴുകുന്നു:—ആഴിയെ മുട്ടിനിന്നണമുറിഞ്ഞ വാരിപോലെ (വിസൃജ്യസ ശരം ചാപം ശോകസംവിഗ്ന മാനസഃ—എന്നു ഗീതയിൽ)

(തുടരും)

# ആശാനും ഭാരതീയ സാഹിത്യ പാരമ്പര്യവും

## തിരുനല്ലൂർ കരുണാകരൻ

സാഹിത്യത്തിന്റെ സുദീർഘപാരമ്പര്യമുള്ള ഏതു രാജ്യത്തും അങ്കുരിക്കുന്ന നൂതന പ്രതിഭകളെ ആ പാരമ്പര്യം വികാസകാരിയാംവിധം സ്വാധീനിക്കുന്നു. സർഗ്ഗോന്മുഖമായി വ്യാപരിക്കുന്ന കരുത്തുററ പുത്തൻ പ്രതിഭകൾ ആ പാരമ്പര്യത്തിന്റെ ഏററവും ശോഭനമായ പരിണതഫലമായിരിക്കുകയും ചെയ്യും. മാനവ സംസ്കാരത്തിന്റെ ഏതു മേഖലയിലായാലും ഭൂതകാലത്തിൽനിന്നു നിശ്ശേഷം വിച്ഛേദിക്കപ്പെട്ടുനില്ക്കുന്ന ആരോഗ്യകരമായ നവീനപ്രവണതയൊന്നുമില്ല.

സാഹിത്യസംസ്കാരത്തിന്റെ ദീർഘമായ ചരിത്രം അവകാശപ്പെടാവുന്ന ഇന്ത്യയിൽ ആശാനെപ്പോലുള്ള ഒരു കവിയുടെ സർഗ്ഗപ്രതിഭ വികസ്വരമാകുന്നതു ആ പാരമ്പര്യത്തിന്റെ അന്തസ്സത്തയുടെ മുലപ്പാൽ നുകർന്നുകൊണ്ടാണെന്നു വിശേഷിച്ചു പറയേണ്ടതില്ല. ഇന്ത്യയുടെ ദേശീയ സാഹിത്യപാരമ്പര്യമെന്നു പറഞ്ഞാൽ സംസ്കൃതസാഹിത്യ പാരമ്പര്യമെന്നുതന്നെയാണർത്ഥം. സ്സ്കൃത സാഹിത്യവുമായുള്ള ആശാന്റെ ബന്ധം അഗാധവും വിപുലവുമായിരുന്നു. അതുമായി താരതമ്യപ്പെടുത്തുമ്പോൾ അദ്ദേഹത്തിന്റെ പാശ്ചാത്യസാഹിത്യ പരിചയം സമഗ്രമായിരുന്നെന്നു പറയാവതല്ല. സാഹിത്യാവബോധത്തെ സംബന്ധിച്ച ഗൂഢമായ ഒരിന്ത്യൻ മനോഭാവം സവിശേഷമായ ഒരു ജീവിതവീക്ഷണത്താൽ അദ്ദേഹത്തിൽ തെളിഞ്ഞുനിന്നപ്പോൾ ഇംഗ്ലീഷ് റൊമാൻറിസിസത്തിന്റെ ചൈതന്യം അതിൽ പ്രതിഫലിക്കുകയാണുണ്ടായതു്. സ്വന്തം ജീവിതാവബോധത്താലും, സ്വാംശീകരിച്ച ഭാരതീയ സാഹിത്യപാരമ്പര്യത്തിന്റെ സമുജ്ജ്വല പ്രവണതകളാലും ആശാന്റെ കവിപ്രതിഭ വികസ്വരമായതുകൊണ്ടാണു് റൊമാൻറിസിസത്തിനു് അദ്ദേഹത്തിന്റെ ആവിഷ്കരണശൈലിയെ പരിഷ്കരിക്കാൻ കഴിഞ്ഞതെന്നു പറയാം.

സാഹിത്യപരമായ പാരമ്പര്യം അനേകപ്രവണതകളാൽ സങ്കുലമാകയാൽ ആരിലും അതിന്റെ സ്വാധീനത സമ്പൂർണ്ണമോ ഏകരൂപമോ ആവുകയില്ല. കവിയുടെ ജീവിതവീക്ഷണത്താൽ നിയന്ത്രിതമായ സൗന്ദര്യബോധം സ്വയം

വരിക്കുന്നതാണ് ഈ സ്വാധീനതയുടെ ശക്തികേന്ദ്രം. കവികർമ്മത്തിന്റെ വ്യത്യസ്ത കോടികളിൽനില്ക്കുന്ന രണ്ടു മഹാകവികളെ—ആശാനെയും ഉള്ളൂരിനെയും—നമുക്ക് ഉദാഹരണമായെടുക്കാം. ഇരുവരും ഒരേ സാഹിത്യപാരമ്പര്യത്തിന്റെ, ഭാരതീയ സാഹിത്യപാരമ്പര്യത്തിന്റെ, പിന്തുടർച്ചക്കാരാണ്. എങ്കിലും അവർ തമ്മിൽ വലിയ അന്തരമുണ്ട്. ഇതിനു കാരണം തങ്ങൾക്കഭിമതമാംവണ്ണം ഈ പാരമ്പര്യത്തിന്റെ വ്യത്യസ്തസവിശേഷതകളോ വ്യത്യസ്തകാലഘട്ടങ്ങളോ വിഭിന്നരീതിയിൽ ഇവരെ സ്വാധീനിച്ചിരിക്കുന്നു എന്നതാണ്. കവികളുടെ ജീവിതവീക്ഷണത്തിന്റെയും തൽഫലമായ വ്യക്തിത്വത്തിന്റെയും വ്യത്യാസമനുസരിച്ച് ഈ സ്വാധീനതയുടെ ഗുണപരിണാമവും വ്യത്യസ്തമായിരിക്കും എന്നർത്ഥം. ജീവിത വീക്ഷണത്തിന്റെ സാമൂഹികപ്രാധാന്യവും, അതു് സൗന്ദര്യബോധത്തിൽ ചെലുത്തുന്ന പ്രേരണയും ഇവിടെ ചർച്ചാവിഷയമാകേണ്ടതില്ല.

ഭാരതീയ സാഹിത്യപാരമ്പര്യത്തെ സൗകര്യത്തിനുവേണ്ടി രണ്ടായി തരംതിരിക്കാം. ഒന്ന്, സാഹിത്യചിന്താപാരമ്പര്യം; രണ്ട്, സാഹിത്യരചനാ പാരമ്പര്യം. രണ്ടാമത്തേതിനെ മാതൃകയാക്കികൊണ്ടുള്ള പഠനങ്ങളും നിഗമനങ്ങളും നിർദ്ദേശങ്ങളുമാണ് ആദ്യത്തേതു്. ഇമ്മാതിരി ഒരു സന്ദർഭത്തിൽ പ്രാധാന്യം സാഹിത്യദർശനത്തിനാണ്. ആകയാൽ അതിനെക്കുറിച്ച് ചിലതു സൂചിപ്പിക്കേണ്ടതുണ്ട്.

ഇന്ത്യയുടെ രേഖാമൂലമായ കാവ്യചിന്ത ഭരതനിൽ ആരംഭിച്ച് ജഗന്നാഥനിൽ അവസാനിക്കുന്നു. ജഗന്നാഥനുശേഷം ഭാരതം സാഹിത്യവിഷയകമായി മൗലികചിന്തകളെന്തെങ്കിലും അവതരിപ്പിച്ചതായി തോന്നുന്നില്ല. മൂലഗ്രന്ഥങ്ങൾ ഏദിസ്ഥമാക്കുകയോ വൈദേശികചിന്തകളെക്കുറിച്ച് ചർച്ചചെയ്യുകയോ മാത്രമാണ് പിന്നീടുണ്ടായിട്ടുള്ളതു്.

നമ്മുടെ അറിവിൽപ്പെട്ട ഇന്ത്യയുടെ എല്ലാ സാഹിത്യചിന്തകളുടേയും പ്രഭവം ഭരതന്റെ നാട്യശാസ്ത്രമാണ്. നാട്യത്തിന്റെ അവിഭാജ്യഘടകമായ കാവ്യത്തെക്കുറിച്ച് ഭരതൻ ആവിഷ്കരിച്ചിട്ടുള്ള സിദ്ധാന്തങ്ങളുടെ വിഭിന്നവീക്ഷണങ്ങളിൽക്കൂടിയുള്ള വിശദീകരണങ്ങളാണ് പിന്നീടുള്ള കാവ്യചിന്തകന്മാർ നിർവ്വഹിച്ചിട്ടുള്ളതു്. ഇത്രമേൽ സുസംശോധിതമായ അഭിപ്രായങ്ങൾ ഭരതൻ പൊടുന്നനേ രേഖപ്പെടുത്തിയതാവാൻ ഇടയില്ല. ഹൃദയസംവേദിയായ അർത്ഥത്തിൽനിന്നുയിർക്കൊള്ളുന്ന രസാനുഭൂതി, തീ ഉണക്കവിറകിലെന്നപോലെ, ആസ്വാദകന്റെ ശരീരത്തിൽ പടർന്നുകയറുന്നു എന്നു പറഞ്ഞ ഭരതൻ, ഹൃദയവിശ്രാന്തി നേടാൻ നാട്യരംഗത്തിനു മുമ്പിൽ ദുഃഖാർത്തന്മാർക്കും ശ്രമാർത്തന്മാർക്കും ശോകാർത്തന്മാർക്കുമൊപ്പം തപസ്വികളെയും പിടിച്ചിരുത്തിയ ഭരതൻ കലാനുഭൂതിയുടെ സൂക്ഷ്മപ്രക്രിയയെ "വിഭാവാനുഭാവ വ്യഭിചാരിസംയോഗാദ് രസനിഷ്പത്തിഃ" എന്ന ഒരൊററ വാക്യത്തിലൊതുക്കിയ ഭരതൻ, തനിക്കു മുമ്പ് സഹസ്രവർഷങ്ങളായി ഇന്ത്യ നടത്തിയ കലാതത്ത്വാന്വേഷണങ്ങളെ സ്വന്തം കാഴ്ച്ചപ്പാടിൽ സമാഹരിച്ചിരിക്കുന്നു എന്നു വിശ്വസിക്കാനേ നിവൃത്തിയുള്ളു.

കാവ്യകലയെ മാത്രമെടുത്തു വിശകലനംചെയ്ത ആദ്യത്തെ ഭാരതീയ ചിന്തകൻ ഭാമഹനാണു്. കാവ്യപ്രയോജനം, കാവ്യഹേതു, കാവ്യനിർവചനം, കാവ്യവിഭജനം, കാവ്യദോഷങ്ങൾ എന്നിങ്ങനെ പോകുന്ന അദ്ദേഹത്തിന്റെ പ്രതിപാദനം ശബ്ദാർത്ഥാലങ്കാരങ്ങളെയും ചർച്ചാവിഷയമാക്കുന്നു. 'കാവ്യാലങ്കാരം' എന്ന ഗ്രന്ഥനാമം, ഏറെ നൂററാണ്ടുകൾക്കുശേഷം വലിയ ഒരാശയക്കുഴപ്പത്തിനു് ഇടയാക്കിയിട്ടുണ്ടു്. എന്തെന്നാൽ, ശബ്ദാർത്ഥാലങ്കാരങ്ങളാണു് ഏററവും മികച്ച ഭാരതീയ കാവ്യതത്ത്വങ്ങളെന്നു തെററിദ്ധരിക്കാൻ ആ പേർ കാരണമായി. ശബ്ദാർത്ഥാലങ്കാരങ്ങളെക്കുറിച്ചു മാത്രം പ്രതിപാദിക്കുന്ന ഉദ്ഭടന്റെയും രുയ്യകന്റെയും, ഏററവും ഒടുവിൽ അപ്പയ്യദീക്ഷിതരുടെയും ഗ്രന്ഥങ്ങളും ഈ തെററിദ്ധാരണയെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടാവണം.

ഏറെക്കുറേ ഭാമഹന്റെ സമകാലികനായ ദണ്ഡിയും പ്രായേണ ഭാമഹമാർഗ്ഗത്തെയാണു് പിന്തുടർന്നതു്. രണ്ടുപേരും മഹാകാവ്യത്തിനു നൽകിയ ദീർഘനിർവചനം, പില്ക്കാലത്തു് അവരുടെ വിവക്ഷിതത്തിനു വിരുദ്ധമായി മനസ്സിലാക്കപ്പെട്ടു. ആ ആചാര്യന്മാർക്കു വലിയ പതനം സംഭവിച്ചതു് കേരളവർമ്മകാലത്തിലെ കേരളത്തിലാണു്.

കാവ്യത്തിന്റെ ആത്മാവിനെ കണ്ടെത്താൻ ഇന്ത്യയിൽ ആദ്യമായി ശ്രമിച്ച വാമനന്റെ രീതീസിദ്ധാന്തവും കാലക്രമത്തിൽ തെററിദ്ധരിക്കപ്പെടുകയാണുണ്ടായതു്. രസംകൂടി ഉൾപ്പെടുന്നതാണു് അദ്ദേഹത്തിന്റെ രീതിയെന്നു് 'കാവ്യാലങ്കാരസൂത്ര'ത്തിന്റെ അദ്ധ്യേതാക്കൾക്കു മനസ്സിലാകാതിരിക്കുകയില്ല. വാമനന്റെ രീതിസിദ്ധാന്തത്തേക്കാൾ പ്രധാനം അദ്ദേഹത്തിന്റെ അലങ്കാരസങ്കല്പമാണെന്നു തോന്നുന്നു. അലങ്കാരമെന്നു കേൾക്കുന്ന മാത്രയിൽ കാവ്യത്തിന്റെ ബാഹ്യഭൂഷകൾ മാത്രമായ ശബ്ദാർത്ഥാലങ്കാരങ്ങളെന്നു ധരിക്കുന്നവർ "സൗന്ദര്യമലങ്കാരഃ" എന്ന അദ്ദേഹത്തിന്റെ മൗലികവീക്ഷണം വിസ്മരിക്കുന്നു. വാമനമതപ്രകാരം സൗന്ദര്യമാണു് അലങ്കാരം. അപ്പോൾ അലങ്കാരശാസ്ത്രമെന്നു പറഞ്ഞാൽ സൗന്ദര്യശാസ്ത്രം അതായതു് Aesthetis എന്നർത്ഥം. ഇതാണു് യഥാർത്ഥത്തിൽ ഇന്ത്യയുടെ കാവ്യദർശനം.

പ്രായേണ ഭാമഹന്റെയും ദണ്ഡിയുടെയും മാർഗ്ഗം അവലംബിക്കുന്ന രുദ്രടൻ 16 അദ്ധ്യായങ്ങളുള്ള തന്റെ കാവ്യാലങ്കാരത്തിൽ നാലദ്ധ്യായങ്ങൾകൊണ്ടു് രസകാര്യം ചർച്ചചെയ്യുന്നുണ്ടെങ്കിലും ആ വിഷയത്തിൽ ഭരതന്റെ നേരിട്ടുള്ള പിൻഗാമി ധ്വന്യാലോകകാരനായ ആനന്ദവർദ്ധനനാണു്. ഭരതന്റെ രസസിദ്ധാന്തത്തെ കൂലംകഷമായി നിരൂപണംചെയ്തിട്ടുള്ള പല ചിന്തകന്മാരും ഉണ്ടായിരുന്നെങ്കിലും അവരുടെ അഭിപ്രായങ്ങൾ മററുള്ളവർ ഉദ്ധരിക്കുന്നതിൽ നിന്നു മാത്രമേ നമുക്കു് അവരെക്കുറിച്ചു് അറിയാൻ തരമുള്ളൂ.

ആനന്ദവർദ്ധനൻ ധ്വനിയാണു് കാവ്യത്തിന്റെ ആത്മാവെന്നു സിദ്ധാന്തിക്കുന്നു. കാവ്യാത്മാവായ ധ്വനിയെന്നതുകൊണ്ടു് അദ്ദേഹം പ്രധാനമായും വിവക്ഷിക്കുന്നതു് രസധ്വനിയെ ആണു്. ധ്വന്യാലോകം, വാസ്തവത്തിൽ, രസനി

ഷ്പത്തിയുടെ പ്രക്രിയയെ വിശദീകരിക്കുകയാണു ചെയ്യുന്നതു്. വാച്യവാചകരചനാചാരുതയേതും ധ്വനിയുടെ ഉചിത പശ്ചാത്തലമേ ആകുന്നുള്ളു. രസഭംഗത്തിനു കാരണമായി അനൗചിത്യം ഒന്നു മാത്രമേ ഉള്ളു എന്നും അദ്ദേഹം പറയുന്നു. കാവ്യാസൗന്ദര്യത്തിനു് അനിവാര്യമായ ഈ ഔചിത്യം "വിഭാവാനുഭാവവ്യഭിചാരീ സംയോഗം" എന്നതിലെ സംയോഗ പദത്തിൽകാണുന്ന 'സം' എന്ന ഉപസർഗ്ഗംകൊണ്ടു് ഭരതൻ കാലേക്കൂട്ടി സൂചിപ്പിച്ചിട്ടുള്ളതാണു്. ഈ ഭരതകാരികാസൂചനത്തെ ആസ്പദമാക്കിയുള്ള ആനന്ദവർദ്ധനൻെറ ഔചിത്യപരാമർശത്തെ പിന്നീടു് ക്ഷേമേന്ദ്രൻ വിപുലീകരിച്ചു് ഒരു സിദ്ധാന്തമാക്കിയിട്ടുണ്ടു്.

ആനന്ദവർദ്ധനൻ ധ്വനികാവ്യങ്ങളെ മാത്രമേ ഉൽകൃഷ്ടകാവ്യങ്ങളായി പരിഗണിക്കുന്നുള്ളു. ശബ്ദാർത്ഥാലങ്കാരമാത്ര വൈചിത്ര്യംകൊണ്ടു് ബുദ്ധിപരമായ അത്ഭുതം കാട്ടുന്ന കൃതികളെ ചിത്രകാവ്യങ്ങളെന്നു വിളിച്ചു് അദ്ദേഹം തള്ളിക്കളയുന്നു. മമ്മടനും ജഗന്നാഥനും മററും ഇക്കാര്യത്തിൽ ആനന്ദവർദ്ധനനെ ശക്തമായ ഭാഷയിൽ പിന്താങ്ങുന്നവരാണു്.

"ഗുണവദലംകൃതം ച വാക്യമേവ കാവ്യം" എന്നു കാവ്യത്തിനു ലക്ഷണം നിർദ്ദേശിക്കുന്ന രാജശേഖരൻ കാവ്യമീമാംസയിൽ കാവ്യം രസവത്തായിരിക്കണമെന്നു് ഊന്നിപ്പറയുന്നു. രസാത്മകമാണു കാവ്യമെങ്കിൽ വിഷയമേതുമാകാമെന്നാണു് അദ്ദേഹത്തിൻെറ അഭിസന്ധി.

കുന്തകൻെറ വക്രോക്തിജീവിതം മൗലികമായ കാവ്യസമീപനമാണെങ്കിലും, ഫലത്തിൽ അതു് ഏറിയകൂറും ധ്വനിയുടെ വസ്തുനിഷ്ഠമായ (Objective ആയ) അപഗ്രഥനമാണു്.

'ലോചനം' എന്ന ധ്വന്യാലോക വ്യാഖ്യാനംകൊണ്ടും, 'അഭിനവഭാരതി'യെന്ന നാട്യശാസ്ത്ര വിവൃതികൊണ്ടും അഭിനവഗുപ്തൻ രസധ്വനിയെ കാവ്യത്തിൻെറ പരമതത്ത്വമായി പ്രതിഷ്ഠിച്ചു.

ധ്വനിമുഴുവൻ അനുമാനത്തിൽ അന്തർഭവിക്കുമെന്നു സമർത്ഥിക്കാൻ 'വ്യക്തിവിവേകം' എഴുതിയ മഹിമ ഭട്ടൻെറ നിശിതബുദ്ധിയോടു് ആദരം തോന്നുമെങ്കിലും അദ്ദേഹത്തിൻെറ കാവ്യസിദ്ധാന്തത്തെ പിന്താങ്ങാൻ ആരും ഉണ്ടായില്ല.

ശബ്ദാർത്ഥാലങ്കാരങ്ങളെക്കുറിച്ചു ദീർഘമായി പ്രതിപാദിക്കാൻ അവയുടെ ബാഹുല്യംകൊണ്ടു നിർബന്ധിതരായ മമ്മടനും വിശ്വനാഥനും ജഗന്നാഥനും കാവ്യത്തിൽ കാര്യമായെണ്ണുന്നതു് ധ്വനിയെയാണു്, രസധ്വനിയെയാണു്. ചുരുക്കിപ്പറഞ്ഞാൽ കാവ്യം ജീവിതത്തെ അതിൻെറ ഭാവാഗാധതയോടെ ആവിഷ്കരിക്കണമെന്നു് അനുശാസിക്കുകയും, അതു് ജീവിതോത്തേജകമാംവിധം രസാനുഭൂതികൊണ്ടു് കൃതാർത്ഥമാകണമെന്നു നിർദ്ദേശിക്കുകയും, ഈ അനുഭൂതിവിശേഷനിഷ്പത്തിയുടെ സൂക്ഷ്മപ്രകാരങ്ങൾ വിശദീകരിക്കുകയുംചെയ്ത ഭരത

ൻെറ കലാസിദ്ധാന്തത്തിന്മേലാണ് ഭാരതീയസാഹിത്യചിന്താപാരമ്പര്യം അധിഷ്ഠിതമായിരിക്കുന്നത്. രസം, ധ്വനി, രീതി, ഔചിത്യം എന്നിവയെ ആസ്പദമാക്കി വിഭിന്നമായ കാവ്യസിദ്ധാന്തങ്ങൾ നിലവിലുണ്ടെന്നു പണ്ഡിതന്മാർ സൗകര്യത്തിനുവേണ്ടി പറയാറുണ്ടെങ്കിലും, ഇവ പരസ്പരപൂരകമായൊന്നുചേർന്നു ഒരൊററ സിദ്ധാന്തമായിച്ചമയുന്നു. രസം ധ്വനിയാണ്. ഔചിത്യോപസ്കൃതമാണ് ധ്വനിസൗന്ദര്യം. രീതിയാകട്ടെ അതിൻെറ പൂർണ്ണതയിൽ രസോന്മുഖവുമാണ്.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം, നാനാഭാവോപേതമായ ജീവിതത്തിൻെറ സൗന്ദര്യമയമായ ശബ്ദാർത്ഥാവിഷ്കാരമാണ് കാവ്യം. ഭരതൻ നാട്യത്തെ അവസ്ഥാനുകൃതിയെന്നു നിർവചിക്കുന്നു. ഈ അവസ്ഥാനുകരണത്തിൻെറ ഏകാവലംബം ജീവിതമാകയാൽ, കാവ്യം ജീവിതാവസ്ഥാവിഷ്കാരമാണെന്നു സിദ്ധം. ഈ ആവിഷ്കാരത്തിൻെറ വിധത്തെയാണ് വിഭാവാനുഭാവാദി സംയോഗമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നത്. സ്ഥായിഭാവങ്ങളും, വിഭാവങ്ങളും അനുഭാവങ്ങളും വ്യഭിചാരീഭാവങ്ങളുമെല്ലാം ജീവിതത്തിൻെറ ബഹിരന്തശ്ചലനസാകല്യമാണ്. അതുകൊണ്ടാണ് കാവ്യഹേതുവായി പ്രതിഭയോടൊപ്പം ലോകശാസ്ത്രകാവ്യാദ്യവേക്ഷണസിദ്ധമായ നൈപുണ്യത്തേയും സാഹിത്യചിന്തകന്മാർ കണക്കാക്കുന്നത്. മമ്മടൻ ലോകശാസ്ത്രകാവ്യാദികളിൽ ലോകത്തിന്, അതായത് ജീവിതത്തിന് നൽകിയിരിക്കുന്ന പ്രാധാന്യം നോക്കുക. വാമനൻ കാവ്യാംഗങ്ങളെ ലോകം, വിദ്യ, പ്രകീർണ്ണം എന്നിങ്ങനെ മൂന്നായി വിഭജിക്കുമ്പോഴും ലോകത്തിനാണ് പ്രാഥമ്യം നൽകുന്നത്. ലോകം എന്നതുകൊണ്ട് അദ്ദേഹം ഉദ്ദേശിക്കുന്നത് സ്ഥാവരജംഗമാത്മകമായ ലോകത്തിൻെറ വ്യാപാരത്തെയാണ്, ജീവിതത്തെയും അതിൻെറ പശ്ചാത്തലത്തെയുമാണ്.

കാവ്യപ്രയോജനത്തെക്കുറിച്ച് ഭാരതീയരെപ്പോലെ മററാരെങ്കിലും ചിന്തിച്ചിട്ടുണ്ടാവില്ല. പ്രീതിയും ജീവിതോത്തേജനവുമാണ് പ്രധാനമായും കാവ്യത്തിൻെറ പ്രയോജനങ്ങളായി അവർ എണ്ണുന്നത്. "ധർമ്മാർത്ഥകാമമോക്ഷങ്ങളിൽ വൈചക്ഷണ്യ"മെന്നു ഭാമഹനും, "നനു കാവ്യേന ക്രിയതേ സരസാനാമവഗമശ്ചതുർവർഗ്ഗേ" എന്നു രുദ്രടനും, "കാന്താസമ്മിതതയോപദേശയുജേ" എന്നു മമ്മടനും "കാന്താതുല്യതയോപദേശായ" എന്നു ഹേമചന്ദ്രനും പറയുമ്പോൾ സമഗ്രജീവിതവികാസത്തിനുള്ള പ്രചോദനം കാവ്യത്തിൽനിന്നു സിദ്ധിക്കണമെന്നാണ് അവർ അർത്ഥമാക്കുന്നത്. കാവ്യം അനുവാചകരിൽ അപൂർവ്വാനുഭൂതികൾ ഉളവാക്കുന്നതോടൊപ്പം അത് അവരുടെ ജീവിതത്തിനുത്തേജകവുമാകണമെന്ന് ആശാൻ അദ്ദേഹത്തിൻെറ കാവ്യനിരൂപണപ്രബന്ധങ്ങളിൽ ഊന്നിപ്പറഞ്ഞിട്ടുള്ളതും ഈ സന്ദർഭത്തിൽ നാം ഓർക്കുക.

കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും, ഇന്ത്യയുടെ ജീവിതനിഷേധിയായ ചില കാലഘട്ടങ്ങൾ സാഹിത്യത്തിൽനിന്നു ജീവിതസ്പന്ദത്തെ നിശ്ശേഷം നിഷ്കാസനംചെയ്തു. ബുദ്ധികൊണ്ടുമാത്രം കാവ്യകലയെ സമീപിച്ച ആ കാലഘട്ടങ്ങളിലെ കവിതയെഴുത്തുകാർ അവർക്കുചേർന്ന പാകത്തിൽ ജീവിതത്തിൻെറ

ചിന്നിച്ചിതറിയ പുറംതോടുകൾ മാത്രമെടുത്തു് അവയിൽ ആകാവുന്നത്ര ഔചിത്യഭംഗത്തോടേ ശബ്ദാത്ഥജാഡ്യത്തിൻെറ കട്ടംചായങ്ങൾ വാരിതേച്ചു. കാവ്യമെന്നാൽ ശബ്ദാത്ഥാലങ്കാരമെന്നു മനസ്സിലാക്കാനും, കാവ്യസൗന്ദര്യ്യാസ്വാദനത്തിനല്ലാതെ ശബ്ദങ്ങളുടെ നാനാത്ഥസാമത്ഥ്യവും ധാതുക്കളുടെ പ്രയോഗവൈവിധ്യവും അറിഞ്ഞു് സംസ്കൃതഭാഷാവ്യുൽപത്തി നേടാൻ നൈഷധീയ ചരിതാദി മഹാകാവ്യങ്ങൾ പഠിക്കാനും വിധിക്കപ്പെട്ട തലമുറകളിൽപ്പെട്ട കവികൾ ജനജീവിതം മരവിച്ചുനിന്നിരുന്ന ഒരു കാലത്തു് കേരളത്തിലും ഈ പ്രതിഭാജീണ്ണതയുടെ പ്രചാകരായിത്തീന്നു. കേരളത്തിൽ സാഹിത്യത്തെ ബാധിച്ച ഈ നിശ്ചലതയെ ഏററവും നിശിതമായെതിത്തതു് ആശാനാണു്. മഹാകാവ്യങ്ങളെ എതിത്ത ആശാൻ ഭാരതീയ സാഹിത്യപാരമ്പര്യത്തെയല്ലേ എതിത്തതു് എന്നു ചിലർ ചോദിച്ചേക്കാം. മറിച്ചാണു സംഭവിച്ചതു്. ഭാമഹനും ദണ്ഡിയും പല കാവ്യഭേദങ്ങളുടേയും കൂട്ടത്തിൽ മഹാകാവ്യങ്ങൾക്കും ലക്ഷണം നിർദ്ദേശിച്ചപ്പോൾ തങ്ങളുടെ വിവക്ഷിതത്തെ തെററിദ്ധരിച്ചോ ഭാഗികമായിമാത്രം ധരിച്ചോ ചിലർ കാവ്യരചന നടത്തിക്കളയുമെന്നു് അവർ കരുതിയിരിക്കാനിടയില്ല. "രസഭാവനിരന്തരം", "യുക്തം ലോകസ്വഭാവേന" എന്നു ഭാമഹനും, "രസൈശ്ച സകലൈഃ പൃഥക്", "ലോകരഞ്ജകം" എന്നു ദണ്ഡിയും മഹാകാവ്യത്തെ കലാസൃഷ്ടിയാക്കുന്ന ഏതെല്ലാം സൗന്ദര്യ്യോപാധികളെ നിർദ്ദേശിച്ചിരുന്നുവോ അവയെ ഒന്നൊഴിയാതെ വിസ്മരിച്ചുകൊണ്ടാണു് നമ്മുടെ കവികൾ മഹാകാവ്യങ്ങൾ എഴുതിത്തള്ളിയതു്.

"ന്യൂനമപ്യത്ര യൈഃ കൈശ്ചി—
ദംഗൈഃ കാവ്യം ന ദുഷ്യതി
യദ്യുപാത്തേഷു സംപത്തി—
രാരാധയതി തദ്വിദഃ"

നഗരാണ്ണവശൈലാദികളിൽ ചിലതെല്ലാം വിട്ടുപോയാലും കാവ്യത്തിനു ദോഷം സംഭവിക്കുന്നില്ല; സ്വീകൃതമായ ഘടകങ്ങൾ ഏദയരഞ്ജകമാംവിധം രമണീയമാക്കിയാൽ മതി, എന്നു ദണ്ഡി എടുത്തു പറയുന്നുണ്ടെങ്കിലും അദ്ദേഹത്തിൻെറ മഹാകാവ്യനിർവചനത്തെ അങ്ങാടിക്കുറിപ്പുപടിപോലെ അപ്പടി അംഗീകരിച്ചവർ നമ്മുടെ കാവ്യസംസ്കാരത്തിനു കുറച്ചൊന്നുമല്ല ദോഷം വരുത്തിവച്ചതു്. ആനന്ദവദ്ധനാദികൾ അധമമെന്നു പറഞ്ഞുപഹസിച്ച ശബ്ദാത്ഥമാത്രവൈചിത്ര്യത്തെ അവർ കാവ്യസർവസ്വമായി കരുതി.

"ശങ്കാപേതമുദിക്കു മത്ഥരുചിയെ,
ങ്ങെങ്ങാ വെറുംശബ്ദമാ—
മങ്കോലക്കുരുവിൻെറ യെണ്ണയിലെഴ—
ന്നാജ്ജാലകൗതൂഹലം"

എന്നു് ആശാൻ ഈ ഹീനവാസനകളെ നിശിതമായെതിർത്തപ്പോൾ, ആ എതിർപ്പു് സമുജ്ജ്വലമായ ഭാരതീയ കാവ്യപാരമ്പര്യത്തിനുവേണ്ടിയുള്ള സുശക്തമായ ഒരു ഡിഫൻസ് ആയിരുന്നു.

ആശാന്റെ കാവ്യങ്ങളെ ധ്വനികാവ്യങ്ങളെന്നു വിളിച്ച്, അവ നമ്മിലുളവാക്കിയ വൈകാരികാനുഭൂതികൾക്കു നാം നന്ദി പറയുമ്പോൾ, അദ്ദേഹത്തിൽ സജീവമായി തുടിക്കുന്ന ഭാരതീയ സാഹിത്യപാരമ്പര്യത്തിന്റെ പ്രകാശമാനവശങ്ങളെക്കൂടി നാം അറിഞ്ഞാദരിക്കുകയാണു ചെയ്യുന്നതു്. വീണപൂവു മുതൽ കരുണവരെയുള്ള അദ്ദേഹത്തിന്റെ കാവ്യങ്ങൾ ധ്വനികാവ്യങ്ങളാണെന്ന കാര്യത്തിൽ സംശയമില്ല. അവ എങ്ങനെ ധ്വനികാവ്യങ്ങളാകുന്നു എന്നു പരിശോധിക്കുന്നതിനുമുമ്പു് ആശാനെ സ്വാധീനിച്ച രണ്ടു വിശ്വമഹാകവികളെക്കുറിച്ച് സൂചിപ്പിക്കേണ്ടതുണ്ടു്. വാല്മീകിയും കാളിദാസനുമാണു് ആ മഹാന്മാർ. അവരിൽ കാളിദാസനാണു് ആശാന്റെ ആശാൻ. ഭാരതീയ കാവ്യസൗന്ദര്യത്തിനു് ഒരധിഷ്ഠാനദേവതയെ സങ്കല്പിക്കാമെങ്കിൽ അതു കാളിദാസനായിരിക്കും. ആശാന്റെ കാളിദാസാരാധനം ആകെ 147 പദ്യങ്ങളുള്ള പ്രരോദനത്തിലെ 11 പദ്യങ്ങളിൽ പ്രതിധ്വനിക്കുന്നു. ഗൈർവാണിതൻ പ്രാണാധായകനാം ആ മഹാവ്യക്തിയെ മഹാകവി വിശേഷിപ്പിക്കുന്നതു നോക്കുക:

"അംഗാരത്തിലെരിഞ്ഞു ശുദ്ധിതടവും
പൊന്നൊത്തു സത്വാഗ്നിയിൽ
ശൃംഗാരക്കറ പോയ് തെളിഞ്ഞുവിലസും
സൗന്ദര്യസാരാകൃതി."

ഇതുതന്നെയാണു് ആശാന്റെ പ്രേമസങ്കല്പത്തിന്റെയും സവിശേഷത. സ്വർഗ്ഗത്തിനെത്രയോ മുകളിൽ സ്വർഗ്ഗസൗഭാഗ്യങ്ങളെ ബഹിഷ്കരിച്ച് പുറംതള്ളി തപഃസമുജ്ജ്വലമായ ആർഷചേതനകൾ തമസഃ പരമാം പദത്തിൽ വിലയംകൊള്ളാൻ യത്നിക്കുന്ന കാശ്യപാശ്രമാങ്കണത്തിൽവച്ച് ശകുന്തളാദുഷ്യന്തന്മാർ നേടുന്ന സമാഗമനിർവൃതിയിൽ ആർദ്രവിവശമാകുന്ന ഒരു കവിഹൃദയത്തിനു് ഷെല്ലിയും കീററ്സും ഓമനക്കുഞ്ഞുങ്ങളാണു്. അനിവാര്യമായ ഒരു ഭാവോന്മാദത്താൽ ആഷാഢമേഘത്തോടു് പ്രേമസന്തപ്തമായൊരാത്മനിവേദനം നടത്തിയ യക്ഷകാമുകന്റെ ഹൃദയസ്പന്ദങ്ങളിൽ ജീവിക്കുകയും ആ സ്നേഹോപാസകന്റെ വേദനാസ്വപ്നങ്ങളാൽ അനശ്വരസൗന്ദര്യമാർന്ന നഗരഗ്രാമപഥങ്ങളിലൂടെ രാമഗിരിയിൽനിന്നു് അളകയോളം സഞ്ചരിക്കുകയും ചെയ്ത ഒരു കവിക്കു് 18-ാം നൂററാണ്ടിലെ യൂറോപ്യൻ റൊമാൻറിസിസം കേവലം അപരിചിതമാവുകയില്ല. അദമ്യമായ സ്വാതന്ത്ര്യവാഞ്ഛയും, തീവ്രമായ മനുഷ്യസ്നേഹവും കാളിദാസീയ സൗന്ദര്യബോധവുമുള്ള ഒരു ആധുനിക പ്രതിഭാശാലി സ്വയം റൊമാൻറിക്കാവുക സ്വാഭാവികമാണു്. ആശാന്റെ ആ റൊമാൻറിക് ബോധത്തിനു് വൈശദ്യം നൽകാൻ അദ്ദേഹത്തിന്റെ ഇംഗ്ലീഷ് കവിതാപരിചയം സഹായകമായെന്നേ ഉള്ളൂ. ഇംഗ്ലീഷ് റൊമാൻറിസിസത്തിന്റെ കേവലാനുകരണമായി ആശാൻ എന്തെങ്കിലും

എഴുതിയിട്ടുള്ളതായറിവില്ല. രൂപഭാവങ്ങളിൽ സവിശേഷ വ്യക്തിത്വമുള്ള ഒരിന്ത്യൻ റൊമാൻറിക് കവിയെന്നേ ആശാനെ വിശേഷിപ്പിക്കാൻ ആവുകയുള്ളു. യൂറോപ്യൻ റൊമാൻറിക് കവിതകൾതന്നെ അനിയതസ്വഭാവമുള്ളവയാണു്. ആ നിലയിൽ, വിഭിന്നസാഹചര്യത്തിലും, സമുജ്ജ്വലമായ ഒരു കാവ്യപാരമ്പര്യത്തിന്റെ സുശക്തമായ സ്വാധീനതയിലും വികാസമാർജ്ജിച്ച ആശാന്റെ പ്രതിഭ അന്യ സംസ്കാരസൃഷ്ടികളെ പൂർണ്ണമാതൃകകളാക്കുക അസംഭാവ്യമാണു്.

ഇവിടെ സകാരണമായിത്തന്നെ ഒരു ചോദ്യം ഉന്നയിക്കപ്പെടാം. യോഗിമാരെ വിഭാവങ്ങളാക്കി ശൃംഗാരരസം ആവിഷ്കരിക്കുക, വാല്മീകി സൂചിപ്പിക്കുകപോലും ചെയ്തിട്ടില്ലാത്ത ഒരു സന്ദർഭത്തിൽ സീതയെക്കൊണ്ടു്, ആ വിശ്വമഹാകവി ചെയ്യിച്ചിട്ടില്ലാത്തവിധം ചടുലമായി ചിന്തിപ്പിക്കുക, ഒരു ബ്രാഹ്മണകുമാരിക്കു് ചണ്ഡാലനായകനെ സൃഷ്ടിച്ചുകൊടുക്കുക: ഇതൊക്കെ ചെയ്ത കവി സാഹിത്യപരവും സാംസ്കാരികവുമായ ഭാരതീയ പാരമ്പര്യത്തെ വെല്ലുവിളിക്കുകയല്ലേ ചെയ്യുന്നതു്? അല്ല, തീർത്തും അല്ല. വിവാദവിഷയമാകാവുന്ന ഈ മൂന്നു സന്ദർഭങ്ങളിലും ആശാൻ ഇന്ത്യയുടെ കാതലായ കാവ്യവിജ്ഞാനീയത്തിന്റെയും സംസ്കാരത്തിന്റെയും അധൃഷ്യനായ വക്താവായുയർന്നുനിൽക്കുന്നു. വിശദാംശങ്ങളിലേക്കു കടക്കാതെ നമുക്കു് ദിങ്മാത്രമായൊന്നു നോക്കിക്കാണാം.

നളിനിയിലെ രസം ശൃംഗാരമാണു്. അക്കാലത്തെ ഏററവും വലിയ സാഹിത്യശാസ്ത്രകാരനായ ഏ. ആർ. രാജരാജവർമ്മ നളിനിയുടെ അവതാരികയിൽ ഈ വസ്തുത അസന്ദിഗ്ദ്ധമായി ഇങ്ങനെ പ്രസ്താവിക്കുന്നു: "സാധാരണക്കാർ രജോഗുണപ്രധാനമാണെന്നും ആ ഗുണത്തെ പോഷിപ്പിക്കുന്ന സാമഗ്രികൾകൊണ്ടു മാത്രം പുഷ്ടിപ്പെടുന്നതാണെന്നും കരുതി വർണ്ണിച്ചുവരുന്ന ശൃംഗാരംതന്നെയാണു് ഇതിലെ സ്ഥായിയായ രസമെങ്കിലും പ്രാപഞ്ചികവ്യവഹാരങ്ങളിൽനിന്നൊഴിഞ്ഞു് സത്വഗുണവൃത്തിയവലംബിച്ചുകൊണ്ടിരിക്കുന്ന നിലയിലും ആ അനുരാഗം വർദ്ധിച്ചിരിക്കുന്നതായിട്ടാണു കാണിച്ചിരിക്കുന്നതു്. പരിശുദ്ധമായ അനുരാഗത്തിന്റെ അല്ലെങ്കിൽ കലർപ്പില്ലാത്ത ശൃംഗാരരസത്തിന്റെ സൂക്ഷ്മസ്ഥിതി ഗ്രഹിക്കുന്നതിൽ ഈ സംഗതി ഏററവും ഉപയുക്തമായിട്ടുണ്ടെന്നു വേറേ പറയേണ്ടതില്ല." ഈ നിരീക്ഷണത്തെ മഹാകവി വിനയപൂർവ്വം സമ്മതിക്കുന്നതു് ഇങ്ങനെയാണു്: "അവതാരിക സംക്ഷിപ്തമാണെങ്കിലും, ഇതിൽ കവിമര്യാദ അനുസരിച്ചു മൂടിവച്ചിരുന്ന മുഖ്യസ്ഥാനങ്ങളിൽ എല്ലാം മർമ്മജ്ഞനായ അവിടുത്തെ വിരലുകൾ നൈപുണ്യത്തോടെ പ്രവേശിച്ചിരിക്കുന്നതായി കാണുന്നതിൽ എനിക്കു വലിയ ചാരിതാർത്ഥ്യം തോന്നുന്നു" നളിനിയിലെ രസം ശൃംഗാരമാണെന്നു് നിരൂപകനും കവിയും ഏകസ്വരത്തിൽ സമ്മതിക്കുകയാണല്ലോ.

എന്നാലും, നളിനിയേയും ദിവാകരനേയുംപോലുള്ള നായികാനായകന്മാരെക്കൊണ്ടു് എങ്ങനെ ശൃംഗാരരസപ്രതീതി വരുത്താം എന്ന മുഖ്യപ്രശ്നം അവശേഷിക്കുന്നു. ജഗത്പിതാക്കളായ പാർവതീപരമേശ്വരന്മാരെ നായികാനായകന്മാരാക്കി ശൃംഗാരം, അതും സംഭോഗശൃംഗാരം, ആവിഷ്കരിച്ചല്ലോ കാളിദാസൻ.

ദേവതാഗർഹണം, ഗുരുനിന്ദനം, രസാനൗചിത്യം എന്നൊക്കെ പ്രഗല്ഭരായ കാവ്യശാസ്ത്രകാരന്മാർ ഭയോദ്വേഗങ്ങളോടെ പറഞ്ഞെങ്കിലും ഇന്ത്യയുടെ സൗന്ദര്യമർപ്പണമായി ഇന്നും നിലനില്ക്കുന്നു കുമാരസംഭവം. അതിരിക്കട്ടെ.

ശൃംഗാരരസത്തിന്റെ വിഭാവങ്ങളെന്ന നിലയിൽ നളിനീദിവാകരന്മാരെ അവരുടെ മാനസികവിഭാവങ്ങളിൽത്തന്നെ നാം മനസ്സിലാക്കേണ്ടതുണ്ട്.

നളിനിയിലെ നായികാനായകന്മാർ രതിഭാവത്തിന്റെ പരസ്പരാകർഷണത്തിൽ നിന്നു വിമുക്തരല്ല. എന്നല്ല, നായിക ഏകാഗ്രതീവ്രമായ ആ രതിഭാവപ്രേരണയാൽ ഭഗ്നയോഗയായതു താനും.

"മാനസം ഭഗവദംഘ്രിപങ്കജ--
ധ്യാനധാരയിലുറച്ചിടായ്കയാൽ
ദീനയായ്ഗതിതടഞ്ഞു വേനലിൽ
ശ്യാനയാം തടിനിപോലെ തന്വിയാൾ".

നായകോന്മുഖമായ രതിഭാവത്തിന്റെ തീക്ഷ്ണതയാൽ നളിനി യോഗവിദ്യയുടെ ആദ്യപടവുകളിൽ നിന്നുതന്നെ പിന്തിരിഞ്ഞുപോന്നവളാണെന്നർത്ഥം. അവൾ തന്റെ ജീവിതസാഫല്യം കാണുന്നതു് നായകസമാഗമത്തിലാണ്. വിവാഹപ്രായമെത്തി അഞ്ചുവർഷംകൂടി കഴിഞ്ഞ നിലയിലാണു നായിക. അവളുടെ കളിത്തോഴനും സഹപാഠിയും ആയിരുന്നു നായകൻ. എങ്കിലും,

ഓതി നീണ്ട ജടയും നഖങ്ങളും
ഭൂതിയും ചിരതപസ്വിയെന്നതും
ദ്യോതമാനമുടൽ നഗ്നമൊട്ടു ശീ-
താതപാദികളവൻ ജയിച്ചതും"

എന്ന ശ്ലോകം നായകനെസ്സംബന്ധിച്ച് ഒരു തെററിദ്ധാരണ ജനിപ്പിക്കാൻ പോന്നതാണ്. അതൊഴിവാക്കാൻ, കവി ഒന്നാംശ്ലോകത്തിൽത്തന്നെ ദിവാകരനെ യുവാവെന്നു വിശേഷിപ്പിക്കുന്നുണ്ട്.

ദിവാകരൻ യോഗിയാണെന്ന കാര്യത്തിൽ സംശയമില്ല. അതേസമയം അയാൾ ചിത്തവൃത്തി നിരോധത്തെ നിഷേധിക്കുന്ന വാസനാബലത്താൽ നീതനമാണ്. നായകൻ താനെത്തിനില്ക്കുന്ന ഔന്നത്യത്തിനു ചേരുംവിധമാണെങ്കിൽക്കൂടി നായികയുടെ ആത്മസമർപ്പണത്തിന്റെ പൊൻവലയിൽ വീണുപോകത്തക്കവണ്ണം, എത്രയോ കരുതലോടുകൂടിയാണു കവി അയാളുടെ വാസനാക്ഷോഭങ്ങളെ പ്രത്യക്ഷമാക്കുന്നതു്!

കന്നുതന്നടിയിലെത്തവേ സ്വയം
നിന്നുപോയ് ഝടിതി ചിന്തപൂണ്ടപോൽ
എന്നുമല്ല ചെറുതാർത്തിയാർന്നവാ-
റൊന്നു വീർത്തു നെടുതായുടൻ യതി".

കുന്നിന്റെ അടിവാരത്തിലെത്തിയപ്പോൾ ചിന്താധീനനായി പൊട്ടുന്നനേ നിന്നു പോവുകയും ദുഃഖിതനെപ്പോലെ നെടുവീർപ്പിടുകയും ചെയ്യുന്ന യോഗി ചിത്തവൃത്തികളെ നിശ്ശേഷം നിരോധിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നവനാണ്; ആ ശ്രമത്തിൽ പരാജയപ്പെടുന്നവനുമാണ്. യോഗശാസ്ത്രത്തിന്റെ ഭാഷയിൽ പറഞ്ഞാൽ, അയാൾ ചിത്തവിക്ഷേപത്തിനു വിഷയമാണ്. ഈ ചിത്തവിക്ഷേപമാകട്ടെ അവശിഷ്ടവാസനകളാൽ, ബാല്യകാലപ്രേമത്തിന്റെ വിസ്മൃതമായ ബന്ധം ഉൾപ്പെടെയുള്ള വാസനകളാൽ, അനിയന്ത്രിതമാംവിധം പൊന്തിവരുന്നതുമാണ്.

"ജന്തുവിന്നു തുടരുന്നു വാസനാ—
ബന്ധമിങ്ങുടലു വീഴുവോളവും".

നായിക സഫലപ്രാർത്ഥനയായി, അന്തരുത്തടരസോർമ്മിദുഃസ്വയായി, നായകന്റെ മാറിലേക്കു ചാഞ്ഞു്, ആ പ്രേമയോഗാനുഭൂതിയുടെ പരകോടിയായ മൃതിയിൽ വിലയംകൊള്ളുംവരെയുള്ള ദിവാകരഹൃദയത്തിന്റെ വാസനാനുമേധത്തെ എത്രമേൽ നിയന്ത്രിതവൈദഗ്ദ്ധ്യത്തോടേയാണു് കവി ചിത്രീകരിക്കുന്നതു്!

കോട്ടമററവിടെ യെത്തി യിന്ദ്രിയം
പാട്ടിലാക്കി യപഭീതിയാം യതി
കാട്ടിലിങ്ങനെ മനുഷ്യഗേയമാം
പാട്ടുകേട്ടു പരമാന്ന കൗതുകം

വാക്കിലും പൊരുളിലും രസസ്രവം
വായ്ക്കുമാ മധുര ശബ്ദമെത്തിടം
ലാക്കിലും ചെവികൊടുത്തു കാട്ടിലും
നോക്കിനിന്നു ലയ ലീനനായവൻ

കാണിനിന്നവിടെയിത്ഥ മാസ്ഥയാൽ
കാണുവാനുഴറി കണ്ടരീതിയാൽ
പ്രാണസൗഖ്യമരുളും സജീവയാം
വീണതന്നെ ലയവേദിയാം യതി

എന്നുരച്ചു പുനരുത്തരോൽകനായ്
നീന്നുതേ സ്വയമസംഗനാകിലും
സ്യന്ദമാന വനദാരു വാരിമേൽ
മന്ദമാച്ചുഴിയിലാഞ്ഞപോലവൻ

ഹാ! മൊഴിഞ്ഞിതു നഖംപചാശ്രുവാൽ
കോമളം സതി നനച്ചുതൻപദം
ആമഹാൻ തിരിയെനിന്നു, നിർമ്മല—
പ്രേമമാം വലയിലാരുവീണിടാ.

അന്തരുത്തട രസോമ്മിളഃസ്ഥയായ്
ഹന്ത! ചാഞ്ഞു തടവല്ലിപോലവൾ
സ്വന്തമെയ്‌വികലമായ പോലണ—
ഞ്ഞന്തരാ നിയമി താങ്ങി കൈകളാൽ

ഈ ഭാവപരിണാമത്തെ 'ചലിക്കുമേ ഭൂമിയും ഹൃദയലീന ഹേതുവാൽ' എന്നു കവി സാധൂകരിക്കുന്നു. വാസനാനീതവും യോഗശാസ്ത്രസമ്മതവുമായ ചിത്തവിക്ഷേപത്തേയും അതിന്റെ പ്രതിചലനങ്ങളേയും ഇവിടെ അസാധാരണമായ ഒരു രതി ഭാവവികാസത്തിന്റെ പ്രേരണകളും പ്രതികരണങ്ങളുമാക്കിയിരിക്കുന്നു ആശാൻ. സൂക്ഷ്മമായി നോക്കിയാൽ, തികച്ചും അപ്രഹതമായ മാർഗ്ഗത്തിലൂടെ വിഭാവാദിസംയോഗവും തജ്ജന്യമായ രസനിഷ്പത്തിയും അസാമാന്യവൈഭവത്തോടെ സാധിച്ചിരിക്കുകയാണ് ഇവിടെ.

ചിന്താവിഷ്ടയായ സീതയെക്കുറിച്ചുള്ള മുഖ്യമായ ഒരാക്ഷേപം, വാല്മീകിയുടേതല്ലാത്ത ഒരു കാവ്യസന്ദർഭത്തെ ആശാൻ കൃത്രിമമായി സൃഷ്ടിച്ചിരിക്കുന്നു എന്നാണ്. രാമായണത്തിന്റെ ഉത്തരഭാഗം വാല്മികിയുടേതല്ലെന്നാണ് അതിനു കാരണമായിപ്പറയുന്നത്. ഈ വാദം ഇന്ത്യയുടെ കാവ്യപാരമ്പര്യത്തെ മുഴുവൻ ചോദ്യം ചെയ്യുന്നതാണ്. എന്തുകൊണ്ടെന്നാൽ മഹാന്മാരായ സാഹിത്യചിന്തകന്മാർ പണ്ടുപണ്ടേ വാല്മീകിരാമായണത്തിന്റെ കാവ്യമൂല്യത്തെ അത്യുൽക്കൊള്ളുന്ന കരുണരസത്തിന്റെ പേരിലാണ് എടുത്തുകാട്ടിയിട്ടുള്ളത്. ഉത്തരഭാഗമില്ലാത്ത രാമായണത്തിൽ കരുണരസത്തിന്റെ വിദൂരസ്പർശംപോലുമില്ല. കരുണ രസപ്രധാനമായ രാമായണത്തിന്റെ ഉചിതമായ ഒരവതാരിക മാത്രമേ ആകുന്നുള്ളു അതിന്റെ പൂർവ്വഭാഗം.

രണ്ടാമത്തെ വാദം, ആശാൻ സ്വീകരിച്ചിരിക്കുന്ന നാടകീയസന്ദർഭത്തിന്റെ ഒരു സൂചനപോലും വാല്മീകിരാമായണത്തിൽ ഇല്ലെന്നാണ്. അതു ശരിയുമാണ്. എന്നാൽ വാല്മീകിയും കുശലവന്മാരും ശ്രീരാമന്റെ യാഗസ്ഥലത്തായിരുന്ന ആ ദിവസങ്ങളിൽ തമസാതീരത്ത് വാല്മീകിയുടെ ആശ്രമവും, ആശ്രമോപവനത്തിൽ ഏകാന്തമായ വനസന്ധ്യയും, സീതയും സീതയുടെ ഭാവസ്പന്ദിതമായ ഹൃദയവും ഇല്ലായിരുന്നെന്നു പറഞ്ഞുകൂടല്ലോ. സീതയുടെ ജീവിതത്തിൽ, ഇത്രമേൽ വൈകാരികക്ഷോഭമുണ്ടാകുന്ന മറ്റൊരു സന്ദർഭം ഇല്ലെന്നു തീർത്തുപറയാം. ആ സന്ദർഭത്തെ അതിന്റെ എല്ലാ കാവ്യബാദ്ധ്യതകളോടുംകൂടി പ്രയോജനപ്പെടുത്തിയിരിക്കുന്നു നമ്മുടെ കവി.

ഈ പ്രകരണത്തിൽ വാല്മീകി എന്തുകൊണ്ടു സീതയെക്കുറിച്ചു മൗനം ഭജിച്ചു എന്നു സഹൃദയത്വശൂന്യമായ ഒരു ചോദ്യം ചിലരെങ്കിലും ചോദിച്ചേക്കാം. ഇത്രമാത്രമാണ് അതിനുള്ള മറുപടി: ആ സമയമൊക്കെയും ആ വിശ്വസ്നേഹഗായകന്റെ ഹൃദയത്തിൽ സീതയുടെ ഭാവിയെക്കുറിച്ചുള്ള തീവ്രോത്കണ്ഠ

യാണു് നിറഞ്ഞുനിന്നതു്. ശ്രീരാമൻ പവിത്രമായ യാഗവേദിയിൽവച്ചു് പൗരസമക്ഷം സീതയെ—ദുഃഖോജ്ജ്വലമായ ആ വിശുദ്ധിയെ സ്വീകരിക്കാനുള്ള ഒരു പാവന പ്രേരണയായി വർത്തിക്കുകയായിരുന്നു അദ്ദേഹം.

ആശാൻെറ സീത ചിന്തിച്ചതെല്ലാം ശരിയായിരുന്നോ എന്നു നാം ഇവിടെ പരിശോധിക്കേണ്ടതില്ല. സമാനമായ ചില സന്ദർഭങ്ങളിൽ കാളിദാസൻ വാല്മീകിയുടെതന്നെ ഇതിഹാസഭാഗങ്ങളെ എങ്ങനെ കൈകാര്യം ചെയ്തു എന്നതിനു് ഒന്നുരണ്ടുദാഹരണം കാണിക്കാം. വാല്മീകിയുടെ സീതതന്നെ പരിത്യജിച്ച ശ്രീരാമനെ അറിയിക്കാൻ ലക്ഷ്മണനോടു പറഞ്ഞയയ്ക്കുന്നവാക്കുകൾ സുപ്രസിദ്ധങ്ങളാണു്. ശ്രീരാമനിൽ പരമഭക്തിയോടുകൂടിയാണു് താൻ ഇപ്പോഴും കഴിയുന്നതെന്നും, ഭർത്താവിൻെറ പേരിൽ പ്രചരിച്ച അപവാദം പരിഹരിക്കേണ്ടതു് പതിദേവതയായ തൻെറ കടമയാണെന്നും ഒക്കെയാണു് സീത അറിയിക്കുന്നതു്. ഇതേ സീതയെക്കൊണ്ടു് കാളിദാസൻ രഘുവംശത്തിൽ പറയിക്കുന്നതു മുഴുവൻ ഇവിടെ ഉദ്ധരിക്കുന്നില്ല. അതു് ഇങ്ങനെയാണു തുടങ്ങുന്നതു്:

"വാച്യസ്ത്വയാ മദ്വചനാത് സരാജാ
വഹ്നൗ വിശുദ്ധാമപി യത്സമക്ഷം
മാം ലോകവാദശ്രവണാദഹാസീഃ
ശ്രുതസ്യ തത്തേ സദൃശം കുലസ്യ"

"ഞാൻ പറഞ്ഞതായി ആ രാജാവിനെ അറിയിക്കുക: 'അങ്ങയുടെ മുമ്പാകെ ഞാൻ അഗ്നിയിൽ വിശുദ്ധയായിട്ടും ആളുകൾ എന്തെങ്കിലും പറയുന്നതുകേട്ടു് എന്നെ ഉപേക്ഷിച്ചതു് അങ്ങയുടെ പുകഴാർന്ന വംശത്തിനു ചേർന്നതാണോ?"

പരിത്യക്തയായ സീതയുടെ നിസ്സഹായത മുനികുമാരന്മാരിൽനിന്നറിഞ്ഞു് അങ്ങോട്ടുചെന്ന വാല്മീകി ദശരഥസ്നുഷയെ സാന്ത്വനിപ്പിച്ചതു് വാല്മീകിരാമായണത്തിൽ ഇങ്ങനെയാണു്: "ദശരഥൻെറ സ്നുഷയും രാമൻെറ പ്രിയപ്പെട്ട പട്ടമഹിഷിയും ജനകമഹാരാജാവിൻെറ മകളുമായ പതിവ്രതേ, നിനക്കു സ്വാഗതം. നീ ഇങ്ങോട്ടു പോരുന്നുണ്ടെന്നും, അതിൻെറ കാരണമെന്തെന്നും ധർമ്മസമാധിയാർന്ന ഞാൻ മനസ്സുകൊണ്ടറിഞ്ഞു. എൻെറ തപോനേത്രംകൊണ്ടു നീ അപാപയാണെന്നും ഞാൻ കാണുന്നു. ഞാനുള്ളപ്പോൾ നിനക്കു വിശ്വാസപൂർവ്വം വസിക്കാം. ആശ്രമത്തിനടുക്കൽ താപസിമാരുണ്ടു്. അവർ നിന്നെ വേണ്ടവണ്ണം നോക്കിക്കൊള്ളും. സ്വന്തം വീട്ടിലെന്നോണം നിനക്കുകഴിയാം. വിഷാദിക്കാതിരിക്കൂ." ഇത്രയും പറഞ്ഞതു വാല്മീകിയാണു്, രാമായണകർത്താവാണു്. ആ വാല്മീകിയെക്കൊണ്ടു കാളിദാസൻ പറയിക്കുന്നതോ—

"ഉത്ഖാത ലോകത്രയകണ്ടകേഽപി
സത്യപ്രതിജ്ഞേപ്യവികത്ഥനേഽപി
ത്വാം പ്രത്യകസ്മാത് കലുഷപ്രവൃത്താ-
വസ്ത്യേവമന്യുർഭരതാഗ്രജേ മേ."

മററു പലമട്ടിലും മഹത്ത്വമാർന്നവനാണെങ്കിലും സീതയോട്ട് സാഹസികമാംവിധം മര്യാദകേടുകാട്ടിയ ഭരതാഗ്രജനോട്ട് കാളിദാസന്റെ വാല്മീകിക്കു കോപമുണ്ടുതന്നെ. അദ്ദേഹം ശ്രീരാമന്റെ പേരുച്ചരിക്കാൻപോലും കൂട്ടാക്കുന്നില്ല. ഭരതന്റെ ജ്യേഷ്ഠൻ എന്നേ പറയുന്നുള്ളു!

ഇതിനപ്പുറമൊന്നും ആശാൻ 'ചിന്താവിഷ്ടയായ സീത'യിൽ ചെയ്തിട്ടില്ല. കാളിദാസനു വാല്മീകിയെ അറിയാമായിരുന്നു; ആശാനു വാല്മീകിയെയും കാളിദാസനെയും അറിയാമായിരുന്നു. അതുകൊണ്ടാണു് അദ്ദേഹം വാല്മീകിരാമായണത്തിലെ അർത്ഥഗർഭമായ ഒരു ശൂന്യതയെ, രാമായണനായികയുടെ ജീവിതസാരസർവ്വസ്വംകൊണ്ടു് ഒരു സൗന്ദര്യപൂർണ്ണിമയാക്കിയതു്.

ദുരവസ്ഥ ഉടനീളം ഒരു പാരമ്പര്യനിഷേധമാണെന്ന ആക്ഷേപം പരക്കെയുണ്ടു്. കവിതന്നെ അക്കാര്യത്തിൽ ആശങ്ക പ്രകടിപ്പിച്ചിട്ടുമുണ്ടു്. "പ്രബന്ധത്തിന്റെ കീർത്തിക്കും പ്രതിഷ്ഠയ്ക്കും നിയാമകനായി വിചാരിക്കപ്പെടുന്ന നായകന്റെ കുലീനത്വാദി ഗുണങ്ങളുടെ അഭാവത്തേയും താദൃശനായകന്റെ വിഷയത്തിൽ കുലീനയായ നായികയുടെ രതിക്കുള്ള രസാഭാസത്വശങ്കയേയും മററും ആസ്പദമാക്കി ഈ പുതിയ സംരംഭത്തിൽ ശാസ്ത്രീയമായ ആക്ഷേപങ്ങൾ പറവാൻ പുറപ്പെടുന്ന പണ്ഡിതന്മാരും ഉണ്ടായേക്കാം" എന്നു് അവതാരികയിൽ അദ്ദേഹം പറയുന്നു. ദുരവസ്ഥയിൽ ശക്തമായ നിഷേധമുണ്ടു്. ആ നിഷേധം സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും അനാശാസ്യപ്രവണതകളുടെ നിഷേധമല്ലാതെ മറെറാന്നുമല്ല.

ഉത്തമനായികയുടെ നീചകഥാപാത്രഗതമായ രതി അനുചിതമാകയാൽ രസവിരോധിയാണെന്ന ആലങ്കാരികശാസനം ദുരവസ്ഥയിൽ പ്രസക്തമാകുന്നതെങ്ങനെ? നായികാനായകന്മാരുടെ നീചോത്തമതാരതമ്യം ജാതിയുടെ അടിസ്ഥാനത്തിലാണോ സ്വഭാവസവിശേഷതയെ ആസ്പദമാക്കിയാണോ നിർവഹിക്കേണ്ടതു്? സ്മൃതികൾ സാഹിത്യശാസ്ത്രപ്രമാണങ്ങളാകുമെങ്കിലേ ആദ്യത്തേതു ശരിയാവുകയുള്ളു. അവ കാവ്യപ്രമാണങ്ങളല്ലതന്നെ. അവയുടെ സാധുതയെ നിഷേധിക്കുന്ന ഒരു കാവ്യത്തിൽ വിശേഷിച്ചും. വിവാദവിഷയമാകാവുന്ന കാവ്യശാസ്ത്രകാരികകളെ അവയുടെ അക്ഷരാർത്ഥത്തിലല്ല, ഭാവാംശത്തിലാണു് വ്യാഖ്യാനിക്കേണ്ടതും ലക്ഷ്യങ്ങളിൽ സമന്വയിപ്പിക്കേണ്ടതും. അങ്ങനെയാണെങ്കിൽ ഇവിടെ നായകഗുണങ്ങളെ ജാതിവ്യവസ്ഥയുടെ കണ്ണുകൊണ്ടല്ല, നായികയുടെയും കവിയുടെയും കണ്ണുകൊണ്ടാണു് നോക്കിക്കാണേണ്ടതു്. സാവിത്രിയുടെ പരമനിസ്സഹായതയിൽ നിർവ്യാജസ്നേഹസേവനങ്ങളർപ്പിച്ചു്, ഓതിക്കോന്മാർക്കും ഉണ്ണിനമ്പൂതിരിമാർക്കുമില്ലാത്ത സ്വഭാവദാർഢ്യത്തോടേ അവൾക്കു സംരക്ഷണം നൽകിയ ചാത്തന്റെ നേർക്കു് അവളുടെ ഹൃദയം, താനറിയാതെതന്നെ, ഒരു വിധിനിശ്ചയത്താലെന്നവണ്ണം ചാഞ്ഞുപോകുന്നു. കവിയെ സംബന്ധിച്ചിടത്തോളം മനുഷ്യമഹത്ത്വത്തിന്റെ പ്രതീകമാണു നായകൻ. സാമൂഹിക ജീവിതത്തിൽ ജന്മസിദ്ധമായ ഉന്നത ശ്രേണിയിൽ വർത്തിക്കുന്ന മാന്യ

ന്മാരെക്കാൾ മാനുഷികമായ പല അംശങ്ങളിലും ചാത്തൻ ഉയർന്നുനില്ക്കുന്നെങ്കിൽ, അയാൾ നീചകഥാപാത്രമാണെന്നും, തദ്ഗതമായ നായികാരതി അനുചിതമാണെന്നും പറയാനുള്ള നിർദ്ദയത്വം ഹൃദയശാലികൾക്കുണ്ടാവുകയില്ല. ഇവിടെ നായികയാണെങ്കിൽ കുലീനതയുടെ അന്തഃപുരത്തിൽനിന്ന് അതിഭീകരമായ ജീവിതാനുഭവങ്ങളിലൂടെ ഗത്യന്തരമില്ലായ്മയുടെ പെരുവഴിയിൽ തള്ളപ്പെട്ടവളാണ്; സ്മാർത്തവിചാരഭീഷണിക്കു മുമ്പിൽ അവൾ പതിതയുമാണ്. ചരിത്രത്തിനു മാത്രം വിശദീകരിക്കാനാവുന്ന കാരണങ്ങളാൽ പരമ്പരയാ പതിതനാണെങ്കിലും, നൂററാണ്ടുകളായി നീണ്ടുനില്ക്കുന്ന അടിമത്തം മാനസികമായ മരവിപ്പായി മാറിയതുകൊണ്ടോ, മൗലികമായ മനുഷ്യത്വസിദ്ധികൾ കെടാതെ നില്ക്കുന്നതുകൊണ്ടോ, സ്വഭാവശുദ്ധിയുടെ സമ്പത്സൗന്ദര്യങ്ങൾ കൈമോശം വരാത്ത നായകൻ. ജന്മംകൊണ്ടു കുലീനയാണെങ്കിലും ആകസ്മികമായ വിധിവൈപരീത്യത്താൽ അശരണയും, അതുകൊണ്ടുതന്നെ സ്മൃതി ദൃഷ്ടിയിൽ പതിതയുമായിത്തീർന്ന നായിക. സൂക്ഷ്മാംശത്തിൽ രണ്ടാൾക്കും സാമ്യമാണുള്ളത്.

നായികാനായകന്മാരുടെ ജാതിതിരിച്ചുള്ള പട്ടിക വിവരമുള്ള സാഹിത്യചിന്തകന്മാരാരും എഴുതിവച്ചിട്ടില്ല. മഹാകാവ്യത്തിലും നാടകത്തിലും നായകന്മാരായി വിഖ്യാതവംശന്മാരെ പ്രതിഷ്ഠിച്ചിട്ടുണ്ടെങ്കിലും, ആ വിഖ്യാതവംശംകൊണ്ടുമാത്രം സാഹിത്യസൃഷ്ടികൾ സമ്പൂർണ്ണമായിക്കൊള്ളുമെന്നു കരുതുക വിഡ്ഢിത്തമാണ്. നിങ്ങൾ ജീവിതത്തെ ശ്രദ്ധിക്കുക എന്ന് ആവർത്തിച്ചാവർത്തിച്ചു പറയുന്ന സാഹിത്യചിന്തയുടെ നാട്ടിൽ, സാമൂഹികജീവിതത്തിൽ ഉണ്ടാകുന്ന ‘മൗലികവ്യതിയാനങ്ങൾ കാവ്യതത്ത്വങ്ങളെ സ്പർശിക്കുകയേ ചെയ്യരുതെന്നു വാദിക്കുന്നവർ ഒരു നല്ല പാരമ്പര്യത്തിന്റെയും വക്താക്കളല്ല. മറിച്ച്, സ്വന്തം കാവ്യസൃഷ്ടികൾകൊണ്ട് സാഹിത്യവിജ്ഞാനീയത്തിൽ നൂതനതത്ത്വങ്ങൾ കൂട്ടിച്ചേർത്ത് പാരമ്പര്യത്തെ ജീവിതാനുരോധിയാക്കുവാൻ പ്രതിഭാശാലികൾക്കേ സാധിക്കൂ.

അത്തരം പ്രതിഭാശാലികൾക്കു രൂപമാത്രസ്പർശിയായ ജീർണ്ണനിയമങ്ങളെ വെല്ലുവിളിക്കേണ്ടതായിവരും. അതിന് ഒന്നാന്തരമൊരുദാഹരണമാണ് ‘വീണപൂ’വിലെ ഒന്നാമത്തെ ശ്ലോകം. പുഷ്പത്തെ റാണിയോട് ഉപമിച്ചിരിക്കുന്നതു നോക്കുക. മഹാകവി ഉള്ളൂർ ഇതിൽ അസന്തുഷ്ടി രേഖപ്പെടുത്തിയിട്ടുണ്ട്. ഉപമാനോപമേയങ്ങൾക്കു തമ്മിൽ ജാതിലിംഗാദിപ്പൊരുത്തം വേണമെന്നാണ് ആലങ്കാരികമതം. പുഷ്പശബ്ദം സംസ്കൃതത്തിൽ നിത്യനപുംസകലിംഗമാണ്. ഉപമാനമാകട്ടെ സ്ത്രീലിംഗവ്യപദിഷ്ടവും. ഈ പൊരുത്തക്കേട് ദോഷമാകുന്നതിൽ യുക്തിയില്ലാതില്ല. എങ്കിലും ആശാൻ അറിഞ്ഞുകൊണ്ടുതന്നെ പൂർവസൂരികളുടെ ഉപദേശം നിരസിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ, വീണപൂവിലെ പാരമ്പര്യധ്വംസിയായ ഈ ഉപമാപ്രയോഗമാണ് അതിന്റെ സമസ്തധ്വനിസൗന്ദര്യത്തിലേക്കും പ്രവേശിക്കാൻ അനുവാചകർക്ക് ആദ്യമായൊരു മാർഗ്ഗം തുറന്നിടുന്നത്. എന്നാൽ, രമണീയമായ പുഷ്പാവരണത്തിൽ നായികയെ അവതരിപ്പിച്ചുകൊണ്ട് ആശാൻ ധ്വനിയുടെ ഒരേകാന്തവീഥിയിലൂടെ സഞ്ച

രിക്കുമ്പോൾ അദ്ദേഹം ആനന്ദവർദ്ധനനെ വിശ്വാസപൂർവ്വം അനുഗമിക്കുകയാണു് ചെയ്യുന്നതു്. അപ്രസ്തുതപ്രശംസ ഗുണീഭൂതവ്യംഗ്യമാകാതെ ധ്വനിയാകുന്നതും എപ്പോഴാണെന്നു് ധ്വനികാരൻ ഇങ്ങനെ വിശദമാക്കുന്നു: "യദാതു സാരൂപ്യ മാത്രവശേനാപ്രസ്തുതപ്രശംസായാമപ്രകൃതപ്രകൃതയോഃ സംബന്ധഃ തദാപ്യ പ്രസ്തുതസ്യ സരൂപസ്യാഭിധീയമാനസ്യ പ്രാധാന്യേനാവിവക്ഷായാം ധ്വനാവേ വാന്തഃപാതഃ." അപ്രസ്തുത പ്രശംസയിൽ പ്രസ്തുതാപ്രസ്തുതങ്ങൾക്കു തമ്മിലുള്ള സംബന്ധം സാരൂപ്യത്തെ മാത്രം ആസ്പദമാക്കിയാണെന്നിരുന്നാലും, ആ നിലയി ലുള്ള അപ്രസ്തുതത്തിനു് പ്രാധാന്യം വിവക്ഷിക്കുന്നില്ലെങ്കിൽ ധ്വനിയിൽ ഉൾ പ്പെടുമെന്നു സാരം. വീണപൂവിൽ പൂവെന്ന അപ്രസ്തുതത്തിനല്ല, നായികയെന്ന പ്രസ്തുതത്തിനാണു് പ്രാധാന്യം. അതുകൊണ്ടാണു് അതു ധ്വനികാവ്യമാകുന്നതു്.

ഇത്രയും പറഞ്ഞതുകൊണ്ടു് ഞാൻ ഉദ്ദേശിച്ചതു് ഇതു മാത്രമാണു്: മഹ ത്തായ ഭാരതീയകാവ്യപാരമ്പര്യത്തിന്റെ സൗവർണ്ണദീപ്തിയാണു് ആശാന്റെ കവി പ്രതിഭയെ പ്രഭാമയമാക്കുന്നതു്.

---

## തിരുത്തു്

കഴിഞ്ഞലക്കം 'ദിവ്യകോകില'ത്തിന്റെ 20-ാം പേജിൽ 5-ാം വരി യിൽ "1113-വരെ വള്ളത്തോൾ ജീവിച്ചിരുന്നു"എന്നതു് '1133-വരെ' എന്നു തിരുത്തിവായിക്കണമെന്നപേക്ഷ. മഹാകവി വള്ളത്തോൾ 1958 മാർച്ച് 13-ാം തീയതിയാണു് ദിവംഗതനായതു്.

അതേ ലക്കത്തിൽ 55-ാംപേജിൽ ചേർത്തിരുന്ന 'ആത്മപോഷിണി' യിൽ നിന്നുള്ള 'ചണ്ഡാലഭിക്ഷുകീ നിരൂപണം' മഹാകവി വള്ളത്തോളി ന്റേതായിട്ടാണു് കൊടുത്തിരുന്നതു്. ആ ലേഖനം മഹാകവിയുടേതല്ല എന്നു് ശ്രീ. പേരേററിൽ ജി. പ്രിയദർശനൻ അറിയിച്ചിരിക്കുന്നു. അദ്ദേ ഹത്തിന്നു് നന്ദി. ഞങ്ങൾക്കു് ആ ലേഖനം പകർത്തി അയച്ചുതന്ന സുഹൃത്തിനു പററിയ ഒരു പിശകാണതു്. അതൊന്നു് ഒത്തുനോക്കുവാൻ ഞങ്ങളുടെ പക്കൽ 'ആത്മപോഷിണി'യുടെ ആ ലക്കം ഉണ്ടായിരുന്നില്ല. വായനക്കാരെ തെററിദ്ധരിപ്പിക്കാൻ ഇടവന്നതിൽ ഞങ്ങൾ അത്യധികം ഖേദിക്കുന്നു. —ദി. പ.

# ആശാന്റെ ഗുരുനാഥന്മാർ

**ജി. പ്രിയദർശനൻ**

മഹാകവി കുമാരനാശാന്റെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ ആ കവീശ്വരന്റെ അഭിവന്ദ്യ ഗുരുനാഥന്മാരെപ്പററി സാദരം സ്മരിക്കുന്നതു സംഗതമായിരിക്കും. ആശാന്റെ ഗുരുക്കന്മാർ പ്രമുഖരും പ്രശസ്തരുമായ പണ്ഡിതന്മാരായിരുന്നിട്ടും നമുക്കു് അവരെപ്പററിയുള്ള വിവരങ്ങൾ കാര്യമായി ലഭ്യമായിട്ടില്ലെന്നതു് ഖേദഹേതുകമായ ഒരു വസ്തുതയത്രേ. ധന്യചരിതന്മാരായ ആ പണ്ഡിതശ്രേഷ്ഠന്മാരെപ്പററി അറിവുള്ള വിവരങ്ങൾ കുറിച്ചിടുകയാണു് ഈ ലേഖനത്തിന്റെ ലക്ഷ്യം.

പഴയ സമ്പ്രദായമനുസരിച്ചു് നാട്ടാശാന്മാരിൽനിന്നായിരുന്നു കുമാരനാശാന്റെ വിദ്യാഭ്യാസാരംഭം. തുണ്ടത്തിൽ പെരുമാളാശാനായിരുന്നു കുമാരനാശാന്റെ പ്രഥമ ഗുരുനാഥൻ. വൈദ്യം, മന്ത്രവാദം, ജ്യോതിഷം എന്നീ വിഷയങ്ങളിൽ വിദഗ്ദ്ധമായ വിജ്ഞാനം നേടിയ ഒരാളായിരുന്നു തുണ്ടത്തിലാശാൻ. കടലും കായലും ഉമ്മവച്ചുനില്ക്കുന്ന ആശാന്റെ ജന്മദേശമായ കായിക്കരയിൽനിന്നും അരമൈൽ അകലെയുള്ള നെടുങ്ങണ്ടയിൽ ഒരു കുടിപ്പള്ളിക്കൂടം സ്ഥാപിച്ചു നടത്തിവരുകയായിരുന്നു അദ്ദേഹം. ആരേയും ഹരിക്കുന്ന ഒരു രമ്യഭൂഭാഗമാണു് നെടുങ്ങണ്ട. വഞ്ചിക്ഷമയ്ക്കുള്ള സാക്ഷാൽ നടുംകണ്ടമാണു് നെടുങ്ങണ്ടയെന്നത്രേ മള്ളൂർ ഗോവിന്ദപ്പിള്ളയുടെ അഭിപ്രായം. തന്റെ കാവ്യഭാവനയെ പ്രചോദിപ്പിച്ചതാണീ പ്രദേശമെന്നു് ആശാൻ തന്നെ പ്രസ്താവിച്ചിട്ടുണ്ടു്. കൊല്ലവർഷം 1055-ൽ തുണ്ടത്തിലാശാന്റെ വിദ്യാലയത്തിൽ കുമാരനെ എഴുത്തിനിരുത്തി. എഴുത്തു്, കണക്കു്, വാക്യം, പരൽപ്പേർ എന്നീ പാഠങ്ങൾ ഒരു വർഷക്കാലം കുമാരൻ അവിടെ പഠിച്ചു. പ്രസ്തുത വിദ്യാലയത്തിലെ പഠനത്തെപ്പററി ആശാന്റെ ജീവചരിത്രകാരനായ സി. ഒ. കേശവൻ ഇങ്ങനെ പറയുന്നു:

"അന്നു തീരെ കൊച്ചുകുട്ടിയായിരുന്ന കുമാരൻ ഒരിക്കൽപോലും തന്റെ ഗൃഹപാഠത്തിനു വീഴ്ചവരുത്തുകയാകട്ടെ ശിക്ഷ അനുഭവിക്കുകയാകട്ടെ ചെയ്തിട്ടില്ല. പഠിത്തത്തിൽ അത്ര ശുഷ്കാന്തിയും കണിശവും കേവലം ബാലനായിരുന്ന ആ കൊച്ചുകുട്ടിയിൽ ദൃശ്യമായിരുന്നു. മററുള്ളവരെ അപേക്ഷിച്ചു് കുമാരൻ

ചെറുതായിരുന്നെങ്കിലും പഠിത്തത്തിൽ എല്ലാവരെക്കാളും സമർത്ഥനായിരുന്നു. എഴുത്തും എൺചുവടിയും സമർത്ഥനായ ഈ ബാലന് ഏതാനും ദിവസങ്ങൾ കൊണ്ട് അഭ്യസിക്കുന്നതിൽ ഒരു പ്രയാസവും ഉണ്ടായിരുന്നില്ല."

അവിടെ കുമാരൻെറ സതീർത്ഥ്യരുടെ കൂട്ടത്തിൽ അവൻെറ ജ്യേഷ്ഠൻ കൃഷ്ണനും അനുജൻ ശങ്കരനുംകൂടി ഉണ്ടായിരുന്നു. തുണ്ടത്തിലാശാൻെറ വിദ്യാലയത്തിൽ വച്ചുണ്ടായ ഒരു സംഭവം കുമാരനാശാൻെറ ബാല്യകാലസ്വഭാവം ഗ്രഹിക്കാൻ സഹായകമാണ്. ആശാൻെറ അനുജൻ ശങ്കരൻെറ വാക്കുകളിൽത്തന്നെ പ്രസ്തുത സംഭവം ഇവിടെപറയാം—

"അണ്ണൻെറ അടുത്തിരുന്ന കുട്ടിയെ ആശാൻ (ഗുരുനാഥൻ) എത്തി അടിച്ചപ്പോൾ ഉദ്ദേശിച്ച സ്ഥാനത്ത് അടികൊള്ളാതെ അണ്ണൻെറ തലയുടെ ഒരുവശത്തു കണ്ണിനു മുകളിലായി അടിയേൽക്കുകയും തൽക്ഷണം അണ്ണൻ ബോധരഹിതനായി വീഴുകയുംചെയ്തു. കൂടെ ഉണ്ടായിരുന്ന മൂത്ത ജ്യേഷ്ഠനും ഗുരുനാഥനും മററു സഹപാഠികളുംകൂടി വേണ്ട ശുശ്രൂഷചെയ്യുകയും ക്രമേണ അണ്ണനു ബോധം ഉണ്ടാകുകയുംചെയ്തു. ആശാൻെറ ആജ്ഞ അനുസരിച്ച് മൂത്തയണ്ണനും ഞാനും കൂടി അണ്ണനെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി. പോകുന്ന വഴിയിൽ അച്ഛൻ അറിഞ്ഞാൽ ഉണ്ടാകാവുന്ന അനിഷ്ടസംഭവത്തെക്കരുതി വിവരം അച്ഛനെ ധരിപ്പിക്കരുതെന്ന് അണ്ണൻ ഞങ്ങളോട് അപേക്ഷിച്ചുപറഞ്ഞതല്ലാതെ ആശാൻെറ സൂക്ഷ്മക്കുറവിനെപ്പററി അദ്ദേഹത്തെ കററപ്പെടുത്തുകയാകട്ടെ അദ്ദേഹത്തിൻെറ തെററ് അച്ഛനെ അറിയിച്ച് തൻെറ നിരപരാധിത്വത്തെ തെളിയിച്ച് ആശാൻെറപേരിൽ അച്ഛനു വിദ്വേഷം ജനിപ്പിക്കയാകട്ടെ ചെയ്തില്ല."

ഉടയാൻകുഴി കൊച്ചുരാമൻവൈദ്യരാണ് കുമാരനാശാൻെറ അടുത്ത ഗുരുനാഥൻ. നെടുങ്ങണ്ടയാണദ്ദേഹത്തിൻേറയും സ്വദേശം. മഹാനായ എം. ഗോവിന്ദൻെറ മാതുലനാണ് സ്മര്യപുരുഷൻ. ആയുർവ്വേദത്തിലും സംസ്കൃതഭാഷയിലും നല്ല വ്യുൽപ്പത്തി സമ്പാദിച്ച ആളായിരുന്നു കൊച്ചുരാമൻവൈദ്യരെന്നു പ്രസിദ്ധമത്രേ. അമരകോശം, സിദ്ധരൂപം, ശ്രീരാമോദന്തം ആദിയായി സംസ്കൃതത്തിലെ പ്രഥമപാഠങ്ങളും രഘുവംശം, മാഘം എന്നീ മഹാകാവ്യങ്ങളിലെ ഏതാനും സർഗ്ഗങ്ങളുമാണ് കുമാരൻ അവിടെനിന്നും പ്രധാനമായി പഠിച്ചത്. പ്രജാസഭാമെമ്പറും, സുപ്രസിദ്ധഭിഷഗ്വരനുമായിരുന്ന കാക്കക്കുഴി പത്മനാഭൻവൈദ്യൻ, നയനചികിത്സാനിപുണനും എസ്. എൻ. ഡി. പി. യോഗം ദേവസ്വം സെക്രട്ടറിയുമായിരുന്ന വെന്നിയോട്ടു പത്മനാഭൻവൈദ്യൻ തുടങ്ങിയവർ ആയിരുന്നു അവിടെ കുമാരൻെറ മുഖ്യസഹപാഠികൾ. കായലിലും കടലിലും നീന്തിക്കുളിച്ചു രസിക്കുക അന്നവരുടെ ഒരു സജീവവിനോദമായിരുന്നു. അതിനെ സംബന്ധിച്ചു ആശാൻെറ സുഹൃത്തായിരുന്ന സി. കെ. മാധവൻ മുതലാളിയുടെ വാക്കുകൾ കേൾക്കുക —

കോവിൽത്തോട്ടം കായലിൽ ഞങ്ങൾ സാധാരണ കുളിക്കാൻ പോകാറുണ്ടായിരുന്നു. ചിലപ്പോൾ ഞങ്ങൾ മത്സരിച്ചു നീന്തിയിട്ടുമുണ്ട്. ഉദ്ദേശം അര

മൈൽ, കിഴക്കുപടിഞ്ഞാറ് വീതിയുള്ള ഈ കായലിൽ അക്കരെഇക്കരെ നില്ക്കാതെ ഞാനും ആശാനുമായി മത്സരിച്ചു നീന്താറുണ്ടായിരുന്നു. അപ്പോഴെല്ലാം ആശാൻ വളരെവേഗത്തിൽ നീന്തി വിജയം നിഷ്പ്രയാസം കരസ്ഥമാക്കിയിരുന്ന വസ്തുത ഇപ്പോഴും ഞാൻ ഓർക്കുന്നു. കടലിലും ഞങ്ങൾ ചിലപ്പോൾ കുളിക്കാൻ പോകാറുണ്ട്. ആശാൻ തിരയ്ക്കപ്പുറം നീന്തിപ്പോയിട്ട് എല്ലാവരെക്കാളും മുൻപേ തിരിച്ചുവരിക പതിവായിരുന്നു. നീന്തലിൽ ഇത്രമാത്രം വൈദഗ്ദ്ധ്യം സമ്പാദിച്ചിരുന്ന ഒരാൾ, കേവലം പരിമിതവിസ്തൃതിമാത്രമുള്ള പല്ലനയാററിൽവച്ച് കാലയവനികയിൽ തിരോഭൂതനായ വാർത്ത കേട്ടപ്പോൾ എനിക്കു തീരെ വിശ്വസിക്കാൻ കഴിഞ്ഞില്ല".

ധാരാളം ചികിത്സയുള്ള ഒരു വൈദ്യവിശാരദനായിരുന്നു കൊച്ചുരാമൻ വൈദ്യർ. ചികിത്സക്കായി സമീപിച്ചുകൊണ്ടിരുന്നവരുടെ സംഖ്യ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ അദ്ദേഹം അദ്ധ്യാപനത്തിൽനിന്നും വിരമിച്ചു. അങ്ങനെ കുമാരൻെറ പഠനം മുടങ്ങി. കുമ്മൻപള്ളിൽ രാമൻപിള്ളയാശാൻെറ (1021–1087) ശിഷ്യനാണ് ഈ സ്മരണീയപണ്ഡിതൻ. ശ്രീനാരായണഗുരു വെളുത്തേരി, പെരുന്നെല്ലി, മണമ്പൂർ ഗോവിന്ദനാശാൻ എന്നീ പണ്ഡിതപ്രകാണ്ഡങ്ങൾ വൈദ്യരുടെ വയസ്യരും സതീർത്ഥ്യരുമായിരുന്നു.

കായിക്കരയിലോ പരിസരപ്രദേശങ്ങളിലോ അന്നു വിദ്യാലയങ്ങളൊന്നും ഉണ്ടായിരുന്നില്ല. അതിനാൽ കുമാരനു് ഒരുവർഷം വെറുതേ നില്ക്കേണ്ടിവന്നു. അങ്ങനെയിരിക്കെ 1059-ൽ ആശാൻെറ പിതാവും മററും മുൻകൈ എടുത്ത് ഒരു സക്കാർ പ്രൈമറിസ്കൂൾ കായിക്കരയിൽ സ്ഥാപിച്ചു. സ്കൂൾകെട്ടിടം നാട്ടുകാർ നിർമ്മിച്ചുകൊടുക്കണം. ഗവണ്മെൻറ് സ്കൂൾ നടത്തിക്കൊള്ളും. ഇത്തരം സ്കൂളുകൾ രാജ്യത്തിൻെറ പ്രധാനകേന്ദ്രങ്ങളിൽ ആവിർഭവിച്ചു തുടങ്ങിയതേയുള്ളു. അന്നത്തെ ആ സ്കൂൾ ഇന്നും ഉണ്ട്. ആശാൻെറ അമ്മാവൻ കൊച്ചുരാമൻവാദ്ധ്യാർ വളരെക്കാലം ഈ സ്കൂളിൽ അദ്ധ്യാപകനായിരുന്നു. രണ്ടുലക്ഷത്തോളം രൂപാ ചെലവഴിച്ച് കായിക്കരയിൽ ആശാനു് ഒരു കമനീയസ്മാരകം നിർമ്മിച്ചിട്ടുണ്ടല്ലോ. അതിനു തൊട്ടടുത്താണീ സ്കൂൾ. ആശാൻെറ ആപ്തമിത്രമായിരുന്ന, സരസസരസനായ സീ. വി. കുഞ്ഞുരാമൻ കായിക്കരസ്കൂളിൽ ഹെഡ്മാസ്റ്ററായിരുന്നിട്ടുണ്ട്. അന്നിതു മിഡിൽസ്കൂളായിരുന്നത്രേ. സി. വി. യും ആശാനും തമ്മിൽ ആദ്യമായി കാണുന്നതും പരിചയമാകുന്നതും ഈ സരസ്വതീസ്ഥാപനത്തിൽവച്ചാണെന്നാണറിവു്. അതായതു് ആശാൻ വിദേശത്തുനിന്നും വിദ്യാഭ്യാസംകഴിഞ്ഞു വരുന്ന സന്ദർഭത്തിൽ. കായിക്കര സ്കൂൾസ്ഥാപിച്ചവർഷംതന്നെ കുമാരൻ അവിടെ വിദ്യാർത്ഥിയായി, അപ്പോൾ പതിനൊന്നു വയസ്സുണ്ട്. നാവായിക്കുളം കുമാരപിള്ള, വെമ്പായം പപ്പുപിള്ള, മടവൂർ സി. നാരായണപിള്ള എന്നിവരായിരുന്നു അവിടെ കുമാരൻെറ ഗുരുക്കന്മാർ. നാലാം ക്ലാസ്സുവരെ ആശാൻ അവിടെ പഠനം നടത്തി. ആ സ്കൂളിലെ ഏററവും സമർത്ഥനായ വിദ്യാർത്ഥിയായിരുന്നു കുമാരൻ. പഠനത്തിൽ നിസ്സീമമായ താല്പര്യവും ശുഷ്കാന്തിയും പ്രകടിപ്പിച്ചിരുന്ന ആ കുട്ടി അദ്ധ്യാപകരുടെ സവിശേഷമായ

സ്നേഹവാത്സല്യങ്ങൾക്കു പാത്രമായി. ആശാൻ ഇംഗ്ലീഷ് പഠിച്ചുതുടങ്ങിയതു കായിക്കരസ്കൂളിൽ വിദ്യാർത്ഥിയായിരിക്കുമ്പോഴാണു്. വെമ്പായം പപ്പുപിള്ളയിൽനിന്നു് ആശാനും വെണ്ണിയോട്ടു പത്മനാഭൻവൈദ്യരും മററു ചിലരും പ്രൈവററായിട്ടു് അന്നു് ആംഗലേയഭാഷ പഠിച്ചുതുടങ്ങി. ഗാത്ത്വൈററു് സായിപ്പു് എഴുതിയ പ്രൈമർ എന്ന പുസ്തകമാണവർ പ്രഥമമായി പരിചയിച്ചതു്. കായിക്കരസ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്നു വെമ്പായം പപ്പുപിള്ള. അദ്ദേഹത്തിനുശേഷം തൽസ്ഥാനത്തു നിയമിതനായതു് ഒരു സാഹിത്യകാരൻ എന്ന നിലയിൽ പേരെടുത്ത മടവൂർ സി. നാരായണപിള്ളയായിരുന്നു. കുറച്ചു നാളേ അദ്ദേഹം ഈ ഉദ്യോഗത്തിലിരുന്നുള്ളു. അതിനിടയിൽ പെൻഷൻപററി പിരിയേണ്ടിവന്നു. അദ്ദേഹം പെൻഷൻപററി പിരിയുന്ന സന്ദർഭത്തിൽ കൊച്ചുകുമാരൻ എഴുതിയ ഹൃദ്യങ്ങളായ പദ്യങ്ങൾ വായിച്ചുതന്നെ തീരണം. അതിൽ അവസാനത്തെ ശ്ലോകംമാത്രം നോക്കു—

മംഗലംപരമിയന്നു മല്ലിമലരൊത്തു
മഞ്ജു ഗുണ കീർത്തിയാ—
ലങ്ങിരട്ടി നരയാന്നു വന്ദ്യതരനായ്
ചിരംധരയിൽ വാഴുക!
തുംഗമോദമൊടു കൈയുയർത്തിയയി
ശിഷ്യവത്സല! കൃപാരസം
തിങ്ങിഞങ്ങളെ അനുഗ്രഹിക്കുക വിശിഷ്യ
യീ യെളിയ ശിഷ്യനെ'!

കായിക്കരസ്കൂളിൽനിന്നും ഏററവും മിടുക്കനായ കുട്ടിയെന്ന പ്രശസ്തിയും പ്രസിദ്ധിയും നേടിക്കൊണ്ടു് 1062-ൽ 14-ാംവയസ്സിൽ കുമാരൻ നാലാംക്ലാസ്സിൽ വിജയിച്ചു. നായർസമുദായോദ്ധാരകൻ, സാഹിത്യകാരൻ, വിദ്യാഭ്യാസവിചക്ഷണൻ, പത്രാധിപർ എന്നിങ്ങനെ അനേകനിലകളിൽ ശാശ്വതസ്മരണീയനായ സി. കൃഷ്ണപിള്ള ബി. ഏ. (1027–1091) ആയിരുന്നു അന്നു സ്കൂൾ ഇൻസ്പെക്ടർ. പിന്നോക്കജാതിക്കാരനായിരുന്ന കൊച്ചുകുമാരന്റെ ബുദ്ധിസാമർത്ഥ്യത്തിൽ സന്തുഷ്ടനായി അവനെ ആ സ്കൂളിൽത്തന്നെ അദ്ദേഹം അദ്ധ്യാപകനായി നിയമിച്ചു. അങ്ങനെ കുമാരൻ കുമാരനാശാനായിത്തീർന്നു. പത്തു മാസക്കാലം ആ ഉദ്യോഗത്തിലിരുന്നു ആശാൻ. എന്നാൽ സർവ്വീസ് നിയമപ്രകാരം വയസ്സുതികയാത്തതിനാൽ ആശാനു് ആ ഉദ്യോഗത്തിൽനിന്നു വിരമിക്കേണ്ടിവന്നു. അതിനുശേഷം രണ്ടുവർഷക്കാലം അദ്ദേഹം നെടുങ്ങണ്ടയിലെ പ്രസിദ്ധനായ കൊച്ചാര്യൻമുതലാളിയുടെ കണക്കെഴുത്തുകാരനായി പണിയെടുത്തു.

അങ്ങനെയിരിക്കെയാണു് 1066-ൽ വിശ്രുതവിദ്വാനായിരുന്ന മണമ്പൂർ ഗോവിന്ദനാശാൻ നെടുങ്ങണ്ടയിൽ ഒരു സംസ്കൃതവിദ്യാലയം സമാരംഭിച്ചതു്. നെടുങ്ങണ്ട, കായിക്കര, വക്കം നിവാസികളുടെ പഠനസൗകര്യാർത്ഥം അവിടുത്തുകാർ ഗോവിന്ദനാശാനെ നെടുങ്ങണ്ടയിലേക്കു ക്ഷണിച്ചുകൊണ്ടുപോ

യി താമസത്തിന്ന് ഒരു കെട്ടിടവും അതിനോടുചേൎന്ന് പാഠശാലയും സജ്ജീകരിച്ചുകൊടുത്തു. വിജ്ഞാനസന്ദായിനി എന്നായിരുന്നു ആ വിദ്യാലയത്തിൻെറ പേർ. അതാരംഭിച്ച് അല്പനാൾ കഴിഞ്ഞ് ഒരു ദിവസം കുമാരനാശാൻെറ പിതാവ് അദ്ദേഹവുമൊത്ത് ആ വിദ്യാലയത്തിൽചെന്ന് ഈ നില്ക്കുന്ന തൻെറ മകനെക്കൂടി സംസ്കൃതം പഠിപ്പിക്കണമെന്നും ശരിയായ പ്രതിഫലമൊന്നും തരാനില്ലെന്നും വിനയപുരസ്സരം പറഞ്ഞത്രേ. "ഞാൻ പഠിപ്പിക്കാം. എനിക്കു പ്രതിഫലമൊന്നും വേണ്ട. ദൈവാനുഗ്രഹമുണ്ടെങ്കിൽ നന്നായി വരും." എന്നു ഗോവിന്ദനാശാൻ മറുപടിയും പറഞ്ഞു. കാക്കക്കുഴിയിൽ പത്മനാഭൻവൈദ്യർ, ആയുർവ്വേദത്തിൽ അപാരപണ്ഡിതനായിരുന്ന കായിക്കര പി. എം. ഗോവിന്ദൻവൈദ്യൻ, അങ്ങാടിക്കൽ വേലുവൈദ്യൻ മുതലായി പിൽക്കാലത്ത് പ്രശസ്തരായിത്തീൎന്ന പലരും കുമാരനാശാൻെറ സഹപാഠികളായിട്ടവിടെ ഉണ്ടായിരുന്നു. ഗോവിന്ദൻവൈദ്യൻ അഷ്ടാംഗഹൃദയം തൎജ്ജമചെയ്തിട്ടുള്ളതിന്നു പുറമേ അരുണോദയമെന്ന വിസ്തൃതവ്യാഖ്യാനവും രചിച്ചിട്ടുണ്ട്. 1099 മുതൽ വൈദ്യമഞ്ജരിയെന്നൊരു മാസികയും കുറച്ചുവൎഷക്കാലം അദ്ദേഹം നടത്തിയിരുന്നു. ഓജസ്സും പ്രസാദവുമുള്ള ഒരു ഗദ്യശൈലി വൈദ്യൎക്കുവശമായിരുന്നു. വിജ്ഞാനസന്ദായിനിയിലെ ഏററവും മിടുക്കനായ വിദ്യാൎത്ഥി കുമാരൻ തന്നെയായിരുന്നു. മാഘം, നൈഷധം തുടങ്ങിയ കാവ്യങ്ങൾ, കുവലയാനന്ദം മുതലായ അലങ്കാരശാസ്ത്രഗ്രന്ഥങ്ങൾ, ശാകുന്തളാദി നാടകങ്ങൾ ഇവയാണ് അവിടെ കുമാരനും കൂട്ടരും പ്രധാനമായി പഠിച്ചത്. ആ വിദ്യാലയത്തിൽ പതിവായി നടത്തിയിരുന്ന കവിതാ പരീക്ഷകളിലെല്ലാം വിജയികളുടെ പംക്തിയിൽ പ്രഥമ സ്ഥാനത്തുനിന്നതും കുമാരനാണ്. അന്നു സ്രഗ്ദ്ധരയിലും ശാർദ്ദൂലവിക്രീഡിതത്തിലും മററും മണിക്കൂറിൽ മുപ്പതും നാല്പതും ശ്ലോകങ്ങൾ എഴുതുവാൻ സാധിച്ചിരുന്നതായി ആശാൻതന്നെ പ്രസ്താവിച്ചിട്ടുണ്ട്. കുമാരനാശാൻെറ ബാല്യകാലകൃതികളായ വള്ളീവിവാഹം (അമ്മാനപ്പാട്ട്) സുബ്രഹ്മണ്യശതകം (സ്തോത്രം) ഉഷാകല്യാണം (നാടകം) ആദിയായവ രൂപംകൊള്ളുന്നത് ഇക്കാലത്താണ്. ഇവയിൽ സുബ്രഹ്മണ്യശതകം മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളു. വള്ളീവിവാഹം ഗോവിന്ദനാശാൻ ആജ്ഞാപിച്ചതനുസരിച്ചാണ് നിൎമ്മിച്ചിട്ടുള്ളതെന്ന് അതിലെ താഴെ ഉദ്ധരിക്കുന്ന പ്രാരംഭ ശ്ലോകത്തിൽനിന്നും മനസ്സിലാക്കാം.

"കേൾപ്പിൻ ഗീൎവ്വാണഭാഷാ സുരതരുസമനാ—
 കുന്ന ഗോവിന്ദനാമാ—
ചൊൽപൊങ്ങും ദിവ്യധീമാനടിയനൊടൊരുനാൾ
 ചൊല്ലി വള്ളീവിവാഹം
നല്ലായ്പാട്ടാക്കണം നീ, അടിയനുമതുകേ—
 ട്ടാത്തിവിട്ടാജ്ഞയാകും
നൽപൂന്തേൻകുംഭമേന്തീട്ടടി വടിവൊടുക്കൂ—
 പ്പീട്ടു ചൊല്ലുന്നിതേവം"

"ഗോവിന്ദനാശാൻ കവലയാനന്ദം എന്നെ പഠിപ്പിക്കുകയും അതു് എനിക്കു മനസ്സിലാകുകയുംചെയ്തു. എന്നാൽ പിന്നീടു് വളരെ നാളിനുശേഷം കൽക്കത്തയിൽവച്ചു് ഗുരുനാഥൻ, മഹാമഹോപാദ്ധ്യായ കാമാഖ്യനാഥതർക്ക വാഗീശഭട്ടൻ ആ ഭാഗം പഠിപ്പിച്ചപ്പോഴാണു് എനിക്കു് അതിൻെറ ശരിയായ അർത്ഥം മനസ്സിലായതു്." എന്നു് മഹാകവി പില്ക്കാലത്തു പ്രസ്താവിച്ചിട്ടുള്ള വസ്തുത അപ്രസക്തമെന്നു തോന്നുമെങ്കിലും ഇവിടെ അനുസ്മരിച്ചുപോവുകയാണു്.


കുമാരനാശാൻ വിജ്ഞാനസന്ദായിനിയിലെ പഠനം മതിയാക്കുന്നതിനെ സംബന്ധിച്ചു് ഒരു സംഭവം പറഞ്ഞുകേട്ടിട്ടുണ്ടു്. ഒരു ദിവസം ആശാൻ ശാകുന്തളം പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ശ്ലോകത്തിൻെറ ഭാവാർത്ഥത്തെപ്പററി ഗുരുവും ശിഷ്യനും തമ്മിൽ തർക്കമുണ്ടായി. അതിൽ വിജയിച്ചതു ശിഷ്യനായിരുന്നു. ശിഷ്യൻെറ കഴിവിൽ നല്ലമതിപ്പും വിശ്വാസവുമുണ്ടായിരുന്ന ഗുരുവിനു് അതിൽ പ്രത്യേകപ്രയാസമൊന്നും തോന്നിയില്ല. അന്നു പാഠശാലവിട്ടപ്പോൾ കുമാരനെ ഒററയ്ക്കു വിളിച്ചു് ആശാൻ ഇപ്രകാരം പറഞ്ഞുപോൽ: "കുമാരാ, എനിയ്ക്കുറിയാവുന്നതെല്ലാം ഞാൻ നിനക്കു പറഞ്ഞുതന്നു. എന്നിലും ഉപരി വേറേ ആരുടെയെങ്കിലും അടുക്കൽപോയി നീ പഠിക്കണം. നിനക്കു നല്ല ബുദ്ധിയും ജ്ഞാനതൃഷ്ണയും ഉണ്ടു്. നിന്നെ ദൈവം അനുഗ്രഹിക്കട്ടെ" ആജീവനാന്തം ആ ഗുരുവരനോടു് കുമാരനാശാൻ അകളങ്കമായ ആദരവു പ്രകടിപ്പിച്ചിരുന്നതായി വ്യക്തമായിട്ടറിയാം.

"വിദ്യോതിക്കുംപ്രകാരം നവനവകൃതീതീർത്തങ്ങു സർവ്വത്രമേവും
വിദ്വാന്മാരേ രസിപ്പിച്ചമലതരയശഃപുഞ്ജമാർജ്ജിച്ച മററും
വിദ്യാനൈപുണ്യമേന്തും വിശദമതി മണമ്പൂരു ഗോവിന്ദനാശാൻ
വിദ്യുജ്ജിഹ്വാഖ്യ രാത്രിഞ്ചരനിതി മറിമാൻകണ്ണി നീ നിർണ്ണയിക്കൂ."

എന്നിങ്ങനെ മൂലൂരിൻെറ "കവിരാമായണ"ത്തിലും,

ന്യായംവിട്ടു പിണങ്ങുമപ്പരിഷയെ
പ്പാഠംപഠിപ്പിക്കുവാ–
നായിക്കൊണ്ടൊരു കൗശലം കലരുമ–
സ്സൂരീന്ദ്രരെല്ലാവരും
മായം ചെററുമിയന്നിടാതടിതൊഴും
ഗോവിന്ദനാശാനതീ
സ്ഫായൽക്കാന്തി പുലർന്ന സുന്ദരിമണെ
വമ്പേറുമമ്പൂരിയാം"

ഈവിധം അങ്ങാടിക്കൽ വേലുവൈദ്യൻെറ "കവിഖഗാവലി" (1079) യിലും പ്രകീത്തിതനായ മണമ്പൂർ ഗോവിന്ദനാശാൻ കഴിഞ്ഞ തലമുറയിലെ



മണമ്പൂർ ഗോവിന്ദനാശാൻ

ആദരണീയനും അംഗീകൃതനുമായ ഒരു മഹാ പണ്ഡിതനാകുന്നു. ചിറയിൻകീഴ്താലൂക്കിൽ മണമ്പൂർ വാഴാംകോട്ട് എന്ന പുരാതന തറവാട്ടിൽ 1038–വൃശ്ചികമാസത്തിലെ കാത്തികനക്ഷത്രത്തിലാണ് ആശാൻെറ ജനനം. പരവൂർ പൊഴിക്കര ഗോവിന്ദനാശാനോട്ട് സംസ്കൃതത്തിലെ പ്രഥമപാഠങ്ങൾ അഭ്യസിച്ചു. അവിടെ പെരുന്നല്ലി കൃഷ്ണൻ വൈദ്യൻ (1038–1069) ആശാൻെറ സഹപാഠിയായിരുന്നു. കുമ്മൻപള്ളി രാമൻപിള്ളയാശാനാണ് സ്മത്ത്യപുരുഷൻെറ പ്രധാന സംസ്കൃതഭാഷാഗുരു. കാത്തികപ്പള്ളിതാലൂക്കിൽ (മുമ്പ് കരുനാഗപ്പള്ളിതാലൂക്കിൽ) പെട്ട പുതുപ്പള്ളിൽ വാരണപ്പള്ളി കുടുംബത്തിൽ താമസിച്ചുകൊണ്ടാണു രാമൻപിള്ള ആശാൻെറ ശിഷ്യത്വം വരിച്ചു സംസ്കൃതത്തിൽ ദൃഢവ്യുൽപ്പന്നനായതു്. വാരണപ്പള്ളിൽ കുടുംബക്കാർ അക്കാലത്തു് ഈഴവബാലന്മാരെ കൂടെതാമസിപ്പിച്ച്, പുതുപ്പള്ളിൽതന്നെ 'വിജ്ഞാനസന്ദായനി' സംസ്കൃതപാഠശാല നടത്തിപ്പോന്നിരുന്ന രാമൻപിള്ള ആശാൻെറ അടുക്കൽ അദ്ധ്യാപനം ചെയ്യിക്കുന്നതിൽ അസാമാന്യമായ താല്പര്യം പ്രകടിപ്പിച്ചിരുന്നു. ശ്രീനാരായണഗുരു, വെളുത്തേരി, പെരുന്നല്ലി, വാരണപ്പള്ളി കുഞ്ഞുപണിക്കർ, കെ. സി. കുഞ്ഞൻവൈദ്യൻ എന്നിവർ അവിടെ ആശാൻെറ സുഹൃത്തുക്കളും സതീത്ഥ്യരുമായിരുന്നു. ശ്രീനാരായണഗുരുദേവ കീത്തനമഞ്ജരിയിൽ സരസകവി അതിനെ അധോലിഖിതമായ രീതിയിൽ അനുസ്മരിച്ചിട്ടുണ്ടു്.

"കേമൻവെളുത്തേരി, ശ്രീമാൻ പെരുന്നെല്ലി
ധീമാൻ മണമ്പൂർ സഹപാഠികൾ
വാമല്ലടിയ്ക്കുവേ മദ്ധ്യസ്ഥനായ്നിന്ന
സാമപയോധിയെ കൈതൊഴുന്നേൻ"

വിദ്യാഭ്യാസകാലത്തു് വാരണപ്പള്ളി പണിക്കരുടെ നിർദ്ദേശാനുസരണം വെളുത്തേരിയേയും പെരുന്നെല്ലിയേയുംപോലെ ഗോവിന്ദനാശാനും ധാരാളം കവിതകളെഴുതി. പണിക്കരുടെ ആവശ്യാനുസരണം രഘുവംശത്തിലെ ചില സഗ്ഗങ്ങൾ തജ്ജമചെയ്തതായും അറിയുന്നു. ഉദ്ദേശം നാലുവഷത്തോളം അവിടെ താമസിച്ചു പഠിച്ചു. തദനന്തരം വൈദ്യശാസ്ത്രപഠനത്തിനായി ഹരിപ്പാട്ടു് അനന്തപുരത്തു് രാജരാജവമ്മ മൂത്തകോയിത്തമ്പുരാൻെറ (1013–1088) സവിധത്തി

ലേക്കു പോയി. ആയുർവ്വേദം സാംഗോപാംഗമായി അഭ്യസിച്ച് അതിൽ അനന്യസുലഭമായ പ്രയോഗവിജ്ഞാനം സ്വായത്തമാക്കിയ അദ്വിതീയനായ ഒരു പണ്ഡിതനായിരുന്നു തമ്പുരാൻ. ജാതിയും ജാതിജന്യമായ അനാചാരങ്ങളും അസമത്വങ്ങളും അകൽച്ചകളും നഗ്നമായി നടമാടിയിരുന്ന ഈ നാട്ടിൽ അനവധി അവർണ്ണരെ സ്വന്തം കൊട്ടാരക്കെട്ടിനകത്തിരുത്തി പഠിപ്പിച്ച് ആയുർവ്വേദഭിഷഗ്വരന്മാരാക്കിത്തീർത്തിട്ടുണ്ട് ആ തമ്പുരാൻ. അദ്ദേഹത്തിന്റെ ചരമത്തിൽ ദുഃഖം പ്രകടിപ്പിച്ചുകൊണ്ട് മഹാകവി കുമാരനാശാൻ വിവേകോദയത്തിൽ രേഖപ്പെടുത്തിയതുപോലെ ഈ പുണ്യശ്ലോകനെ ഈഴവർ ഒരുകാലത്തും മറന്നുകൂടാത്തതാകുന്നു.

ഹരിപ്പാട്ടുനിന്നും ആയുർവ്വേദപഠനത്തിനുശേഷം നാട്ടിൽ തിരിച്ചെത്തിയ ഗോവിന്ദനാശാൻ രണ്ടുവർഷത്തോളം ചാവർകോട്ടു താമസിച്ചു സംസ്കൃതവും വൈദ്യവും പഠിപ്പിച്ചു. എസ്. എൻ. ഡി. പി. യോഗത്തിന്റെ ഉപാദ്ധ്യക്ഷനായിരുന്ന ചാവർകോട്ടു കൊച്ചുചെറുക്കൻവൈദ്യന്റെ അപേക്ഷ അനുസരിച്ചാണ് അവിടെ താമസിച്ചു പഠിപ്പിച്ചതു്. കുമാരനാശാന്റെ ഉററമിത്രമായിരുന്ന കുഞ്ഞുശങ്കരൻവൈദ്യൻ മുതൽപേരായിരുന്നു അവിടത്തെ വിദ്യാത്ഥികൾ. 1092-ൽ ശ്രീനാരായണഗുരു ശിവഗിരിയിൽ സംസ്കൃതപാഠശാല സ്ഥാപിച്ചപ്പോൾ അവിടെ അദ്ധ്യാപകനായി ചരിത്രപുരുഷനെ ക്ഷണിച്ചു. സസന്തോഷം ആശാൻ ആ ജോലി സ്വീകരിച്ചു. മരണംവരെ ആ ജോലിയിൽ തുടരുകയും ചെയ്തു. വലിയൊരു ശിഷ്യസമ്പത്തിന്റെ ഉടമയായിരുന്നു ഗോവിന്ദനാശാൻ. കായിക്കര പി. എം. ഗോവിന്ദൻവൈദ്യൻ, ഉടയാൻകുഴി ഗോവിന്ദൻവൈദ്യൻ, കാക്കക്കുഴിയിൽ പത്മനാഭൻ വൈദ്യൻ, വെട്ടൂർ നാരായണൻവൈദ്യൻ, വിദ്വാൻ വി. പി. നാരായണൻ, ഇ. വി. ദാമോദരൻ എന്നിവരൊക്കെ ആ പട്ടികയിൽ പെടും. എന്നാൽ മലയാളത്തിലെ ഏററവും ശ്രദ്ധേയനായ മഹാകവി കുമാരനാശാന്റെ അഭിവന്ദ്യഗുരുനാഥൻ എന്ന നിലയിലാണ് ഗോവിന്ദനാശാന്റെ നാമം നിത്യസ്മരണാർഹമായിരിക്കുക. ഇത്രയും വിപുലമായ ശിഷ്യസമ്പത്തുള്ള ആശാന്മാർ അന്നു കേരളത്തിൽ വളരെ വളരെ വിരളമായിരുന്നത്രേ.

കൃഷ്ണാർജ്ജുനവിജയം ആട്ടക്കഥ, ശിവസ്തോത്രമാല തുടങ്ങി അനേകം കാവ്യങ്ങൾ ആശാൻ രചിച്ചിട്ടുണ്ട്. രഘുവംശം, മേഘസന്ദേശം എന്നിത്യാദി സംസ്കൃതകാവ്യങ്ങൾ വിവർത്തനം ചെയ്തിട്ടുമുണ്ട്. അവയെല്ലാം അപ്രകാശിതങ്ങളും അമുദ്രിതങ്ങളുമാണ്. മലയാളമനോരമ, കേരളനന്ദിനി, സുജനാനന്ദിനി, വിദ്യാവിലാസിനി മുതലായ പത്രമാസികകളിൽ ധാരാളം ശ്ലോകങ്ങൾ പ്രസിദ്ധീകരിക്കുകയും പല വാദപ്രതിവാദങ്ങളിൽ ഏർപ്പെടുകയും ചെയ്തു് അദ്ദേഹം കേരളമെങ്ങും പ്രഖ്യാതനായി. മുണ്ടയിൽ ഗോവിന്ദനാശാൻ എന്ന പേരിലാണദ്ദേഹം എഴുതിയിരുന്നതു്. മുണ്ടയിൽ എന്നതു് വീട്ടുപേരാണ്. വക്കല റെയിൽവേസ്റ്റേഷനടുത്താണീ വീട്. സുജനാനന്ദിനി പത്രാധിപർ പരവൂർ കേശവനാശാനും സരസകവി മൂലൂരും ഗോവിന്ദനാശാന്റെ പ്രാണസ്നേഹിതന്മാരായിരുന്നു. വിദ്യാദാനം ജീവിതവ്രതമായംഗീകരിച്ച ആ പണ്ഡിതവരേണ്യൻ മസൂരി

രോഗത്താൽ 1096 വൃശ്ചികം 15-ന് കാലത്ത് 9 മണിക്ക് അന്തരിച്ചു. മരിക്കുന്നതിന് രണ്ടുമണിക്കൂർമുമ്പ് നാരായണഗുരു മുണ്ടയിൽവീട്ടിൽ ചെന്നിരുന്നു.

ഡാക്ടർ പല്പുവിൻെറ സഹായത്തോടെ കുമാരനാശാൻ ബാംഗളൂരിലും കൽക്കട്ടയിലും വിദ്യാഭ്യാസം നടത്തിയിട്ടുണ്ടല്ലോ. ബാംഗളൂരിൽ ചാമരാജേന്ദ്ര കോളേജിലാണാശാൻ ചേർന്നതു്. തർക്കശാസ്ത്രം മുഖ്യവിഷയമായെടുത്തു് ന്യായവിദ്വാൻ എന്ന പരീക്ഷയ്ക്കാണവിടെ ആശാൻ പഠിച്ചതു്. ത്രൈമാസികവും വാർഷികവുമായ എല്ലാ പരീക്ഷകളിലും വളരെ സ്തുത്യർഹമായ വിധത്തിൽ ജയിക്കുകയും സാഹിത്യപരീക്ഷകളിൽ പരീക്ഷകന്മാരുടെ "ബഹുമതിപാത്രമാകുകയും സ്കോളർഷിപ്പു് വാങ്ങുകയും ചെയ്തു" എന്നു് ആശാൻതന്നെ എഴുതിക്കൊടുത്ത കുറിപ്പുകളനുസരിച്ചു് എഴുതിയതും 1098 മേടം ലക്കം ആത്മപോഷിണിയിൽ വന്നതുമായ ജീവചരിത്രസംഗ്രഹത്തിൽ കാണാം. പക്ഷേ അവിടെ ആശാൻെറ ഗുരുനാഥന്മാർ ആരൊക്കെയായിരുന്നു എന്നു പേരുപോലും അറിയുന്നില്ല. ഇക്കാലത്താണു് ആശാൻ പ്രബോധചന്ദ്രോദയം നാടകവും സൗന്ദര്യലഹരിയും വിവർത്തനം ചെയ്തു്. 1073 കന്നിമുതൽ വിളയത്തു കൃഷ്ണനാശാൻെറ പത്രാധിപത്യത്തിൽ കൊല്ലത്തുനിന്നും പുറപ്പെട്ടിരുന്ന വിദ്യാവിലാസിനി മാസികവഴി പ്രസിദ്ധപ്പെടുത്തിവന്നതു്:

ബാംഗ്ളൂരിലെ പഠനം പൂർത്തിയാക്കാൻ ആശാനു കഴിഞ്ഞില്ല. അവിടെ പ്ലേഗു ബാധിക്കയും ഡോക്ടർ ശീമയ്ക്കു പോകുകയും ചെയ്തതാണു് കാരണം. അതിനാൽ ആശാൻ മദിരാശിയിൽ വന്നു് ആറുമാസം താമസിച്ചു. അവിടെ ഡോക്ടർ പല്പുവിൻെറ സ്നേഹിതൻ ഡോക്ടർ നഞ്ചുണ്ടിറാവുവിൻെറ സഹായം ആശാനു കിട്ടി. ഇക്കാലത്തു് ഒരു പ്രസിദ്ധ പണ്ഡിതൻെറ ശിഷ്യത്വം ആശാൻ വരിച്ചു. ആ പണ്ഡിതശ്രേഷ്ഠൻ ആരെന്നറിയുന്നില്ല. മദ്രാസിൽനിന്നു് വിജ്ഞാനദാഹിയായ ആശാൻ കൽക്കട്ടയിലേക്കാണു പോയതു്. അവിടെ ഹരിപ്രസാദശാസ്ത്രി എന്ന ബഹുമാന്യ പണ്ഡിതൻെറ സഹായത്താൽ സംസ്കൃതകോളേജിൽ ആശാനു് പ്രവേശനം ലഭിച്ചു തർക്കതീർത്ഥബിരുദത്തിനായിരുന്നു അവിടത്തെ പഠനം. മഹാമഹോപാദ്ധ്യായ കാമാഖ്യനാഥതർക്കവാഗീശഭട്ടനായിരുന്നു ആശാൻെറ അവിടത്തെ ആരാദ്ധ്യ ഗുരുവരൻ. മുൻചൊന്ന ആശാൻെറ ജീവചരിത്രസംഗ്രഹത്തിൽ അതിനെക്കുറിച്ചു് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"പണ്ഡിതർക്കു് ശിഷ്യനോടു് വളരെ വാത്സല്യമായിരുന്നു. ആശാൻെറ സംസ്കൃതകവിതയിൽ അദ്ദേഹത്തിനു വളരെ താല്പര്യമുണ്ടായിരുന്നതുകൊണ്ടു് അദ്ദേഹത്തിൻെറ വകയായി ആരെങ്കിലും പദ്യങ്ങൾ ആവശ്യപ്പെട്ടാൽ അദ്ദേഹം ആശാനെക്കൊണ്ടുതന്നെ എഴുതിച്ചിരുന്നു. അദ്ദേഹം ഹാജരാകേണ്ട സഭകളിലും ശിഷ്യൻെറയും പ്രതിനിധിയുടേയും നിലയിൽ ആശാനെ അയച്ചുമിരുന്നു."

ശ്രീനാരായണഗുരുദേവനും കുമാരനാശാനും തമ്മിലുള്ള അതീവ പാവനവും പ്രഗാഢവുമായ ഗുരുശിഷ്യബന്ധത്തെപ്പററി വിശേഷിച്ചു വിവരിക്കേണ്ടതില്ല. ആശാൻെറ ആശാന്മാരായ ആ ഗുരുനാഥന്മാർക്കെല്ലാം ഈ മഹനീയസന്ദർഭത്തിൽ നമുക്കു് ആദരാഞ്ജലികളർപ്പിക്കാം.

# "ലീല"യിലെ കാവ്യപ്രപഞ്ചം

ഡി. വിനയചന്ദ്രൻ

"ശരിഹതവിധിയായ മേഘമാ-
ന്നിരുജപരന്നിതലോക യാത്രയിൽ
മുറുകിവലിയകോളു,കന്യയാം
ചെറുകളിവഞ്ചി കുടുങ്ങിയാടലിൽ"

നിലാവിന്റെ കയത്തിൽ, നെടുമോഹനിദ്രയിൽ, മുങ്ങിപ്പോയ ഏകാന്ത ദുഃഖം ഞെട്ടിയുണർന്ന ഓർമ്മയുടേയും പ്രയാണവ്യഥയുടേയും നീണ്ടപാതകളിലൂടെ അലഞ്ഞുതിരിയുന്നു. ആരണ്യ പർവ്വങ്ങളെച്ചുററി, കാററുപോലെ അസ്വാസ്ഥമായി, നൈമിഷിക സ്വർഗ്ഗലബ്ധിയിൽ ഉള്ളലിഞ്ഞു് അപ്പോൾത്തന്നെ അതിന്റെ പൊട്ടിത്തകർച്ചയായി പൊട്ടിക്കരച്ചിലായി, രേവയായി മൃതിയുടെ അപരലോകത്തിലെത്തി അനശ്വരതയിൽ വിലയംകൊള്ളുന്നു.

"ക്ഷിതിയിലഹഹ മർത്ത്യജീവിതം
പ്രതിജനഭിന്ന വിചിത്രമാർഗ്ഗമാം
പ്രതിനവരസമാമതോർക്കുകിൽ
കൃതികൾ മനുഷ്യകഥാനുഗായികൾ"

ജീവിതമെന്ന മഹായാത്ര. അനിയന്ത്രിതമായ ഏററിറക്കങ്ങളിലും ചുഴലികളിലും കാററുകളിലുംപെട്ട് ചെറുവഞ്ചിപോലെ ആടുന്ന, എപ്പോഴും തരളമായ തരംഗിതമായ ഊർമ്മ ഋതുഭേദങ്ങളുടെ ദുഃഖഹർഷങ്ങളാൽ നിർമ്മിതയായ ലീല. നഷ്ടബോധ മൂർച്ഛയിൽ ആണ്ടുകിടക്കുന്ന കാമുക ദുഃഖം കാത്തിരുന്ന ശബ്ദവീചികൾ തട്ടി ഉണർന്നുവരുന്നു; കിരണങ്ങൾ മുട്ടിയുണർത്തി കണ്ണുതുറന്നു ലോകം കാണുന്ന താമരപ്പൂപോലെ. മാഞ്ഞുപോകുന്ന മഞ്ഞിന്റെ പാശ്ചാത്തലത്തിൽ കടന്നുപോയ ദീർഘ വർഷങ്ങളുടെ രഥവേഗം അസ്പഷ്ടമായി മന്ത്രിക്കുന്നു. അവയിൽ തെളിഞ്ഞുവരുന്ന താഴ്‌വരയിൽ 'ലലിതലലിതമാർന്ന യൗവ്വനം' നാം കാണുന്നു. ക്രൂരമായ വെയിലും ഉഗ്രമായ കാററും ഇളക്കിവിട്ട പൊടിയിലൂടെ, മഹാമരുക്കളിലൂടെ ഇഴഞ്ഞുനീങ്ങുന്ന ഒട്ടകക്കൂട്ടങ്ങൾ; കൊടുമുടിവിട്ട വലാഹകങ്ങളെപ്പോലെ നീണ്ടുനീണ്ടുപോകുന്ന സാർത്ഥവാഹകസംഘങ്ങൾ; വിവിധ ജനപഥങ്ങളും ജീവിതചര്യകളും; ഒരു ഛായാ ചിത്രത്തിലെന്നപോലെ മിന്നിമായുന്നു.

ഒരാളിലൂന്നിയ മനസ്വിനിയുടെ മനസ്സിനെ മൂടിക്കെട്ടിയ പരിണയോത്സവവും ജനകവിയോഗമറിയാത്ത തകന്നവീണയുടെ മൗനവും നമ്മെ നോവിക്കുന്നു. ബാഹ്യമായി ആർദ്രതയും വിലാസവും കൈക്കൊള്ളുന്ന ഹൃദയത്തിന്റെ തിരശ്ശീല പോലെ അലിയാത്ത സ്ഥായീഭാവംകണ്ട് കനപ്പെടുന്ന മനസ്സ് എപ്പോഴും തുറന്നിട്ടിരിക്കുന്ന ശ്രുതിയുടെ കവാടത്തെ തട്ടിമുട്ടി—

"പരമരിയകനീനാവിലെ ഫലം
പരകമനഃഖഗന്നീ ഭുജിക്കുമോ?
ഉരുരസമതു നോക്കിദയതിൽനീ
മരുവിയതാക്കനി വീണുപോയിതേ".

എന്ന ചോദ്യത്തിലും ഉത്തരത്തിലും എത്തിച്ചേരുന്നു.

പിന്നെ നിർഭയമായിത്തീർന്ന മനസ്സ് കളപോയ വയൽപോലെ പുതുമുളകളുടെ പൊടിപ്പുകളാൽ ഉൾപ്പുളകം ചാർത്തുന്നു. പരിണാമഭേദം വന്നു, ഒരു വഴിക്കായി ഒഴുക്കിയും കാററിലും ഓടിപ്പോകുന്ന തോണിയെപ്പോലെ ഉഴറിസഞ്ചരിച്ചു മഴക്കാലസന്ധ്യയുടെ ഭയശോകരാഗസങ്കുലമായ ചഞ്ചലഹൃദയചിത്രമാകുന്നു. ശ്രുതിയുടെ ദൂരലീനമാകുന്ന ഭാവത്തെ ഏകാഗ്രമായി തേടിപ്പോകുന്ന ബുദ്ധിപോലെ സഖീഭാവത്തിലുള്ള അന്വേഷണസാന്ത്വനവയസ്യകൾക്കിടയിൽ

"ഇടരിന്നവധി യെത്തുവാനഹോ
തുടരുകയായ്സ്ഥിര ശീലപിന്നെയും
ഇടയിലിഹ മഹാനിപാതയാം
തടിനികണക്കെ തകന്നജീവിതം".

മരുഭ്രക്കളിനൊക്കെയപ്പുറത്ത് പുരുമേഘാംബരഡംബരനായി വിഹായസ്സെ ഉരസിനില്ക്കുന്ന വിന്ധ്യഗിരിയുടെ ഹരിതാഭ, ദിവ്യചൈതന്യമായ, സാഗരോന്മുഖിയായ, സസ്വരയായ രേഖ. അവിടെ എരിഞ്ഞതീയിൽ തകന്ന മലപോലെ അസ്ഥിശേഷനായി മുകപക്ഷികളോടിണങ്ങി ഉന്മത്തനായി അലയുന്ന മദനനെ മനസ്സിന്റെ ഒരകന്നതലത്തിൽ, തോഴിയുടെ കഥനത്തിൽ, കണ്ടറിയുന്നു. വേദാന്തത്തിന്റെ മൂൺമയമായ ഇന്ധനങ്ങൾക്ക് കരസ്ഥമാക്കുവാനാകാത്ത ഉന്മഥിത മനസ്സിന്റെ എരിയുന്നജ്വാലകൾ വനാന്തരങ്ങളിലെ പവനനെ, മദനനെ, എന്തോ നഷ്ടപ്പെട്ടുപോയ ജീവിതാർത്ഥത്തെ, തേടി ഉൾത്വരയോടു വനാന്തരത്തിൽ മനസ്സിന്റെ എത്രയോ വിസ്തൃതവും അഗാധവും സൂക്ഷ്മവുമായ പർവ്വതോദരങ്ങളിലെത്തിച്ചേർന്നു "പിന്നിൽത്തള്ളിപരിജനമതും സ്വപ്നമാകും പ്രപഞ്ചംതന്നിൽ ബാഹ്യേന്ദ്രിയമകലെയായ് ചിത്തസത്വങ്ങൾപോലെ". ഇവിടെ മനസ്സ് ഉഷസ്സിന്റെ നിത്യസുഷമയിൽനിന്നു തുടങ്ങുന്നു. നിഖിലവനങ്ങളും നിദ്രവിട്ട് എഴുന്നേൽക്കുന്നു, ഹിതകരമായ ഹേമപുഷ്പഗന്ധത്താൽ പൂരിതമാകുന്നു. നർമ്മദയെത്തഴുകിവരുന്ന ഇളംകാററിൽമുങ്ങി മണത്തിന്റെ പ്രഭവസ്ഥാനത്തു കുടികൊള്ളുന്ന സത്യസ്വരൂപത്തെ, ജീവിതദൈവത്തെ അന്വേഷിച്ച് തൊഴുകൈയ്യുമായി അനർഗ്ഗളബാഷ്പവൃഷ്ടിയോടെ പോകുന്ന ജീവിതലീല, ലായംകണ്ട കുതിരപോലെ ഗരി തടഞ്ഞുനില്ക്കുന്ന അന്വേഷണത്തിന്റെവഴി, അതിൽ പ്രതിദ്ധ്വനിക്കുന്ന ജീവിതക്ലേശരോദനങ്ങൾ. വിചിത്രവർണ്ണമോലുന്ന ആനപ്പുറംപോലെ പൂക്കൾവീണു ശോഭകലന്ന ശില; അന്തിമേഘക്കൊട്ടുമുടി പററിയ നക്ഷത്രംപോലെ അവിടത്തങ്ങിയലീല, അവിടെയെങ്ങും ഒരു വിരഹാർദ്ര ദുഃഖഗീതത്തിന്റെ തരളപ്രണയഗാനത്തിന്റെ മുഗ്ദ്ധത, പാതിപാടി വൃക്ഷങ്ങൾതോറും അവയ

റിയാതെ ഇരുന്നുപോകുന്ന പക്ഷികൾ, ആ അധികമൗനമാന്, മേളംനിത്തിയ രംഗഭൂമിയിൽ, അസ്തമയസൂര്യന്റെ കരങ്ങൾ അധികശക്തി നേടുമ്പോൾ നീണ്ടു പോയ സ്വന്തം നിഴലിനോടൊപ്പം ഞെട്ടിയുണർന്ന ലീല വികൃതരൂപനായ മദനനെക്കാണുന്നു:—

"ദയയൊടവൾ തലോടിയമ്മവച്ചാം
ദയിതനെ രാഗമിയന്ന ഹൃത്തടത്തിൽ
നിയതമഴൽ ചുടുന്ന നെററിമേലും
പ്രിയതമപൈതലെയമ്മയെന്നപോലെ".

ക്ഷണികമാത്രമായ ആ യോഗത്തിലലിഞ്ഞുപോയ അവളറിയാതെ, ബഹുദൂരലക്ഷ്യനായ മദനൻ "ഉടനെ വലിയകാട്ടിൽ വൻമഴക്കാറിടയിലിളംപിറപോലെ ലീനനായി" ഒരു ധൂസരരേഖപോലെ മദനൻ അപ്രത്യക്ഷമാകെ ഘുമുഘുമരയഘോഷമേററി മൃതിയുടെ കവാടങ്ങളിൽ ക്ഷുഭിതയായി അടിച്ചുകയറുന്ന രേഖപോലെ അന്ധയായ അവൾ അസ്വസ്ഥയായി.

"രവിജലധിയിലാശ്ശുമുങ്ങി, രേവാ
സവിധവനങ്ങളിൽനിന്നു രശ്മിനീങ്ങി;
പവനനുമഥവിട്ടു ചമ്പകത്തെ
ഭുവനവുമപ്പൊഴതപ്രസന്നമായി",

ജീവിതത്തിന്റെ നിരന്തരയാത്രകളിലും വഴിയറിയാത്ത വനങ്ങളിലും നേടാനാവാത്ത നിത്യയോഗം മൃതിയുടെ സഫലനദീപ്രവാഹത്തിൽ സംഭവിക്കുന്നു.

മൂർച്ഛയിൽ വീണുപോയ മനസ്സ്, ദൂരങ്ങളിൽനിന്നു് തെളിഞ്ഞുതെളിഞ്ഞു സ്പഷ്ടമായി മുഴങ്ങി മുട്ടിയുണർത്തുന്ന ശബ്ദങ്ങൾ. ഓർമ്മയിലൂടെ തെന്നിമായുന്ന ആരണ്യങ്ങളും താഴ്‌വരകളും, പ്രതിജനഭിന്നവിചിത്രമാർഗ്ഗമായ ജീവിതചര്യകളും ബന്ധങ്ങളുടെ താണതലങ്ങളിൽനിന്നും താഴ്‌വരകളിൽനിന്നും വേർപെട്ടുപോന്നിരുന്ന പരമാത്മചൈതന്യത്തെതേടി മനസ്സിന്റെ അതിബൃഹത്തായ അബോധവിന്ധ്യവനാന്തരങ്ങളിൽ ചെന്നെത്തപ്പെടുന്ന അന്വേഷണത്തിന്റെ ജീവനലീല, ഉഷസ്സിന്റേയും ചമ്പകപുഷ്പഗന്ധത്തിന്റേയും കുളിർമ്മയിൽ തുടങ്ങി സൂര്യാസ്തമയത്തോടെ ഒടുങ്ങുന്ന ജീവിതവ്യഥ. അപ്പോഴും, എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്ന അനാദ്യന്തഭാവരൂപിയായ മഹാനദി.

"അനിശമവനി ഗർഭമാർന്നിടിപ്പൂ
പുനരനിശം വ്യഥയാർന്നുപോയ്ലയിപ്പൂ
ആനഗതരയമാർന്നുനില്പൂരേവേ,
മനുജനമോക്കുകിൽ നീയുമൊന്നുപോലെ"

ശിഷ്ടം

"പലരീക്കഥ മൂളുവോർ കൃതി—
ച്ചലിവോടും സ്ഥിരരാഗലോലകർ
മലയത്തികൾ, ഏതുജാതിയും
കലരും പ്രാകൃതചിന്തയെന്നുതാൻ."

കുറിപ്പ്: സൗന്ദര്യാത്മക നിരൂപണത്തിന്റെ തുടക്കവും ഈ ലേഖനവും കൂടുതൽ മനസ്സിലാകുവാൻ "ആശാൻ: കവിയുടെ, കവിതയുടെ അന്തർമണ്ഡലം" (ഗ്രന്ഥാലോകം '72 മേയ് 5) നോക്കുക.

# ഒരു മഹാകവിയുടെ സന്ദേശം

മൂർക്കോത്തു കുമാരൻ

1099—മേടത്തിൽ പ്രസിദ്ധീകരിച്ച<br>'കൈരളി' മാസികയുടെ<br>'പുതുവത്സര പ്രതി'യിൽ<br>എഴുതിയതാണ്<br>ഈ ലേഖനം.

പരിണാമപ്രമാണങ്ങൾ അനുസരിച്ച് അഭിവൃദ്ധിപ്രാപിച്ച ആത്മാക്കൾക്ക്, അവരുടെ അനുഭവംകൊണ്ടു സിദ്ധിച്ച ജ്ഞാനം ലോകത്തിനു വല്ലവിധത്തിലും പ്രയോജനകരമാകത്തക്കവിധത്തിൽ വെളിപ്പെടുത്താതിരിപ്പാൻ നിവൃത്തിയുണ്ടാകുന്നതല്ല. ദീർഘദർശികൾ അതിനെ പ്രവൃത്തികളെക്കൊണ്ടും ഉപദേശങ്ങളെക്കൊണ്ടും വെളിപ്പെടുത്തും; കവികൾ അതിനെ കവിതാരൂപത്തിൽ പ്രത്യക്ഷപ്പെടുത്തും. മനുഷ്യസ്വഭാവവും പ്രകൃതിമാഹാത്മ്യവും ലോകരഹസ്യവും അനേകജനങ്ങളെക്കൊണ്ടു ധരിച്ചു വശാക്കിയവർക്കുമാത്രമേ, സഹൃദയന്മാർക്കു പരമബോദ്ധ്യമാകത്തക്കവിധത്തിലും ലോകത്തിനു പ്രയോജനകരമാകത്തക്കവിധത്തിലും ഈ ജ്ഞാനത്തെ കവിതാ രീതിയിൽ പ്രത്യക്ഷപ്പെടുത്തുവാൻ സാധിക്കുകയുള്ളു. ഈ ജന്മത്തിലെ പരിതഃസ്ഥിതികൾക്കനുസരിച്ച് ആ കവിതാരീതിക്കും പ്രതിപാദ്യവിഷയത്തിനും വ്യത്യാസം ഉണ്ടായിരിക്കുകയും ചെയ്യും. പ്രാഗ്ജന്മതത്വങ്ങൾ അറിയാതിരിക്കുകയോ അവയിൽ വിശ്വസിക്കാതിരിക്കുകയോ ചെയ്തിരുന്ന പാശ്ചാത്യ വിദ്വാന്മാർക്കുപോലും ഈ പരമാർത്ഥത്തിന്റെ ബോധം ഉണ്ടായിരുന്നു. പക്ഷേ അതു ജന്മാന്തരവാസനയായി വ്യാഖ്യാനിക്കുവാൻ അസാദ്ധ്യമാകയാൽ "ജന്മനാ ജായതേ കവിഃ" (Poets are born) എന്നൊരു പ്രമാണംകൊണ്ട് അവർ തൃപ്തിപ്പെട്ടു. പ്രാഗ്ജന്മത്തിൽ വിശ്വാസമുള്ള ഹിന്ദുവിന്നാകട്ടെ, മനുഷ്യരുടെ ഇടയിൽ അപ്പപ്പോൾ അനന്യസാധാരണമായ വാസനാവൈഭവത്തോടുകൂടി മഹാകവികൾ ജനിക്കുന്നതിന്റെ രഹസ്യം എളുപ്പത്തിൽ ധരിക്കുവാൻ സാധിക്കും. നമ്മൾ 'വാസന'യെന്നു പറയുന്നതു

പ്രാഗ്ജന്മവാസനയത്രേ. അനുകരണം കൊണ്ടോ അത്യദ്ധ്വാനംകൊണ്ടോ പദ്യകൃത്തായി തൽക്കാലം പ്രഖ്യാതനാവാൻ സാമാന്യക്കാർക്കൊക്കെ സാധിക്കുമെങ്കിലും, ലോകാവസാനംവരെ ലോകരെ ഉപദേശിക്കുവാൻ സാധിക്കുന്ന കാവ്യങ്ങൾ നിർമ്മിച്ച്, യഥാർത്ഥ കവിയെന്ന സ്ഥാനപ്പേർ ലഭിക്കുവാൻ ജന്മസിദ്ധമായ വാസനയുള്ളവർക്കേ കഴിയുകയുള്ളു.

നമ്മുടെ ഭാഷാകവികളെപ്പററി ആലോചിക്കുന്നതായാൽ, ചെറുശ്ശേരി, തുഞ്ചൻ, കുഞ്ചൻ, ഉണ്ണായി മുതലായവരുടെ ഇടയിൽ അവരുടെ സമകാലീനന്മാരായ പലേ കവികളും ഉണ്ടായിരുന്നിരിക്കണം. അവരൊക്കെ അതാതു കാലത്തു പദ്യകവനംകൊണ്ടു ജാലവിദ്യ കാണിച്ചു തിരോഭൂതരായിത്തീർന്നു. യഥാർത്ഥ കവികളായിരുന്നവരുടെ കാവ്യങ്ങൾമാത്രം ബാക്കിയായി. നമ്മുടെയൊക്കെക്കാലത്ത് ഒരുവിധം പ്രസിദ്ധിസിദ്ധിച്ചിരുന്ന വെണ്മണിപ്രസ്ഥാനം ഇന്നെവിടെ? കേരളവർമ്മക്കാലത്തു തിങ്ങിവിങ്ങിപ്പുറപ്പെട്ടുകൊണ്ടിരുന്ന സ്വതന്ത്ര നാടകങ്ങൾ ഇന്നെവിടെ? അക്കാലത്ത് എത്രപേരെയാണു, കവികളെന്നും മഹാകവികളെന്നും ജനങ്ങൾ തെററിദ്ധരിച്ചിരുന്നത്? ഇക്കാലം നിസ്സാരങ്ങളെന്നു തള്ളപ്പെടുന്ന എത്ര കാവ്യങ്ങളായിരുന്നു അക്കാലം സർവ്വകലാശാലക്കാർ പാഠ്യപുസ്തകങ്ങളാക്കി വിദ്യാർത്ഥികളെക്കൊണ്ടു നിർബ്ബന്ധമായി പഠിപ്പിച്ചിരുന്നത്? അന്നു ജാലകാവ്യങ്ങൾ രാജ്യത്തു നിറഞ്ഞിരുന്നു. ആ വക കവികളും കവിതകളും വാണം പൊങ്ങുംപോലെ പൊങ്ങി ജനങ്ങളെ ഭ്രമിപ്പിച്ചു കാലതാമസം കൂടാതെ ശക്തിക്ഷയിച്ചു വെറും കററിയായി താഴേ പതിച്ചു.

അന്നന്നേയ്ക്കുവേണ്ടിയല്ല, എന്നന്നേയ്ക്കും വേണ്ടിയാണു കവികൾ കാവ്യം ചമയ്ക്കുന്നത്. ഏതുകാലത്തും ഏതുതരം മനോവൃത്തിയുള്ള ജനങ്ങൾക്കും വിജ്ഞാനത്തിനും വിനോദത്തിനും സംഗതിയാകുന്ന കാവ്യങ്ങളാണു യഥാർത്ഥ കവികളുടെ സൃഷ്ടികൾ. കാലപ്പഴക്കത്താൽ അവയുടെ ഗുണങ്ങൾ പൊയ്പ്പോകയല്ല ചെയ്യുന്നത്. അതാതുകാലത്തെ സഹൃദയന്മാരുടെ വ്യാഖ്യാനത്താലും വിമർശനങ്ങളാലും അവയ്ക്കു പിന്നപ്പിന്നെ പ്രകാശം വർദ്ധിച്ചുകൊണ്ടുവരികയാണു ചെയ്യുക. കാളിദാസനും, ഭവഭൂതിയും, ഷേക്ക്സ്പീയരും, മിൽട്ടനും മററും ഇന്നും ജനങ്ങളുടെ ഇടയിൽ ജീവിച്ചുകൊണ്ട് ഇന്നത്തെ സ്ഥിതിഗതികളെ മനസ്സിലാക്കി അവരോടു ഗുണദോഷിക്കുകയാണെന്നുതോന്നും.

പ്രകൃതിയിലെ അത്ഭുതങ്ങളെ മനസ്സിലാക്കി ലോക രഹസ്യങ്ങളെ ഊഹിച്ച്, മരണം, ഈശ്വരൻ മുതലായ അജ്ഞേയങ്ങളായ കാര്യങ്ങളിലേയ്ക്കു മനുഷ്യർക്ക് എത്തിനോക്കുവാൻ കഴിവുവരത്തക്കവണ്ണം അവയെ മൂടിയിരിക്കുന്ന മറകൾ അവിടവിടെ അല്പാല്പമായി പൊക്കിക്കാണിച്ചുകൊടുക്കുവാൻ മഹാകവികൾ പരിശ്രമിക്കുന്നു. അതോടുകൂടി മനുഷ്യരുടെ ദോഷാംശങ്ങളെ വെളിപ്പെടുത്തുകയും അവർ അനുസരിക്കേണ്ടുന്ന കൃത്യങ്ങളെ ഉപദേശിക്കുകയും ചെയ്യുന്നു. ആ നിലയിലുള്ള സന്ദേശങ്ങൾ ലോകത്തിനു കാവ്യരൂപത്തിൽ എല്ലാ മഹാകവികളും അയയ്ക്കുന്നു

മഹാകവി കുമാരൻആശാൻ അവർകളുടെ സന്ദേശം എന്താണെന്നു നോക്കുക.

സമസ്യഷ്ടികൾക്കു സന്മാർഗ്ഗസംബന്ധമായും അദ്ധ്യാത്മസംബന്ധമായും ഉള്ള ഉപദേശങ്ങൾ, കാവ്യരൂപത്തിൽ ചെയ്യാൻ സർവ്വഥാ യോഗ്യനായ ആളായിരുന്നു ആശാൻ എന്നു നമ്മൾ ഒന്നാമതു ധരിക്കേണ്ടതാകുന്നു. ജനനാൽത്തന്നെ ഉണ്ടായിരുന്ന ബുദ്ധിശക്തിയും കവിതാവാസനയും പോഷിപ്പിക്കുവാൻ മാത്രമല്ല, അവയെ പരിശുദ്ധമാർഗ്ഗത്തിൽ നയിപ്പാനും അനുകൂലിക്കുന്ന വിദ്യാഭ്യാസവും സാഹചര്യവും അദ്ദേഹത്തിന്നു സാധിച്ചു. വിദ്യാഭ്യാസംകൊണ്ടു സിദ്ധിച്ച മനഃപരിഷ്ക്കാരവും മറ്റുള്ള യോഗ്യതകളും മിക്കപേരും രാജസേവയിലോ, അഥവാ സക്കാർ ദാസത്വത്തിലോ ഏർപ്പെട്ടു് അതുസംബന്ധമായ കാര്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിക്കുന്നതുപോലെ പ്രവത്തിപ്പാൻ ഇടവരാതെ, ലോകസേവയിലും, വിശേഷിച്ചും അധഃകൃതരായ ഒരു ജാതിക്കാരെ ഉയർത്തുന്നതിലും ഉപയോഗിപ്പാൻ സംഗതിവന്നതു് ആശാന്നു മനുഷ്യപ്രകൃതിയെ അതിന്റെ എല്ലാ നിലയിലും അടുത്തുപെരുമാറി മനസ്സിലാക്കുവാൻ സൗകര്യം ഉണ്ടാക്കിക്കൊടുത്തു. ബുദ്ധിശക്തി, നിരീക്ഷണപാടവം, ജനനാലുള്ള കവിതാവാസന, സംസ്കൃതത്തിൽ അസാമാന്യമായ ജ്ഞാനം, ആംഗ്ലേയകവികളുടെ ആശയങ്ങൾ ശരിയായി ധരിക്കത്തക്കവണ്ണം ആ ഭാഷയിലുള്ള പരിചയം, മാതൃഭാഷാ ജ്ഞാനത്തിന്നു പോഷണമായി തീരത്തക്കനിലയിൽ തമിഴിലുള്ള അറിവു്, വിദേശവാസംകൊണ്ടു സിദ്ധിച്ച മനഃപക്വത, സാധുക്കളുടെ ഉന്നമനത്തിന്നായി പരിശ്രമിച്ചതിനാൽ സഹജീവികളോടുള്ള സഹതാപം, അദ്ധ്യാത്മവിഷയത്തിൽ സിദ്ധിച്ച വിജ്ഞാനം, യോഗാഭ്യാസംകൊണ്ടു ശരീരത്തിന്നും തന്മൂലം മനസ്സിന്നും സമ്പാദ്യമായ സുഖസ്ഥിതി, സമ്പക്കംകൊണ്ടും പരിതഃസ്ഥിതികളെക്കൊണ്ടും ചെറുപ്പത്തിലേ ഉണ്ടായ സന്മാർഗ്ഗനിഷ്ഠ, സർവ്വോപരി, ഒരു പരമഹംസന്റെ അന്തേവാസിത്വം—ഇങ്ങനെ സർവ്വവിധത്തിലും ഒരു മഹാകവി പദത്തെ അർഹിച്ചവർ കേരളത്തിൽ വേറെ എത്രപേർ ഉണ്ടായിരുന്നുവെന്നോ, ഉണ്ടെന്നോ, അന്വേഷിച്ചറിയേണ്ടതാണു്.

ലോകത്തിലെ മററു മിക്ക കവികളും ചെയ്തതുപോലെ ആശാനും കാവ്യമുകുരത്തിൽ പ്രകൃതിയെ പ്രതിബിംബിപ്പിച്ചു കാണിച്ചുകൊടുക്കുകയാണു ചെയ്തതു്. ബന്ധനത്തിലിരിക്കുന്ന സിംഹിയേയും കുട്ടികളേയും അടിസ്ഥാനമാക്കി "വരുമാപത്തുകളാക്കു മൂഴിയിൽ" എന്ന തത്വവും അതിൽ ഗൃഹസ്ഥക്കുള്ള ധമ്മവും, ഒരു വീണ പൂവിനെ ചൂണ്ടിക്കാണിച്ചു്,

"സാധിച്ചുവേഗ മഥവാ നിജജന്മകൃത്യം
സാധിഷ്ഠർ പോട്ടിഹ, സദാനിശി പാന്ഥപാദം
ബാധിച്ചു രൂക്ഷശില വാഴ്‌വതിൽനിന്നു മേഘ—
ജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലി കാമ്യം?"

എന്നും ലോകരെ പഠിപ്പിക്കുന്നു. "ദുരവസ്ഥ"യിൽ രണ്ടു പ്രാക്കളുടെ ഗാർഹസ്ഥ്യത്തേയും മററും വിവരിച്ചു് എത്ര നല്ല സദാചാരത്തെയാണു കവി ജനങ്ങൾക്കു് ഉപദേശിക്കുന്നതു്!

നളിനി, ലീല, ദുരവസ്ഥ, കരുണ എന്നീ കാവ്യ രത്നങ്ങൾ കഥാകഥന രൂപത്തിൽ രചിച്ച് ആദ്ധ്യാത്മികമായും, സാമുദായികമായും ഉള്ള മഹാതത്വങ്ങളെ മഹാകവി ലളിതരീതിയിൽ മനുഷ്യരെ ധരിപ്പിക്കുന്നു. ഈശ്വരചേഷ്ടിതങ്ങളെ അറിവാൻ പ്രയാസം!

"ആരറിയുന്നിതഖിലനിയന്താവിൻ
പ്രേരണതൻെറ രഹസ്യമെല്ലാം"
"ഹാ! ശുഭേ, നിജ ഗതാഗതങ്ങൾത-
ന്നീശനിശ്ചയമറിഞ്ഞിടാ നരൻ"
"ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ വന്നപോലെപോം
വിരയുന്നു മനുഷ്യനേതിനോ,
തിരിയാ ലോക രഹസ്യമാർക്കുമേ."

എന്നിങ്ങിനെ അഭിപ്രായമുള്ള കവി, കുട്ടികളോട്

'നാമിങ്ങറിയുവതല്പം—എല്ലാ-
മോമനേ ദൈവസങ്കല്പം.'

എന്നു പറഞ്ഞു് അവരേയും ആശ്വസിപ്പിക്കുന്നു.

ലോകത്തിലാകട്ടെ, ദുർജ്ജനങ്ങൾ അധികമായി അതു വാസയോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു.

"ഉണ്മയുടെ ഊർജ്ജിത വിഭുത്വമതുപോയി"
"പുഞ്ചിരി നിലാവൊളി പുറത്തിരുളകത്തായ്
നെഞ്ചിൽ വിഷമായ് മൊഴിയിൽ നല്ല നറുതേനായ്
വഞ്ചനമുഴുത്തു; ഭുവനത്തിലിനി നല്ലോ-
രഞ്ചണം......................"

വിശേഷിച്ച്,

"പരപുച്ഛവുമഭ്യസൂയയും—ദുരയും ദുർവ്യതിയാനസക്തിയും
കരളിൽക്കുടിവെച്ചു ഹാ! പര—മ്പരയായ് പൗരികൾ കെട്ടുപോയിതേ."

ഏതായാലും ഈ സ്ഥിതിയെപ്പററി ഭഗ്നാശയരാകേണ്ടുന്ന ആവശ്യമില്ലേ; പണ്ടുപണ്ടേ ലോകത്തിൽ വെളിച്ചവും ഇരുട്ടും സുരാസുരന്മാരെപ്പോലെ കലഹിച്ചു കഴികയാണു്.

"ഇങ്ങിനെ തിരിഞ്ഞു വിധിചക്രമുഴലുമ്പോ-
ളിങ്ങമലധർമ്മമതിലൂന്നി വിലസുന്നു
മങ്ങിയുമിടയ്ക്കിട വിളങ്ങിയുമിരുട്ടിൽ
തിങ്ങിയിരുപക്ഷമെഴുമിന്ദുകലപോലെ."

ഈ വിധം സുഖദുഃഖങ്ങളായി മാറിമാറിക്കൊണ്ടുവരുന്നതൊക്കെ ഏകസ്ഥിതിയുടെ വിവിധത്വം മാത്രമാണ്. അതുകൊണ്ടാണത്രേ മതിമാന്മാർ സുഖത്തിലും ദുഃഖത്തിലും കലുങ്ങാതെ ഒരേ നിലയിൽ ഇരിക്കുന്നത്.

ഈ നിലയിലുള്ള ലോകത്തിന്നു—താൻ ആരാണ്, എന്താണ്, എവിടുന്നാണ്, എവിടുത്തേയ്ക്കാണ്, എന്നൊന്നും അറിയാതെ പലേ സങ്കടങ്ങളും ബുദ്ധിമുട്ടുകളും അനുഭവിച്ചുകൊണ്ടു "തിരിയും രസബിന്ദു പോലെയും, പൊരിയും നെന്മണിയെന്നപോലെയും" കാലം കഴിച്ചു, ഈശ്വരനാരാണ്, ഈശനിശ്ചയമെന്താണ്, എന്നൊന്നും മനസ്സിലാക്കാൻ കഴിയാതെയുള്ള മനുഷ്യലോകത്തിന്നു "വിശ്വാസമുള്ളവരായിരിപ്പിൻ," "സ്നേഹത്തെ പരിപാലിപ്പിൻ," എന്നു രണ്ടു സന്ദേശങ്ങൾ കവി അയയ്ക്കുന്നു.

"വിശ്വാസമല്ലോ വിളക്കു മനുഷ്യനു
വിശ്വാസം ജീവസർവ്വസ്വമല്ലോ
ഒക്കയും പോമതുപോയാൽ, കെട്ടുമാരും
ചുക്കാൻ പോയുള്ളൊരു കപ്പൽപോലെ"

സ്നേഹം—ആശാന്റെ സർവ്വകാവ്യങ്ങളിലും മാലയിൽ നൂലുപോലെ കഥാവസ്തുവെ ബന്ധിച്ചു നിലനിർത്തിയിരിക്കുന്നതു സ്നേഹത്തെപ്പററിയുള്ള പ്രതിപാദനമത്രേ. പാവനമായ സ്നേഹത്തിന്റെയും യഥാർത്ഥമായ അനുരാഗത്തിന്റെയും ദൈവികാവസ്ഥയത്രേ ആശാന്റെ കാവ്യങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. സ്ത്രീപുരുഷന്മാർ തമ്മിലുള്ള അനുരാഗം ജാതി മതങ്ങളാദിയായ കൃത്രിമവ്യത്യാസങ്ങളാൽ തടസ്ഥപ്പെടാതെ 'പുരുഷനു പുമർത്ഥഹേതുവും തരുണിക്കു തരുണീഗുണങ്ങളും' ആയി രണ്ട് ആത്മാക്കൾ തമ്മിലുള്ള ദൃഢമായ ഐക്യമാണെന്നു കവി സാധിച്ചിരിക്കുന്നു.

"സഹജാമല രാഗമേ, മനോ—
ഗൃഹമേലും സ്ഫുടരത്നമാണു നീ
മഹനീയമതാണു മാറിലു—
ന്നഹമാത്മാവണിയുന്ന ഭൂഷണം."

എന്നു മാത്രമല്ല, ധർമ്മമാർഗ്ഗത്തിൽ നടക്കുന്നവരെ സ്വർഗ്ഗാനുഭൂതിയനുഭവിക്കുവാൻ സഹായിക്കുന്നതും, അങ്ങിനെയല്ലാതെ വെറും മൃഗീയമായ സുഖാനുഭൂതിയെ കൊതിക്കുന്ന അസജ്ജനങ്ങളെ നരകത്തിലേയ്ക്കു നയിക്കുന്നതും പ്രണയമാണെന്നു ആശാൻ വളരെ ശക്തിയോടുകൂടി പ്രസ്താവിച്ചിരിക്കുന്നു. യഥാർത്ഥമായ പ്രണയപാശത്താൽ ബന്ധിക്കപ്പെട്ട ആത്മാക്കൾ, അന്യോന്യുത്തമമായ പരമാനന്ദം അനുഭവിക്കുന്നതിനിടയിൽ മരുഭൂമി പോലും 'മോഹനപുഷ്പവാടി'യായിത്തോന്നുമെന്നുള്ളതു് അനുരാഗത്തെപ്പററി ഊഹിപ്പാൻ കഴിയുന്നവർക്കുപോലും വിശ്വസിപ്പാൻ സാധിക്കുന്ന പരമാർത്ഥമാണ്. ഭർത്താവിൽ നിന്നു് അനുഭൂതമാകുന്ന പ്രണയസുഖവും അതുകൊണ്ടു് അനുഭവമാകുന്ന ആദ്ധ്യാത്മികമായ അഭിവൃദ്ധിയും മാതാപിതാക്കളുടെ വാത്സല്യംകൊണ്ടു സാധിക്കുന്നതല്ലെന്നു്,

“കർഷകൻ കിണററിനാൽ നനക്കിലും
വർഷമററ വരിനെല്ലുപോലെ.”

എന്ന ശ്രേഷ്ഠമായ ഉപമയാൽ കവി സമർത്ഥിച്ചിരിക്കുന്നു.

“ക്ഷോണിയിൽ പ്രണയപാശമേററഴും
പ്രാണികൾക്കു ഭയഹേതുവെന്തുവാൻ”

എന്നു പറഞ്ഞ മഹാകവി തന്നെ,

“.........ദൃഢരാഗബന്ധമേ
പരഭയമതിൽ നിന്നു ജീവിതം
കരയണയിക്കു മർത്ത്യബന്ധു നീ.”

എന്നും പറഞ്ഞിരിക്കുന്നു. ഇങ്ങിനെയുള്ള പരിപാവനമായ പ്രണയം അനുഭവമായാൽ, തരുണിക്കു, ശീതാതപാദികളെക്കൂടി ജയിച്ച ഒരു മഹർഷിയുടെ വിഗതരാഗമായ ഉൾത്തടത്തെ ഉലയ്ക്കാനും സ്വന്തം മൃത്യുവെത്തന്നെ മധുരീകരിച്ചുകൊണ്ടു് 'കർമ്മപാശഗതി'യെ കടക്കുവാനും സാധിക്കുമെന്നുള്ളതിനു് ഉത്തമദൃഷ്ടാന്തമായിട്ടാണു കവി നളിനിയെ സൃഷ്ടിച്ചതു്. പക്ഷെ എന്തു ചെയ്യും?

“വിലയെഴുമനുരാഗമത്തലാൽ
തുലയുവതല്ല; മറിച്ചു മേല്ക്കുമേൽ
വിലസീടു,മടിയേററ വെള്ളിപോ—
ലുലയതിലൂതിയ പൊന്നു പോലെയും,”

എന്നിരുന്നാലും,

“അറികില്ലനുരാഗമേറെയാ—
ളറിവോർതെററിടു,മൊക്കെയൊക്കുകിൽ
നിറവേറുകയില്ലകാമിതം,
കുറയും ഹാ! സഖി, ഭാഗ്യശാലികൾ.”

ലീലയുടെ സ്ഥിതി അങ്ങിനെ. നേരെമറിച്ചു്, കരുണയിലെ നായികയായ വാസവദത്തയുടെ സ്ഥിതി നോക്കുക. സൗന്ദര്യത്തെക്കൊണ്ടു വാണിഭംചെയ്തു ദ്രവ്യം സമ്പാദിച്ചു്, സംസാരസുഖത്തെ അതിന്റെ ഏററവും നിന്ദ്യമായ സ്വരൂപത്തിൽ അനുഭവിക്കുന്നവക്കു് അദ്ധ്യാത്മാഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങൾ അടഞ്ഞുപോകുന്നുവെന്നു വാസവദത്തയുടെ കഥ ദൃഷ്ടാന്തീകരിക്കുന്നു. എങ്കിലും സർവ്വശക്തനായ ദൈവം കുടികൊള്ളുന്ന മനുഷ്യഹൃദയത്തിൽ, പ്രണയത്തിനു് ഇടമില്ലാതിരിക്കയില്ല. വാസവദത്തയുടെ 'ഹൃദയത്തിലും' 'അകൃത്രിമപ്രണയത്തിൽ ഉറവൊന്നു'[1] ഊറിനിൽക്കുന്നുണ്ടായിരുന്നു. അതുകൊണ്ടു് ദുഷ്കർമ്മങ്ങളുടെ ഫലമായി അംഗവിച്ഛേദനം അനുഭവിച്ചു പരമസങ്കടത്തിലും വേദനയിലും കിടക്കുന്ന അവസരത്തിൽ ഗുരൂപദേശം ശ്രദ്ധിച്ചു് പരമശാന്തിയടയുവാൻ അവൾക്കും അവസരം ലഭിച്ചു.

"വ്യസനം സുഖികളെ വിജ്ഞരാക്കുന്നു"

പ്രണയബീജം മുളച്ചു വളൎന്ന ഹൃദയത്തിൽ പൊതുവിലുള്ള സ്നേഹത്തിനു വളരുവാൻ ധാരാളം സ്ഥലവും സൗകൎയ്യവും ഉണ്ടു്. സൃഷ്ടിസ്ഥിതിസംഹാരകനായ ഈശ്വരൻ തന്നേ സ്നേഹസ്വരൂപനാണു്. അതിനെ സ്ഥാപിച്ചുകൊണ്ടു്,

"സ്നേഹത്തിൽ നിന്നുദിക്കുന്നു—ലോകം
സ്നേഹത്താൽ വൃദ്ധിതേടുന്നു;
സ്നേഹം താൻ ശക്തിജഗത്തിൽ—സ്വയം
സ്നേഹം താനാനന്ദമാൎക്കും;
സ്നേഹം താൻ ജീവിതം—ശ്രീമൻ
സ്നേഹവ്യാഹതിതന്നേ മരണം
സ്നേഹം നരകത്തിൻദ്വീപിൽ—സ്വൎഗ്ഗ
ഗേഹം പണിയും പടുത്വം."

എന്നു സ്നേഹം കൊണ്ടു ലോകത്തെ ജയിച്ച ഒരു ദീൎഘദൎശിയെക്കൊണ്ടു കവി പറയിക്കുന്നു.

ഈശ്വരാംശമായ ആത്മാവിന്റെ സ്വാഭാവിക ഗുണങ്ങളിൽ മുഖ്യമായ സ്നേഹത്തെ, സംസാരസുഖത്തിനുവേണ്ടി ദുരുപയോഗപ്പെടുത്തുന്ന 'രൂപാജീവികൾ'ക്കും സൗന്ദൎയ്യാദി ശരീരഗുണങ്ങൾ മിഥ്യകളാണെന്നുള്ള ബോധം വരത്തക്ക അത്യാപത്തുകൾ സംഭവിക്കുമ്പോൾ ഗുരൂപദേശമാൎഗ്ഗേണ മോക്ഷം പ്രാപിക്കുവാൻ സാധിക്കുമെന്നാണു 'കരുണ'യെന്ന കാവ്യം കൊണ്ടു് ഈ മഹാകവി തെളിയിച്ചതെങ്കിൽ, സാമുദായികമായ ദുരാചാരങ്ങളെ പുലൎത്തുവാൻ വേണ്ടി സ്നേഹത്തെ കഴുത്തുപിടിച്ചു ഞെക്കിക്കൊല്ലുന്നവൎക്കും ആപൽക്കാലങ്ങളിൽ യഥാൎത്ഥമായ ആത്മചൈതന്യം വെളിപ്പെട്ടു മനുഷ്യർ തമ്മിലുള്ള കൃത്രിമ വ്യത്യാസങ്ങൾ വിസ്മരിക്കുവാൻ സംഗതി വരുമെന്നു് 'ദുരവസ്ഥ' ദൃഷ്ടാന്തപ്പെടുത്തുന്നു. ഇങ്ങനെയുള്ള കൃത്രിമ വ്യത്യാസം ആത്മാവിന്നില്ലെന്നും, വെറും അനുരാഗമായി തെററിദ്ധരിപ്പാൻ ഇടയുള്ള ആത്മൈക്യമോഹവും അതു വഴിയായുള്ള ആദ്ധ്യാത്മികാഭിവൃദ്ധിയും നികൃഷ്ടമായിത്തള്ളപ്പെടുന്ന ജാതിക്കും ഉണ്ടാകാമെന്നും പ്രത്യക്ഷപ്പെടുത്തുകയത്രേ, 'ചണ്ഡാലഭിക്ഷുകി'യെക്കൊണ്ടു കവി സാധിച്ചിരിക്കുന്നതു്.

'പ്രരോദന'ത്തിൽ കവി മരണത്തിന്റെ മറനീക്കുന്നു. മനുഷ്യനു ജീവിതസ്ഥിതി താല്ക്കാലിക വികാരമാണെന്നും, മരണമാണു സ്ഥിരമായ സ്ഥിതിയെന്നുമാണു ആശാൻ പഠിപ്പിക്കുന്നതു്. മൃതിയെ ഭയപ്പെടേണ്ടാ; അതു് 'ആപത്തിൻ പരകാഷ്ഠയായ പുലി'യാണെന്നു ധരിക്കുന്നതു തെററാകുന്നു; അതു 'പച്ചത്തൃണരാശിതിന്നരിയപാലേകുന്ന' പശുവാണു്. അല്ലെങ്കിലുണ്ടോ വീരപദവിയെ കാംക്ഷിക്കുന്ന തരുണന്മാർ യുദ്ധത്തിൽ വലിയ തോക്കിന്റെ വായിൽ ചെന്നു ചാടി മരണത്തെ വരിക്കാൻ ആഗ്രഹിക്കുകയും അനുരാഗപാശം അററുപോയ തരുണികൾ ആത്മഹത്യയിൽ സുഖം തേടുകയും ചെയ്യുന്നു?

"പ്രാണിക്കിന്നേടു ജീവിതപ്പെരുവഴിക്ലേശം കഴിച്ചെത്രയും
ക്ഷീണിക്കും ഹൃദയത്തെ മൂടിയൊടുവിൽച്ചേർക്കുന്നു സൗഖ്യം മൃതി."

എന്നും,

"ജീവന്നിങ്ങു ബഹുക്രിയാജടിലമാമീ ദീർഘയാത്രാകഥ–
യ്ക്കാവശ്യം മൃതിയാം 'വിരാമ'തിലകം, സ്വാത്മപ്രതീതിക്കുമേ."

എന്നും ആണു, കവിയുടെ അഭിപ്രായം. ഒഴിച്ചുകൂടാത്ത മരണം ഒരാൾക്കു സംഭവിക്കുമ്പോൾ ശേഷക്കാർ കരയുന്നതിലുള്ള ദോഷത്വത്തേയും മരണത്തെ തടുപ്പാൻ ശ്രമിക്കുന്ന വൈദ്യന്മാരുടെയും അതിന്റെ കാലദീർഘതയെ പ്രവചിക്കുന്ന ജ്യോതിഷക്കാരുടെയും അജ്ഞതയേയും കവി താഴെ പറയുന്ന ശ്ലോകത്തിൽ സവിശേഷം അപഹസിക്കുന്നു:—

"കായും ഹൃത്തൊടടുത്തു കേണരുളുവോർനേരേ ചിരിച്ചും തിരി–
ഞ്ഞായുർജ്ജ്യോതിഷതത്വവിത്തുകളെ നോക്കിക്കൊഞ്ഞനം കാട്ടിയും
ഭീയും ദീനതയും മഹാഖിരതിയും നോട്ടങ്ങളാൽ ചേർത്തുമാ–
ശ്രീയുക്താവയവങ്ങൾതോറുമൊരുപോൽ കൂത്താടിയാർത്തു മൃതി."

മരണത്തിന്നപ്പുറമുള്ള അന്ധകാരത്തിൽ അടങ്ങിയ സംഗതികൾ അറിയേണ്ടതിനുവേണ്ടി ചെയ്ത പരിശ്രമത്തിലാണു മഹർഷിമാർ അദ്ധ്യാത്മതത്വങ്ങൾ കണ്ടുപിടിച്ചതത്രേ. അതു കൊണ്ടു ശ്മശാനമാണ് അദ്ധ്യാത്മവിദ്യാലയം എന്നു പറഞ്ഞതു യുക്തം തന്നെ.

സ്നേഹമായാലും പ്രണയമായാലും മനസ്സിന്റെ മഹനീയമായ ഏതു തരം വികാരമായാലും അവയെയൊക്കെ ഹൃദയത്തിൽ കുടികൊള്ളുന്ന ഈശ്വരന്റെ കല്പനകളായി കരുതി ധീരതയോടുകൂടി കർമ്മം ചെയ്തുകൊള്ളേണമെന്നും ഭയങ്കരമായി തോന്നുന്ന മരണം ജീവിതത്തിനു പോലും സൗഭാഗ്യമേറുന്ന ഒന്നാണെന്നു കരുതി ഭയപ്പെടാതിരിക്കണമെന്നും ആണു, മഹാകവിയായിരുന്ന ആശാന്റെ സന്ദേശം:

"ധാവള്യമേറുന്ന നിന്റെയുൾത്താരിൽത്താൻ
മേവുന്ന ലോകനിയന്താവിന്റെ
കല്പനകേട്ടു മറ്റൊന്നും ഗണിക്കാതെ
നിർഭയമായ് നീ നടന്നുകൊൾക."

കുമാരനാശാൻ വഴിക്കു് മലയാളഭാഷയ്ക്കുണ്ടായിട്ടുള്ള പ്രവണതകളുടെ സൂക്ഷ്മസ്വഭാവവും മഹത്വവും അറിയണമെങ്കിൽ കേരളത്തിലെ അന്നത്തെ പരിതഃസ്ഥിതികൾ ഏറെക്കുറെ അറിയാതെ തരമില്ല.

—ആർ. നാരായണപ്പണിക്കർ

# ആശാൻ

ഈ. വി. കൃഷ്ണപിള്ള

മഹാകവിയുടെ സ്മാരകമായി 1101–മീനത്തിൽ നടത്തിയിരുന്ന "ധർമ്മകുമാരൻ" എന്ന മാസികയുടെ ഒന്നാംപുസ്തകം ഒന്നാംലക്കത്തിൽ പ്രസിദ്ധീകരിച്ചതാണു് ഈ ലേഖനം.

ആ മഹാദുരന്തത്തെപ്പററി ഞാൻ ആലപ്പുഴവെച്ചാണു കേട്ടതു്. ആദ്യം വിശ്വസിച്ചില്ല. ബോട്ടുകടവിൽ പലതവണ പോയി അന്വേഷിച്ചു. എല്ലാവരും, ആശാൻ ഉണ്ടായിരുന്നു; ആശാൻ മരിച്ചുപോയി എന്നു് മ്ലാനമുഖരായി പരസ്പരം പറഞ്ഞുകൊണ്ടു നില്ക്കുന്നുണ്ടായിരുന്നു. അന്നു വൈകുന്നേരം തന്നെ ഞാനും എൻെറ ആത്മമിത്രമായ രാജശ്രീ ബാലകൃഷ്ണൻതമ്പി അവർകളുംകൂടി കൊല്ലത്തേയ്ക്കുള്ള ബോട്ടിൽ കയറി. അതിനുമുമ്പു് പല്ലന എന്നു കേട്ടിട്ടുതന്നെയില്ലായിരുന്നു. എന്നാൽ അന്നു ഞങ്ങളുടെ ബോട്ടിൽ ഉണ്ടായിരുന്നവരുടെ എല്ലാം നാമജപം പല്ലന എന്നായിരുന്നു. അവിടെ എത്തുന്നതുവരെ ഞങ്ങൾ ഒരേ ഇരുപ്പിരുന്നു. പരമശിവനേ! ആ ഭയങ്കര രാത്രിയിൽ ആ രുദ്രഭൂമി ഒന്നു കണ്ടു. അങ്ങിങ്ങു ശവവുംകാത്തു തീ എരിച്ചുകൊണ്ടിരുന്ന അസ്പഷ്ടരൂപികൾ അതിനെ ഒരു മഹാശ്മശാനമാക്കിയിരുന്നു. ആ കാഴ്ച ഇന്നും മറക്കത്തക്കതല്ല. കൊല്ലത്തെത്തി തീവണ്ടിയിൽ കയറാതെ, തോന്നയ്ക്കൽ ഇറങ്ങണമെന്നുള്ള ഉദ്ദേശത്തോടുകൂടി മോട്ടാറിൽ തിരുവനന്തപുരത്തേയ്ക്കു തിരിച്ചു. ആശാൻെറ വസതിയിൽ എത്തി. രണ്ടുപേരുടേയും കണ്ണുകൾ നിറഞ്ഞു. പരസ്പരം കാണാതായി. ആ സാധ്വിയേയും ദിവാകരനേയും ഒന്നേ നോക്കിയുള്ളു! തിരുവനന്തപുരത്തുനിന്നു വന്നെത്തിയ ബന്ധുക്കളാൽ ആവൃതയായി ആ തരുണീമണി കണ്ണുനീർ വീഴ്ത്തിക്കൊണ്ടിരിക്കുന്ന ആ രൂപം ഇന്നും എൻെറ മനസ്സിൽനിന്നും മാഞ്ഞിട്ടില്ല. അല്പകാലത്തെ പരിചയംകൊണ്ടു് എനിക്കു് അത്യാദരം വളർത്തിയ ആ മഹാനുഭാവനെപ്പററി രണ്ടുവാക്കെഴുതണമെന്നാണു് 'ധർമ്മകുമാരൻ' പ്രവർത്തകന്മാർ ആവശ്യപ്പെടുന്നതു്. എവിടെ തുടങ്ങുന്നു? എന്തു തോതു് അവലംബി

ക്കേണ്ടൂ? ആകപ്പാടെ അധികം സംഭവങ്ങൾ പറയുവാൻതക്ക പരിചയം ഇല്ലതാനും.

മഹാകവിയെസംബന്ധിച്ചുള്ള സ്മരണകളിൽ വാദകോലാഹലങ്ങളാൽ പ്രക്ഷുബ്ധമായിരുന്ന ആ ദുരവസ്ഥാക്കാലമാണ് എന്റെ സ്മൃതിപുടത്തിൽ അതിവിശദമായി നില്ക്കുന്നതു്. അതിനുമുമ്പ് പലതവണയും അദ്ദേഹവുമായി സംഭാഷണം ചെയ്തിട്ടുണ്ടെങ്കിലും ഒരു കവീശ്വരൻ എന്ന നിലയിൽ അദ്ദേഹത്തിനുള്ള അനർഘമാഹാത്മ്യം വാദപ്രതിവാദമാർഗ്ഗമായി എനിക്കു അല്പം ഏതാണ്ടു ഗ്രഹിക്കുവാൻ കഴിഞ്ഞതു് അന്നാണ്. ദുരവസ്ഥ എന്ന കാവ്യത്തിന്റെ ഉല്പാദനത്തെക്കുറിച്ചു ഇപ്പോൾ ആരോടും വല്ല പുതിയ വാർത്തയും പറയേണ്ടതായ ആവശ്യമില്ല. സ്വയംഭരണത്തിനു ഭാരതീയർക്കുള്ള അയോഗ്യതകൾ എന്തെല്ലാമെന്ന് പാശ്ചാത്യഭരണധുരന്ധരന്മാർ കണക്കു കൂട്ടിക്കൊണ്ടിരിക്കയാണ്. അവരുടെ വാദമുഖങ്ങൾ പലതും നമുക്കു ഖണ്ഡിക്കാവുന്നതാണെങ്കിലും ജാതിവ്യത്യാസം എന്ന മഹാപ്രതിബന്ധം അക്ഷയശക്തിയോടെ ഭാരതീയജനതയുടെ സ്വാതന്ത്ര്യപദ്ധതിയിൽ ഹിമവത്സമാനം ഉറച്ചിരിക്കുന്ന കാലത്തോളവും പൊതുവേ ക്ഷേമപ്രദങ്ങളായ ഭരണരീതികൾ സ്വദേശികളാൽ അംഗീകൃതമാകുന്നതിന്ന് നിവൃത്തിയില്ലെന്നുള്ളഭാഗം തീരെ നിഷേധിക്കുവാൻ തരമില്ല. ഒരുപക്ഷേ ഇവിടത്തെ അന്യായമായ അസമത്വം പരിഹരിക്കപ്പെട്ടതിനുശേഷമല്ലാതെ നമുക്കു യാതൊരുതരത്തിലുമുള്ള രാഷ്ട്രീയമോക്ഷവും സംപ്രാപ്തമാവുകയില്ലെന്നു വന്നേക്കാവുന്നതാണ്. ഈ വിഷയത്തിൽ മഹാപാപാനുഷ്ഠകരെന്നു കുശ്രുതി സമ്പാദിച്ചിട്ടുള്ളതു കേരളീയരാണ്. അവരുടെ ഉൽഗതി സർവ്വപ്രകാരേണയും അസ്ഥാനത്തിലും അകാലത്തിലും ശേഷിക്കുന്ന ഈ പ്രാചീനാന്ധ്യത്തിന്റെ അഭേദ്യകാർക്കശ്യത്താൽ അനവാച്യമായിത്തീർന്നിട്ടുണ്ടു്. അങ്ങനെയുള്ള ഒരു ജനസമുദായത്തിൽ ജീവിച്ചിരിക്കുന്ന ഒരു മഹാകവിക്കു ഏവംവിധത്തിലുള്ള നികൃഷ്ടപരിതഃസ്ഥിതികൾ അസഹ്യങ്ങളായിത്തീർന്നതു അത്ഭുതമല്ലല്ലോ. അദ്ദേഹമാകട്ടെ മാനസികവികാരങ്ങളുടെ നിസ്സീമസ്വാതന്ത്ര്യത്തെയും പ്രണയാദിവികാരങ്ങളുടെ വ്യാപ്തിയിൽ ജീവനാശത്തിനുള്ള അതിതുച്ഛമായ സ്ഥാനത്തേയുംകുറിച്ചു അമോഘങ്ങളായ കവനങ്ങൾ രചിച്ച് അഭിനവമായ ഒരു പ്രസ്ഥാനം മലയാളഭാഷാസാഹിത്യത്തിനുതന്നെ നൽകീട്ടുള്ള ആളുമാണ്. പുരാതന കവിസങ്കേതങ്ങൾ അതിധൈര്യത്തോടുകൂടി ഭേദിച്ച്, മനുഷ്യഹൃദയത്തിന്റെ മഹനീയപ്രതിച്ഛായയെ നിർമ്മിക്കുന്നതായ കാവ്യകലാസമാപ്തിയിൽ എത്തിയിരിക്കുന്ന ആ മഹാകവിതന്നെയാണ് സഹോദരവർഗ്ഗത്തിന്റെ ആന്ധ്യത്തേയും മനഃപ്പൂർവമല്ലാതുള്ള ക്രൗര്യാനുഷ്ഠാനത്തേയും നിശ്ശേഷം മാററുന്നതിനു ശ്രമിക്കേണ്ടതു്. രാമായണമോ മഹാഭാരതമോ മററോ പരാവർത്തനം ചെയ്യുക എന്ന സാധാരണവൃത്തിയിൽ മാത്രം പ്രവേശിച്ചു സാഹിത്യാദ്ധ്യേതാക്കൾക്കു കുറേ പദ്യങ്ങൾ കാണാപ്പാഠത്തിനും രസാസ്വാദനത്തിനും ആയി കൊടുക്കുകമാത്രം ചെയ്താൽ ഇപ്രകാരമുള്ള ഒരു കവിയുടെ കർത്തവ്യാനുഷ്ഠാനം പരിപൂർണ്ണമായെന്നു വരുന്നതല്ല. അത്രയും മാത്രം ചെയ്തിട്ടു പ്രകൃതിയുടെ ഉദരത്തിൽ ആശാൻ മറഞ്ഞിരുന്നുവെങ്കിൽ അദ്ദേഹത്തിന് ഇപ്പോൾ ലഭിച്ചിട്ടുള്ള അതികാമ്യമായ സ്ഥാനം കരഗതമാകുമായിരുന്നുവോ എന്നു സംശ

യവുമാണു്. രാജ്യഭരണവിഷയത്തിൽ കവികൾക്കു് അത്യുൽക്കൃഷ്ടമായ ഒരു സ്ഥാനമുണ്ടു്. അതു് ഒരുപക്ഷേ ആരും നല്ലതുപോലെ മനസ്സിലാക്കുന്നില്ലെന്നു തോന്നുന്നു. ഇററാലിയൻ സ്വാതന്ത്ര്യത്തെപ്പററി ഇപ്പോഴും ചരിത്രകാരന്മാർ പറയുന്നതു് അതു് മഹാകവികളുടെ സ്വപ്നഫലമായിരുന്നുവെന്നത്രേ. കവനകലാചാതുരി എല്ലാവൎക്കും ലഭിച്ചിട്ടുള്ള ഒരു അനുഗ്രഹം അല്ല. സാധാരണ ലോകത്തിൽനിന്നും ഉയൎന്നു കൂടുതൽ വ്യാപ്തിയിൽ നോക്കിക്കാണാവുന്നവരാണു് മഹാകവികൾ. ഇക്കാൎയ്യത്തിൽ മഹാത്മഗാന്ധിയെ ഒരു ലോക മഹാകവിയായി കണക്കാക്കാം. നെപ്പോളിയനെപ്പററി കാർളൈൽ പറഞ്ഞിട്ടുള്ളതു് അദ്ദേഹം അത്യുൽക്കൃഷ്ടനായ ഒരു കവി ആയിരുന്നു എന്നതാണു്. ലോകത്തിന്റെ അന്തസ്സത്വം കാവ്യത്തിൽ ആണു ലയിച്ചിരിക്കുന്നതു്. ഈ മഹാനുഗ്രഹം സങ്കലിച്ചിട്ടുള്ള ആത്മാക്കൾ പല ജീവിതവൃത്തികൾ തുടരുന്നെന്നല്ലാതെ അവരുടെ അന്തഃസ്ഥിതിയ്ക്കു വല്ലവ്യത്യാസവും ഉണ്ടെന്നു ധരിക്കരുതു്. ആശാന്റെ ഹൃദയം കേരളീയരുടെ സ്വത്തായ ജാതിഭ്രാന്തിയുടെ പരമനൈകൃഷ്ട്യത്താൽ തപ്തമായിത്തീൎന്നിരുന്നു.

പ്രസ്തുത ദുരാചാരത്താൽ ആത്മാഭിമാനത്തിനു ക്ഷതം വന്നുചേൎന്നിട്ടുള്ള ഒരു മഹാസമുദായത്തിലെ അംഗവും കൂടിയായിരുന്നു നമ്മുടെ കവി. അദ്ദേഹം തന്നെ ദുരവസ്ഥയെക്കുറിച്ചു ഒരിയ്ക്കൽ പറഞ്ഞിട്ടുള്ളതുപോലെ ജാതിചെയ്യുന്ന മഹാദോഷത്തെപ്പററി വള്ളത്തോൾ, ഉള്ളൂർ എന്നിവരെക്കാൾ കൂടുതലായി ക്ഷുബ്ധനാകേണ്ടതായ ആവശ്യം പ്രകൃത്യാ അദ്ദേഹത്തിനുണ്ടു്. അങ്ങിനെയിരിക്കുമ്പോഴാണു് മലബാർ ലഹള വന്നുചേൎന്നതു. ശ്രീകൃഷ്ണന്റെ സ്വൎഗ്ഗാരോഹണാനന്തരം യദുകുലത്തിനു വന്നുചേൎന്ന അനാശ്യസ്ഥിതിയെ ദഹിപ്പിച്ചു ലോകശുദ്ധി പുനഃസ്ഥാപിക്കുന്നതിനു സമാഗതമായ ദുരന്തപടലിപോലെ ഈ ലഹളയും ഒരു ശുദ്ധികൎമ്മത്തിനു പൎയ്യാപ്തമാകുമെന്നു മഹാകവി ഊന്നായിരിക്കണം. ഏതായാലും തന്റെ ഹൃദയത്തിൽ വളരെക്കാലംകൊണ്ടു സഞ്ചയിച്ചിരുന്ന ആശയങ്ങളേയും പരിഷ്കാരവാഞ്ഛയേയും തദുചിതമായി പ്രദൎശിപ്പിക്കുവാൻ ഒരു തരംവന്നു ചേൎന്നിരിക്കുന്നു എന്നു് അദ്ദേഹം കണ്ടു. അല്ലാതെ വല്ല സമുദായത്തേയും ആക്ഷേപിക്കണമെന്നോ വല്ലവരുടേയും മതവിശ്വാസം തകൎക്കണമെന്നോ അദ്ദേഹം വിചാരിച്ചതല്ല. ജാതിമതഭേദങ്ങളും മററു ദുരാചാരങ്ങളും ഉണ്ടാകുന്നതു ഹൃദയത്തിന്റെ പ്രവൃത്തനവിശേഷങ്ങൾ കൊണ്ടാണു്. ഒരു കാലത്തിലുള്ള ഹൃദയവ്യാപാരം അതേ രീതിയിൽ എക്കാലവും നിലനില്ക്കുമെന്നില്ല. സംഭവഗതിയും സംസ്കരണവും അനുസരിച്ചു അതുഭേദപ്പെട്ടുകൊണ്ടു തന്നെയിരിക്കും. മനുഷ്യനിൎമ്മിതങ്ങളായ ദുരാചാരങ്ങളെ ഈശ്വരദത്തമായ ഹൃദയവികാരങ്ങൾ ഭേദിക്കുന്നു. എന്നാൽ ഇതു പ്രായേണ സുഗമമായ ഒരു പരിഷ്കാര പ്രവൃത്തിയല്ല. ഹൃദയത്തിനു സങ്കുചിതപരിധികൾ കടന്നിട്ടു മുമ്പോട്ടു പോകണമെന്നിരുന്നാലും സംവരണസ്ഥിതികളുടെ എതിർപ്പു് പലയവസരങ്ങളിലും അതിന്റെ ശ്രമത്തെ തടയുന്നു. തൽഫലം കാലക്രമത്തിൽ ഉണ്ടാകുന്ന നിരാശയും മഹാനാശവുമാണെന്നിരുന്നാലും ഇതു് ഒരു പരമാൎത്ഥംതന്നെയാണു്.

ഈ അവസരത്തിൽ പ്രസിദ്ധ ഗ്രന്ഥകർത്രിയായ മേരികോർലിയുടെ 'ബാലൻ' (Boy) എന്ന ആഖ്യായിക എൻെറ ഓർമ്മയിൽ എത്തുന്നു. ഈശ്വരസാന്നിദ്ധ്യം കൊണ്ടു പരമകോമളമായിരിക്കുന്ന ദിവ്യാരാമത്തിലെ ആനന്ദമായ ദർശനങ്ങളെ പററിയുള്ള അസ്പഷ്ടങ്ങളെങ്കിലും പ്രബലങ്ങളായ സ്മരണകളോടുകൂടി ഭൂലോകജാതമാകുന്ന സംവരണസ്ഥിതികളുടെ പ്രതികൂലശക്തിയെ ജയിക്കുവാൻ കഴിയുന്നത്ര ശ്രമിക്കുന്നതും ഒടുവിൽ അതിനു നിവൃത്തിയില്ലാതെ നരകത്തിലേക്കു പതിക്കുന്നതുമാണു്, ആ ഗ്രന്ഥത്തിലെ വിഷയം. അതുപോലെ കേരളീയ ദുരാചാരങ്ങൾ അസഹ്യങ്ങളായി തീർന്നിട്ടു സമത്വം എന്ന സുവർണ്ണഘട്ടത്തിലേക്കു കടക്കുവാൻ ഉററുനോക്കിക്കൊണ്ടിരിക്കുന്ന ഒരു ആത്മാവു് വിജയപദത്തിലെത്തുക തീരെ സുസാദ്ധ്യമല്ല. ഇപ്രകാരമുള്ള സംസ്കൃതാത്മാക്കൾ ഈ കേരളസമുദായത്തിൽ ഇതേവരെ ജനിച്ചിട്ടില്ലെന്നു പറയുക തീരെ സംഭവ്യമല്ല. എന്നാൽ ആ മാതിരി ഉൽകൃഷ്ടാശയങ്ങളോടുകൂടിയ ആത്മാക്കളെ പരിതഃസ്ഥിതികൾ നാശഗർത്തങ്ങളിൽ പതിപ്പിച്ചുകളയുകയാണു ചെയ്യുന്നതു്. അക്കാര്യം മാത്രമാണു് ദുരവസ്ഥയിൽ കാണിച്ചിട്ടുള്ളതും. ഇപ്രകാരം ശുദ്ധാത്മാവിനു നാശം നൽകുന്ന സ്ഥിതികൾ ഒന്നു മാറി നിന്നതായ അവസരമാണു മലബാർ ലഹളമൂലമുണ്ടായ കലാപഘട്ടം. അതുകൊണ്ടു് അതിനെ ഒരു കാവ്യത്തിനു വിഷയമാക്കാമെന്നു തന്നെ നമ്മുടെ കവി വിചാരിച്ചു. സാവിത്രി അന്തർജ്ജനത്തിനു ജന്മദത്തമായി ലഭിച്ചിരുന്ന മഹനീയ വികാരങ്ങൾ യഥേഷ്ടം പിന്തുടരുന്നതിനു ഈ വിപത്തില്ലായിരുന്നെങ്കിൽ സാധിക്കുകയില്ലായിരുന്നു. കോർലിയുടെ ബാലനെപ്പോലെ ആ തരുണീമണിയും കാലക്രമേണ നിരാശയിലും അനന്തര നാശത്തിലും പതിച്ചു രുദ്രഭൂമിയിൽ ലയിക്കുമായിരുന്നു. പക്ഷേ ആശാൻ ആ മഹിളാരത്നത്തെ രക്ഷിച്ചു. അതിനു അദ്ദേഹത്തിനു ലഭിച്ച അവസരം മലബാർ ലഹളക്കാലവും ആണു്. ഒരു നമ്പൂതിരി സ്ത്രീ ഒരു പുലയൻെറ പ്രിയകളത്രമാവുകയെന്നതു പെട്ടെന്നു ക്ഷോഭമുണ്ടാക്കുന്ന ഒരു സംഗതിയാണെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ സർവ്വസമത്വം വേണമെന്നു വാദിക്കുന്നവർ നിർദ്ദേഷമായ ഈ പരിവർത്തനത്തിൽ ചകിതചിത്തരാകുന്നുണ്ടെങ്കിൽ അതു അത്ഭുതാവഹംതന്നെയാണു്. ഒരു മഹാകവി വിമർശകലോകത്തിൻെറ തൂലികാപ്രയോഗത്തെ ഭയപ്പെട്ടിട്ടല്ല വല്ലതും എഴുതുന്നതു്. തന്നെത്തന്നെ മറന്നിട്ടു് ലോകത്തിൻെറ അന്തസ്സത്വമെന്ന അപ്രമേയ സ്ഥിതിയിൽ ലയിച്ചിരിക്കുന്ന അദ്ദേഹത്തിൻെറ ഹൃദയത്തിനു ഈ സാധാരണ സംഭവങ്ങൾ എങ്ങിനെ കാണുവാൻ കഴിയും? ഇതരന്മാർക്കു് അപ്രാപ്യമായ ഒരു ഉന്നതവേദിയിൽ നിന്നു ലോകനിരീക്ഷണം അനുവർത്തിക്കുന്ന ഒരു കവിക്കു് എങ്ങിനെയാണു് പാതാളത്തിൻെറ ഗഹനതയിൽ വ്യാപരിക്കുന്ന ദുഷ്ടുകൾ കാണുവാൻ കഴിയുന്നതു് ? എന്നാൽ എതിരുവന്നതു് ആശിച്ചിരുന്നിടത്തു നിന്നല്ല എന്നു് ആശാൻതന്നെ പറയുക പതിവുണ്ടായിരുന്നു. നമ്പൂതിരിമാരോ അതുപോലെയുള്ള യാഥാസ്ഥിതികന്മാരോ ദുരവസ്ഥയുടെ നേരെ രുഷ്ടരായി അടുക്കുമെന്നാണു് അദ്ദേഹം വിചാരിച്ചിരുന്നതു്. അങ്ങിനെ ആശിക്കുവാനേ തരമുള്ളു. ജാതിമതഭേദങ്ങളേയോ മററു് അസമത്വങ്ങളേയോ തെല്ലെങ്കിലും വകവെയ്ക്കാത്തവരെന്നു തന്നെയല്ല മററു മതങ്ങളിൽ

എന്നപോലെ ദൈവത്തിനും മനുഷ്യനും ഇടയിൽ പുരോഹിതവർഗ്ഗം എന്ന ഒരു ദല്ലാലിക്കൂട്ടം ഉണ്ടെന്നുപോലും സമ്മതിക്കാത്തവരായ മുസ്ലിം സഹോദരങ്ങൾക്കു ഈ പ്രസിദ്ധീകരണം വല്ലവിധത്തിലും ഉള്ള എതിരഭിപ്രായത്തെയും ജനിപ്പിക്കുമെന്നു കവിയോ മററുള്ളവരോ തെല്ലെങ്കിലും വിചാരിച്ചിരുന്നതല്ല. ഈ കാരണത്താൽ അല്ലെങ്കിലും നിർഭാഗ്യത്താൽ അവർക്കാണു ദുരവസ്ഥയോടു അതികാലുഷ്യം ഉണ്ടായതു്. ഇതിൽ ഇരുകക്ഷികളും പരിശുദ്ധങ്ങളായ വികാരങ്ങളാലാണു് പ്രേരിതരായതെന്നു ഇരുഭാഗത്തോടും സന്തതസഹചാരം ചെയ്തിരുന്ന എനിക്കു പൂർണ്ണബോദ്ധ്യം ഉണ്ടു്. മുസ്ലിംസമുദായ പരിഷ്കരണത്തിനായി നിഷ്കളങ്കം യത്നിക്കുന്ന മൂന്നുനാലു മുസ്ലിം സ്നേഹിതന്മാരിൽനിന്നുമാണു ദുരവസ്ഥയെ പററിയുള്ള പ്രതിഷേധാഭിപ്രായം ആദ്യമായി ഞാൻ കേട്ടതു്. മഹാത്മാഗാന്ധിയുടെ പരിശുദ്ധോപദേശങ്ങൾ ഭാരതീയാന്തരീക്ഷത്തിൽ ദിനംപ്രതിയെന്നപോലെ സജീവ ചിന്താതരംഗങ്ങൾ ചേർത്തുകൊണ്ടിരുന്ന അക്കാലത്തിൽ ഏതൽകാര്യങ്ങളിൽ ബദ്ധശ്രദ്ധരായി കാണപ്പെട്ട ആ സ്നേഹിതന്മാർ അശുദ്ധങ്ങളായ ഹൃദയപ്രേരണകൾക്കു വശംവദരായി സർവ്വസമുദായ മൈത്രിയെ ബാധിക്കുന്നതായ വല്ല കലാപങ്ങൾക്കും വട്ടംകൂട്ടുമെന്നു് വിശ്വസിക്കുവാൻ മാർഗ്ഗമില്ലാതിരുന്നു. അതുകൊണ്ടു് അവരുടെ ആക്ഷേപങ്ങൾ പരമാർത്ഥങ്ങൾ എന്നുതന്നെയാണു് ഞാൻ വിചാരിച്ചതു്. ആ വിശ്വാസത്തിനു വല്ല വൈകല്യവും ഇപ്പോൾ വന്നിട്ടുണ്ടെന്നല്ല ഞാൻ അർത്ഥമാക്കുന്നതു്. എന്തായാലും ഈ പ്രതിഷേധം മുൻപു സൂചിപ്പിച്ചതുപോലെ മഹാകവിയുമായുള്ള വാദപ്രതിവാദങ്ങൾക്കു് ചില അവസരങ്ങൾ എനിക്കു നൽകി. അദ്ദേഹത്തെ തിരുവനന്തപുരം നഗരത്തിൽ വച്ചു് പലപ്പോഴും കാണുകയുണ്ടായിട്ടുണ്ടു്. എന്റെ ഗൃഹത്തിലും മിക്കപ്പോഴും വന്നിട്ടുണ്ടു്. എന്നാൽ ദുരവസ്ഥയെപററിയുള്ള സംഭാഷണം ഉണ്ടായതു് തോന്നയ്ക്കൽ അദ്ദേഹം താല്ക്കാലികമായിട്ടെന്നപോലെ തയ്യാറാക്കിയിട്ടുള്ള ചെറുഭവനത്തിൽവെച്ചായിരുന്നു. മഹാകവികളുടേയും മററു വീരപുരുഷന്മാരുടേയും ദൈനംദിനജീവിതത്തേയും നടപടിക്രമങ്ങളേയും മററും പററി അറിയുക എനിക്കു അത്യധികം ചാരിതാർത്ഥ്യപ്രദങ്ങളായ അന്വേഷണങ്ങളാണു്. ആശാന്റെ വസതി അഥവാ അദ്ദേഹം വാഗ്ദേവിയുടെ ആരാധനത്തിനായി സജ്ജമാക്കീട്ടുള്ള രംഗം പ്രഥമവീക്ഷണത്തിൽ എന്റെ മനസ്സിൽ കുറിച്ചതു മറേറാ മഹാകവിയുടെ ഭവനത്തെത്തന്നെയാണു്. ആഡംബരപരങ്ങളായ സാമഗ്രികൾ കാവ്യനിർമ്മാണത്തിനു് പ്രതികൂലങ്ങളാണെന്നുതന്നെയാണു് തോന്നുന്നതു്. ആശാനേയും വള്ളത്തോളിനേയും അപേക്ഷിച്ചു് പരിഷ്കൃതലോകത്തോടു കൂടുതൽ സാമീപ്യം അനുഭവിക്കുന്ന ഉള്ളൂരും കാവ്യരചനയ്ക്കു തേടുന്ന സ്ഥലം അനാഡംബരമായാണു കണ്ടിട്ടുള്ളതു്. എന്തായാലും ആശാന്റെ വസതിയെപ്പോലെ പ്രകൃതിയുടെ രാമണീയകത മററിരുവരുടേയും ആസ്ഥാനകേന്ദ്രത്തെ അനുഗ്രഹിക്കുന്നില്ല. അതിവിശാലമായ അദ്ദേഹത്തിന്റെ തോപ്പിനുചുററും ജനാധിവാസസ്ഥാനങ്ങൾ വളരെ ചുരുക്കമായാണുള്ളതു്. തോപ്പിനു കിഴക്കുവശത്തു കടിശകടങ്ങളുടെ അപൂർവ്വസഞ്ചരണത്താൽ സ്വച്ഛസാന്നിദ്ധ്യം അറിയിച്ചുകൊണ്ടു സ്ഥിരഗമനം ചെയ്യുന്ന രാജപാതയൊഴിച്ചാൽ അവിടം അതിനിശബ്ദമായ ഒരു മണ്ഡലംതന്നെയാണു്.

ആശാൻെറ നിത്യദർശനം അനുഭവിക്കുന്നതു പ്രകൃതിയുടെ നിർദ്ദോഷ സന്താനങ്ങളും ഹരിതവണ്ണവിഭൂഷിതങ്ങളുമായ തരുലതാദികളത്രേ. പശ്ചിമ സമുദ്രത്തിൽനിന്നും മന്ദഗമനംചെയ്യുന്ന മാരുതവ്യാപാരത്തിൽ ഈ സഹോദരങ്ങൾ മഹാകവിയുടെ സാമീപ്യത്തിലുള്ള തങ്ങളുടെ ചാരിതാർത്ഥ്യ പ്രകർഷത്തെ ശിരഃചലനത്താൽ പ്രത്യക്ഷപ്പെടുത്തുന്ന കാഴ്ച മറക്കാൻ തരമില്ല. പടിഞ്ഞാറോട്ട് അനന്തവിസ്തൃതിയിൽ വിടന്നു ആകാശചുംബികളായിക്കാണുന്ന ഭൂഖണ്ഡങ്ങൾ ഒരു പക്ഷേ പ്രകൃതിയുടെ അനവദ്യസ്ഥിതിയും മഹാകവിയുമായുള്ള നിരന്തര ബന്ധത്തെ പ്രത്യക്ഷപ്പെടുത്തുകയായിരിക്കും ചെയ്യുന്നതു്. മനുഷ്യനിർമ്മിതങ്ങളായ അക്ഷരമാലകൾക്കോ ഭാഷാ സങ്കേതങ്ങൾക്കോ അതീതമായിരിക്കുന്ന എത്ര ചിന്താശകലങ്ങളായിരിക്കും ഈ മൈതാനങ്ങളിൽക്കൂടിയടിക്കുന്ന കാററിൽ കലന്നു മറന്നിരിക്കാവുന്നതു്! നിർബാധവും, നിരുപമവും അത്യന്തം പ്രശാന്തവും അതികാമ്യവുമായ ഈ കവി സദനത്തിൽ ഞാൻ ഒരു സന്തപ്തമദ്ധ്യാഹ്നത്തിലാണു് പ്രവേശിച്ചതു്. ചുററും ജീവരാശികളെ വറട്ടുന്നതായ മഹൗഷ്ണ്യം ഈ ആശ്രമത്തെ ബാധിക്കാതെ യഥോചിതം രക്ഷിക്കുന്നതിനു തയ്യാറായി നിൽക്കുന്ന ദാരു സഹോദരങ്ങളുടെ വീജനം എന്നെ കവിയുടെ സ്വാഗതവചസ്സുകളോടൊപ്പം സുഖിപ്പിച്ചു. ആശാനെ കണ്ടിട്ടുള്ളവർ ഒരു കാര്യം ഓർമ്മിക്കാതെ തരമില്ല. ആൾ സുന്ദരനല്ല; നിറം നല്ലതല്ല; പ്രത്യേകിച്ചു യാതൊരു കമനീയതയും അദ്ദേഹത്തിനില്ല എന്നാൽ ആരോഗ്യച്ഛവി അതിസുലഭമായി വിലസുന്ന ആ മുഖത്തിനു പരമമായ ഒരു ആകർഷണീയതയുണ്ടെന്നു സമ്മതിക്കാതിരിക്കുവാൻ തരമില്ല. ദുർഗ്രഹങ്ങളായ ചിന്താമണ്ഡലങ്ങളിൽ വ്യാപരിക്കുന്ന യതീശ്വരന്മാരെപ്പോലെയോ ലോകസേവനാർത്ഥം ഇറങ്ങീട്ടുള്ള മഹാത്മാക്കളെപ്പോലെയോ ആണു് അദ്ദേഹത്തിൻെറ നേത്രങ്ങൾ നമ്മുടെ മനസ്സിൽ പതിയുന്നതു്. അവയുടെ അചഞ്ചലപ്രസന്നതയെ, സഹായിക്കയോ, പ്രവൃദ്ധമാക്കയോ ചെയ്യുന്ന ആ പുഞ്ചിരി; ഇതാ ഇപ്പോഴും കണ്ണുകൾ നിറയുന്നു. ഞാൻ അദ്ദേഹത്തിൻെറ പ്രിയ ബന്ധുക്കളിൽ ഒരാളല്ല. അദ്ദേഹത്തിൻെറ അന്തർദ്ധാനം എൻെറ വ്യാപാരമണ്ഡലത്തിൽ വല്ല വിവക്തതയും ഉണ്ടാക്കീട്ടില്ല. എന്നാലും ഈ മഹച്ചരമം അത്യന്തം ദുസ്സഹംതന്നെയാണു്. ദുരവസ്ഥ നല്ലതുപോലെ വായിക്കാതെ ആ ഗ്രന്ഥത്തിൻെറ ഗുണദോഷങ്ങളെപ്പററിയുള്ള ഒരു മഹാപ്രാഡ്വിപാകനായിട്ടാണു് ഞാൻ സംഭാഷണമാരംഭിച്ചതു്. എൻെറ ജ്ഞാനരാഹിത്യം കവിക്കു് ഉത്തരക്ഷണത്തിൽതന്നെ മനസ്സിലായിക്കാണും. എന്നാൽ, ആ ഭാവമൊന്നും കാണിച്ചില്ല. കാവ്യനിർമ്മാണത്തിൽ അദ്ദേഹത്തെപ്പോലുള്ള ഒരറിവു് എനിക്കുമുണ്ടെന്നമട്ടിലാണു സംസാരിച്ചതു്. അതിവിശാലമായ ആ ചിത്തത്തിനു വല്ലവരെപ്പററിയും വല്ല ദോഷവിചാരങ്ങളും സംഗ്രഹിക്കുവാൻ തീർച്ചയായും ശക്തിയുണ്ടാകയില്ലെന്നു എനിക്കു ഉടൻതന്നെ ബോദ്ധ്യമായി. അതുകൊണ്ടു ആ ഗ്രന്ഥം ആ വരാന്തയിലുള്ള ചാരുകസാലയിൽ കിടന്നുതന്നെ ഒരിയ്ക്കൽക്കൂടി നല്ലപോലെ വായിക്കണമെന്നുള്ള അദ്ദേഹത്തിൻെറ ഉപദേശം ഞാൻ വേഗം അംഗീകരിച്ചു. അതുകൊണ്ടു് അക്കൊല്ലത്തെ മലയാള മുഖ്യപരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ ഉണ്ടാക്കുന്നതിനു് അദ്ദേഹത്തിനു സൗകര്യംലഭിച്ചു.

# കയ്യെഴുത്തിലെ ആശാൻ

## കാപ്പിൽ കേശവൻ

'ശിവഗിരി' മാസികയുടെ 1947-മാർച്ച്
ഒന്നാം തീയതിയിലെ ഒന്നാം പുസ്തകം
മൂന്നാം ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നതു്.

മുദ്രാലയത്തിൽ നിന്നും പുറത്തുവരുന്ന വിധം മഹാകവികളുടെ കാവ്യങ്ങൾ എടുത്തുവെച്ച് നാം അവയുടെ സൗന്ദര്യം ആസ്വദിക്കുമ്പോൾ ഒരു അസുന്ദരഘട്ടം അവയ്ക്കുണ്ടായിരുന്നു എന്ന വസ്തുത മിക്കവാറും ചിന്തിക്കാറില്ല. ഓരോ കാവ്യവും ഒരുക്കിക്കുറതീർത്തു സർവ്വാംഗ സുന്ദരമായി രംഗത്തിറങ്ങുന്നതിനു മുമ്പ് അണിയറയിൽ നടക്കുന്ന തേയ്ക്കലും തുടയ്ക്കലും, അണിയിക്കലും അഴിക്കലും മറനീക്കിക്കാണുവാനുപകരിക്കുന്ന ഒരു സന്ദർഭം ജിജ്ഞാസുവായ മനുഷ്യബുദ്ധിക്കു നിശ്ചയമായും രസകരം തന്നെ ആയിരിക്കും. അനുവദിക്കുവാൻ വയ്യാത്ത ഒരു ദുസ്സ്വാതന്ത്ര്യമാണ് ഇത്തരം രഹസ്യാന്വേഷണം എന്നു ചിലർ പറഞ്ഞേക്കാം. ഈ കാവ്യമോഹിനികളുടെ പിതാവായ കവി ജീവിച്ചിരിപ്പുണ്ടെങ്കിൽ സർവാംഗസുഭഗത്വം കൊടുക്കുവാൻ താൻ ഇത്ര അതിസാഹസം ചെയ്ത ആ ഓമനകളെ അവരുടെ വിരൂപാവസ്ഥയിൽ ഒന്നെത്തിനോക്കാൻ പോലും ആരെയും അനുവദിക്കുമായിരുന്നില്ലാ നിശ്ചയം.

ഇതൊക്കെയാണെങ്കിലും മഹാകവികളുടെ കയ്യെഴുത്തുകൾ കിട്ടുമെങ്കിൽ പരിശോധിക്കുകതന്നെ വേണം. കവിയെപ്പററി അദ്ദേഹത്തിന്റെ മുദ്രിതമായ കൃതിയിൽ നിന്നും ആശിക്കുവാൻ പോലും വയ്യാത്ത പല അറിവുകളും ഇത്തരം കയ്യെഴുത്തിൽ നിന്നും ലഭിക്കുമെന്നുള്ളതാണ് അതിന്റെ സമാധാനം. ഓരോ കാവ്യരത്നവും ഖനിയിൽ നിന്നും കിരീടത്തിലേക്കു പുരോഗമിക്കുന്ന സംസ്കാരവൃത്തിയുടെ ചരിത്ര രേഖയാണ് അതിന്റെ കയ്യെഴുത്തു എന്നു പറയാം. അസ്ഫുടത്തിൽ നിന്നു സ്ഫുടത്തിലേയ്ക്കു്, അസുന്ദരത്തിൽ നിന്നു് സുന്ദരത്തിലേക്കു്, അബദ്ധത്തിൽ നിന്നു് സുബദ്ധത്തിലേയ്ക്കു്, അപൂർണ്ണതയിൽനിന്നു് പൂർണ്ണതയിലേക്കു്, ഇങ്ങനെയുള്ള ഒരു സർഗ്ഗവ്യാപാരത്തിന്റെ ആത്മകഥാകഥനമാണു് നാമതിൽ കണ്ടെത്തുന്നതു്.

'എലിജി' എന്ന പേരിൽ ഏതാനും പദ്യങ്ങളുള്ള ഒരു വിലാപകാവ്യം രചിച്ച മഹാകവിയായിത്തീർന്ന ഗ്രേയെപ്പററി ചിലരെങ്കിലും കേട്ടിരിക്കാം. ചിന്തോദ്ദീപകവും അതിമനോഹരവുമായ ഒരു കലാസൃഷ്ടിയാണ് പ്രസ്തുത കാവ്യം. അതു് എഴുതത്തീർന്നിട്ട ഉടൻ പ്രസിദ്ധീകരിക്കാതെ ഏഴു വർഷത്തോളം കൈവശം വച്ചു മിനുക്കുപണികൾ നടത്തിയശേഷമേ ഗ്രേയ്ക്കു ആത്മവിശ്വാസം വന്നുള്ള എന്നു പറയപ്പെടുന്നു. ആദ്യം രചിച്ചതും എന്നാൽ ഒടുവിൽ ത്യജിച്ചതുമായ ഏതാനും പദ്യങ്ങൾ ഗ്രേയുടെ കൈയെഴുത്തിൽ നിന്നും ജോൺ ഓ—ലണ്ടൻ എന്ന നിരൂപകൻ തൻെറ ഒരു ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്. ഈ പദ്യങ്ങൾ പ്രത്യേകം നോക്കിയാൽ അന്യൂനങ്ങളും മനോഹരങ്ങളുമാണു്. ഏതൊരു കാവ്യഗാത്രത്തേയും അലങ്കരിക്കാൻതക്ക പ്രകാശവും വിലയും അവയ്ക്കുണ്ടെന്നേ തോന്നുകയുള്ള. പക്ഷേ ഗ്രേ നടത്തിയ പരിശോധനയിൽ അവ 'എലിജി'യുടെ പന്തിയിലിരിക്കാൻ കുലീനത്വം പോരാത്തപതിതരായി പുറം തള്ളപ്പെടുകയാണുണ്ടായതു്. ആ മഹാകവിയുടെ രചനയെപ്പററിയും എലിജി അന്ത്യരൂപം പ്രാപിച്ച ദശാഭേദങ്ങളെപ്പററിയും നമുക്കു ലഭിക്കുന്ന അറിവിൻെറ മൂല്യത്തെ മാനിക്കാൻ നാം നിർബ്ബന്ധിതരാണു്.

കുമാരനാശാൻ ഗാഢമായി ചിന്തിച്ചെഴുതി, നിഷ്കൃഷ്ടമായി സ്വയം പരിശോധിച്ചു ആത്മതൃപ്തി വരുത്തിയതിനു ശേഷമേ ഏതൊരു കാവ്യവും പ്രകാശനം ചെയ്തിട്ടുള്ള എന്നു സാധാരണ പറഞ്ഞുകേട്ടിട്ടുണ്ടു്. എന്നാൽ ശ്രീമതി ഭാനുമതിയമ്മ ഒരു നിധിപോലെ കാത്തുപോരുന്ന ആശാൻെറ കയ്യെഴുത്തുകൾ ഈ അടുത്തകാലത്തു പരിശോധിക്കാൻ സാധിച്ചപ്പോഴാണു് അതെത്രത്തോളം വാസ്തവമാണെന്നു ബോദ്ധ്യമായതു്. അതിവിശദമായ ഒരാസൂത്രണത്തോടുകൂടിയല്ലാതെ ആശാൻ ഒരു കാവ്യവും രചിക്കാനിരുന്നിട്ടില്ല. ഏമയത്തിൽ മിക്കവാറും പൂർണ്ണമായ ഒരു രചന നടത്തിക്കഴിഞ്ഞിട്ടേ അദ്ദേഹം തൂലിക എടുത്തിരുന്നുള്ള. നോട്ടുബുക്കുമായിരുന്നു വരുന്നപോലെ കുറേ ശ്ലോകങ്ങളെഴുതിക്കൂട്ടി, ഒടുവിൽ നമ്പരിട്ടു ക്രമപ്പെടുത്തി ഒരു പേരുമിട്ടു കവിതയാക്കുന്ന സമ്പ്രദായം ആശാൻ ഒരിയ്ക്കലും സ്വീകരിച്ചിരുന്നില്ല. ഒരു നിരൂപകൻ ഈയിടെ ഒരു പ്രശസ്ത കവിയെപ്പററി പറയുകയുണ്ടായി: 'അദ്ദേഹം പദ്യങ്ങളുടെ നാലാമത്തെ വരി ആദ്യം രചിച്ചിട്ടു് പിന്നീടു ദ്വിതീയാക്ഷരപ്രാസാദി ചടങ്ങുകൾ ശരിപ്പെടുത്തിമേലോട്ടു എഴുതിത്തീർക്കുമായിരുന്നു എന്നതിലേക്കു തൻെറ കൈവശം തെളിവു ലഭിച്ചിട്ടുണ്ടെന്നു്. ഇതു പലരെ സംബന്ധിച്ചും ഒരു പരമാർത്ഥമാണെന്നു അവരുടെ കൃതികൾ അവധാനപൂർവം വായിച്ചുനോക്കിയാൽ (ചിലപ്പോൾ അല്ലാതെയും) ഗ്രഹിക്കാൻ കഴിയും. അവസാനവരിയിലെ ഒരു "പാച്ചോററി"ക്കു ചേർന്ന 'ച്ച' പ്രാസത്തിനുവേണ്ടി എന്തു കഷ്ടപ്പാടും പരസ്യമായിത്തന്നെ സഹിക്കാൻ മടിക്കാത്ത മഹാകവികളുൾപ്പെടെ അനേകം പേരുടെ രചനയിലെ ഒരു അപഹാസ്യരഹസ്യത്തെ തുറന്നുകാണിക്കമാത്രമേ ആ വിമർശകൻ ചെയ്തുള്ള എന്നു് എനിക്കു തോന്നുന്നു. ആശാനു് എപ്പോഴും സ്ഫുടവും സുനിശ്ചിതവുമായ ഒരാശയം അവതരിപ്പിക്കുവാനുണ്ടു്. അതിലേക്കുവേണ്ട വാഹന സജ്ജീകരണങ്ങൾ എന്നതിൽ കവിഞ്ഞു് പദങ്ങൾക്കു എങ്ങും ഒരു സ്ഥാനമില്ല. ഈ

വാസ്തവം മഹാകവിയുടെ ഓരോ പദ്യത്തിന്റേയും രചനയിൽ തെളിഞ്ഞു കാണാൻ കഴിയും. നാലു വരിയിലും പ്രാസം തികച്ചെഴുതിത്തീർത്ത പല പദ്യങ്ങളും പുനഃപരിശോധനയിൽ മാററം ചെയ്തു, പൂർവാർദ്ധത്തിനും ഉത്തരാർദ്ധത്തിനും പ്രത്യേകം പ്രാസം നിബന്ധിച്ചിരിക്കുന്നതായിക്കാണുന്നു. ആശയത്തിൽ നിന്നും പദത്തിലേക്കല്ലാതെ പദത്തിൽനിന്നും ആശയത്തിലേക്കു കടന്ന ഒരു കവിയല്ലായിരുന്നു ആശാൻ എന്ന വസ്തുതയെയാണു് ഇതു തെളിയിക്കുന്നതു്. ആശയസ്ഫുടതയ്ക്കു് രചന തികച്ചും പര്യാപ്തമായില്ല എന്നു തോന്നിയാൽ ആശാൻ അതു മാററുകയായി. ഒരു നല്ല ആശയത്തെ പ്രതിപാദിക്കണമെന്നു മാത്രമല്ല അതു് എത്രയും നല്ല രീതിയിൽ പ്രതിപാദിക്കണമെന്നുംകൂടി ആശാനു നിർബ്ബന്ധമുണ്ടു്. അതിനാൽ അവശ്യമായിവരുന്ന മാററം പലപ്പോഴും അനേക പടികളിൽക്കൂടിയാണു് അവസാന രൂപം പ്രാപിക്കാറുള്ളതു്. സീതയിലെ ആദ്യപദ്യം അതിനുദാഹരണമാണു്:

"സുതരും കവിയൊത്തയോദ്ധ്യയിൽ
ഗതരായന്നൊരു നാളിലന്തിയിൽ
സ്ഫുടചിന്തമിരുന്നു സീതചെ–
ന്നുടജാന്തത്തിലെ വൃക്ഷവാടിയിൽ."

എന്നു ആദ്യം രചിച്ച പദ്യം,

കവിയോടുമയോദ്ധ്യയിൽ കുശൻ
ലവനും പോയളവന്നൊരന്തിയിൽ
അതിചിന്തകലർന്നു സീതപോയ്
സ്ഥിതിചെയ്താളുടജാന്തവാടിയിൽ.

എന്നു രണ്ടാമതു മാററി,

സുതർമാമുനിയോടയോദ്ധ്യയിൽ
ഗതരായോരളവന്നൊരന്തിയിൽ
അതിചിന്ത വഹിച്ചു സീതപോയ്
സ്ഥിതി ചെയ്താളുടജാന്തവാടിയിൽ.

എന്ന അവസാന രൂപവും നൽകിയിരിക്കുന്നു. മാററങ്ങളുടെ സ്വഭാവവും അവസാനപാഠത്തിന്റെ സുഭഗതയും വിശദമാണു്.

അതുപോലെതന്നെ ലീലയിലെ ഒരു പദ്യഭാഗം നോക്കുക:

പരിണാമി, പിരിഞ്ഞുപോകയി–
ല്ലരു ദൂരാതപരേഖയും, രവി.

എന്ന ആദ്യപാഠം,

ചരമാതപരേഖതന്നെയും
വിരമിക്കും രവി വിട്ടുപോയിടാ.

എന്നു മാററി;

തടസ്സമയിൽ വിട്ട രശ്മിയെ—
കടലിൽപോയ് രവി മുങ്ങിടാ സഖീ.

എന്നു് അന്യൂനമായ രൂപം പ്രാപിക്കുന്നു. ആശയസ്ഫുടത എന്ന കാവ്യഗുണം ആശാൻ അതിമാത്രം ദീക്ഷിച്ചിരുന്നു എന്നതിന്റെ നല്ലൊരുദാഹരണമാണു് മേലുദ്ധരിച്ച പദ്യോത്ഥം. ഇതിൽ ഒന്നും രണ്ടും പാദങ്ങളിൽ കുറെയൊക്കെ ചികഞ്ഞെങ്കിലെ ആശയത്തിന്റെ തനിപ്രകാശം നമുക്കു ലഭിക്കുന്നുള്ളു. എന്നാൽ അവസാനപാദത്തിലാകട്ടെ വളരെ വിശാലമായ ഒരു പ്രകാശതലത്തിൽ വായനക്കാരന്റെ ഹൃദയംചെന്നു പതിച്ചുകൊള്ളുകയാണു് ചെയ്യുന്നതു്.

രചനയിൽ അനുഭവപ്പെടുന്ന ഒരു ഗംഭീരമായ സാന്ദ്രത--ഒരു ഇടഞ്ഞെരുക്കം—ആശാന്റെ കവിതയ്ക്കുള്ള ഒരു പ്രത്യേകതയാണു്. എത്രയും കുറഞ്ഞ വാക്കുകൾകൊണ്ടു എത്രയും വലിയ ആശയം പറയുവാനുള്ള ഒരു യത്നത്തിന്റെഫലം മാത്രമല്ല അതു്. ആശാന്റെ ഒരു മുഖ്യാംശം അതാണു്. ഈ സാന്ദ്രതയുടെ ചില നല്ല ഉദാഹരണങ്ങൾ സീതയിൽ കാണാം. സീതയെ സംസ്കൃതത്തിലേക്കു വിവർത്തനംചെയ്ത ഒരു പണ്ഡിതൻ ഒരിക്കൽ പറയുകയുണ്ടായി, ചില പദ്യങ്ങളെ പരിഭാഷപ്പെടുത്തുമ്പോൾ സംസ്കൃതത്തിൽതന്നെ പദവൈഷമ്യം അനുഭവപ്പെട്ടിരുന്നു എന്നു്. പ്രായേണ അനുഭവം മറിച്ചാണല്ലോ.

പുരികം പുഴപോൽ പിടഞ്ഞകം
ഞെരിയും തൻതല താങ്ങി കൈകളാൽ.

എന്ന പദ്യോത്ഥം ഉദാഹരണമായി അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഇവിടെ പുഴ, പോൽ, പിടഞ്ഞു്, അകം, ഞെരിയും, എന്നീ അല്പാക്ഷരങ്ങളായ വാക്കുകളെ അവയുടെ സത്വശക്തിയോടെ പരിഭാഷപ്പെടുത്തുകയും, 'അകം ഞെരിയും' എന്ന ഭാഷാപ്രയോഗത്തിന്റെ അർത്ഥപ്രതീതിക്കു അനുയോജ്യമായ സംസ്കൃതരൂപം തിരഞ്ഞെടുക്കുകയും ചെയ്യു പ്രയാസമായിരുന്നു എന്നു് അദ്ദേഹം പറഞ്ഞു. ഈ വരികളുടെ ആദ്യപാഠം;

പുരികങ്ങൾ ചുളിഞ്ഞു കാഞ്ഞകം
ഞെരിയുന്നാത്തല താങ്ങികൈകളാൽ

എന്നായിരുന്നു. ഇതിൽ ആദ്യവരിയിൽ വരുത്തിയ മാററം കാവ്യഗുണത്തിനു എത്രകണ്ടു മാററു വർദ്ധിപ്പിച്ചിട്ടുണ്ടു് എന്നതു് വിശദമാണല്ലോ.

മേൽപ്പറഞ്ഞ നിഷ്കർഷയുടെ ഫലമായി നിരർത്ഥകങ്ങളെന്നു മാത്രമല്ല ദുർബ്ബലങ്ങളായ പദങ്ങൾപോലും ആശാന്റെ കവിതയിൽ കാണാൻ പ്രയാസമായി വന്നിട്ടുണ്ടു്. ഒരുപദം പ്രയോഗിച്ചതിനു ശേഷവും തനിക്കു രുചിക്കുന്നില്ലെന്നു കണ്ടാൽ രുചിക്കുന്ന രൂപം ലഭിക്കുന്നതുവരെ മാററിക്കൊള്ളുവാൻ ആശാൻ മടിക്കാറില്ല.

1. "നൊടിയിൽ ഖലജിഹ്വ കൊള്ളിപോ—
ലടിയേ വൈരിവനം ദഹിക്കുമേ."

എന്ന വരികൾ,

2. "അടിയേ വൈരിവനം ചുട്ടും ദ്രുതം"

എന്നും,

3. "അടിയേ വൈരിവനം ചുട്ടും സ്വയം"

എന്നും,

4. "അടിയേ വൈരിവനം ചുട്ടുന്നു താൻ"

എന്നും മൂന്നുപാഠങ്ങൾ കഴിഞ്ഞാണു സ്വീകൃതരൂപം പ്രാപിച്ചിട്ടുള്ളതു്.

അമിതമായി എഴുതിക്കൂട്ടിയതിനുശേഷം നിർദ്ദിഷ്ടരൂപത്തിലേയ്ക്കു് വെട്ടിക്കുറയ്ക്കുന്ന സമ്പ്രദായം ആശാന്റെ രചനയിൽ കാണുന്നില്ല എന്നു് സാമാന്യമായി പറയാമെങ്കിലും അപൂർവ്വം ചിലേടങ്ങളിൽ വരികൾ വെട്ടിയിട്ടും പകരം എഴുതിച്ചേർക്കാതിരുന്നിട്ടുണ്ടു്. ഓരോ കാവ്യത്തിനും അതിന്റെ രസഭാവനാദികൾക്കനുസരണമായി ഒരന്തരീക്ഷം വിശദമായി വിഭാവന ചെയ്തിട്ടാണു് കവി രചനയ്ക്കൊരുങ്ങുന്നതു്. ഈ അന്തരീക്ഷത്തിലൂടെ എങ്ങും ഒരു ഇഴിഞ്ഞിറക്കം കൂടാതെ അനുവാചകന്റെ ഹൃദയത്തെ സഞ്ചരിപ്പിച്ചുകൊണ്ടു പോകുന്നതിനാണു കവിയുടെ യത്നം. എവിടെ ഈ നിരപ്പിൽനിന്നും അല്പമായെങ്കിലും ഒരു പതനം സംഭവിച്ചു എന്നു കവിക്കു തോന്നിയോ അവിടെ അദ്ദേഹം പിന്തിരിഞ്ഞുനിന്നു പരിഹാരം കണ്ടിട്ടേ മുന്നോട്ടു ചുവടു വെയ്ക്കുകയുള്ളു. ഇങ്ങനെ ഒരു പതനം വന്നുപോയി എന്നു ഭീതിയുള്ള വരികൾ ആശാൻ വെട്ടിക്കളകയും പകരം എഴുതിച്ചേർക്കാതിരിക്കയും ചെയ്തിട്ടുണ്ടു്.

കരുണയിൽ വാസവദത്തയെ ചുടുകാട്ടിൽ അംഗച്ഛേദം ചെയ്തു തള്ളിയ ഘട്ടം വർണ്ണിച്ചതിനുശേഷം, അവളെപ്പറ്റി ആ അലിവുള്ള തോഴിയല്ലാതെ മറ്റാരും വിലപിക്കാനോ, ആ ദീനദയാലുവായ ബുദ്ധശിഷ്യനല്ലാതെ ആരും തേടിയെത്താനോ ഉണ്ടായില്ല എന്ന ആശയംവരുന്ന ഏതാനും വരികൾ എഴുതിയതു് വെട്ടിക്കളഞ്ഞിരിക്കുന്നതായിക്കാണുന്നു. പ്രത്യേകം എടുത്തുനോക്കിയാൽ സ്വീകാര്യമെന്നു തോന്നുന്ന പല വരികളും ആശാന്റെ ദൃഷ്ടിയിൽ അങ്ങനെ അല്ലാതെ പുറം തള്ളപ്പെട്ടിട്ടുണ്ടു്. മരണം നമുക്കു ഏതാണ്ടൊരു നിത്യാനുഭവം പോലെ സുപരിചിതമാണെന്നുവരികിലും

"ചിത്തത്തിൽ പ്രിയമുള്ളവർ പോകുമ്പോൾ
പുത്തനായ്ത്തന്നെ തോന്നുന്നഹോ മൃതി"

എന്ന ഈരടികൾക്കു സാധാരണനോട്ടത്തിൽ ഒരു കുറവും പറവാൻ ഇല്ലെങ്കിലും ആശാനെ അതു തൃപ്തിപ്പെടുത്തുകയില്ല.

ദുരവസ്ഥയിൽ സാവിത്രി അന്തർജ്ജനം തന്റെ ഉപകർത്താവായ ചാത്തനെ സ്വന്തം അഭിലാഷം അറിയിച്ചുകൊണ്ടു്, താൻ വന്നപ്പോൾ തനിക്കായി തന്നു

സല്കരിച്ച പനംപായുടെ പാതിയിലേക്കു ആ യുവാവിനെ ക്ഷണിയ്ക്കുന്ന ഹൃദയ ത്രാസകമായ ഘട്ടത്തിൽ, രചനയുടെ ഗതി ഇടറിത്തടഞ്ഞു നിന്നതായിക്കാണു ന്നു. സാവിത്രിയും ചാത്തനും തമ്മിൽ നടക്കുന്ന സംഭാഷണഘട്ടവും തൊട്ടടു ത്തുള്ള ഭാഗങ്ങളും വെട്ടും കുത്തുംകൊണ്ടു ഒരു പോക്കളംപോലെ കിടക്കുകയാണു്. പ്രസ്തുതഭാഗം രചിക്കുന്ന സന്ദർഭത്തിൽ കവിക്കുതന്നെ അനുഭൂതമായ സ്തോഭാവേ ശം ഇതിൽ പ്രതിഫലിക്കുന്നതാണെന്നു ഞാൻ വിചാരിക്കുന്നു.

അലങ്കാരഭ്രമം ആശാനെ അശേഷം ബാധിച്ചിരുന്നില്ല എന്നതിനു പല തെളിവുകളും കൈയെഴുത്തിൽ നിന്നുതന്നെ കിട്ടുന്നുണ്ടു്.

പ്രവിരളതാരയാം പൂർവദിക്കിൽ
കവിളും വിളറിത്തുടങ്ങിമെല്ലെ.

എന്നു ചണ്ഡാലഭിക്ഷുകിയിൽ കാണുന്ന വരികളുടെ ആദ്യരൂപം,

രവിയെപ്പിരാറായ പൂർവദിക്കിൽ
കവിളും വിളറിത്തുടങ്ങിമെല്ലെ.

എന്നായിരുന്നു ഗർഭം വൃദ്ധിയെ പ്രാപിക്കുംതോറും സ്ത്രീയുടെ അംഗങ്ങൾക്കു്– വിശേഷിച്ചും കവിൾത്തടത്തിനു്–വിളർച്ചയും സംഭവിക്കുന്നു എന്ന സാമാന്യ തത്വത്തിൽ നിബന്ധിച്ച ആ ആശയത്തിനു് വല്ല പരുപരുപ്പുമുണ്ടെങ്കിൽ അതൊന്നു തേച്ചുമിനുക്കി ശരിപ്പെടുത്തിക്കൊള്ളാമെന്നുവെച്ചു മിക്കവാറും സ്വീക രിച്ചുപോകാവുന്ന ഒരു പാഠമാണിതു്. പക്ഷേ ആശാൻ അതിന്റെ അലംകാര ഭംഗിയിൽ ഭ്രമിക്കാതെ തന്റെ രുചി തൃപ്തിപ്പെടുത്തുന്ന മറെറാരു രൂപത്തിലേയ്ക്കു എത്തിച്ചേരുകയേ ചെയ്യുന്നുള്ളു.

കൈയ്യെഴുത്തുകളുടെ കൂട്ടത്തിൽ എഴുതിയെങ്കിലും പ്രകാശിപ്പിക്കാത്ത ഒരു തുള്ളൽപ്പാട്ടു കിടപ്പുണ്ടു്. കവികളോടുള്ള ഒരുപദേശമാണതു്. ആശാന്റെ രീതിവച്ചു നോക്കുമ്പോൾ കവിത വളരെ മെച്ചമെന്നു പറയാൻ വയ്യെങ്കിലും അതിൽ വിലമതിക്കേണ്ട നാലുവരികൾ കിടപ്പുണ്ടു്. ആശാന്റെ ഒരു കാവ്യ സന്ദേശമാണതു്

"കേൾക്കുന്നവരശ്ലീലമതാമൊരു–
വാക്യവുമിങ്ങുസഹിക്കാ കൃതികളിൽ
വാസ്കും ശബ്ദാഡംബരവും, വക–
വെയ്ക്കായ്‌വിൻ കൃത്രിമഭംഗികളും."

ഇതാണു് ആ വരികൾ. അശ്ലീലംകൊണ്ടു എങ്ങനെവേണമെങ്കിലും കൈകാര്യം ചെയ്യാൻ മടിക്കാത്ത ഇന്നത്തെ ചില കഥാകൃത്തുക്കളും, കാവ്യസൗന്ദര്യവും "വെറും ശബ്ദത്തിന്റെ ജാലകൗതുഹലമാണെന്നു ഭ്രമിക്കുന്ന"കവികളും ആശാന്റെ ഈ ഉപദേശം എങ്ങിനെ സ്വീകരിക്കുമായിരുന്നു എന്നു നിശ്ചയമില്ല. കാവ്യസൃഷ്ടി യുടെ ഒരു പ്രധാന അംശമായ പ്രതിപാദനത്തെ സംബന്ധിച്ചു ആശാനുണ്ടായി

രുന്ന ചില വ്യക്തമായ അഭിപ്രായങ്ങൾ ഉൾക്കൊള്ളുന്ന ഈ വരികളെപ്പററി ദീർഘമായി ഇവിടെ ചർച്ചചെയ്യുന്നില്ല. അതു ഒരു പ്രത്യേക ലേഖനവിഷയമാക്കാമെന്നു വിചാരിക്കുന്നു.

ആശാനെ കൈയ്യെഴുത്തുകളിൽക്കൂടി കാണുന്ന ഒരു സാഹിത്യഭക്തന് പല ഭാവനകളുമുണ്ടാകാം. നമ്മുടെ അഭിമാനപാത്രങ്ങളായ പല വിശിഷ്ടവ്യക്തികളെപ്പററിയും അതുള്ളതാണ്. പുലർച്ചയ്ക്കു മുൻപുതന്നെ സ്നാനംകഴിച്ച്, ശുഭ്രവസ്ത്രവും ഭസ്മക്കുറിയും ധരിച്ച്, ഇടതോട്ടു ചായ്ച്ചുകെട്ടിയ പൂർവ്വശിഖയുമായി നാരായവും ഓലയും വഹിച്ചുകൊണ്ടു ഒരു ദർഭത്തടുക്കിൽ കിഴക്കോട്ടു തിരിഞ്ഞിരുന്നു ആദ്ധ്യാത്മരാമായണത്തിന്റെ ശ്ലോകങ്ങൾ കുറിക്കുന്ന തുഞ്ചത്താചാര്യന്റെ ചിത്രം നമ്മുടെ ഹൃദയം വരച്ചുവച്ചിട്ടുണ്ട്. വിശ്വഭാരതിയുടെ പ്രശാന്തരമണീയമായ ഉദ്യാനസൗധത്തിന്റെ പുറംതളത്തിൽ ഒരുയന്ന പീഠത്തിലുപവിഷ്ടനായി അതിദൂരത്തിൽ അരുണപ്രഭ വിരിയുന്ന ചക്രവാളരേഖയിലേക്ക് ദൃഷ്ടിയയച്ചുകൊണ്ടു ഗീതാഞ്ജലിയുടെ ഹൃദയമർമ്മരത്തിനു കാത്തിരിക്കുന്ന രവീന്ദ്രനാഥന്റെ രൂപവും ഈ വിദൂരതയിലും നമുക്കു കാണുവാൻ കഴിയും. അതുപോലെ തോന്നയ്ക്കലുള്ള വിശാലവും വിജനവുമായ വൃക്ഷവാടിയിലെ ഒരു വെൺമാടത്തിൽ കട്ടിപ്പുറംതാളിട്ട ഒരു നോട്ടുബുക്കും പേനയും വഹിച്ചുകൊണ്ടു രാത്രിയുടെ മൂന്നാം യാമത്തിലെ നിശ്ശബ്ദതക്കൊത്തുകൂടി ചിന്തയെ ഖനനംചെയ്തുകൊണ്ട് അങ്ങനെ ഇരിക്കുന്ന ആ ഇരിപ്പും നമുക്കു ഭാവനചെയ്യുവാൻ പ്രയാസമില്ല. അങ്ങനെയൊരു പ്രതീതി ആ കൈയെഴുത്തുകളിൽനിന്നും എന്റെ ഹൃദയത്തിൽ വന്നൊട്ടിപ്പിടിച്ചു. അതുപോലെ ഓരോ കൃതിയും രചിച്ചുതീർന്നിട്ടു ശ്രീനാരായണ ഗുരുദേവന്റെ സന്നിധിയിൽ ചെന്ന് ഒരഭിജ്ഞനായ അന്തേവാസിയെക്കൊണ്ടു അതു വായിച്ചുകേൾപ്പിക്കുകയും, മറേറതിനും തൃപ്പാദസന്നിധിയിൽ നിർവിശങ്കം പ്രവേശിക്കുന്ന ആശാൻ അല്പം മാറി ഒതുങ്ങിനിന്നു ഗുരുദേവന്റെ അല്പാക്ഷരങ്ങളെങ്കിലും അനല്പാർത്ഥമായ വാക്കുകൾ വിവിധ വികാരാധീനനായി ശ്രദ്ധിക്കുന്ന ചിത്രവും എന്റെ മനോദർപ്പണത്തിൽ കണ്ടു. മഹാപണ്ഡിതനും സകലകലാമർമ്മജ്ഞനുമായ ഗുരുദേവൻ ചിലപ്പോൾ ഒന്നു മൂളും, ചിലപ്പോൾ പൊട്ടിച്ചിരിക്കും, ചിലപ്പോൾ പറയും, അഭിനന്ദിക്കും, ശിവഗിരി ശാരദാപ്രതിഷ്ഠയെ അനുസ്മരിച്ച് ആശാൻ സംസ്കൃതത്തിൽ രചിച്ച 'ശാരദാഷ്ടകം' വായിച്ചുകേട്ട തൃപ്പാദങ്ങൾ അതിൽ ഒരു പദ്യത്തിലെ അന്ത്യപാദം ശ്രദ്ധിച്ചു കഴിഞ്ഞയുടൻ 'കാളിദാസന്റെ തൂലികയേയും അതിശയിക്കുമെല്ലൊ' എന്നു വികാരാവേശത്തോടെ പ്രസ്താവിച്ചതായി തൃപ്പാദശിഷ്യനും നല്ലൊരു കവിയുമായ വലപ്പാട്ടു ശ്രീ സച്ചിദാനന്ദസ്വാമികൾ ഇതെഴുതുന്ന ആളോടു പറയുകയുണ്ടായി. ഏതർത്ഥത്തിലും മഹാകവിയുടെ ഗുരു ശ്രീനാരായണ ഗുരുദേവൻ തന്നെ ആയിരുന്നു, ഗുരുദേവന്റെ പ്രേരണ ആശാന്റെ കാവ്യമണ്ഡലത്തിൽ അങ്ങോളമിങ്ങോളം അലതല്ലുന്നുമുണ്ടു്.

# ആശാന്റെ കവിത

വിദ്വാൻ എ. ഡി. ഹരിശർമ്മ

'നവജീവൻ' മാസികയുടെ 1104–മകരം,
കുംഭം മാസങ്ങളിലെ മൂന്നാം വാല്യം
ആറും ഏഴും ലക്കങ്ങളിലായി
പ്രസിദ്ധീകരിച്ചിരുന്നതു്.

"പരിണാമ പ്രമാണങ്ങളനുസരിച്ചു് അഭിവൃദ്ധിയെ പ്രാപിച്ച ആത്മാക്കൾക്കു്, അവരുടെ അനുഭവംകൊണ്ടു സമ്പാദിച്ച ജ്ഞാനം ലോകത്തിനു് വല്ലവിധത്തിലും പ്രയോജനകരമാകത്തക്കവിധത്തിൽ വെളിപ്പെടുത്താതിരിക്കാൻ നിവൃത്തിയുണ്ടാകുന്നതല്ല. ദീർഘദർശികൾ അതിനെ പ്രവൃത്തികളെക്കൊണ്ടും ഉപദേശങ്ങളെക്കൊണ്ടും വെളിപ്പെടുത്തും; കവികൾ അതിനെ കവിതാരൂപത്തിൽ പ്രത്യക്ഷപ്പെടുത്തും. മനുഷ്യസ്വഭാവവും പ്രകൃതി മഹാത്മ്യവും ലോകരഹസ്യവും അനേകജന്മങ്ങളെക്കൊണ്ടു ധരിച്ചുവശമാക്കിയവർക്കു മാത്രമേ, സഹൃദയന്മാർക്കു ബോദ്ധ്യമാകത്തക്കവിധത്തിലും ലോകത്തിനു പ്രയോജനകരമാകത്തക്കവിധത്തിലും ഈ ജ്ഞാനത്തെ കവിതാരൂപത്തിൽ പ്രത്യക്ഷപ്പെടുത്താൻ സാധിക്കയുള്ളു. ഈ ജന്മത്തിലെ പരിതഃസ്ഥിതികൾക്കനുസരിച്ചു് ആ കവിതാരീതിക്കും പ്രതിപാദ്യവിഷയത്തിനും വ്യത്യാസമുണ്ടായിരിക്കുകയും ചെയ്യും. പ്രാഗ്ജന്മതത്വങ്ങൾ അറിയാതിരിക്കുകയോ അവയിൽ വിശ്വസിക്കാതിരിക്കുകയോ ചെയ്തിരുന്ന പാശ്ചാത്യവിദ്വാന്മാർക്കുപോലും ഈ പരമാർത്ഥത്തിന്റെ ബോധം ഉണ്ടായിരുന്നു; പക്ഷെ, അതു് ജന്മാന്തരവാസനയായി വ്യാഖ്യാനിക്കാൻ അവർക്കു നിവൃത്തിയില്ലാത്തതിനാൽ "ജന്മനാജായതേ കവിഃ" (poets are born) എന്നൊരു പ്രമാണംകൊണ്ടു് അവർ തൃപ്തിപ്പെട്ടു. പ്രാഗ്ജന്മവിശ്വാസമുള്ള ഹിന്ദുവിന്നാകട്ടെ, മനുഷ്യരുടെ ഇടയിൽ അപ്പോഴപ്പോൾ അനന്യസാധാരണമായ വാസനാവൈഭവത്തോടുകൂടി മഹാകവികൾ ജനിക്കുന്നതിന്റെ രഹസ്യം എളുപ്പത്തിൽ ധരിക്കുവാൻ സാധിക്കും. നാം വാസന എന്നു പറയുന്നതു് പ്രാഗ്ജന്മവാസനയത്രേ. അനുകരണംകൊണ്ടോ അത്യദ്ധ്വാനംകൊണ്ടോ പദ്യകൃത്തായി തൽ

ക്കാലം പ്രഖ്യാതനാകാൻ സാമാന്യക്കാർക്കൊക്കെ സാധിക്കുമെങ്കിലും, ലോകാവസാനംവരെ ലോകത്തെ ഉപദേശിക്കുവാൻ സാധിക്കുന്ന കാവ്യങ്ങൾ നിർമ്മിച്ച് യഥാർത്ഥ കവിയെന്ന സ്ഥാനപ്പേർ സമ്പാദിക്കുവാൻ ജന്മസിദ്ധമായ വാസനയുള്ളവർക്കേ കഴിയൂ.”

കേരളത്തിലെ ചിന്താശീലനായ ഒരു മഹാൻ ഒരിക്കൽ രേഖപ്പെടുത്തീട്ടുള്ള ഒരഭിപ്രായമാണ് മുകളിൽ ഉദ്ധരിച്ചിട്ടുള്ളത്. പാണ്ഡിത്യത്തിനും കവിത്വത്തിനും തമ്മിലുള്ള കാര്യകാരണബന്ധം വളരെ ശിഥിലമാകുന്നു ഭാഷയിൽ അഗാധമായ പാണ്ഡിത്യം സമ്പാദിക്കാത്ത ഒരാൾ ഒരു നല്ല കവിയായി എന്നുവന്നേക്കാം; നല്ല പണ്ഡിതന്മാരിൽ തീരെ കവിതാവാസനയില്ലാത്തവരും ധാരാളമുണ്ടാകാം. പാണ്ഡിത്യവും കവിത്വവും ഒരാളിൽ സംഘടിക്കുന്നത് സുവർണ്ണത്തിനു സൗരഭ്യംപോലെ മനോഹരമായിരിക്കുമെന്നേയുള്ളു. ഒരാൾ ചെറുപ്പത്തിൽതന്നെ ഏതെങ്കിലും വിഷയത്തിൽ പ്രത്യേക പ്രതിപത്തി കാണിക്കുന്നതായി കണ്ടാൽ “അവനു ആ കാര്യത്തിൽ നല്ല വാസനയുണ്ട്,” എന്നു് സാധാരണ പറയാറുണ്ടല്ലോ. കവിതയെ സംബന്ധിച്ച് ഈ വാസന പ്രത്യേകിച്ചും ആവശ്യമത്രേ.

വാസനയ്ക്കുപുറമേ, പരിതസ്ഥിതികളുംകൂടി കവിത്വത്തിൽ ഒരാളെ സഹായിക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ, മനസ്സിന്റെ സ്ഥിതിഗതികൾ പരിതഃസ്ഥിതികളെ അനുസരിച്ചു രൂപാന്തരപ്പെട്ടുകൊണ്ടിരിക്കും. കവികളിൽതന്നെ ഓരോരുത്തരുടേയും പോക്ക് ഓരോതരത്തിലായിത്തീരുന്നത് ഈ ചുറ്റുപാടുകളുടെ സമ്മർദ്ദം നിമിത്തമാണ്. ഒരേ വിഷയത്തെ പ്രതിപാദിക്കുന്നതിനു് പലരും പല മാർഗ്ഗങ്ങളെ സ്വീകരിച്ചു കാണുന്നുണ്ടല്ലോ. വിധി, നിഷേധം, ഉപദേശം ഇവയാണ് തത്വോപദേശത്തിനായി കവികൾ സാധാരണ അംഗീകരിക്കാറുള്ള മൂന്നു മാർഗ്ഗങ്ങൾ. സഹവാസവും ചുറ്റുപാടുകളുടെ സമ്മർദ്ദവും അനുസരിച്ചായിരിക്കും കവികൾ ഇവയിൽ ഒന്നിനെ സ്വീകരിക്കുന്നത്. സത്യത്തിന്റെ മാഹാത്മ്യത്തെ ഉദാഹരിക്കുന്നതിനായി ഒരു കൂട്ടർ അസത്യവാദികളുടെ ദയനീയമായ പരിണാമത്തേയും മറ്റൊരുകൂട്ടർ സത്യവാദികളുടെ ആകർഷണീയമായ അഭ്യുദയത്തേയും വിഷയമാക്കി കവിത എഴുതാൻ നിർബ്ബന്ധിതരായിത്തീരുന്നത് ഈ പ്രമാണമനുസരിച്ചാണ്. വിഷയിയായ ഒരു കവി വേശ്യവൃത്തിയെ ആക്ഷേപിക്കണമെന്നുവച്ചാൽ, ഒരു സൗന്ദര്യധാമത്തെ ഐഹികസുഖങ്ങളുടെ പരമകാഷ്ഠയിൽ കൊണ്ടുപോയി നിറുത്തി, അവിടെനിന്നു പെട്ടെന്നു ഒരു പടുകുഴിയിലേക്കു വലിച്ചെറിഞ്ഞു്, ആ അപകൃഷ്ടനിലയിൽ അതിനെ ചൂണ്ടിക്കാണിച്ചുകൊണ്ടായിരിക്കും വായനക്കാരോടുപദേശിക്കുന്നത്, ഇതേ ഉദ്ദേശത്തോടുകൂടി പുറപ്പെടുന്നതു വിരക്തനായ ഒരു കവിയാണെങ്കിൽ, തന്റെ ഉദ്ദേശത്തെ നിർവഹിക്കുന്നത്, സകല ജനമനോമോഹനമായ ഒരു ഗണികാംഗനാരത്നത്തെ സൃഷ്ടിച്ച്, വീട്ടുകാരുടേയും നാട്ടുകാരുടേയും പ്രതീക്ഷകൾക്കും പ്രത്യാശകൾക്കും വിപരീതമായി ആ നായികയെക്കൊണ്ടു് സന്മാർഗ്ഗികവും സദാചാരപരവുമായ ഒരു ഉൾകൃഷ്ട ജീവിതത്തെ സ്വീകരിപ്പിച്ച്, ആ ഉൽകൃഷ്ടനിലയിൽ അവരെ ചൂണ്ടിക്കാണിച്ചുകൊണ്ടായിരിക്കും.

കുമാരനാശാന്റെ കവിത, കേരളത്തിലെ ഇതര കവികളുടെ കൃതികളിൽ നിന്നു ഭിന്നമായ ഒരു പ്രത്യേക സരണിയെ സ്വീകരിക്കാനുള്ള ഒരു പ്രധാന കാരണം അദ്ദേഹത്തിന്റെ ജീവിതരീതിയുടെ പ്രത്യേകതയും പരിതഃസ്ഥിതികളുടെ പ്രേരണയും മാത്രമാണു്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം മുതലായ ഉൽക്കൃഷ്ടാദർശങ്ങൾക്കാണു് ആശാന്റെ കവിതയിൽ പ്രാധാന്യം കൊടുത്തു കാണുന്നതു്. അദ്ദേഹത്തിന്റെ സമുദായസ്ഥിതികൂടി ഇക്കാര്യത്തിൽ പ്രേരകമായിരുന്നിരിക്കണം. പല തരത്തിലുമുള്ള അസമത്വങ്ങളനുഭവിക്കുന്ന സാധുക്കളുടെ കഷ്ടതകളെപ്പററി ശരിയായ ബോധമില്ലാത്ത ഒരു ഉൽക്കൃഷ്ട ജാതിക്കാരൻ, എത്രതന്നെ സഹൃദയനായിരുന്നാലും മർമ്മസ്പൃക്കോ വികാരജനകമോ ആയ രീതിയിൽ അധഃകൃതരുടെ ദയനീയസ്ഥിതിയെപ്പററി വർണ്ണിക്കാൻ ശക്തനായിത്തീരുമോ എന്നു സംശയമാണു്. എന്നാൽ അസമത്വം അനുഭവിച്ചറിയാൻ സാധിച്ച ഒരാൾ പറഞ്ഞാൽ, അതിൽ അലങ്കാരമോ ആഡംബരമോ ഒന്നുമില്ലെങ്കിൽ തന്നെയും, അതു കൂടുതൽ ഹൃദയാകർഷകമായിരിക്കുകയും ചെയ്യും. കുമാരനാശാന്റെ കവിതയിൽ സമത്വത്തെയും സാഹോദര്യത്തെയും പ്രധാനാദർശമായി സ്വീകരിക്കാനും അതു കൂടുതൽ സഹൃദയാകർഷകമായിത്തീരുവാനുമുള്ള പ്രധാന കാരണം ഇതൊന്നുമാത്രമാണു്. ആശാൻ പ്രകൃതിവർണ്ണനയേക്കാൾ തത്വചിന്തയ്ക്കാണു തന്റെ കൃതികളിൽ പ്രാധാന്യം കല്പിച്ചിട്ടുള്ളതെന്നു സർവസമ്മതമാണല്ലോ. സഹവാസം കൊണ്ടും പരിതഃസ്ഥിതികളെക്കൊണ്ടും ആശാനിൽ വേരുറച്ചുപോയ സന്മാർഗ്ഗനിഷ്ഠയും മനഃപരിപാകതയും അദ്ദേഹത്തെ ചെറുപ്പത്തിൽ തന്നെ ഒരുത്തമ ചിന്തകനും വലിയ വേദാന്തിയും ആക്കിത്തീർത്തിരുന്നു. ആശാൻ ചെറുപ്പത്തിൽ തന്നെ ശ്രീനാരായണഗുരുസ്വാമിയുടെ ശിഷ്യത്വം സമ്പാദിച്ചിരുന്നുവെന്നും വളരെക്കാലം അദ്ദേഹത്തോടുകൂടി താമസിച്ചിരുന്നുവെന്നും സന്യാസാശ്രമത്തോടുള്ള ബഹുമാനംകൊണ്ടു് അന്നു വേദാന്തവിദ്യയും ഹഠയോഗവും ഗുരുസ്വാമികളിൽ നിന്നു അഭ്യസിച്ചിരുന്നുവെന്നുമുള്ളതു് സമ്മതിക്കപ്പെട്ട പരമാർത്ഥങ്ങളാണു്. ഒടുവിൽ അദ്ദേഹം ഗൃഹസ്ഥാശ്രമം സ്വീകരിച്ചുവെങ്കിലും "ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ളകാലം" എന്നു പറയുന്നതുപോലെ, ആ സഹവാസത്തിന്റേയും വേദാന്തവിദ്യയുടേയും സത്ഫലങ്ങൾ അവസാനകാലംവരെ ആശാനിൽ തെളിഞ്ഞുകാണാമായിരുന്നു. അദ്ദേഹത്തിന്റെ കവിതകളെല്ലാം തത്വചിന്താപരങ്ങളായി കാണുന്നതു് എന്തുകൊണ്ടാണെന്നു് ഇപ്പോൾ സ്പഷ്ടമായല്ലോ. ആശാന്റെ ചെറുപ്പം, സഹവാസം, വിദ്യാഭ്യാസം മുതലായവയെപ്പററി ശ്രീമാൻ മൂർക്കോത്തു കുമാരൻ ഒരിടത്തു ഇങ്ങനെ പറഞ്ഞിരിക്കുന്നു:

"സമസൃഷ്ടികൾക്കു സാന്മാർഗ്ഗികമായും ആദ്ധ്യാത്മികമായുമുള്ള ഉപദേശങ്ങൾ കാവ്യരൂപത്തിൽ ചെയ്വാൻ സർവഥായോഗ്യനായ ഒരാളായിരുന്നു ആശാൻ എന്നു നമ്മൾ ഒന്നാമതായി ധരിക്കേണ്ടതാകുന്നു. ജനനാൽ തന്നെ ഉണ്ടായിരുന്ന ബുദ്ധിശക്തിയും കവിതാവാസനയും പോഷിപ്പിക്കുവാൻ മാത്രമല്ല, അവയെ പരിശുദ്ധമാർഗ്ഗത്തിൽ നയിപ്പാനും അനുകൂലിക്കുന്ന വിദ്യാഭ്യാസവും സാഹചര്യവും അദ്ദേഹത്തിനു സിദ്ധിച്ചു. വിദ്യാഭ്യാസംകൊണ്ടു സിദ്ധിച്ച മനഃപരിഷ്കാ

രവും മററുള്ള യോഗ്യതകളും മിക്കപേരും രാജസേവയിലോ അഥവാ സർക്കാർ ദാസത്വത്തിലോ ഏർപ്പെട്ട് അതുസംബന്ധമായ കാര്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിക്കുന്നതുപോലെ പ്രവർത്തിപ്പാൻ ഇടവരാതെ, ലോകസേവയിലും, വിശേഷിച്ച് അധഃകൃതരായ ഒരു ജാതിക്കാരെ ഉയർത്തുന്നതിനും ഉപയോഗിപ്പാൻ സംഗതിവരുന്നത്, ആശാനു മനുഷ്യപ്രകൃതിയെ അതിന്റെ എല്ലാ നിലയിലും അടുത്തു പെരുമാറി മനസ്സിലാക്കുവാൻ സൗകര്യമുണ്ടാക്കിക്കൊടുത്തു. ബുദ്ധിശക്തി, നിരീക്ഷണപാടവം, ജന്മനാലുള്ള കവിതാവാസന, സംസ്കൃതത്തിൽ അസാമാന്യമായ ജ്ഞാനം, ആംഗ്ലേയ കവികളുടെ ആശയങ്ങൾ ശരിയായി ധരിക്കത്തക്കവണ്ണം ആ ഭാഷയിലുള്ള പരിചയം, മാതൃഭാഷാജ്ഞാനത്തിനു പോഷണമായി തീരത്തക്ക നിലയിൽ തമിഴിലുള്ള അറിവ്, വിദേശവാസംകൊണ്ടു സിദ്ധിച്ച മനഃപാകത, സാധുക്കളുടെ ഉന്നമനത്തിനായി പരിശ്രമിച്ചതിനാൽ സഹജീവികളോടുള്ള സഹതാപം, ആദ്ധ്യാത്മവിഷയത്തിൽ സിദ്ധിച്ച വിജ്ഞാനം, യോഗാഭ്യാസം കൊണ്ടു ശരീരത്തിനും തന്മൂലം മനസ്സിനും സമ്പാദ്യമായ സുഖസ്ഥിതി, സമ്പർക്കം കൊണ്ടും പരിതഃസ്ഥിതികളെ കൊണ്ടും ചെറുപ്പത്തിലേയുണ്ടായ സന്മാർഗ്ഗനിഷ്ഠ, സർവ്വോപരി, ഒരു പരമഹംസന്റെ അന്തേവാസിത്വം ഇങ്ങനെ സർവവിധത്തിലും ഒരു മഹാകവിപദത്തെ അർഹിച്ചവർ കേരളത്തിൽ വേറെ എത്രപേർ ഉണ്ടായിരുന്നു എന്നോ ഉണ്ടെന്നോ അന്വേഷിച്ചറിയേണ്ടതാണ്......"

സുഖക്കേടുവന്നതിനുശേഷം ചികിത്സിക്കുന്നതിനേക്കാൾ നല്ലത് അതു വരാതിരിക്കാൻ സൂക്ഷിക്കയാണല്ലോ. അതുപോലെ മനസ്സിനെ തന്നിഷ്ടംപോലെ അലഞ്ഞുതിരിയാൻ അനുവദിക്കുന്നതുകൊണ്ടു വന്നുചേരുന്ന ആപത്തുകൾക്കു പരിഹാരം നിർദ്ദേശിക്കുന്നതിനേക്കാൾ നല്ലതു മനസ്സിനെ സ്വാധീനത്തിൽവച്ചുകൊണ്ടിരിക്കയാണ്. മനസ്സിനെ അടക്കിവെച്ചുകൊണ്ടിരിക്കുന്ന കാര്യം, പറയുന്നതുപോലെയോ വിചാരിക്കുന്നതുപോലെയോ അത്ര എളുപ്പമല്ലതാനും. എന്നാൽ അനാവശ്യവിഷയങ്ങളിൽ വ്യാപരിക്കാതിരിക്കത്തക്കവണ്ണം മനസ്സിനെ നിഗ്രഹിക്കുന്നതിനു ലോകപരിചയം ഒരു സിദ്ധൗഷധത്തിന്റെ സ്ഥാനം വഹിക്കുന്നുണ്ട്. ഉത്തമ കാവ്യങ്ങൾ—വിശേഷിച്ചും തത്വചിന്താപരങ്ങളായ വിശിഷ്ടകാവ്യങ്ങൾ—മനുഷ്യരുടെ ലോകപരിചയത്തെ വർദ്ധിപ്പിച്ച് അവരുടെ ഹൃദയങ്ങളെ വിശാലങ്ങളാക്കിത്തീർക്കുന്നു. ഈ ലോകപരിചയവും ഹൃദയവിശാലതയും മനസ്സിന്റെ എടുത്തുചാട്ടത്തെ തടുത്തുനിറുത്തുന്നതിനു പര്യാപ്തങ്ങളത്രേ. ലൗകികസുഖങ്ങളുടെ ക്ഷണികത, സാന്മാർഗ്ഗികജീവിതത്തിന്റെ മഹനീയത, സമസൃഷ്ടിസ്നേഹത്തിന്റെ അത്യാവശ്യകത, ഐഹികക്ലേശങ്ങളുടെ അപരിഹരണീയത എന്നിങ്ങനെ അമൂല്യങ്ങളായ അനവധി തത്വങ്ങളെക്കൊണ്ടു വായനക്കാരുടെ മനസ്സിനെ സംസ്കരിക്കുന്നതിനും അവരുടെ ലോകപരിചയത്തെ വർദ്ധിപ്പിക്കുന്നതിനും സവിശേഷം ഉതകുന്നതായി ആശാന്റെ കവിതകളെപ്പോലെ മലയാളത്തിൽ വേറെ അധികം കൃതികളുണ്ടെന്നു തോന്നുന്നില്ല. അന്നന്നേയ്ക്കു വേണ്ടിയല്ല, എന്നന്നേയ്ക്കും വേണ്ടിയാണു കവികൾ കാവ്യം ചമയ്ക്കേണ്ടത് എന്നുള്ള തത്വം ആശാൻ നല്ലതുപോലെ മനസ്സിലാക്കിയിരുന്നു.

"കാവ്യം യശസേത്ഥകൃതേ—
വ്യവഹാരവിദേ ശിവേതരക്ഷതയേ
സദ്യ:പരനിർവൃതയേ
കാന്താ സമ്മിതതയോപദേശയുജേ."

എന്നാണല്ലോ പൂർവ്വികന്മാരുടെ കാവ്യനിർവചനം. ഈ മാനദണ്ഡംവെച്ചു നോക്കിയാൽ ഇന്നത്തേ മലയാളകൃതികളിൽ എത്രഎണ്ണം കാവ്യസംജ്ഞയെ അർഹിക്കുമെന്നു കണ്ടുതന്നെ അറിയണം. നാലു പാദങ്ങളൊപ്പിച്ചാൽ പദ്യമായി, കുറേ പദ്യങ്ങൾക്കൂടിയാൽ ഖണ്ഡകാവ്യമായി; സർഗ്ഗങ്ങളുടെ എണ്ണം കൂടിയാൽ മഹാകാവ്യവുമായി—ഇതാണു മിക്കവരും മനസ്സിലാക്കിവെച്ചിട്ടുള്ളതു്. അതിരിക്കട്ടെ, നമുക്കു് ആശാൻെറ കൃതികൾക്കും മേൽക്കാണിച്ച ലക്ഷണങ്ങൾക്കും തമ്മിൽ വല്ലപൊരുത്തവുമുണ്ടോ എന്നു നോക്കാം.

കാവ്യോദ്ദേശങ്ങളിൽ പ്രഥമമായി പറഞ്ഞുകാണുന്നതു യശസ്സിനേയാണു്. ഒരുപക്ഷേ, പ്രധാനമായിട്ടും നമുക്കതിനേത്തന്നെ സ്വീകരിക്കാം. ഇക്കാര്യത്തിൽ കുമാരനാശാനെ ജയിച്ച കവികൾ കേരളത്തിലുണ്ടോ എന്നു സംശയമാണു്. ഇന്നു മഹാകവികളെന്നും കവിതിലകന്മാരെന്നും പ്രസിദ്ധി സമ്പാദിച്ചുകഴിഞ്ഞിട്ടുള്ളവരും സമ്പാദിച്ചുവരുന്നവരുമായ ചിലർ, അവരുടെ പാർശ്വവർത്തികളായ ഏതാനും സ്തുതിപാഠകന്മാരുടെ സഹായമില്ലായിരുന്നു എന്നു വരികിൽ ഇന്നത്തെ നിലയിൽ എത്തുമായിരുന്നുവോ എന്നു തീർച്ചപറയാൻ നിവൃത്തിയില്ല. സ്വജാതിയിൽ പെട്ട ഒരാൾ എന്തെങ്കിലും രണ്ടു വരി പദ്യമെഴുതിയാൽ ഉടനെ അതിന്നു ഇരുപതുവരിനിറയെ ഒരു മണ്ഡനവിമർശനമെഴുതി പ്രസിദ്ധീകരിക്കുന്ന പതിവു് ഇന്നും ചിലർ തെററാതെ അനുഷ്ഠിച്ചുപോരുന്നുണ്ടു്. മററുള്ളവർ പുകഴ്ത്തുന്നതിലാണല്ലോ കീർത്തിയുടെ വിത്തിരിക്കുന്നതു് ഈ വക പ്രോത്സാഹനങ്ങളൊന്നും ആശാന്നു് ആദ്യകാലത്തു വേണ്ടവിധം കിട്ടിക്കൊണ്ടിരുന്നതായി തെളിവില്ല; "മലയാളത്തിലെ ജാതിക്കുത്തുമ്പും ഒരു പരാശക്തിയാണു്. അതിന്നു മഹാകവികളെത്തന്നെയും സൃഷ്ടിപ്പാൻ ത്രാണിയുണ്ടെന്നു നമുക്കറിയാമല്ലോ," എന്നു് വള്ളത്തോളിൻെറ തണലിൽ നിന്നുകൊണ്ടു ഒരു നിരൂപക 'ശിരോമണി', കുമാരനാശാനെ ഉദ്ദേശിച്ചു സാക്രൂതമായി ജല്പിച്ചിട്ടു് ഇനിയും അധികദിവസമായിട്ടില്ല. കേരളത്തിലെന്നുമാത്രമല്ല, വിദേശങ്ങളിൽപോലും ഉത്തമനായ ഒരു മഹാകവി എന്ന നിലയിൽ എത്രയോ മുമ്പുതന്നെ പ്രസിദ്ധിസമ്പാദിച്ച കുമാരനാശാൻ തൻെറ യശശ്ചന്ദ്രികകൊണ്ടു് കേരളത്തെ പ്രകാശമാനമാക്കിത്തീർത്തുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ — വലിയ യാഥാസ്ഥിതികന്മാരാണെന്നു എല്ലാവരും വിശ്വസിച്ചുപോരുന്ന നമ്പൂതിരിമാർപോലും അധഃകൃതരുടെ അസ്വസ്ഥ്യങ്ങളെ പരിഹരിക്കേണ്ടതാണെന്നു യോഗക്ഷേമസഭകളിൽ പ്രമേയങ്ങൾ പാസ്സാക്കിത്തുടങ്ങിയിരിക്കുന്ന ഈ പരിഷ്കൃതകാലത്തു്—കുമാരനാശാനെ മഹാകവിയാക്കിയതു് വെറും ജാതിക്കുത്തുമ്പാണെന്നു തുറന്നു പറയാൻ ചില "ജാതി"ക്കാർ ധൈര്യപ്പെടുന്ന സ്ഥിതിക്കു്, പത്തിരുപതുകൊല്ലംമുമ്പു ആശാന്നു മററു ജാതിക്കാരിൽനിന്നു എത്രത്തോളം പ്രോത്സാഹനം കിട്ടിയിരിക്കുമെന്നു ഏകദേശം

ന്നൂഹിക്കാം. ഭാഷാപരിഷ്കരണൈക ദീക്ഷിതനായിരുന്ന കേരള കാളിദാസനെ ഇക്കാൎയ്യത്തിൽ ഒരു വ്യത്യസ്തമായിമാത്രം കണക്കാക്കിയാൽമതി.

ഏതാദൃശമായ അന്തരീക്ഷത്തിൽ നിന്നുകൊണ്ടാണു്, ആശാൻ മററുള്ളവൎക്കു അസൂയാജനകമായവിധം പ്രശസ്തമായ കീൎത്തിനേടിയതെന്നോക്കുമ്പോൾ ശരിയായ പ്രോത്സാഹനവുംകൂടി ആദ്യകാലത്തുതന്നെ അദ്ദേഹത്തിനു സിദ്ധിച്ചിരുന്നു എന്നു വരികിൽ ഇന്നു മററു കവികളുടെ സ്ഥിതി കുറേ പരുങ്ങലിലായി തീരുമായിരുന്നില്ലേ എന്നു സംശയിക്കേണ്ടതായിട്ടാണിരിക്കുന്നതു്. രണ്ടായാലും സൂൎയ്യനസ്തമിക്കാത്ത ഒരു മഹാസാമ്രാജ്യത്തെ ഭരിക്കുന്ന നമ്മുടെ ഇന്ത്യാചക്രവൎത്തിതിരുമനസ്സിലെ തൃക്കൈകളിൽനിന്നു ഒരു സമ്മാനം വാങ്ങാൻ മഹാഭാഗ്യം സിദ്ധിച്ച "രണ്ടേരണ്ടു" കേരളീയ കവികോകിലങ്ങളിൽ ഒരാൾ കുമാരനാശാനായിരുന്നു എന്നുള്ളതിനേക്കാൾ കൂടുതലായി അദ്ദേഹത്തിന്റെ യശസ്സിനെപ്പററി ഒന്നുംതന്നെ പറയേണ്ടതായിട്ടുണ്ടെന്നു തോന്നുന്നില്ല.

കാവ്യംകൊണ്ടു സാധിക്കേണ്ടവയിൽ രണ്ടാമത്തേതു് ധനമാണു്. മലയാളത്തിലെ പുസ്തകങ്ങളിൽ, പാഠ്യപുസ്തകങ്ങളൊഴിച്ചു നോക്കിയാൽ, രണ്ടാംപതിപ്പിനു യോഗം സിദ്ധിച്ചവ വളരെ ചുരുക്കമായിരിക്കും. സേവയും ശുപാൎശയും കൊണ്ടു അടുത്തുകൂടുന്ന ജീവൽക്കവികളുടെ കൃതികൾമാത്രമേ അധികവും പാഠപുസ്തകങ്ങളായിത്തീരാറുള്ളു. ആശാന്റെ പുസ്തകങ്ങളാകട്ടേ, അന്നും ഇന്നും ഒരുപോലെ പാഠപുസ്തകങ്ങളായി തീരുന്നുണ്ടു്. ഒരിക്കലും പാഠപുസ്തകങ്ങളാകാത്ത കൃതികളായാലും, രണ്ടും മൂന്നും പതിപ്പുകൾ കഴിയാത്തവ വളരെ ചുരുക്കമേയുള്ളു. ചുരുക്കിപ്പറഞ്ഞാൽ, മലയാളികൾ കാശുകൊടുത്തു വാങ്ങിവായിക്കാൻ മടിക്കാത്ത പുസ്തകങ്ങളുടെ കൂട്ടത്തിൽപ്പെട്ടവയാണു് ആശാന്റെ കൃതികളും.

മൂന്നാമത്തേതു് ലോകവ്യവഹാരജ്ഞാനമാണു്. അതായതു് ലോകപരിചയംതന്നെ. ഇക്കാര്യത്തിൽ ആശാന്റെ കൃതികൾക്കുള്ള സ്ഥാനത്തെപ്പററി മുകളിൽ പ്രസ്താവിച്ചിട്ടുണ്ടു്. കാവ്യനിൎമ്മിതിക്കുവേണ്ടി പല ഗ്രന്ഥങ്ങളും വായിക്കുകയും പലതും പരിശോധിക്കുകയും ചെയ്യേണ്ടിവരുമ്പോൾ തന്നിമിത്തം കവിക്കുണ്ടാകാവുന്ന ലോകപരിചയത്തെ ആയിരിക്കാം പഴയ ആചാര്യന്മാർ ഇവിടെ ഉദ്ദേശിച്ചിട്ടുള്ളതെന്നു തോന്നുന്നു. കാവ്യപരിശീലനംകൊണ്ടു വായനക്കാൎക്കുണ്ടാകുന്ന ലോകപരിചയത്തേയും ഇക്കൂട്ടത്തിൽപെടുത്താമെന്നാണു് എന്റെ അഭിപ്രായം. എന്തുകൊണ്ടെന്നാൽ കാവ്യംകൊണ്ടു് കവിക്കുമാത്രം ഗുണമുണ്ടായാൽ പോരല്ലോ. വായനക്കാൎക്കുംകൂടി ചിലതൊക്കെ സിദ്ധിച്ചേ തീരൂ. അക്കൂട്ടത്തിൽപ്പെട്ട ഒന്നാണു് ലോകപരിചയം. ചിന്താവിഷ്ടയായ സീതയുടെ വിചാരധാരയും നളിനിയിലേയും ലീലയിലേയും കഥാഘടനയും ദുരവസ്ഥയിലെ ഇതിവൃത്തവും മററും വായനക്കാരെ എത്രമേൽ ലോകപരിചിതന്മാരാക്കിത്തീൎക്കുന്നു എന്നു് നോക്കുക!

സന്തോഷത്താൽ തുള്ളുകയും സന്താപത്താൽ പിടയ്ക്കുകയും ചെയ്യുന്നതു മനുഷ്യരുടെ സ്വഭാവമാണു്. വാസ്തവത്തിൽ നമ്മുടെ മനസ്സുതന്നെയാണു സുഖദുഃഖ

ങ്ങളുടെ നിദാനമെന്നു മനസ്സിലാക്കിയവർ ചുരുക്കമേയുള്ളു. ഈ തത്വം ആശാൻ എത്ര സരസമായി പ്രതിപാദിക്കുന്നു എന്നു നോക്കുക.

"അത്തുമല്ല സുഖാസുഖങ്ങളായ്
സ്ഥിതി മാറീടുവതൊക്കെയേകമാം
അതുതാനിളകാത്തതാം മഹാ—
മതിമത്തുക്കളിവററ രണ്ടിലും."

മതിമാന്മാരായി കുമാരനാശാൻ ഇവിടെ ഉദ്ദേശിച്ചിട്ടുള്ളതു യോഗികളെപ്പോലുള്ളവരെ ആയിരിക്കാം.

ക്ഷമിക്കാനോ സഹിക്കാനോ ശീലിച്ചിട്ടുള്ളവർ ലോകത്തിൽ വളരെ ചുരുങ്ങും. മഹത്വത്തിൻെറ നിദാനം ഇതുരണ്ടുമാണ്. യേശുക്രിസ്തുവിൻെറ ചരിത്രത്തെ ഇത്ര മഹനീയമാക്കിത്തീർത്തു ക്ഷമയും സഹനശക്തിയുമല്ലാതെ മറെറന്താണ്? മഹാത്മജി പ്രധാനമായിപ്പറയുന്നതും "ക്ഷമിക്കുവിൻ; സഹിക്കുവിൻ!" എന്നാണല്ലോ. ആശാൻ പറയുന്നതും ഇതുതന്നെയാണ്.

"അഥവാ ക്ഷമപോലെ നന്മചെ—
യ്യരുളാൻ നോറെറാരു നല്ലബന്ധുവും
വ്യഥപോലറിവോതിടുന്ന സദ്—
ഗുരുവും മർത്ത്യനു വേറെയില്ല താൻ."

'ഈ ലോകത്തിൽ സുഖവുമസുഖവും മിശ്രമായ്ത്താനിരിക്കും,' എന്നോർക്കാതെയും രണ്ടുകാശു കൈയിൽ കിട്ടിയാൽ നിലത്തെങ്ങും നില്ക്കാതെയും മദോന്മത്തരാകുന്ന മനുഷ്യരും ലോകത്തിലുണ്ട്. സ്വന്തം സുഖത്തിലും സൗകര്യത്തിലും ലയിച്ച് മതിമറന്നുപോകുന്ന അവർ സമസൃഷ്ടങ്ങളുടെ കാര്യം തീരെ മറന്നുകളയുന്നു. ഇങ്ങനെ സുഖനിമഗ്നരായി കർത്തവ്യത്തെ മറക്കുന്ന വിവേകഹീനരെ പ്രേമപൂർവം തലോടിക്കൊണ്ട് കവി ഇങ്ങനെ പറയുന്നു:

"ഹാ സുഖങ്ങൾ വെറുംജാലം! ആരറിവൂ നിയതിതൻ—
ത്രാസുപൊങ്ങുന്നതും താനേതാണു പോവതും."

എത്ര ഹൃദയാകർഷകമായ ഉപദേശം! ഇത്ര സരസമായ വാക്കുകേട്ടാൽ ഏതു കഠിനഹൃദയനാണ് ഒന്നിളകിപ്പോകാത്തത്? ഇന്നലത്തെ കുബേരൻ ഇന്നു കുചേലനാകുന്നതും ഇന്നത്തെ കുചേലൻ നാളെ കുബേരനാകുന്നതും ലോകത്തിൽ അത്ര അസാധാരണമല്ലല്ലോ. സുഖദുഃഖങ്ങളുടെ സ്ഥിതിയും ഇതുപോലെതന്നെ. പിന്നെന്തിനാണ് അല്പജ്ഞനായ മനുഷ്യൻ കിടന്നു ഞെളിയുന്നത്?

ലേഖനം ക്രമത്തിലധികം നീണ്ടുപോകുമെന്നുള്ള ഭയം ഈ ഭാഗത്തെ കൂടുതൽ ഉദാഹരണങ്ങളെക്കൊണ്ടു തെളിയിക്കുന്നതിൽ ഒരു പ്രതിബന്ധമായി നില്ക്കുന്നു. ആശാൻെറ കൃതികൾ ഒരിക്കലെങ്കിലും വായിച്ചിട്ടുള്ള സഹൃദയന്മാർക്ക്

അവയിൽ ഏതാദൃശങ്ങളായ തത്വരത്നങ്ങൾ ധാരാളം അടങ്ങിയിരിപ്പുണ്ടെന്നു് അനുഭവപ്പെട്ടിരിക്കണം. ആകസ്മികമായി നേരിട്ട പലതരത്തിലുള്ള മാനസികക്ലേശങ്ങളിൽനിന്നു വായനക്കാരെ നിവൃത്തരാക്കുവാൻ ആശാന്റെ കവിതയ്ക്കു ഒരു പ്രത്യേകശക്തിയുണ്ടെന്നു് പല സഹൃദയന്മാരും തുറന്നു പ്രസ്താവിച്ചിട്ടുണ്ടു്. മനസ്സിന്റെ അടിത്തട്ടിൽ തട്ടത്തക്കവിധത്തിലുള്ള ഈ തത്വോപദേശരീതി മലയാളത്തിലെ മററു കവികളിൽ സാധാരണ കണ്ടുവരാത്ത ഒന്നാണു്. വേദാന്തം ശുഷ്കമായ ഒരു വിഷയമാണെന്നാണു് എല്ലാവരും വെച്ചിട്ടുള്ളതു്. ആശാന്റെ കൈയിൽ കിട്ടിയാൽ, ഏതോ ഇന്ദ്രജാലപ്രയോഗംകൊണ്ടെന്നപോലെ വേദാന്തവുംകൂടി ഹൃദയാകർഷകമായ ഒരു വേഷത്തെ അവലംബിക്കുന്നു. ജന്മാന്തരത്തിലും കർമ്മഫലത്തിലും ആശാനു വിശ്വാസമുണ്ടായിരുന്നു എന്നു്, വീണപൂവു് മുതലായ കൃതികളിൽ കാണുന്ന പല വരികളും സാക്ഷ്യം വഹിക്കും. സജ്ജനങ്ങൾ മരണശേഷം ഉൽകൃഷ്ടമായ ഒരു പദവിയെ പ്രാപിക്കുമെന്നുള്ള ആശയമടങ്ങിയ ഒരു പദ്യം നോക്കുക:—

“ഇപ്പശ്ചിമാബ്ധിയിലണഞ്ഞൊരു താരമാരാ—
ലുല്പന്നശോഭമുദയാദ്രിയിലെത്തിടുമ്പോൾ
സൽപുഷ്പമേ, ഇവിടെമാഞ്ഞു സുമേരുവിന്മേൽ
കല്പദ്രുമത്തിനുടെ കൊമ്പിൽവിടർന്നിടാം നീ.”

പുഷ്പത്തെ സംബോധന ചെയ്തുകൊണ്ടാണു് ആശാൻ ഇതു പറയുന്നതു്. എന്നാൽ വാച്യമായ അർത്ഥത്തിനുപുറമേ, വ്യംഗ്യമായ ഒരു അർത്ഥംകൂടി വീണപൂവിനു ആശാൻ കല്പിച്ചിട്ടുണ്ടെന്നും അത്യാസന്നനിലയിൽ കിടന്നിരുന്ന ഏതോ ഒരു ഇഷ്ടജനത്തെ ഉദ്ദേശിച്ചു രചിക്കപ്പെട്ടിട്ടുള്ള ഒരു കൃതിയാണു് അതെന്നുംകൂടി ഓർക്കുമ്പോൾ, മരണാനന്തരമുള്ള ജീവിതത്തെ ഉദ്ദേശിച്ചുതന്നെയാണു് ആ പദ്യമെഴുതിയതെന്നും സ്പഷ്ടമാകും. ഇതുപോലെ,

“കണ്ണേ, മടങ്ങുക കരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീമലരു വിസ്മൃതമാകുമിപ്പോൾ
എണ്ണീടുകാർക്കുമിതുതാൻഗതി സാദ്ധ്യമെന്തു
കണ്ണീരിനാലവനിവാഴ്‌വു കിനാവുകഷ്ടം!”

എന്നുള്ള പദ്യം ലോകജീവിതത്തിന്റെ ക്ഷണികതയെയല്ലേ വിളിച്ചു പറയുന്നതു്? ഹിന്ദുക്കളുടെ ഉപനിഷത്തുകളിൽ പറയുന്ന തത്വങ്ങളും ഇതൊക്കെത്തന്നെയല്ലേ? ആർക്കും മനസ്സിലാകാത്ത ഒരു രൂപത്തിൽ, ഒരു മാതൃഭാഷയിൽ, പറയുന്നു എന്നുള്ള വിശേഷമല്ലാതെ ഉപനിഷത്തുകൾക്കു എന്താണു ഇതിൽനിന്നു വ്യത്യാസമുള്ളതു്? ആശാനാകട്ടെ. പഞ്ചസാരയിൽ പൊതിഞ്ഞ ഗുളികപോലെ അതിനെ ഏതാണ്ടു സരസമാക്കിത്തീർക്കുന്നു. ഇങ്ങനെ ഉപനിഷത്തത്വങ്ങളേയുംകൂടി സരസമായി ഉപദേശിച്ചുകൊണ്ടു് മനോമോഹനമായ വേഷത്തിൽ അരങ്ങത്തിറങ്ങിയ ഒരു കവിതാകാമിനി തന്റെ കാമുകന്മാരെ ശാന്തമാനസന്മാരാക്കിത്തീർക്കുന്നതിൽ എന്താണതിശയിക്കാനുള്ളതു്?

ശുഭാവാപ്തിയാണ് നാലാമത്തെ കാവ്യോദ്ദേശ്യം. ഇതും കവിയേയും വായനക്കാരേയും സംബന്ധിക്കുന്നതാവാം. ആശാന്റെ കവിത ഈ രണ്ടുവിധം നോക്കിയാലും ശുഭാവഹമായിത്തന്നെയാണ് കണ്ടിട്ടുള്ളതു്. ഇതേവരെ പറഞ്ഞിട്ടുള്ള ഭാഗങ്ങൾതന്നെ ഇതിനു മതിയായ തെളിവാണല്ലോ. ഇന്നു ലോകത്തിൽ ഏറ്റവുമധികം ആഗ്രഹിക്കുന്ന രണ്ടുവസ്തുക്കൾ പണവും കീർത്തിയുമാണ്. അതുരണ്ടും നിഷ്പ്രയാസം സമ്പാദിക്കാൻ സാധിച്ചപ്പോൾതന്നെ കവിയെ സംബന്ധിച്ചിടത്തോളം കാവ്യം ശുഭാവഹമായിത്തീർന്നു കഴിഞ്ഞിരിക്കുന്നു. മനസ്സമാധാനത്തിനും ദുഃഖനിവൃത്തിക്കും ഒരുപകരണമായിതീരുന്നതിനേക്കാൾ കൂടുതലായി വായനക്കാർക്ക് എന്തൊരു മംഗളമാണ് ഒരു കാവ്യത്തിൽനിന്നു പ്രതീക്ഷിക്കാവുന്നതു്?

അഞ്ചാമത്തെ കാവ്യഫലം പരമാനന്ദമാണ്. കുറെ സുകുമാരപദങ്ങൾകൊണ്ടു വായനക്കാരുടെ മനസ്സിനെ മയക്കിക്കളയുകയാണ് സാധാരണകവികൾ ചെയ്യാറുള്ളതു്. വായനക്കാരെ മയക്കാതെതന്നെ—അവർക്ക് ബോധമുള്ളപ്പോൾ തന്നെ—അവരെ പരമാനന്ദനിമഗ്നരാക്കാമെന്നു കാണിച്ചുകൊടുക്കയാണ് കുമാരനാശാൻ ചെയ്തിട്ടുള്ളതു്. അനാവശ്യവർണ്ണനകൊണ്ടു വായനക്കാരെ മുഷിപ്പിക്കുകയോ അനുചിതങ്ങളായ അലങ്കാരങ്ങളെക്കൊണ്ടു കഥാഗാത്രത്തിന്റെ സൗന്ദര്യത്തെ കുറയ്ക്കുകയോ ചെയ്യാതെ യഥാസ്ഥാനം യഥോചിതം അലങ്കാരങ്ങളേയും വർണ്ണനകളേയും ഉപയോഗിക്കുക മാത്രമേ അദ്ദേഹം ചെയ്തിട്ടുള്ളു. ഈ ഒരു മെച്ചം അദ്ദേഹത്തിന്റെ എല്ലാ കൃതികളിലും കാണാം. അങ്ങുമിങ്ങും അപൂർവമായി കാണുന്ന വർണ്ണനകളും അലങ്കാരങ്ങളും കരതീർന്നവയായിരിക്കുകയും ചെയ്യും. കരുണയിലെ ആദിഭാഗത്തു വർണ്ണിച്ചിട്ടുള്ള വാസവദത്തയുടെ ഇരിപ്പ് എത്ര മനോഹരമായിട്ടുണ്ടെന്നു നോക്കുക. രവിവർമ്മാപടങ്ങളെപ്പോലും ജയിക്കത്തക്കവിധം ഒരൊന്നാംതരം ചിത്രം വരയ്ക്കുകയാണ് ആശാനവിടെ ചെയ്തിട്ടുള്ളതു്. ചണ്ഡാലഭിക്ഷുകിയിലെ ആശ്രമം ദുരവസ്ഥയിലെ പുലയക്കുടിൽ മുതലായവയുടെ വർണ്ണനയും വളരെ മെച്ചമായിട്ടുണ്ടു്. അല്ലങ്കിലെന്തിനു്? സൗന്ദര്യമില്ലാത്ത സ്ത്രീകളാണല്ലോ ആഭരണങ്ങളണിഞ്ഞു് ഇല്ലാത്ത മോടിയുണ്ടാക്കാൻ ശ്രമിക്കുന്നതു്. സ്വതേതന്നെ സുന്ദരിയായ ഒരുത്തിക്കു് ആഭരണംകൊണ്ടും ആഡംബരംകൊണ്ടും വല്ല ആവശ്യവുമുണ്ടോ? ഇതുപോലെ ആശാന്റെ കവിതാകാമിനി സ്വതേതന്നെ സഹൃദയസമാഹ്ലാദിനിയത്രേ. പിന്നെ അലങ്കാരങ്ങളും വർണ്ണനകളും ഇല്ലെങ്കിൽത്തന്നെ അതിനെന്തൊരു കുറവാണുണ്ടാകാനുള്ളതു്? സഹൃദയന്മാരെ സംബന്ധിച്ചിടത്തോളം ഭൂമിയിൽ സ്വർഗ്ഗത്തെ സൃഷ്ടിക്കുന്നതിനുള്ള ശക്തി ആശാന്റെ കവിതയ്ക്കുണ്ടെന്നു പറഞ്ഞാൽ, പരമാനന്ദത്തെപ്പററി അതിലധികമായിട്ടൊന്നും പറയാനുണ്ടെന്നു തോന്നുന്നില്ല.

സദുപദേശമാണ് ഒടുവിലായി കാണുന്നതു്. വിശേഷജ്ഞാനമില്ലാത്ത കൊച്ചുകുട്ടികൾ മുതൽ വിജ്ഞാനികളായ വൃദ്ധന്മാർവരെ ഏതുതരക്കാരെയും കൃത്യോന്മുഖരും അകൃത്യവിമുഖരുമാക്കിത്തീർക്കുന്ന തരത്തിലുള്ള ഉപദേശരത്നങ്ങൾ ആശാന്റെ കവിതയിൽ എങ്ങും കാണാം. "നാമിങ്ങറിയുവതല്പം—എല്ലാ—

മോമൗന ദൈവസങ്കല്പം" എന്നു കൊച്ചുകുട്ടിയോടു പറയുന്ന ആശാൻ തന്നെയാണ്,

"പ്രാണിക്കിന്നേടു ജീവിതപ്പെരുവഴിക്ലേശം കഴിച്ചെത്രയും
ക്ഷീണിക്കും ഹൃദയത്തെ മൂടിയൊടുവിൽ ചേർക്കുന്നുസൗഖ്യംമൃതി."

എന്നു പണ്ഡിതവൃദ്ധന്മാരോടുപദേശിക്കുന്നതും ദുരവസ്ഥയിലെ രണ്ടു പ്രാക്കളുടെ ഗാർഹസ്ഥ്യജീവിതത്തെപ്പോലുള്ള വർണ്ണനംകൊണ്ടു യഥാവസരം ജനങ്ങൾക്കു സദാചാരത്തെയുപദേശിക്കുന്നതിനും കവി ഉൽസുകനായിത്തന്നെ കാണപ്പെടുന്നു. ലീല, നളിനി, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി മുതലായ കൃതികളിൽ സാമുദായികങ്ങളായ പല അമൂല്യോപദേശങ്ങളും അന്തർഭവിച്ചിട്ടുണ്ടെന്നു നിരീക്ഷകന്മാർക്കു കാണാൻ കഴിയും.

അത്യാവശ്യമെന്നു കരുതിയിരുന്ന പല ഉദ്ധരണങ്ങളെ ഉപേക്ഷിച്ചിട്ടുംകൂടി ലേഖനം ഇപ്പോൾതന്നെ വളരെ നീണ്ടുപോയിരിക്കുന്നു. കുമാരനാശാനെപ്പോലെ തത്വചിന്താപരനും പക്വമാനസനും നിരീക്ഷണപടുവുമായ ഒരു വാസനാകവിയെപ്പററി പറയാനുള്ളതെല്ലാം ഇത്ര ചെറിയ ഒരു ഉപന്യാസത്തിൽ പറഞ്ഞവസാനിപ്പിക്കാമെന്നുദ്ദേശിക്കുന്നതും വലിയ സാഹസംതന്നെയാണ്. അതുകൊണ്ട് ഒന്നുരണ്ടു വശങ്ങളെ സംബന്ധിച്ചുംകൂടി രണ്ടുവാക്കു പറഞ്ഞ് ഞാനതിനെ ഉപസംഹരിച്ചേക്കാം!

ആശാൻ എല്ലാ കൃതികളിലും സ്നേഹത്തെപ്പററിയുള്ള വർണ്ണന, മാലയിൽ നൂലെന്നപോലെ, സാർവ്വത്രികമായി വ്യാപിച്ചുകാണുന്നുണ്ടു്. സ്നേഹഗായകൻ എന്നാണ് ഞാൻ അദ്ദേഹത്തിനു കല്പിച്ചിട്ടുള്ള പേര്. വീണപൂവിനെക്കണ്ടപ്പോൾ കവിയുടെ ഹൃദയത്തിൽനിന്നു പൊട്ടിപ്പുറപ്പെട്ട ഈ സ്നേഹധാരിക നളിനി, ലീല മുതലായവയിലെത്തിയപ്പോൾ ഓരോ തരത്തിലുള്ള രൂപാന്തരങ്ങളെ പ്രാപിച്ചു കരുണയിൽ അതിന്റെ മൂർദ്ധന്യതയെ പ്രാപിക്കുന്നു. ലോകം മുഴുവൻ നശിച്ചാലും സ്നേഹം നിലനില്ക്കുമെന്നാണ് കവി പറയുന്നത്. സൃഷ്ടിസ്ഥിതി സംഹാരകർത്താവായ ഈശ്വരൻതന്നെ സ്നേഹസ്വരൂപനാണല്ലോ. പരിശുദ്ധമായ സ്നേഹത്തെയും നിർമ്മലമായ അനുരാഗത്തെയും ദൈവികമായ നിലയിൽ പ്രത്യക്ഷപ്പെടുത്തിക്കാണിക്കുകയത്രേ ആശാന്റെ കാവ്യങ്ങൾ ചെയ്യുന്നത്. ഈശ്വരാംശമായ ആത്മാവിന്റെ സ്വാഭാവിക ഗുണങ്ങളിൽ മുഖ്യമായ സ്നേഹത്തെ സംസാരസുഖത്തിനുവേണ്ടി ദുരുപയോഗപ്പെടുത്തുന്ന 'രൂപാജീവി'കൾക്കും സൗന്ദര്യാദി ശരീരഗുണങ്ങൾ മിഥ്യയാണെന്നുള്ള ബോധം വരത്തക്ക അത്യാപത്തുകൾ സംഭവിക്കുമ്പോൾ ഗുരൂപദേശമാർഗ്ഗേണ മോക്ഷം പ്രാപിക്കുവാൻ സാധിക്കുമെന്നാണ് കരുണയെന്ന കാവ്യംകൊണ്ട് ഈ മഹാകവി തെളിയിച്ചതെങ്കിൽ സാമുദായികമായ ദുരാചാരങ്ങളെ പുലർത്തുവാൻവേണ്ടി സ്നേഹത്തെ കഴുത്തുപിടിച്ചു ഞെക്കിക്കൊല്ലുന്നവർക്കും ആപൽക്കാലങ്ങളിൽ യഥാർത്ഥമായ ആത്മചൈതന്യം വെളിപ്പെട്ടു, മനുഷ്യർ തമ്മിലുള്ള കൃത്രിമവ്യത്യാസങ്ങൾ വിസ്മരിക്കുവാൻ സംഗതിവരുമെന്നു ദുരവസ്ഥ ദൃഷ്ടാന്തപ്പെടുത്തുന്നു. ഇങ്ങനെയുള്ള കൃത്രിമവ്യത്യാസം

ആത്മാവിനില്ലെന്നും ഒവറും അനുരാഗമായി തെററിദ്ധരിപ്പാനിടയുള്ള ആത്മൈക്യമോഹവും അതുവഴിയായുള്ള ആദ്ധ്യാത്മികാഭിവൃദ്ധിയും നികൃഷ്ടമായി തള്ളപ്പെടുന്ന ജാതിക്കും ഉണ്ടാകാമെന്നും പ്രത്യക്ഷപ്പെടുത്തുകയത്രേ ചണ്ഡാലഭിക്ഷുകിയെക്കൊണ്ടു കവി സാധിച്ചിരിക്കുന്നതു്. ഇങ്ങനെ നോക്കിയാൽ കുമാരനാശാൻ സ്നേഹത്തെപ്പററിയുള്ള ഒരു ദിവ്യസന്ദേശമാണു് പ്രധാനമായി ലോകത്തിനു നൽകിയിട്ടുള്ളതെന്നു എന്തുകൊണ്ടു പറഞ്ഞുകൂടാ?

ജാതിനിമിത്തകമായ കൃത്രിമവ്യത്യാസം ഈ പരിശുദ്ധ സ്നേഹത്തിനു് ഒരിയ്ക്കലും പ്രതിബന്ധമായിത്തീരരുതെന്നുകൂടി അദ്ദേഹത്തിനഭിപ്രായമുണ്ടു്. ജാതിഭേദത്തിൻെറ നിരർത്ഥകതയെപ്പററി കവി കൂടെക്കൂടെ പ്രതിപാദിക്കുന്നതു് ഈ ഉദ്ദേശത്തോടുകൂടിയാണു്. ചണ്ഡാലഭിക്ഷുകിയിൽ അദ്ദേഹം ജാതിക്കു കൊടുത്തിട്ടുള്ള ഒരു വിവരണം രസകരമായിരിക്കുന്നു.

"വ്യാമോഹമാന്നും സുഖത്തിൽ— പര—
ക്ഷേമത്തിൽ വിപ്രിയമാന്നും
പാമരചിത്തം പുകഞ്ഞു– പൊങ്ങും
ധൂമമാമീർഷ്യതൻ ജാതി

വളരെക്കാലത്തിനുശേഷമാണെങ്കിലും, ജാതിഭേദത്തിനു് സാധാരണക്കാരുദ്ദേശിക്കുന്ന തരത്തിലുള്ള അടിയുറപ്പൊന്നുമില്ലെന്നു് ഇന്നു മിക്കപേരും സമ്മതിച്ചുതുടങ്ങീട്ടുണ്ടു്. ഇങ്ങനെ നിരർത്ഥകമായ ജാതിഭേദം കൊണ്ടുണ്ടാകാവുന്നതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ അനർത്ഥങ്ങളെ കവി വർണ്ണിക്കുന്നതിങ്ങനെയാണു്:

"സ്വന്തം കുടുംബം പിരിക്കും —അതു—
ബന്ധുക്കളെ വിഭജിക്കും
ഹന്ത! വർഗ്ഗങ്ങൾ തിരിക്കും—പക—
ത്തുന്ത്യമായ് ലോകം മുടിക്കും."

ജാതിക്കുശിമ്പുകൊണ്ടു് ലോകത്തിനു് വളരെ ദോഷം സംഭവിച്ചിട്ടുണ്ടെന്നും വളരെ മഹാന്മാർ തങ്ങളുടെ മഹത്വത്തെ വെളിപ്പെടുത്തുവാൻ തരംകിട്ടാതെ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോകേണ്ടിവന്നിട്ടുണ്ടെന്നുംകൂടി പറയുന്നതിനു് ആശാനു് ഭാവമുണ്ടു്. നോക്കുക,

"എത്ര പെരുമാക്കൾ ശങ്കരാചാര്യന്മാർ
എത്രയോ കുഞ്ചന്മാർ തുഞ്ചന്മാരും
ക്രൂരയാം ജാതിയാൽ നൂനമലസിപ്പോയ്—
കേരളമാതാവേ നിൻ വയററിൽ"

ഇങ്ങനെ സങ്കടം പറയാനും കുററപ്പെടുത്താനും മാത്രമല്ല ഇനി വേണ്ടതെന്താണെന്നുപദേശിക്കുവാനും കവി തയ്യാറാണു്.

"നെല്ലിൻചുവട്ടിൽ മുളയ്ക്കും—കാട്ടു—
പുല്ലല്ല സാധു പുലയൻ."

എന്നെല്ലാരും മനസ്സിലാക്കിയാൽ കൊള്ളാമെന്നാണ് അദ്ദേഹത്തിൻെറ പ്രാർത്ഥന. മാത്രമല്ല, സാധുവായ ആ പുലയനും മററുള്ളവർക്കും തമ്മിലുള്ള ബന്ധത്തെപ്പററി,

"ഒന്നല്ല നാമയി സഹോദരരല്ലി പൂവേ!
ഒന്നല്ലി കയ്യിഹ രചിപ്പതു നമ്മെയെല്ലാം."

എന്നിങ്ങനെ ഉൽബോധിപ്പിക്കയുംകൂടി ചെയ്യുന്നുണ്ടു്. വെറും ഉൽബോധനം ഫലിച്ചില്ലെങ്കിലോ എന്നു സംശയിച്ചായിരിക്കാം,

"ഉച്ചാവചങ്ങളാമോമൽസുമങ്ങളാൽ
മെച്ചമേറീടുമീയാരാമത്തിൽ
ദേവൻ വനമാലിക്കാനന്ദമേകാത്ത
പൂവൊന്നുമില്ലെന്നതോർത്തുകൊൾവിൻ."

എന്നു് മനുഷ്യജാതിയുടെ ഏകപിതൃത്വത്തേയും ആ ലോകപിതാവിൻെറ സമദർശിത്വത്തേയും സൂചിപ്പിച്ചു്, ജാതിമൂലകമായ പരദ്രോഹം വാസ്തവത്തിൽ ദൈവദ്രോഹംതന്നെയാണെന്നു സ്ഥാപിക്കുന്നതു്. ജാതിഭേദത്തിൻെറ അനർത്ഥകാരിത്വത്തേയും അനിഷ്ടഫലത്തേയുംപററി ഇതിലധികം ഹൃദയാകർഷകമായ രീതിയിൽ പ്രതിപാദിക്കാൻ മലയാളത്തിലെ മറെറാരു കവിക്കും ഇതുവരെ സാധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ആശാൻെറ ഈ സന്ദേശവും പ്രാർത്ഥനയും കേരളീയർ ചെവിക്കൊള്ളുമോ എന്തോ?

കേരളത്തിലെ മഹാകവികളുടെ ഗണനാപ്രസംഗത്തിൽ അതിമഹനീയമായ ഒരു സ്ഥാനത്തെയാകുന്നു കുമാരനാശാൻ അധിരോഹണംചെയ്യുന്നതു് എന്നുള്ള വസ്തുത വാദവിഷയമേ അല്ല. ഓരോ ദിവസം പോകുംതോറും അദ്ദേഹത്തെപ്പററി കേരളീയർക്കുള്ള മതിപ്പ് ഒന്നിനൊന്നു ഏറിവരുന്നതേയുള്ളു. പ്രാചീനകാലം—കൃഷ്ണഗാഥാകർത്താവിൻെറ കാലംമുതല്ക്കു നാളതുവരെ ജീവിച്ചിരുന്ന അനുഗൃഹീതന്മാരായ ആറോ ഏഴോ കവിസാമ്രാട്ടുകളുടെ കൂട്ടത്തിൽ ആശാനും സ്വായത്തമായ ഒരു സിംഹാസനം അപ്രതിഷേധ്യമാണു്.

—മഹാകവി ഉള്ളൂർ.

# ആശാൻകവിത

## പ്രൊഫ: ഇളംകുളം കുഞ്ഞൻപിള്ള

'കേരളകൗമുദി'യുടെ 1955–ലെ
വിശേഷാൽപ്രതിയിൽ ശ്രീ. ഇളംകുളം
എഴുതിയ "മലയാളകവിത
നൂററാണ്ടുകളിലൂടെ"
എന്ന ലേഖനത്തിലെ ഒരു ഭാഗം.

ആശാൻ കവിതകളെ നിരൂപണം ചെയ്യുമ്പോൾ അദ്ദേഹം ജനിക്കുകയും ജീവിക്കുകയും ചെയ്ത സമുദായത്തിൻെറയും കാലഘട്ടത്തിൻെറയും പ്രത്യേകതകൾ നാം വിസ്മരിക്കരുത്. മർദ്ദിതവും അതുകൊണ്ടുതന്നെ സമരസന്നദ്ധവുമായ ഒരു സമുദായത്തിൻെറ സന്തതിയാണ് അദ്ദേഹം. അങ്ങനെയുള്ള ഒരു മഹാകവിക്ക് സജീവ സാമൂഹ്യപ്രശ്നങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കുക സാദ്ധ്യമല്ലല്ലൊ. വാസ്തവത്തിൽ യുക്തിബോധത്തിനു പ്രാധാന്യമുള്ള ഒരു സാഹിത്യശാഖ ആശാൻെറ കാലം മുതലേ ആരംഭിക്കുന്നുള്ളു. പടർന്നു പന്തലിച്ചുനില്ക്കുന്ന മഹാകാവ്യങ്ങളുടെ മുന്നിൽ, ഏതാനും ഇതളുകൾ മാത്രമുള്ള 'വീണ പൂവു'മായാണ് മഹാകവി രംഗപ്രവേശം ചെയ്തത്. ആ പൂവാകട്ടെ കേരളീയരുടെ കലാവബോധത്തിൻെറ 'കല്പദ്രുമശാഖ'യിൽ അനശ്വരമായി പരിലസിക്കുകയും ചെയ്യുന്നു! അതുതന്നെ ഒരു വിപ്ലവമാണ്. ആശയസ്വീകരണത്തിലും പ്രതിപാദനത്തിലും മുമ്പുള്ളതിൽനിന്നൊരു മാററം ആശാൻെറ എല്ലാ കൃതികളിലും കാണാം. എന്നാൽ ഒടുവിലുള്ള ചില കൃതികളാണ് ആശാനെ തികച്ചും ഒരു വിപ്ലവകാരിയാക്കുന്നത്.

ആശാൻെറ കാവ്യജീവിതത്തിൽ പരിവർത്തനമുണ്ടാക്കിയ ഒരു സംഭവം ഈ അവസരത്തിൽ ഓർക്കുന്നു. ദുരവസ്ഥ എഴുതാൻ തുടങ്ങുന്നതിനു മുമ്പാണത്. ചാവർകോട്ടു കുഞ്ഞുശങ്കരൻവൈദ്യരുടെ മകളുടെ വിവാഹത്തിനു ക്ഷണമനുസരിച്ച് ആശാനും വന്നിരുന്നു. ആത്മാർത്ഥ സുഹൃത്തുക്കളായിരുന്നു ആശാനും വൈദ്യരും.

പക്ഷേ, ജാതിസംബന്ധമായി ആശാന് ഏതോ കുറവുണ്ടെന്ന കാരണത്താൽ ഈഴവസമുദായത്തിൽപെട്ട ഒരുകൂട്ടം ആളുകൾ വിവാഹത്തിൽ പങ്കുകൊള്ളാൻ വിസമ്മതിച്ചു. വൈദ്യർ വിഷമത്തിലായി. ഈ സ്ഥിതി മനസ്സിലാക്കിയ ആശാൻ ഉടൻതന്നെ ശാന്തനായി സ്ഥലംവിടുകയാണ് ചെയ്തതു്. മഹാനായ ഒരു വ്യക്തിയെ ക്ഷണിച്ചുവരുത്തി അവമാനിച്ചല്ലോ എന്ന ചിന്തയാൽ വൈദ്യൻ രോഗഗ്രസ്തനാവുകയും അചിരേണ കാലധർമ്മം പ്രാപിക്കയും ചെയ്തു. സുഹൃത്തിന്റെ ചരമം ആശാന്റെ ഹൃദയത്തെ അത്യധികം വേദനിപ്പിച്ചു. 1097—ൽ ആശാനുമൊന്നിച്ച് തങ്കശ്ശേരിക്കടപ്പുറത്തിരിക്കുമ്പോൾ ഈ സംഭവത്തെപ്പററി ഞാൻ നേരിട്ടു ചോദിക്കയുണ്ടായി. മറുപടിയൊന്നും പറഞ്ഞില്ല. കുഞ്ഞുശങ്കരൻവൈദ്യന്റെ നാമശ്രവണത്തിൽ അസഹ്യമായ വികാരവിക്ഷോഭത്തിന്റെ ഒരു മഹാസമുദ്രം ആ ഹൃദയത്തിൽ അലതല്ലുന്നതുപോലെ എനിക്കു തോന്നി. സംഭാഷണം മറെറാരു വിഷയത്തിലേയ്ക്കു മാറേറണ്ടിവന്നു. ആശാനെ ആ തപ്തസ്മരണയിൽനിന്നു വിമുക്തനാക്കാൻ, ശ്രീ മലബാർ സുകുമാരന്റെ "ഞാനും എന്റെ പേടിയും" എന്ന കഥ വായിച്ചുകേൾപ്പിച്ചതായും ഓർക്കുന്നു.

"ദുരവസ്ഥ"യിൽ കാണുന്ന പരിവർത്തനത്തിനു പ്രധാന കാരണം ചാവർകോട്ടു സംഭവം ആണെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ദുരവസ്ഥയുടെ പ്രസിദ്ധീകരണം വരുത്തിക്കൂട്ടിയ കോളിളക്കം കേരളത്തിൽ മറെറാരു കൃതിയും ഉണ്ടാക്കിയിട്ടില്ല. ആശാന്റെ ഉദ്ദേശം സാധിച്ചു എന്നുള്ളതിന് അതുതന്നെ തെളിവാണ്. എഴുത്തച്ഛനേയും നമ്പ്യാരേയും പോലെ സമുദായത്തെ വളരെ മുമ്പിൽനിന്നു നയിക്കാനാണു ഒരുമ്പെടുന്നതു് എന്നതിൽക്കൂടുതൽ ഒരപരാധവും മഹാകവി ചെയ്തിട്ടുണ്ടെന്നു തോന്നുന്നില്ല. സാമൂഹ്യസംഘടനയ്ക്കു വളരെ മുമ്പിലാണ് താൻ നിൽക്കുന്നതെന്ന വസ്തുത ആശാൻ പൂർണ്ണമായി മനസ്സിലാക്കുന്നുമുണ്ട്. അതുകൊണ്ടുതന്നെയാണ് മററു കൃതികളിൽനിന്നും വ്യത്യസ്തമായി, "മദ്വചനങ്ങൾക്കു മാർദ്ദവമില്ലെങ്കിലുദ്ദേശശുദ്ധിയാൽ മാപ്പുനൽകിൻ" എന്നു ക്ഷമാപണം ചെയ്യുന്നതും. 'ചാത്ത'നെന്നും 'സാവിത്രി'യെന്നുമുള്ള ഭേദം നിശ്ശേഷം ഇല്ലാതാകുന്ന ഒരു സാമൂഹ്യപശ്ചാത്തലം സംജാതമാവുന്നതുവരെ ദുരവസ്ഥയെപ്പററിയുള്ള വിമർശനങ്ങൾ നീണ്ടുനിൽക്കതന്നെ ചെയ്യും. അതുതന്നെയാണ് ആശാന്റെ വിജയവും.

കലത്തിനു സമുന്നതി, ഭാഷയ്ക്കു നവ്യാലംകൃതി, വൃത്തിക്കു സ്വാതന്ത്ര്യവേഗം, രാജ്യത്തിനു സ്നേഹപ്രഭാവം എന്നിതത്രയും നട്ടുവളർത്തിയ കുമാരനാശാൻ നാട്ടുകാർക്കേവർക്കും സമാരാദ്ധ്യൻ തന്നെ. ഇതിൽ ഇവിടെ മറെറാരാൾക്കും ഇത്രത്തോളം സാധിച്ചിട്ടില്ല.

—കണ്ണൻ ജനാർദ്ദനൻ

# കുമാരനാശാൻെറ കവിതയിലെ ജീവിതവിമർശം.

സർദാർ കെ. എം. പണിക്കർ

"ചാലയിൽ മാധവപ്പണിക്കർ, മുസ്ലീം യൂണിവേഴ്സിററി" എന്ന പേരിൽ അരനൂററാണ്ടിനുമുമ്പ്, 1096 വൃശ്ചികം 'ഭാഷാപോഷിണി' ലക്കത്തിൽ പ്രസിദ്ധീകരിച്ചതാണു് ഈ ലേഖനം.

ഇന്നുള്ള മലയാള കവികളിൽ ഒരു പ്രധാന സ്ഥാനത്തെ അർഹിക്കുന്ന ആളാണു കുമാരനാശാൻ എന്നുള്ളതു തർക്കമുള്ള സംഗതിയല്ല. നളിനിക്കു ദിവാകര സ്പർശമുണ്ടായതു മുതൽ, സാഹിത്യനഭോമണ്ഡലത്തിൽ അദ്ദേഹത്തിൻെറ സ്ഥാനം സുപ്രതിഷ്ഠിതമായി. പിന്നീടു പുറപ്പെട്ട ലീല, പ്രരോദനം മുതലായ കൃതികൾ അദ്ദേഹത്തിൻെറ യശസ്സിനെ അസൂയാലുക്കളായ നിരൂപകന്മാർക്കും ദുഷ്ടബുദ്ധികളായ ക്ഷുദ്രലേഖകന്മാർക്കും കൈയെത്താത്ത ഒരുയർച്ചയിൽ എത്തിക്കുകയും ചെയ്തു. ആശാൻെറ കവിതയുടെ ഗുണദോഷങ്ങളെ നിരൂപണം ചെയ്യണമെന്നോ മലയാളസാഹിത്യത്തിൽ അതിനുള്ള സ്ഥാനത്തെ പരിഗണനം ചെയ്യണമെന്നോ അല്ല ഈ ലേഖനത്തിൻെറ ഉദ്ദേശം. അങ്ങനെ ഒരു ഉദ്യമത്തിനുവേണ്ട പാണ്ഡിത്യമോ, സാഹിത്യകുശലത്വമോ ഈ ലേഖകനില്ല. ആശാൻെറ ആശയങ്ങൾക്കു ദുരവഗാഹിത്വവും രചനയ്ക്കു ശൈഥില്യവും സാമാന്യമായി പറയാവുന്ന ദോഷങ്ങളാണു്. എന്നാൽ അദ്ദേഹത്തിൻെറ കവിതയിൽ സർവത്ര തെളിഞ്ഞുകാണുന്ന അർത്ഥഗാംഭീര്യവും ഉചിതാർത്ഥപുഷ്ടമായ പദപ്രയോഗവും വിചാരിക്കുമ്പോൾ മുൻപറഞ്ഞ ദോഷങ്ങൾ നിസ്സാരമെന്നു് ആരും സമ്മതിക്കും. ഏതായാലും അന്യരുടെ യശോഭ്രമാവിൽ പുച്ഛം നടിക്കുന്ന ചില

"കൗശികവ്രജ"മൊഴികെ മററുള്ള മലയാളികൾ ആശാന്റെ കവിതയെ അഭിനന്ദിച്ചുവരുന്നുവെന്നുള്ളതു് പ്രത്യക്ഷമാകയാൽ നിഷ്കൃഷ്ടമായ ഒരു ഗുണദോഷനിരൂപണം ഇവിടെ ആവശ്യമാണെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ കവിതയിൽ തത്വജ്ഞാനവിഷയമായി കാണാവുന്ന ആശയങ്ങളെ മാത്രം എടുത്തു നിരൂപണം ചെയ്യണമെന്നാണു് ഈ ലേഖനത്തിന്റെ ഉദ്ദേശം.

മലയാള ഭാഷയിൽ ആശാന്റെ പ്രധാന കൃതികൾ നളിനി, ലീല, പ്രരോദനം എന്നു മൂന്നു ഖണ്ഡകാവ്യങ്ങൾ ആണു്. അവ മൂന്നും മാത്രമേ ഇവിടെ പരിശോധിക്കണമെന്നു വിചാരിക്കുന്നുള്ളു. അതിനു തക്കതായ ഒരു കാരണം ഉണ്ടു്. ഈ മൂന്നു കൃതികളും തമ്മിൽ സ്ഥായിയായ ഒരു ബന്ധം ഉണ്ടെന്നുള്ളതു പ്രത്യക്ഷമാണു്. ഇവ മൂന്നും രൂപഭേദം മാത്രം സംഭവിച്ചിട്ടുള്ള ഒരു വികാരത്തെ സംബന്ധിച്ചു തന്നെ. നളിനി സത്വഗുണ പ്രധാനരായ രണ്ടു പുണ്യാത്മാക്കളുടെ സ്നേഹത്തെ വർണ്ണിക്കുന്നു. രാജസത്തിൽ തന്നെ സ്ഥിതി ചെയ്യുന്ന കാമിനീകാമുകന്മാരുടെ സ്നേഹബന്ധത്തെയാണു ലീലയിൽ വർണ്ണിച്ചിട്ടുള്ളതു്. നിർവ്യാജമായ സ്നേഹബഹുമാനാതിശയമുള്ള ഒരു സുഹൃത്തിന്റെ അപ്രതീക്ഷിതമായ ചരമത്തെ വിലപിച്ചു രചിക്കപ്പെട്ടതാണു പ്രരോദനം. ഈ മൂന്നു കൃതികളുടെയും പ്രമേയം സ്നേഹം ഒന്നു തന്നെ. അതു "വസ്തുഭേദേന നാനാപരിണതിയെ" വഹിച്ചിരിക്കുന്നു എന്നേയുള്ളു. ഈ ബന്ധം നിമിത്തം ആശാന്റെ മററു കൃതികളിൽ നിന്നു് ഇവ വേറിട്ടു നിൽക്കുന്നു എന്നു സ്പഷ്ടമാണു്.

ആശാനെടുത്തിരിക്കുന്നതായ വിഷയം പല വിധമായ തത്വചിന്തകൾക്കു പ്രത്യേകം യോജിച്ചതാണെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു നളിനി മുതലായ കൃതികൾ ബുദ്ധിപൂർവ്വം വായിക്കുന്ന ഒരാൾക്കു് അവയിൽ അന്തർലീനമായി പല മൂല തത്വങ്ങളും കാണാവുന്നതാണു്. അവ തത്വജ്ഞാനസംബന്ധമാകയാൽ സാധാരണ വായനക്കാർക്കു ദുരവഗാഹമായിത്തന്നെ തോന്നിയേക്കാം. ആശാന്റെ കവിതയുടെ പ്രത്യേക മാഹാത്മ്യം ഇപ്രകാരമുള്ള തത്വചിന്തകളിലാകയാൽ അവയെ ആകമാനം ഒന്നു വിമർശം ചെയ്യുന്നതു് അദ്ദേഹത്തിന്റെ കവിതാഗതിയെ മനസ്സിലാക്കുന്നതിനു് ഉപയുക്തമാകുമെന്നു തോന്നുന്നു.

തത്വജ്ഞാനത്തിൽ ഏററവും പ്രധാനമായ ഭാഗം ജീവിതവിമർശമാണു്. മനുഷ്യൻ എവിടെ നിന്നുണ്ടായി? ഈ ലോകത്തിൽ മനുഷ്യജീവതത്തെ നയിക്കുന്ന യന്ത്രമെന്താണു്? ജീവിതത്തിന്റെ പരമോദ്ദേശങ്ങൾ ഏവ? അവ എങ്ങനെയാണു സാധിക്കാവുന്നതു്? ഉത്തമജീവിതമാർഗ്ഗമേതു്? സുഖമായ ജീവിതമാർഗ്ഗമേതു്? സുഖമായ ജീവിതത്തിനു് അടിസ്ഥാനമെന്തു്? മരണം ജീവിതത്തിന്റെ അവസാനമോ? മരണശേഷമുള്ള അനുഭവമെന്തു്? ഇവയാണല്ലോ ലോകസൃഷ്ടിതൊട്ടു് മനുഷ്യബുദ്ധിയെ വിഷമിപ്പിച്ചിട്ടുള്ള ചോദ്യങ്ങൾ. എല്ലാ വിധത്തിലുമുള്ള ജ്ഞാനവും അവസാനത്തിൽ ഈ ചോദ്യങ്ങളിൽ തന്നെ വന്നെത്തുന്നു. മനുഷ്യചിന്തയുടെ നാന്ദിയും ഭരതവാക്യവും ഇവ തന്നെ. ഗണിതവും പ്രകൃതിശാസ്ത്രവും രസതന്ത്രവും വ്യാകരണവും സംഗീതവും സാഹിത്യവും എല്ലാം

ഈ ചോദ്യങ്ങൾക്കാണ് ഉത്തരം കണ്ടുപിടിപ്പാൻ ശ്രമിക്കുന്നത്. വേദസംഹിതയിലെ സ്തോത്രങ്ങൾക്കും ബോസിന്റെയും ഐൻസ്റ്റെയിന്റെയും അന്വേഷണങ്ങൾക്കും പ്രമേയം ഒന്നു തന്നെ. ഈ സംഗതികളെപ്പററി ആശാനുള്ള അഭിപ്രായങ്ങൾ എന്തെല്ലാമെന്നു നമുക്കു പരിശോധിച്ചുനോക്കാം.

ഇഹലോകവാസത്തിന്റെ മാഹാത്മ്യത്തിൽ തന്നെ ആശാനു വിശ്വാസമില്ല. ലോകബന്ധങ്ങളിൽ സന്തോഷിക്കുന്ന സംസാരിയുടെ നിലയെ അദ്ദേഹം നിസ്സാരമായിട്ടാണു ഗണിക്കുന്നത്.

"പാരം പ്രാകൃത പക്ഷിവർഗ്ഗമഖിലം വാഴ്ത്താം ദിനത്തിൽ ഗ്ഗുണം" എന്നു ഈ സംസാരത്തെയും സുഖഭോഗങ്ങളെയും സാരമെന്നു ഗണിക്കുന്നവരെ ആശാൻ വർണ്ണിക്കുന്നു. വിരക്തനായ ഒരദ്വൈതിയുടെ നിലയിൽ ഇവയുടെയൊക്കെ അവാസ്തവതത്വത്തെപ്പററി അദ്ദേഹം പ്രസംഗിക്കുന്നു. വാസ്തവമായി ഒന്നു മാത്രമേ ഉള്ളുവെന്നും ജീവിതരണ്ടഭേദങ്ങൾ നിസ്സാരമാണെന്നുമത്രേ അദ്ദേഹത്തിന്റെ മതം.

> "തിരയാകിയ പുരികക്കൊടി, കരിമീൻ മിഴി,—
> സ്വരസാരസരസനാവൃത പുളിനാലഘുജഘനം.
> നരയാം നറുമുല്ലപ്പുഞ്ചിരിയിവയൊന്നിനു വിലസും
> സരസാശയസരിദഗ്രകൾ മമകാന്തകൾ നിയതം."

എന്നു പ്രവഹിക്കുന്ന ജീവിത സന്തോഷമോ,

> "സുതാരുണ്യം ചേരും പ്രണയവതിയാം പ്രൗഢമടവാർ
> വിതാനസ്രഗ്ഗന്ധോല്ലസനവപരിമളം കേളിസദനം
> കൃതാനംഗോന്മേഷം മധുരമധു ക്രുദ്ധ സഖിമാ—
> രിതാണോമൽ സ്വർഗ്ഗം ജഗതി, വെറുതേ, ചൊൽവതിതരം."

എന്നു ഹൃദയം കവിഞ്ഞൊഴുകുന്ന ഐഹികഭോഗലഹരിയോ അദ്ദേഹത്തെ ബാധിക്കുന്നില്ല.

ആശാന്റെ അഭിപ്രായത്തിൽ നമ്മുടെ ജീവിതം ക്ഷണികമായ ഒരു ബോധം മാത്രമാണ്. "ഒരു" ജീവിതകാലത്തിൽ തന്നെ നാം അസംഖ്യം ജനനമരണങ്ങൾ തുടർച്ചയായി അനുഭവിച്ചുകൊണ്ടിരിക്കുന്നു. "അലാതവലയത്തോടൊത്തവേഗം" കൊണ്ട് അനുക്ഷണം ഉണ്ടാകുന്ന മരണവും ജനനവും നാം അറിയുന്നില്ലെന്നേയുള്ളു. "നാം" എന്നു പറയുന്നതുതന്നെ, തുടർച്ചയായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന ജീവിതധാരയിൽ ഏതാണ്ട് ഐക്യം കല്പിക്കുന്നതുകൊണ്ടും ക്ഷണിക മരണങ്ങളെ വിസ്മരിച്ചുകളയുന്നതുകൊണ്ടും ആണെന്നത്രേ ആശാന്റെ മതം. (പ്രരോദനം 135) ഇപ്പോഴത്തെ പാശ്ചാത്യതത്വജ്ഞന്മാരിൽ സർവ്വഥാ പ്രഥമഗണനീയനായ മെസ്സ്യുബെർഗസാണിന്റെ മതവും ഇതുതന്നെയാണെന്നു പ്രസിദ്ധമാണല്ലോ. പിയാനോ എന്ന ഇററാലിയൻ ഗണിതശാസ്ത്രജ്ഞനും സംഖ്യകളുടെ ഗുണങ്ങളെ നിരൂപിക്കുന്നതിൽ അനുമാനിക്കുന്നതും ഇങ്ങനെ തന്നെയാണ്.

പരന്തരീസ്സ് തത്വജ്ഞാനിയായ ബെർഗ്ഗസാണിൻെറ അഭിപ്രായം ഡാർവിൻെറ പരിണാമവാദത്തിന്മേലും അതേതുടൎന്നുണ്ടായിട്ടുള്ള സസ്യപ്രകൃതിശാസ്ത്രത്തിന്മേലും അടിസ്ഥാനപ്പെട്ടതിയാണു സ്ഥിതിചെയ്യുന്നതു്. പിയാനോ വെറും സാംഖ്യമായ ആലോചനകൾകൊണ്ടുമാത്രം അദ്ദേഹത്തിൻെറ അനുമാനത്തിൽ ചെന്നുചേരുന്നു. ആശാനാകട്ടെ ഇവരോടു ഒരാളോടും കടപ്പെട്ടിരിക്കാൻ ഇടയില്ല. അദ്വൈതിയായ ആശാൻ അദ്ദേഹത്തിൻെറ അഭിപ്രായത്തിനു അവലംബമായി കരുതുന്നതു കൎമ്മശക്തിയുടെ ഗതിയേയാണു്.

ജീവിതം പ്രവൃത്തിപരമാണെങ്കിലും കൎമ്മപാശങ്ങളുടെ ശക്തികൊണ്ടു വാസ്തവത്തിൽ അതു സ്വാതന്ത്ര്യബുദ്ധിയാൽ നയിക്കപ്പെടുന്ന ഒന്നല്ലെന്നാണു് ആശാൻെറ അഭിപ്രായം. "നിജകൎമ്മനിതരായേതുമാൎഗ്ഗമണയാ ശരീരികൾ" എന്നു പല സ്ഥലത്തും ആശാൻ എടുത്തുപറയുന്നുണ്ടു്. മനുഷ്യൻെറ ആലോചനയും ബുദ്ധിയും എറാവും നിസ്സാരം? കൎമ്മശക്തികൊണ്ടു് ഓരോരുത്തനും ഉണ്ടാകുന്ന വാസനാബലം തട്ടത്തുകൂടാത്തതു്! വിദ്യാഭ്യാസംകൊണ്ടും യോഗശക്തികൊണ്ടും ആ വാസനാബലം മാറുന്നതോ വാസ്തവത്തിൽ മറയ്ക്കാവുന്നതോ അല്ല. "ജന്തുവിന്നു തുടരുന്നു വാസനാബന്ധമിങ്ങുടലു വീഴുവോളവും." ദിഷ്ടമെന്നോ ശിരോലിഖിതമെന്നോ കിസ്മത്തെന്നോ വാസനഎന്നോ എന്തുതന്നെ പറഞ്ഞാലും ഒരു കാര്യം ലോകചരിത്രത്തിൽ തെളിഞ്ഞുകാണാം. മനുഷ്യനു അവനവൻെറ ജീവിതത്തെ നയിച്ചുകൊണ്ടുപോകുന്നതിനുള്ള ശക്തിയില്ല. മനുഷ്യൻെറ സ്വാതന്ത്ര്യബുദ്ധി മനശക്തി എന്നൊക്കെ നാം അഹംഭാവത്തോടുകൂടി പറയാറുണ്ടെങ്കിലും വാസ്തവമാലോചിച്ചുനോക്കിയാൽ നമ്മുടെ ജീവിതത്തിലെ പ്രധാനകാര്യങ്ങൾ നമ്മുടെ അധീനത്തിലാണോ? നമ്മുടെ ബുദ്ധിവ്യത്യാസങ്ങൾ; വികാരഭേദങ്ങൾ ആകൎഷണശക്തികൾ ഇവയെല്ലാം നാം പിടിക്കുന്ന വഴി വളയുന്നവയാണോ? നിസ്സാരമായ എതെല്ലാം യാദൃച്ഛികസംഭവങ്ങൾകൊണ്ടാണു് നമ്മുടെ ജീവിതനദി അങ്ങോട്ടും ഇങ്ങോട്ടും മാറിയും മറിഞ്ഞും ഒഴുകുന്നതു്? പാശ്ചാത്യപണ്ഡിതന്മാരിലും ഒരു വലിയ സംഘം ഈ അഭിപ്രായത്തോടു യോജിക്കുന്നു. ദൈവവിധിയെ വിചാരിച്ചു മനുഷ്യൻെറ അസ്വാതന്ത്ര്യത്തെ സമ്മതിക്കുന്ന തത്വജ്ഞാനികളെ കൂടാതെ മനുഷ്യചരിത്രത്തെ ആഗമികമായി പഠിക്കുന്ന പണ്ഡിതന്മാരും സമുദായസംഘടനയെ ശാസ്ത്രീയമായി പരിശോധിക്കുന്നവരും മുൻപറഞ്ഞതിനോടു് ഏകദേശം തുല്യത്വമുള്ള ഒരഭിപ്രായംതന്നെ കൈക്കൊള്ളുന്നു. പാരമ്പര്യംകൊണ്ടും പരിതഃസ്ഥിതികൾക്കുള്ള പ്രാബല്യംകൊണ്ടും മനുഷ്യൻ ലോകഗതിയായ പ്രവാഹത്തിൽ ഒഴുകുന്ന ഒരിലമാത്രമാണെന്നത്രേ അവരുടെ വാദം. ഈ അഭിപ്രായവും ആശാൻെറ മതവും തമ്മിൽ ധാരാളം സാമ്യമുണ്ടെങ്കിലും മുൻപറഞ്ഞതുപോലെ ആശാൻ ഇതിലും അടിസ്ഥാനമായി സ്വീകരിക്കുന്നതു ഹിന്ദുമതതത്വങ്ങളെത്തന്നെയാണു്.

ഇപ്രകാരം മനുഷ്യജീവിതം നിസ്സാരമെന്നും അസ്വാതന്ത്ര്യമെന്നും തോന്നിത്തുടങ്ങിയാൽ മരണത്തെപ്പററി യാതൊരു ഭയവും ഉണ്ടാകേണ്ട ആവശ്യമില്ലല്ലോ. മരണം വാസ്തവത്തിൽ ഒരു നാശമല്ലെന്നും ജീൎണ്ണമായ വസ്ത്രം മാറി പുതിയതു

ധരിക്കുന്നതുപോലെ ആത്മാവു ജരാനരകൾക്കധീനമായ ദേഹത്തെ മാറുന്നതേയുള്ള എന്നും ഉള്ള ഗീതാമതം മരണത്തെ നിസ്സാരമായ ഒരു രൂപഭേദം മാത്രമായാണു കരുതുന്നതും. ആശാൻെറ അഭിപ്രായം ഇതിൽനിന്നു സ്വല്പം ഒന്നു മാറിയതാണു്. ജീവിതംപോലെ തന്നെ മരണവും വലുതായ ഒരു കാര്യമാണെന്നു കരുതി ആശാൻ മരണത്തിൻെറ മഹത്വത്തെ സ്തുതിക്കുന്നു.

"കില്ലില്ലിമ്മ്റുത ജീവിതത്തിനു
 മനോസൗഭാഗ്യമേററുന്നതാ–
ണല്ലില്ലെങ്കിലതീവ ഘോരതരമാമോക്കു
 മൊഴാക്കും പകൽ
അല്ലിത്താർ മണമാന്നഹസ്സു നടമാടീടട്ടെ
 രമ്യാഭയായ്
മല്ലിശ്രീപെട്ടമാമ്പൽ നീണ്ട മുടിയിൽ–
 ച്ചൂടിസ്സ്ഥയിക്കും നിശ.''

എന്നു മരണത്തെ വാഴ്ത്തുന്നതിനു് അദ്ദേഹം മടിക്കുന്നില്ല. രാപ്പകൽഭേദത്തെ ജീവിതമരണ ഭേദമായി സാമ്യപ്പെടുത്തി; പിന്നെയും

"പാരം പ്രാകൃതപക്ഷിവർഗ്ഗമഖിലം
 വാഴ്ത്താം ദിനത്തിൻഗുണം
സ്വൈരം രാത്രിഭവൽപ്രശസ്തി മധുരം
 പാടുന്നു രാപ്പാടികൾ"

എന്നും നിസ്സംശയമായി പ്രസംഗിക്കുന്നു.

യുക്തി അനുസരിച്ചു മരണത്തിൻെറ പ്രസക്തി രാപ്പാടികളെപ്പോലെ മധുരമായി ആശാൻ പാടുന്നുണ്ടെങ്കിലും മരണശേഷമുള്ള അവസ്ഥയെപ്പററി അദ്ദേഹത്തിനു തീർച്ചയില്ലെന്നുള്ളതിലേക്കു പല തെളിവുകളും കാണുന്നുണ്ടു്. "ഹാ! മരണശേഷമുള്ള സ്ഥിതി! അതാണു ബുദ്ധിമുട്ടു്" എന്നു് ഷേക്സ്പീയർതന്നെ പരാജയം സമ്മതിച്ചിട്ടില്ലേ? മരണാനന്തരമുള്ള അവസ്ഥയെപ്പററി തത്വജ്ഞാനികളിൽ ആരെങ്കിലും മറെറാരാളോടു യോജിച്ചതായി കേട്ടുകേൾവിയുണ്ടോ? അനുഭവഗോചരമല്ലാത്ത സംഗതിയെപ്പററി ഊഹിക്കാൻതന്നെ സാധിക്കുകയില്ലല്ലോ. ഈ സന്ദർഭത്തിൽ ആശാൻ സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാതെ മററു വിശ്വാസങ്ങളെ സൂചിപ്പിക്കുകമാത്രം ചെയ്യുന്നു. "ഘൃതംവാററി" കെട്ടുപോയ വിളക്കുപോലെ മനുഷ്യജീവിതം മരണശേഷം ഗണിക്കപ്പെടണമെന്നുള്ള നാസ്തികവാദവും മരിച്ചാൽ ദേഹികൾ "കൈ എത്താതായ പഴം കൊതിച്ച ശിശുപോലെ" വാസനാബന്ധത്തിൽനിന്നു വേർപെടാതെ മുൻപു ജീവിച്ചിരുന്ന സ്ഥലങ്ങളിൽ ചുററി നടക്കുമെന്നുള്ള ചില നവീനരുടെ (സർ ലിവർ ലാഡ്ജ് മുതലായവരുടെ) വാദവും അവിടവിടെ സൂചിപ്പിച്ചിട്ടുണ്ടു്. ഊഹവും നിഗമനവും ലാക്കാക്കി പല തത്വങ്ങളും ആശാൻ ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും ഈ വിഷയത്തിൽ ഒന്നിനെയും സ്വീകരിച്ചുകാണുന്നില്ല.

ജീവിതമരണങ്ങളെ സംബന്ധിച്ച് ആശാന്റെ അഭിപ്രായങ്ങൾ ഇപ്രകാരം ഇരിക്കെ സുഖദുഃഖങ്ങളെപ്പററി അദ്ദേഹം വിചാരിക്കുന്നതെന്താണെന്നു് ഊഹിപ്പാൻ പ്രയാസമില്ല. "സ്ഥിരമാത്മനിബന്ധനം സുഖം, പരതന്ത്രം സുഖമൊക്കെ ദുഃഖമാം." വിഷയസുഖങ്ങൾ ബാഹ്യങ്ങളാകയാൽ അവ ആത്മാവിനെ ഇന്ദ്രിയവശഗതനാക്കുമെന്നും, അതു വാസ്തവത്തിൽ പരതന്ത്രമാംബന്നും വരുന്നുണ്ടല്ലോ. ആത്മാവിനു സ്വാതന്ത്ര്യം ലഭിക്കുന്നതിലാണു ശാശ്വതമായ സുഖമെന്നുള്ളപക്ഷം അതു് ഏതൊരുമാർഗ്ഗത്തിൽക്കൂടി ലഭിക്കുന്നു എന്നൊരു ചോദ്യത്തിനു് അവകാശമുണ്ടു്. അപ്രകാരമുള്ള സ്വാതന്ത്ര്യം അന്തരാത്മികമായ സ്നേഹമൊന്നിൽ മാത്രമാണു സ്ഥിതിചെയ്യുന്നതത്രേ ആശാന്റെ മതം. വൈഷ്ണവക്രൈസ്തവാദി മതങ്ങളുടെ മൂലതത്വം ഇതാണല്ലോ. ഈ തത്വത്തെ പ്രത്യക്ഷീകരിക്കുന്നതിനുള്ള ശ്രമം ഒന്നുകൊണ്ടാണു മററു പല ദോഷങ്ങൾ ഉണ്ടായിരുന്നിട്ടും ആശാന്റെ കവിതയിൽ സഹൃദയന്മാർ രസിക്കുന്നതു്.

> ഉടലോർക്കുക ബാഹ്യമായതിൽ
> തടവും ലോകമതീവബാഹ്യമാം
> സ്ഫുടസൗഹൃദമന്തരാത്മികം
> വെടിയുന്നെങ്ങനെ, തോഴി, ദേഹികൾ?"

ലീല 11. 59

ജീവിതം പ്രണയജടിലമെന്നും പ്രണയപാശം നമ്മെ എല്ലാക്കാര്യങ്ങളിലും ബന്ധിക്കുന്നുവെന്നുമുള്ളതിൽനിന്നു് ആശാന്റെ കവിതയിലെ മറെറാരു തത്വം പ്രത്യക്ഷമാകും. മനുഷ്യജാതി അവസ്ഥാഭേദങ്ങളിലും വാസ്തവമായി ഒന്നുതന്നെ എന്നുള്ള മഹാതത്വം ആശാന്റെ കവിതയിൽ എവിടെയും കാണാം. ധനികനാകട്ടെ, ദരിദ്രനാകട്ടെ, പണ്ഡിതനാകട്ടെ, പാമരനാകട്ടെ, ബ്രാഹ്മണനാകട്ടെ, പറയനാകട്ടെ അവർ തങ്ങളിൽ അന്തരത്തേക്കാൾ അടുപ്പമാണെന്നുള്ള വാസ്തവം മനുഷ്യഹൃദയം ഏററവും ദിവ്യമായ ഒരവസരത്തിൽ കണ്ടുപിടിച്ചിട്ടുള്ള ഒരു ശാശ്വതതത്വം ആണു്. എത്ര ഹൃദയംഗമമായി ആശാൻ അതു വരുത്തിയിരിക്കുന്നുവെന്നു നോക്കുക. ലീലയുടേയും മദനന്റെയും ദയനീയമായ കഥയിൽ അരണ്യവാസികളായ അപരിഷ്കൃത മനുഷ്യർ പ്രകടിപ്പിച്ച—ആശാൻ വർണ്ണിക്കുന്നു:

> "പലരിക്കഥമുള്ളവോർ തിരി—
> ച്ചലിവോടും സ്ഥിരരാഗലോലകൾ
> മലയത്തികൾ, ഏതു ജാതിയും—
> കലരും പ്രാകൃതചിന്തയൊന്നുപോൽ"

ഇങ്ങനെ വിസ്തരിക്കുന്നപക്ഷം ഒട്ടധികം പറയാനുണ്ടാകും. ആലോചനയോടുകൂടി ശ്രദ്ധിച്ചു വായിക്കുന്നതായാൽ ആശാന്റെ കവിതയിൽ ഇപ്രകാരമുള്ള ചിന്തകൾ എവിടെയും കാണാവുന്നതാണു്. കവിതയെഴുതുന്നതു വാസന

കൊണ്ടുമാത്രം സാധിക്കുന്നതാണെന്നും ആയതിലേയ്ക്കു പാണ്ഡിത്യമോ ആലോചനാശക്തിയോ ആവശ്യമില്ലെന്നും മലയാളികളുടെ ഇടയിൽ ഒരഭിപ്രായം പരന്നിട്ടുള്ളതുപോലെ തോന്നുന്നു. ഇതിൽപ്പരം അസംബന്ധമായി വേറെ അഭിപ്രായം പറവാൻ പ്രയാസം. ബുദ്ധിമുട്ടി പഠിച്ചും തലകാഞ്ഞു് ആലോചനാശക്തിയെ പ്രവർത്തിപ്പിച്ചു നിഷ്കൃഷ്ടമായി രചനയിൽ പരിശീലിച്ചും നിർമ്മിക്കുന്ന കവിതകൾക്കേ മനുഷ്യനെ നിത്യവും ആനന്ദിപ്പിക്കാനുള്ള ശക്തി ലഭിക്കയുള്ളു. അപ്രകാരമുള്ള ഒരാനന്ദം വെറും പദപ്രൗഢിയിലോ അലങ്കാരങ്ങളിലോ സ്ഥിതിചെയ്യുകയില്ല. ആലോചനാമൃതമായിരുന്നെങ്കിൽ മാത്രമേ അതു സാധിക്കയുള്ളു. വാസനയില്ലാതെ കവിത എഴുതാൻ സാധിക്കയില്ലെന്നുള്ളതു ശരിതന്നെ. പക്ഷേ പാണ്ഡിത്യവും ആലോചനാശക്തിയുംകൂടി ഇല്ലെങ്കിൽ വാസനകൊണ്ടുമാത്രം ഫലമില്ല. അതുകൊണ്ടുമാത്രം വിദ്വജ്ജനങ്ങളുടെ ആലോചനയ്ക്കു വിഷയീഭവിക്കത്തക്ക ഗൗരവം കവിതയ്ക്കു് ഉണ്ടാകയുമില്ല. മററു പല ദോഷങ്ങൾ ഇരുന്നാലും ആശാൻെറ കവിതയ്ക്കു് അപ്രകാരമൊരു ഗൗരവം ഉണ്ടെന്നുള്ളതു സർവ്വസമ്മതമാണു്. ആ ഗുണം ഏതടിസ്ഥാനത്തിന്മേലാണു സ്ഥിതിചെയ്യുന്നതെന്നു കാണിക്കണമെന്നായിരുന്നു ഈ ലേഖനത്തിൻെറ ഉദ്ദേശം.

---

സ്നേഹസ്വാതന്ത്ര്യമാത്രാവലംബിയായി ക്രമവും രഞ്ജനയും പുലർത്തി പുരോഗമിക്കുന്ന ഒരു നൂതന വിശ്വവിലാസത്തെക്കുറിച്ചുള്ള കവിസഹജമായ ഭാവനാമനോഹാരിതയും സങ്കല്പസൂക്ഷ്മയും ആശാൻെറ അവഗാഢവും അതിവ്യാപകവുമായ ജീവിതവീക്ഷണമായി; അതായതു് പ്രപഞ്ചം ആ കവിഹൃദയത്തിലേക്കു് ചുരുങ്ങിച്ചെന്നെത്തി. മറിച്ചുപറഞ്ഞാൽ "കൊച്ചുപെണ്ണെന്നു് വിളിച്ചുവന്ന ഒരു കാളിയമ്മയുടേയും ശ്രീമാനായ ഒരു നാരായണൻെറയും മകനായി പിറന്ന കായിക്കരക്കാരനായ കുമാരു"വിൻെറ ഹൃദയം പ്രപഞ്ചത്തോളം വികസിച്ചു. ഈ പ്രപഞ്ചം ഇന്നലത്തെയോ ഇന്നത്തെയോ നാളത്തെയോ പ്രപഞ്ചമല്ല, കാലമെന്ന ഏക ബിന്ദുവിൽ കൊളുത്തിയിട്ട ഈ മൂന്നിൻെറയും പ്രപഞ്ചമാണു്—മനുഷ്യപ്രപഞ്ചം.

—എം ഗോവിന്ദൻ

# കരുണ

പേരൂർ എസ്സ്. മാധവൻവൈദ്യൻ

മഹാകവി സ്മാരകമായി നടത്തിയിരുന്ന
'ധർമ്മകുമാരൻ' മാസികയുടെ 101–മേടം,
പുസ്തകം ഒന്നു്, ലക്കം രണ്ടിൽ
പ്രസിദ്ധീകരിച്ചിരുന്നതു്.

വേദം, പുരാണം, കാവ്യം എന്നീ മൂന്നിന്റെയും ഉദ്ദേശ്യം ജനങ്ങൾക്കു കർത്തവ്യം ഉപദേശിക്കുകയാണു്. അതിൽ കാവ്യം കാന്താസമ്മിതമാകകൊണ്ടു് അനുവാചകനെ ഇതരാപേക്ഷയാ സന്മാർഗ്ഗത്തിൽ അതിതല്പരനും കർമ്മശൂരനുമാക്കിത്തീർക്കുമെന്നു ഒരുമെച്ചം പറയാം. അതുകൊണ്ടുതന്നെയാണു് യഥാർത്ഥകവികൾക്കു പ്രതിനിമിഷം മഹാത്മ്യംകൂടി വരുന്നതും. "സുകവിതാ യദ്യസ്തി രാജ്യേനകിം" എന്ന ആപ്തവാക്യം ഏതുമനസ്ഥിതിയിൽനിന്നും വന്നതാണെന്നു നാം ആലോചിക്കേണ്ടതാണു്. ഇവിടെ സുകവിത എന്നു പറഞ്ഞതു് വ്യംഗ്യപ്രാധാന്യമുള്ള കാവ്യത്തെ ലക്ഷ്യമാക്കിയാണെന്നു് പ്രത്യേകം പറയേണ്ട ആവശ്യമില്ല. അലങ്കാരപ്രാധാന്യത്തെമാത്രം ആലോചിച്ചു കാവ്യത്തിനു യോഗ്യത കല്പിക്കുന്നതു അസുന്ദരമായ ഒരു ഏർപ്പാടാണെന്നു ജനങ്ങൾക്കു ബോദ്ധ്യപ്പെട്ടുകഴിഞ്ഞു കാവ്യശരീരത്തിന്റെ ജീവൻ രസമാണെന്നും അലങ്കാരങ്ങൾക്കു അലംകാര്യം കാവ്യശരീരമാണെന്നും സിദ്ധമാണല്ലോ. ജീവനായ രസത്തിനു അലങ്കാരങ്ങൾ പാരമ്പര്യേണ മാത്രമേ പരിഷ്കാരകാരണങ്ങളായി തീരുകയുള്ളുവെന്നും പ്രത്യക്ഷമത്രേ. സർവ്വഥാ വ്യംഗ്യപ്രാധാന്യം സ്വത:സിദ്ധമാകയാൽ യുക്തികൾ പറഞ്ഞു സ്ഥാപിക്കേണ്ട ആവശ്യമില്ലതന്നെ.

കാവ്യത്തിന്റെ ഗുണദോഷങ്ങളെപ്പററി വിചാരണചെയ്യാൻ ഒരുങ്ങുമ്പോൾ നിരൂപകന്മാരിൽ പലരും,

"പുരാണ മിത്യേവ ന സാധുസർവം
നചാപികാവ്യം നവമിത്യവദ്യം
സന്ത:പരീക്ഷ്യാന്യതരത് ഭജന്തേ
മൂഢ: പരപ്രത്യയനേയ ബുദ്ധി:"

എന്ന ആപ്തവാക്യം ഒട്ടും പ്രമാണമല്ലാതെയാണു വന്നിരിക്കുന്നതു്. അതു ശരിയല്ല. ഏതായാലും ക്രൂലങ്കഷമായി വിചാരണചെയ്തു സ്വമതം യുക്തിപൂർവം പറയേണ്ടതു് ധർമ്മമാണു്. മഹാകാവ്യങ്ങൾ നല്ലതെന്നു് ഒരുകൂട്ടരും അതല്ല, ഖണ്ഡകാവ്യങ്ങൾ ആണു പ്രശസ്തങ്ങളെന്നു മററു ചിലരും വാദിക്കുന്നു. മഹാകാവ്യത്വമോ ഖണ്ഡകാവ്യത്വമോ അല്ല യോഗ്യതാനിർണ്ണയത്തിനു കാരണമെന്നു് അവർ പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ടു്. പ്രാചീനകവികളിൽ പലരും വർണ്ണനാകോലാഹലത്തിൽ ഇതിവൃത്തം മറന്നു ഇതികർത്തവ്യതാമൂഢന്മാരായി കാണപ്പെടുന്നു. എന്നാൽ രഘുവംശം മുതലായ മഹാകാവ്യങ്ങളിൽ ഇത്തരം വിക്രിയകൾ ഒന്നുമില്ലെന്നു മാത്രമല്ല, വർണ്ണനകൾ സ്വാഭാവികങ്ങളും ഹൃദയംഗമങ്ങളും കാവ്യവസ്തു ഗുണീഭൂതമാകാതെ ഉജ്ജ്വലമായി ശോഭിക്കുന്നതുമാണു്. ആകെക്കൂടി പരിശോധിച്ചാൽ, ശബ്ദാർത്ഥങ്ങൾ, വ്യംഗ്യം, അലങ്കാരം, ഗുണങ്ങൾ, രീതികൾ, വൃത്തികൾ, ശയ്യ, പാകങ്ങൾ എന്നിത്യാദി കാവ്യസാമഗ്രികളെ ചമൽക്കാരകാരിയായ രീതിയിൽ ഇതിവൃത്തസ്വഭാവത്തിനനുസരിച്ചു പ്രയോഗിച്ചു കാവ്യമെഴുതുമെങ്കിൽ ഖണ്ഡകാവ്യമായാലും മഹാകാവ്യമായാലും അതിനു മുൻപറഞ്ഞ സുകവിത എന്ന ബിരുദം കിട്ടുന്നതാണു്.

കവിചക്രവത്തിയായ കുമാരകവിയുടെ അന്ത്യകാവ്യമായ കരുണ എന്ന ഖണ്ഡകാവ്യം എന്റെ സൂക്ഷ്മപരിശോധനയിൽ സുകവിതാപദത്തിനു സർവഥാ അർഹംതന്നെയാണു്. കരുണയുടെ ഈ യോഗ്യതയേ നിലനിത്തുന്ന സംഗതികളിൽ അല്പം ചിലതു താഴെ എഴുതുന്നു

വാസവദത്ത എന്ന വേശ്യ ബുദ്ധശിഷ്യനായ ഉപഗുപ്തന്റെ സാമീപ്യംകൊണ്ടു നിർവാണം പ്രാപിക്കുന്ന ഒരു പ്രാക്തനകഥയാണു് കരുണയിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളതു്. പരിമിതമായ ഈ കഥ ഒരു ഖണ്ഡകാവ്യത്തിനല്ലാതെ മഹാകാവ്യത്തിനൊത്തതല്ലെന്നു ഏവക്കും ബോദ്ധ്യപ്പെടുമല്ലോ.

"അനുപമകൃപാനിധിയഖിലബാന്ധവൻശാക്യ—
ജിനദേവൻ ധർമ്മരശ്മിചൊരിയുംനാളിൽ"

എന്നാണു കാവ്യം തുടങ്ങുന്നതു്. ഈ പ്രാരംഭം അനുവാചകന്മാക്കു ജിജ്ഞാസയെ സവിശേഷം വളർത്തിക്കൊണ്ടു് പോകത്തക്കവണ്ണം സരസമാണു്. ഗണികയുടെ പ്രസ്താവംകൊണ്ടു അറപ്പുതോന്നിയേക്കാവുന്നതായ പ്രകൃതഗ്രന്ഥത്തിന്റെ ഉപക്രമം ഈവിധത്തിലായതുകൊണ്ടു; ബുദ്ധസാമീപ്യംമൂലം അമംഗലശങ്കയ്ക്കു അവകാശമില്ലെന്നുള്ള തത്വം വ്യംഗസരണ്യാ ബോധിപ്പിക്കുന്ന ഈ വരികൾ തന്നെയാണു് ഈ കാവ്യത്തിൽ ആദ്യമായി നിക്ഷേപിക്കേണ്ടതെന്നു സുവ്യക്തമാകുന്നു. ബുദ്ധദേവന്റെ വിശേഷണങ്ങൾ ഈ അർത്ഥത്തിൽ വളരെവളരെ പുഷ്ടികൊടുക്കുന്നുമുണ്ടു്.

അടുത്തതായി പറയുന്നതു് കറുത്ത ആകാശത്തിനെ ഉമ്മവെച്ചുകൊണ്ടു നില്ക്കുന്ന വെൺമാടത്തെപ്പററിയാണു്. ഈ വർണ്ണനയുടെ സ്വാരസ്യം ഒന്നാലോചിക്കേണ്ടതുണ്ടു്. അവിടത്തെ അചേതനവസ്തുവായ വെണ്മാടത്തിനുപോലും

ഉമ്മവയ്ക്കുക എന്ന കാമകല സുപരിചിതമായിരിക്കേ പിന്നെ സചേതനങ്ങളുടെ കാര്യം പറയാനുണ്ടോ? എന്നിങ്ങനെ ഒരു അർത്ഥം തോന്നുന്നു. തന്നെയുമല്ല, തടിച്ചിരുണ്ട തടിയുള്ള ചെട്ടിയാരെ വാസവദത്ത പ്രാപിക്കുന്നു എന്നു ഔത്തരകാലികമായ ഒരു വസ്തുതകൂടി ഇതുകണ്ടു വ്യഞ്ജിക്കുന്നുണ്ട്. വ്യാളിമുഖംവച്ച വളഞ്ഞ വാതിലിൽക്കൂടിയാണ് വാസവദത്ത ഇരിക്കുന്ന വേദിയിൽ പ്രവേശിക്കേണ്ടതു്. ആ വേദിയും പരിസരാങ്കണവും അകത്ത് ആളിരുന്നാൽ കാണുന്നതായ മതിൽ കൊണ്ടു വളഞ്ഞിരിക്കുന്നു. വേശ്യാഗൃഹം എല്ലാവർക്കും ദൃഷ്ടിവിഷയമായിരിക്കേണ്ടതാണെന്നുവെച്ച് മതിലിനു ഉയർച്ച കുറച്ചതും വെണ്മാടത്തെ ആകാശചുംബിയാക്കിയതും സമുചിതമത്രേ. വാസവദത്ത ഇരിക്കുന്നതായിപ്പറയുന്ന ഭാഗം ഒന്നാംതരം ഒരു ചിത്രംതന്നെയാണ്.

"കഞ്ജബാണൻ തൻെറ പട്ടംകെട്ടിയ രാജ്ഞിപോലൊരു--
മഞ്ജുളാംഗിയിരിക്കുന്നു മതിമോഹിനി."

ഇവിടെ സൂചിപ്പിച്ചവണ്ണം ഒരു മഹാരാജ്ഞിയുടെ നിലയിലാണ് വാസവദത്തയെ കവി പ്രകൃതസ്ഥലത്തു ഇരുത്തിയിരിക്കുന്നതു്. പുഷ്പസന്ദോഹസുഗന്ധിയായ സിംഹാസനത്തിൽ അനർഘവസ്ത്രാഭരണാദികളാൽ സമലംകൃതയായ വാസവദത്ത സഖികളാൽ ആന്ദോളിതചാമരയായിട്ട് കുടയുടെ താഴത്തായി ഇരിക്കുന്നതു് ഒരു മഹാരാജ്ഞിയുടെ സ്ഥിതിയെത്തന്നെദ്യോതിപ്പിക്കുന്നു. വാസവദത്ത തലയിൽ ധരിച്ചതു് വിടരാത്ത മുല്ലമാലയാണെന്നു പ്രതിപാദിച്ചിരിക്കുന്നതു്; സായംകാലമാകയാൽ മുല്ലമൊട്ടിനു സദ്യോവികാസം സംഭവിക്കുമെന്നുള്ളതുകൊണ്ടു് വളരെ സാരസ്യാവഹമാകുന്നുണ്ടു്. തന്നെയുമല്ല സദ്യോവികസിതമായ മുല്ലമാലയ്ക്കു് അന്യാപേക്ഷയാ സൗഗന്ധ്യവും ആകർഷണീയതയും കൂടുമെന്നുള്ളതു അനുഭവവേദ്യമത്രേ വിശിഷ്യാ വേശ്യമാർക്ക് മാനസികമായ സ്ഥിതി കാമപരതന്ത്രമായിച്ചമയുന്ന ഒരവസരമത്രേ സന്ധ്യാസമയം.

അവളുടെ മുഖചന്ദ്രനെ തെല്ലൊന്നു ആച്ഛാദനം ചെയ്യുന്നതു് കേശപാശമാകുന്ന കാർമേഘം തന്നെ. ഈ മുഖചന്ദ്രന് ഒരു കളങ്കമുണ്ടെങ്കിൽ അതു മൃഗമദപ്പൊട്ടല്ലാതെ മറ്റൊന്നുമല്ല.

'ഒരു മഞ്ജുളാംഗിയിരിക്കുന്നു മതിമോഹിനി' എന്ന ഭാഗംവരെ വാസവദത്ത ഒരു ചിത്രാർപ്പിത എന്നപോലെയാണ് കാണപ്പെടുന്നതു്. പിന്നീടാണ് വികാരാസ്പദമായ സന്ധ്യാസമയം കൂടുതൽ സൗന്ദര്യപൂർണ്ണമാകുന്നതു്.

"പടിഞ്ഞാറു ചാഞ്ഞു സൂര്യൻ പരിരമ്യമായ് മഞ്ഞയും
കടുംചുവപ്പും കലർന്നതരുക്കളൂടെ
രാജൽക്കരകേസരങ്ങൾ വീശിടുന്നു ഭൂരത്തൊരു
രാജമല്ലിമരം പൂത്തുവിലസുംപോലെ"

പരിമിതമായ ഈ സന്ധ്യാവർണ്ണനം ആനന്ദനിഷ്യന്ദിയായിരിക്കുന്നു. നീലകണ്ഠദീക്ഷിതരുടെ ഒരു കാവ്യഖണ്ഡം ഈ അവസരത്തിൽ സ്മൃതിപഥത്തെ ആരോഹിക്കുന്നു:

"യാനേവശബ്ദാൻ വയമാലപാമോ—
യാനേവചാർത്ഥാൻ വയമുല്ലിഖാമഃ
തൈരേവ വിന്യാസവിശേഷഭവ്യൈഃ
സമ്മോഹയന്തേ കവയോജഗന്തി."

അനുപമമായ ഈ സന്ധ്യാവർണ്ണനത്തിന്റെ സന്ദർഭമാണ് സർവഥാസ്പൃഹണീയമായിരിക്കുന്നത്. വാസവദത്തയുടെ വർണ്ണനം കവി രണ്ടായി തരം തിരിച്ചിട്ടുണ്ട്. അതു പ്രസ്തുത സന്ധ്യാവർണ്ണനംവരെ ഒരു രീതിയിലും അതു കഴിഞ്ഞാൽ വേറൊരുരീതിയിലുമാണ്. വാസവദത്തയുടെ സ്വതസ്സിദ്ധമായ വേശ്യാപ്രാഗൽഭ്യം മററുള്ളവർക്കുകൂടി കണ്ടറിയത്തക്ക നിലയിൽ വിശദമാക്കുന്നതു സന്ധ്യാവർണ്ണനശ്ലോകശേഷമാണ്: എങ്ങിനെ?

"കൊണ്ടൽവേണിമണിയവൾ കൗതുകമാർന്നൊരു മലർ—
ച്ചെണ്ടൊരു കരവല്ലിയാൽ ചുഴററിടുന്നു
ഇളന്തെന്നൽ തട്ടിമെല്ലെയിളകിച്ചെറുതരംഗ—
ച്ചുളിചേരും മുദുചേലച്ചോലയിൽ നിന്നും
വെളിയിൽ വരുമച്ചാരുവാമേതര പാദാബ്ജം പൊൻ—
തളകിലുങ്ങുമാറവൾ ചലിപ്പിക്കുന്നു
മറയും മലർവല്ലിയിൽ കുണ്ഠിതമാർന്നിടയ്ക്കിടെ
മറിമാൻമിഴി നോക്കുന്നു വെളിക്കെന്നല്ല
ഇടതൂർന്നിമകറുത്തു മിന്നുന്നുള്ളിൽ മദജലം
പൊടിയും മോഹനനേത്രം പ്രകൃതിലോലം
പിടഞ്ഞുമണ്ടിനിൽക്കുന്നു പിടിച്ചുതുനീർതിളങ്ങും
സ്ഫടികക്കുപ്പിയിലിട്ട പരൽമീൻപോലെ."

കഥ തുടങ്ങുന്നതു ഒരു സന്ധ്യയ്ക്കാണല്ലോ. ആ സന്ധ്യ പ്രകൃതമാകയാൽ വർണ്ണിക്കേണ്ടതുതന്നെ. ഗ്രന്ഥാരംഭത്തിൽതന്നെ വർണ്ണിച്ചാൽ മുൻ നിർദ്ദേശിച്ച മെച്ചം സിദ്ധിക്കുന്നതല്ല. പ്രഥമഭാഗത്തിന്റെ ഒടുവിലായാൽ പ്രാധാന്യം വളരെ കുറഞ്ഞുപോവുകയും ചെയ്യും. മദ്ധ്യസ്ഥാനത്താക്കിയതുകൊണ്ടത്രേ മുൻ സൂചിപ്പിച്ച മേന്മകിട്ടുന്നതു്. വാസവദത്തയുടെ വേശ്യാസഹജമായ അധീര വിപ്രേക്ഷിതത്തിനു കണ്ടുപിടിച്ച ഉപമയ്ക്കു എത്രതന്നെ നമസ്കാരം പറഞ്ഞാലും മതിയാകുന്നില്ല. തന്റെ പ്രണയാസ്പദമായ ഉപഗുപ്തനെ സ്വഗൃഹത്തിൽ കൂട്ടിക്കൊണ്ടുവരുവാൻ സഖിയെ അയച്ചിട്ടു് ഉൽക്കണ്ഠിത ചിത്തവൃത്തിയായി ചാരമാർഗ്ഗത്തിലേക്കു നോക്കിക്കൊണ്ടിരിക്കുമ്പോൾ ആ വീക്ഷണപാദത്തിനു ഭംഗംവരു

ത്തുന്ന അചേതനമായ ഒരു മലർവല്ലിയും അവളുടെ കണ്ഠീതമാന്ന നോക്കും. പലഭാവങ്ങളും ഈ ആട്ടംകൊണ്ടു വ്യഞ്ജിക്കുന്നുണ്ടു്.

'സമയമായില്ല' എന്ന ഉപഗ്ലപ്തവാക്യം കേട്ടു നൈരാശ്യത്തോടെ അവർ കാണിക്കുന്ന വിക്രിയകൾ എത്ര സ്വാഭാവികങ്ങളായിരിക്കുന്നു! ആ അവസരത്തിൽ തോഴിയോടായിട്ടും സ്വഗതമായിട്ടും ഉപയോഗിച്ച വാക്കുകൾ, അവളുടെ ഹൃദയത്തിന്റെ സൂക്ഷ്മമായ അന്തർഭാഗത്തെക്കൂടി സ്പഷ്ടമായി തുറന്നുകാണിക്കുന്നതിനു പര്യാപ്തങ്ങളാകുന്നുണ്ടു്. ചില മർമ്മസ്ഥാനങ്ങൾ മാത്രം താഴെ ഉദ്ധരിച്ചുകൊള്ളുന്നു:

"സമയമായില്ലപോലും സമയമായില്ലപോലും
ക്ഷമയെന്റെ ഹൃദയത്തിലൊഴിഞ്ഞു തോഴീ"
"...... ............ .........കൈയ്യിൽ
ഓട്ടമെന്തിന്നടക്കമീയുല്പലബാണൻ."
"...............കൊതിപ്പതക്കോമളന്റെ
പ്രണയംമാത്രമാണെന്നു പറഞ്ഞില്ലേ നീ
"കനിഞ്ഞൊന്നു കടാക്ഷിപ്പാൻമടിക്കും കണ്ണുകൾകൊച്ചു-
മുനിയെക്കാണുവാൻ മുട്ടിയുഴറുന്നല്ലോ"
"ഭാസുരനക്ഷത്രംപോലെ ഭംഗിയിൽ വിടർന്നിടുന്ന
കേസര മുകുളമുണ്ടോ ഗന്ധമേലാതെ?"
"അനുനയംചൊൽവാൻചെവി തരുന്നുണ്ടോ? സഖിയവ-
നനുരാഗാങ്കുരം വാക്കിൽ സ്ഫുരിക്കുന്നുണ്ടോ?
വിവക്തദേശത്തിൽതന്നെ വചിച്ചിതോ ഭൃത്യമെന്റെ
വിവക്ഷിതമറിഞ്ഞെല്ലാം പറഞ്ഞിതോ നീ."
"അതുചെയ്യുമായിരുന്നാ ലത്രമാത്രമായ്മിഴിക്കാ-
മധുരാകൃതിയെനോക്കി ലയിക്കാമല്ലോ
അർത്ഥഭാണ്ഡങ്ങൾ തൻകനം കുറഞ്ഞുപോകുന്നുതോഴീ
ഇതനകാന്തിയതൻ വിലയിടിഞ്ഞീടുന്നു
വ്യർത്ഥമായ്തോന്നുന്നുകഷ്ട!മവൻ കാണാതെന്ന കള്ള
നൃത്തഗീതാദികളിലെ നൈപുണിപോലും"

നായികയുടെ പ്രണയഭാഷിതങ്ങൾകേട്ടു സഖി അതിനെ തിരസ്കരിക്കുന്ന മട്ടു് എത്ര ഹൃദയംഗമമായിരിക്കുന്നു:

"ചലദലകാഞ്ചലയായ് ചാപലമിതരുതെന്നു
തലവിലങ്ങനെ കാട്ടിത്തിരസ്കരിച്ചു."

യഥാർത്ഥാനുരാഗത്തെ അപലപിക്കുന്ന സഖിയുടെ അഭിപ്രായം കവി ഉത്തരക്ഷണത്തിൽ സോദാഹരണം ചമൽക്കാരകാരിയായ രീതിയിൽ ഖണ്ഡിക്കുന്നതു് കാവ്യോദ്ദേശമിന്നതെന്നു ശരിക്കറിയാവുന്ന സഹൃദയന്മാർക്കു ആനന്ദകാരിയായിത്തന്നെയിരിക്കും.

കാവ്യത്തിന്റെ നീളയ്ക്കു് നായികാവർണ്ണനം കുറേ നീണ്ടുപോയെന്നു ചിലർക്കു് അഭിപ്രായമുണ്ടായേക്കാം. ആ അഭിപ്രായം തെറ്റാണു്. വർണ്ണനയിലെ മിക്ക ഉല്ലേഖങ്ങളും അചുംബിതങ്ങളും അനർഘങ്ങളുമാണെന്നു് ഏതു പുരോഭാഗിയും സമ്മതിക്കും. മാത്രമല്ല, വാസവദത്താവർണ്ണനംകൊണ്ടു വാസവദത്താവർണ്ണനം മാത്രമല്ല കവി ഉദ്ദേശിക്കുന്നതു്. ഐഹികാഡംബരത്തിന്റെ ഉപരിതനമായ ഒരു പരിധിയെ—നശ്വരവും സ്വപ്നതുല്യവുമായ ഈ പ്രപഞ്ചത്തിന്റെ അതിനിന്ദ്യവും എന്നാൽ സൗന്ദര്യത്തിന്റെയും സുഖത്തിന്റെയും പരമാധാരമായി കരുതിപ്പോരുന്നതുമായ ഒരു നിലയെ നല്ലവണ്ണം എടുത്തുകാണിക്കണമെന്നുള്ളതത്രേ ആവശ്യവാക്കിന്റെ ഇംഗിതം. ഐന്ദ്രജാലികന്റെ പിഞ്ഛികാപ്രയോഗം മഹാസൗധങ്ങളെ മരക്കഷണങ്ങളാക്കുന്നതുപോലെ വാസവദത്തയുടെ സകല വിഭവങ്ങളും ദ്വിതീയഭാഗത്തിൽ ശ്മശാനത്തിൽവച്ചു നിരർത്ഥകങ്ങളായി ചമയുന്നു. ശ്മശാനം വാസവദത്തയ്ക്കു ആദ്ധ്യാത്മവിദ്യാലയവുമാകുന്നു. ചുടുകാടിന്റെ വർണ്ണനയും മറ്റേ വർണ്ണനപോലെ നീണ്ടുപോയെന്നു ചിലർ പറഞ്ഞേക്കാം. വാസ്തവമാലോചിച്ചാൽ ഈ രണ്ടുവർണ്ണനകൾക്കും ബന്ധുരമായ ഒരു ബന്ധമുണ്ടു്. ഒന്നു് ലൗകികസുഖത്തിന്റെ സ്പൃഹണീയതയേയും സൗന്ദര്യത്തേയും മറ്റേതു അതിന്റെ നിന്ദ്യതയേയും അചാരുതയേയും ഭംഗിയായി പ്രതിപാദിക്കുന്നു. അതിനാൽ ഈ രണ്ടുവർണ്ണനകളും ഒരേ തൂക്കത്തിൽതന്നെയാണിരിക്കേണ്ടതെന്നു് പ്രത്യേകം പ്രസ്താവിക്കണമെന്നില്ലല്ലോ. അത്രമാത്രമല്ല, സൗധത്തിലെ വാസവദത്തയ്ക്കും ശ്മശാനത്തിലെ വാസവദത്തയ്ക്കും കവി, സരസമായി ഒരു സാമ്യവും പരികല്പിച്ചതായി സൂക്ഷിച്ചുനോക്കിയാൽ കാണാം. അവൾ അന്നു് ഒരു പൊന്നശോകം വിടുർത്തിയ കുടയുടെ കീഴിലാണിരുന്നതു്.

ശ്മശാനത്തിൽ അശോകമല്ലെങ്കിലും തലയിൽ തീകാളുന്ന ചുടലഭൂതംപോലുള്ള ഒരു ആലിന്റെ തറയിലാണു കിടക്കുന്നതു്. അന്നു സഖി അവളുടെകൂടെ ഉണ്ടായിരുന്നു. ഇന്നും അങ്ങനെതന്നെ. അന്നു് രാമച്ചവിശറി പനിനീരിൽ മുക്കി തോഴിയെക്കൊണ്ടു് വീശിച്ചിരുന്നു. ഇന്നോ സഖി കണ്ണുനീരുംപൊഴിച്ചു കാക്കയെടുക്കാതിരിക്കാൻ അരയാൽ ചില്ലകൊണ്ടുവീശുന്നു അന്നു കാമുകന്മാർക്കു ഏകലക്ഷ്യമായിരുന്ന അവൾ ഇന്നു കരിയും ചാമ്പലുംപോലെ കറുത്ത കാക്കകളുടെ ചരിഞ്ഞ നോട്ടങ്ങൾക്കു ലാക്കായിത്തീർന്നിരിക്കുന്നു. സൗധരംഗത്തിൽ കുറച്ചു സമയം കഴിഞ്ഞു സഖിവന്നു 'സമയമായില്ല' എന്ന ഉപഗുപ്തന്റെ മറുപടി അറിയിക്കുന്നു. ശ്മശാനരംഗത്തിലും കുറച്ചുകഴിഞ്ഞു ആ ഉപഗുപ്തൻതന്നെ പ്രവേശിച്ചു 'സമയമായി' എന്നറിയിക്കുന്നു. ഇതൊക്കെ സ്വാരസ്യാവഹങ്ങളായ സാമ്യങ്ങളാണു്.

ചെട്ടിയാരെ അല്പമായിട്ടേ വർണ്ണിച്ചിട്ടുള്ളുവെങ്കിലും ആ വർണ്ണന സ്ഥാനത്തായിട്ടുണ്ടു്. ഇന്ദുലേഖയിലെ സൂരിനമ്പൂതിരിപ്പാടിന്റെ ഒരു ഛായയാണു് ഈ വർണ്ണനകൊണ്ടു ഹൃദയദർപ്പണത്തിൽ പതിയുന്നതു്. വാസവദത്ത ഈ സുഭഗംമന്യനെ സൽക്കരിക്കുന്നതിനു "കുണുങ്ങിത്തൻകുളത്തിലെക്കരയന്നപ്പിടപോലെ നടന്നുപോയ" തോടുകൂടി ഒന്നാംഭാഗം അവസാനിക്കുന്നു.

അവിടംമുതൽ വളരെ ചരിത്രങ്ങൾ അടങ്ങിയ മാസം നാലുകഴിഞ്ഞിട്ടാണു് രണ്ടാംഭാഗം ആരംഭിക്കുന്നതു്. ഈ മഹാചരിത്രത്തെയെല്ലാം ഗ്രന്ഥത്തിൽ വിസ്തരിക്കാതെ, മർമ്മീഭൂതങ്ങളായ കഥാംശങ്ങളെ പിന്നീടു സിംഹാവലോകനം ചെയ്ത കവിയുടെ കഥാകഥനരീതി ഒന്നു വേറെതന്നെ.

ഇതിലെ ശ്മശാനത്തിന്റെ ചിത്രണം കാവ്യലോകത്തിലെ ഒരു മഹാത്ഭുതം തന്നെയായിട്ടുവേണം വിശ്വസിക്കാൻ. ഛിന്നനാസികയായ വാസവദത്തയുടെ അവ്യക്തങ്ങളായ ചില ചോദ്യങ്ങൾക്കു ഉപഗുപ്തൻ കൊടുക്കുന്ന മറുപടി മാത്രമേ നാം കേൾക്കുന്നുള്ളു. ചോദ്യങ്ങൾ ഊഹിച്ചുണ്ടാക്കേണ്ട ഭാരം അനുവാചകന്മാരിൽതന്നെ വിശ്രാന്തമായിരിക്കുന്നു. അതിന്റെ ഔചിത്യവും വാചാമഗോചരമത്രേ.

വാസവദത്ത മൃതാവസ്ഥയിലായിട്ടും ജീവിതത്തിലെ ആശയും അചഞ്ചലസുഖാനുഭവങ്ങളിലുള്ള സ്ഥിരപ്രതിപത്തിയും തീരെ ഉപേക്ഷിച്ചിട്ടില്ലായിരുന്നുവെന്നു് അനുമേയമായ അവളുടെ ചോദ്യംകൊണ്ടു് ഊഹിക്കാം. അവളുടെവൃത്തി ചീത്തയായിരുന്നുവെങ്കിലും അവൾക്കു തന്നിലുള്ള പ്രണയം സ്ഥിരമാണെന്നും നല്ല ദാക്ഷിണ്യമുള്ളവളായിരുന്നു അവളെന്നും ഉപഗുപ്തൻ സമ്മതിക്കുന്നു. അവളുടെ സൗന്ദര്യമദവും മററും ഇപ്പോൾ തീർന്നു. അതാണു വന്നുകാണുവാൻ 'സമയമായി' എന്നു് അദ്ദേഹം കരുതിയതും. അവൾക്കുവന്ന നഷ്ടം സാരമുള്ളതല്ലെന്നും

"ചോരനപഹരിക്കാത്ത ശാശ്വതശാന്തിധനവും
മാരനെയ്താൽ മുറിയാത്ത മനശോഭയും"

ബുദ്ധദേവന്റെ കാരുണ്യംകൊണ്ടു് തനിക്കു സിദ്ധിക്കുമെന്നും മററും പറഞ്ഞു സമാധാനപ്പെടുത്തുന്ന ഉപഗുപ്തന്റെ പേരിൽ വാസവദത്തയ്ക്കുള്ള വിശ്വാസവും ബഹുമാനവും അളവററതാണു്. ആ ബഹുമാനവും ആ വിശ്വാസവുമാണു് അവളെ രക്ഷിക്കുന്നതും. ശരണത്രയം ഉപദേശിച്ചപ്പോഴേയ്ക്കു് അവൾതന്നെ ഒരു ശാന്തിനികേതനമെന്നു് അവൾക്കു തോന്നുന്നു. ഉത്തരക്ഷണത്തിൽ അവൾ തന്റെ വെട്ടിയിട്ട അംഗങ്ങളെ നിരുദ്വേഗമായും നിർമ്മമതയോടും നോക്കുന്നുവെന്നു് പറഞ്ഞു കവി നമ്മൾക്കു് അവളുടെ ഹൃദയസ്ഥിതി മനസ്സിലാക്കിത്തരുന്നുണ്ടു്. കുറച്ചുനിമിഷത്തിനു മുമ്പുള്ള അവളുടെ സ്ഥിതി എത്രയോട്ടരം വ്യത്യാസപ്പെട്ടിരിക്കുന്നു. പിന്നെ അവൾ നിർവാണം പ്രാപിച്ചു. ഒടുവിൽ വാസവദത്തയുടെ, അതെ, മധുരാപുരിയിലെ സൗന്ദര്യത്തിടമ്പിന്റെ ചാമ്പലാണു് അദ്ദേഹം കണ്ടതു്. പ്രപഞ്ചത്തിന്റെ നശ്വരാവസ്ഥയെ എത്ര ഭംഗിയായും ഹൃദയസ്പൃക്കായുമാണു് പ്രതിപാദിച്ചിരിക്കുന്നതു്? ഇതല്ലോ യഥാർത്ഥത്തിൽ കാവ്യോദ്ദേശ്യം?

# കുമാരനാശാന്റെ കവിത

കെ. അയ്യപ്പൻ ബി. എ.

ശ്രീ. സഹോദരൻ അയ്യപ്പൻ,
'പൗരൻ' മാസികയുടെ 1095 മീനം–മേടം
(പുസ്തകം 2. ലക്കം 11–ം, 12–ം) ഒന്നിച്ചുള്ള
ലക്കത്തിൽ എഴുതിയതാണ് ഈ ലേഖനം.
സുമാർ 53–കൊല്ലങ്ങൾക്കുമുമ്പ്.

ജീവിതാനുകരണമത്രെ യഥാർത്ഥ കവിധർമ്മം. "നാടകാന്തം കവിത്വം" എന്നു പറയുന്നതും അതുകൊണ്ടുതന്നെയാണ്. കണ്ണാടിയിൽ എന്നപോലെ സ്വകൃതികളിൽ പ്രകൃതിയെ പ്രതിഫലിപ്പിക്കുവാനുള്ള പാടവം അധികവും നാടകകർത്താക്കൾക്കാണല്ലൊ. ഏതു സാഹിത്യത്തിലും ജീവിതത്തെ പകർത്തുന്ന കാവ്യകാരന്മാരെ മാത്രമേ മഹാകവികളായി ഗണിച്ചിട്ടുള്ളു. ജീവിതത്തിന്റെ വൈചിത്ര്യത്തേയും ഗഹനതയേയും അവർ എത്രമാത്രം ശരിയായി അറിഞ്ഞു പ്രതിപാദിക്കുന്നുവോ, അത്രമാത്രം അവരുടെ കൃതികൾക്കു മാഹാത്മ്യമേറുന്നു. സംസ്കൃതഭാഷയിൽ കാളിദാസാദികളെ മേൽപ്പറഞ്ഞ പ്രസ്ഥാനത്തിൽ ഉൾപ്പെടുത്താം. മാഘൻതുടങ്ങിയ അർവാചീന സംസ്കൃതകവികളുടെ പോക്കു വേറൊരു മാർഗ്ഗത്തിലൂടെയാണ്. അവർ എഴുതീട്ടുള്ള ശ്ലോകങ്ങൾ എല്ലാം അർത്ഥഗൗരവവും അലങ്കാരപുഷ്ടിയും ഉള്ളവ തന്നെ. എന്നാൽ ഒററ ശ്ലോകങ്ങളുടെ ഗുണം മാത്രം നോക്കിയല്ല ഒരു കാവ്യത്തിന്റെ മെച്ചം തീരുമാനിക്കേണ്ടതു്. നല്ല ശ്ലോകകാരന്മാരാണെങ്കിലും മാഘാദികൾ പാത്രരചന മുതലായ കാവ്യാംഗങ്ങളിൽ ശ്രദ്ധിക്കുന്നില്ല. കഥയുടേയോ വ്യാപാരത്തിന്റേയോ ഗതിയെസംബന്ധിക്കാതെ വർണ്ണനയ്ക്കുവേണ്ടി മാത്രം ചെയ്യുന്ന വർണ്ണനകളാൽ അവർ തൃപ്തരാകുന്നു. ഇവരാണ് ആധുനിക മലയാള കവികളിൽ അധികംപേരുടേയും മാതൃകകൾ. 'ഗുരുകുലക്ലിഷ്ട'തയിൽ മാത്രം അഭിമാനിക്കുവാൻ വകയുള്ള മുരാരി മുതലായ ക്ഷുദ്രകവികൾ പോലും നമ്മുടെ ചില കവികളുടെ ദൃഷ്ടിയിൽ മഹാകവികളാണത്രേ! ഇങ്ങനെ പൊതുവിൽ മലയാള കവിതയുടെ ഇപ്പോഴത്തെ

ശ്ലോക്കു് അത്ര സ്പൃഹണീയമായ വഴിക്കല്ലെങ്കിലും മഹാകവികൾക്കു മാത്രം സഞ്ചരിപ്പാൻ കഴിയുന്ന ആ ദിവ്യകവിതാപദ്ധതിയിൽക്കൂടി നടക്കുന്നവരും നടക്കാൻ ശ്രമിക്കുന്നവരുമായി ചിലരുണ്ടെന്നുള്ളതു് ഏററവും ആശ്വാസകരമാകുന്നു. ഇവരിൽ മുമ്പനാണു് എൻ. കുമാരനാശാൻ അവർകൾ. അദ്ദേഹം പറയുന്നതു കേൾക്കുക:

"ക്ഷിതിയിലഹഹ! മർത്ത്യജീവിതം
പ്രതിജനഭിന്ന വിചിത്രമാർഗ്ഗമാം
പ്രതിനവരസമാമതോർക്കുകിൽ
കൃതികൾ മനുഷ്യകഥാനുഗായികൾ"

ഈ കവി തീർച്ചയായും മലയാളകവിതയുടെ ശുക്രദശ അടുത്തിരിക്കുന്നു എന്നു വിളിച്ചു പറയുന്നുണ്ടു്. ആശാൻ എഴുതുന്ന ഓരോ ശ്ലോകത്തിനും എന്തെങ്കിലും ചമല്ക്കാരമുണ്ടായിരിക്കും. ഒരു 'പൊട്ടശ്ലോകം' പോലും അദ്ദേഹത്തിൻെറ ഒരു കൃതിയിലും കാണുകയില്ല. എന്നാൽ ആശാൻ ഒരു ശ്ലോകമെഴുത്തുകാരനല്ല. പിന്നെ, അദ്ദേഹത്തിൻെറ ഭാഷയിൽ തന്നെ പറയുകയാണെങ്കിൽ ഒരു 'മനുഷ്യകഥാനുഗായി'യാണു്. 'നളിനി' മുതലായ കൃതികളിൽ വാച്യമായി മർത്ത്യജീവിതത്തെ പ്രതിപാദിക്കുന്നു. അതിലും സ്ഫുടതയോടുകൂടി ആ മർത്ത്യജീവിതത്തെത്തന്നെയാണു് അന്യാപദേശരൂപത്തിൽ 'വീണപൂവ്' മുതലായ കൃതികളിലും വർണ്ണിക്കുന്നതു്.

ജീവിതത്തിൻെറ പരിണാമദശ ആശാൻെറ ശ്രദ്ധയെ പ്രത്യേകമായി ആകർഷിക്കുന്നു. ആ ദശ തന്നെയാണു് ജീവിതത്തിൽ പലതുകൊണ്ടും അധികം ശ്രദ്ധേയമായ ഘട്ടം. എത്ര ഭാഗ്യവത്തായ ജീവിതത്തിൻെറയും അവസാനം വിഷമവും ദുഃഖബഹുലവുമാണു്. ജീവിതത്തെക്കുറിച്ചു ചിന്തിക്കുവാൻ ജനങ്ങളെ പ്രേരിപ്പിച്ചതുതന്നെ അതിൻെറ പരിണാമരൗദ്രതയുടെ അപരിഹാര്യതയത്രെ. കൂടാതെ ഒരുവൻെറ അന്ത്യാരംഭദശകൾക്കു തമ്മിൽ ജന്യജനക സംബന്ധവുമുണ്ടല്ലൊ. ഇതെല്ലാം കൊണ്ടു് ജീവിതത്തിൻെറ അവസാനഘട്ടം ജീവിതചിന്തകന്മാരായ മഹാകവികളുടെ ചിന്തയെ ആകർഷിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. ലോകത്തിലെ മഹാകാവ്യങ്ങളെല്ലാം ഏതെങ്കിലും ഒരു പ്രകാരത്തിൽ ദുഃഖപര്യവസായികളായിക്കാണാൻ കാരണം ഇതുതന്നെ ആയിരിക്കണം. സഫൊക്ലിസ് (Sophocles) ഷേക്സ്പീയർ മുതലായ കവികളുടെ ദുഃഖപര്യവസായികളായ രൂപക (Tragedies) ങ്ങളെപ്പോലെ തന്നെ വ്യാസർ, വാത്മീകി തുടങ്ങിയ കവികളുടെ കൃതികളും ദുഃഖപര്യവസായികളാണു്. മഹാഭാരതത്തെത്തന്നെ എടുക്കുക. ഭാരതയുദ്ധത്തിൽ കൗരവാദികളെ കൊല്ലിച്ചു ധർമ്മം സ്ഥാപിച്ചെന്നു് അഭിമാനിച്ച ശ്രീകൃഷ്ണൻ വീണ്ടും സ്വഭവനത്തിൽതന്നെ അധർമ്മാദിവൃദ്ധികണ്ടു മരിക്കുന്നതും, ദായാദരെക്കൊന്നു രാജ്യം പിടിച്ച പാണ്ഡവരും കുറേക്കാലംകൂടിക്കഴിഞ്ഞു് ഓരോരുത്തരായി ലോകത്തിനു യാത്രപറയുവാൻ നിർബന്ധിതരാകുന്നതും കരുണ കരുണമായി വർണ്ണിച്ചു ജീവിതത്തിൻെറ അപരി

ഹാര്യമായ പരിണാമഭയങ്കരതയെ മഹാഭാരതം സ്പഷ്ടമാക്കുന്നു. അതു് അരിസ്റ്റാട്ടൽ (Aristotle) എന്ന ആലങ്കാരികൻ ട്രാജഡിയുടെ ധർമ്മമായിപ്പറഞ്ഞിട്ടുള്ള വികാര ശുദ്ധീകരണത്തിനു് (to Purge the Passions) പര്യാപ്തമല്ലെ? ഇതിലും ഭയങ്കരമാണു രാമായണത്തിൽ വിവരിച്ചിരിക്കുന്ന ജീവിതത്തിന്റെ പരിണാമം. തീർക്കാൻ പാടില്ലാത്ത ഒരു അപവാദം രാമായണത്തിന്റെ അവസാന പകുതി മുഴുവൻ ദുഃഖബഹുലമാക്കുന്നു. അതു മററു പ്രകാരത്തിലാക്കുവാൻ ഒരു ശക്തിക്കും സാദ്ധ്യവുമല്ല. സീതയെ ഉപേക്ഷിച്ച് ലക്ഷ്മണനെ നാടുകടത്തി സരയൂനദിയിൽ ചാടി മോക്ഷം നേടുന്ന രാമന്റെ പരിണതി എത്ര ഭയങ്കരമായ വിധത്തിൽ ശോകസംപൂർണ്ണമായിരിക്കുന്നു!

സംപൂർണ്ണമായി ജീവിതത്തെ നിരൂപിക്കുന്ന എല്ലാ കാവ്യങ്ങളും ദുഃഖപര്യവസായികളായിത്തന്നെയിരിക്കണം. ഇത്ര പ്രാധാന്യമേറിയ ഒരു കവിതാപ്രസ്ഥാനത്തെ പ്രകടമായ രൂപത്തിൽ മലയാളത്തിൽ അവതരിപ്പിക്കുവാനുള്ള ഭാഗ്യം ആശാനാണു് സിദ്ധിച്ചതു്. ആശാന്റെ ദുഃഖപര്യവസായികളായ കാവ്യങ്ങൾ ചില ട്രാജഡികളെപ്പോലെ അധർമ്മത്തിന്റെ പരിണാമരൗദ്രതയെ ഉദാഹരിക്കുന്നവയല്ല. അവയിൽ അധർമ്മത്തിന്റെ സ്പർശംപോലുമില്ല. അവ ഉൽക്കർഷോന്മുഖമായ ജീവിതപരിണാമത്തിനു നിദാനമായിരിക്കുന്ന ഒരു അമേയശക്തിയുടെ—കവിഭാഷയിൽ പറഞ്ഞാൽ "ഗുണപരിണാമ പരീക്ഷകനായ വിധി"യുടെ—അനിവാര്യമായ വ്യാപാരത്തെ വിവരിക്കുന്നു. നളിനിയും ദിവാകരനും, ലീലയും മദനനുമൊക്കെ നിർദ്ദോഷികൾ തന്നെ. അവരിലുള്ള ഏതോ കുറവു്, അവർ അറിഞ്ഞു ചെയ്യുന്ന ഒരു കുററമല്ല, അവരെ ദുഃഖാനുഭവങ്ങൾക്കു പാത്രമാക്കുന്നു. നളിനയുടെ 'ഭൂരിയാം ഗുണഗണ'ങ്ങളെയും അവൾ കോരകത്തിൽ മധുവെന്നപോലെയുൾത്താരിൽ പ്രണയമാർന്നിരുന്നതും' ആദ്യമെതന്നെ ശരിയായി അറിഞ്ഞിരുന്നെങ്കിൽ ദിവാകരൻ തീർച്ചയായും 'വിഗതരാഗ'നാകാനും 'ധന്യയാമെളിയശിഷ്യയീപദം തന്നിൽ നിത്യപരിചര്യയൊന്നിനാൽ' എന്ന അർത്ഥനയെപ്പോലും നിരസിക്കുവാനും ഇടവരികയില്ലായിരുന്നു. അപ്രകാരം തന്നെ ലീലയ്ക്കു "സ്ഥിരമാം സ്നേഹം" പോലെ ആദ്യമേ ദൃഢമായ മനക്കരുത്തും ഉണ്ടായിരുന്നെങ്കിൽ—

രൂപവിട്ടവൾ ചെയ്യുമായിരു
ന്നപരോക്ഷം പ്രിയഹസ്തപീഡനം''

അങ്ങിനെ ഒന്നും സംഭവിക്കുവാൻ സംഗതിയാകുന്നില്ല. ലീലാമദനന്മാരും നളിനിയും പക്ഷെ ദിവാകരനും ജീവിതം മുഴുവൻ ദുഃഖത്തിൽ കഴിക്കേണ്ടിവരുന്നു. എങ്കിലും ദുഃഖം അവരെ അധഃപതിപ്പിക്കുന്നില്ല. അവരുടെ ആദ്ധ്യാത്മികമായ അഭിവൃദ്ധിക്കു് അതു സഹായമായി നില്ക്കുന്നു. അവരുടെ ഗുണങ്ങൾ "അത്തലാൽ തുലയുവതില്ല," മരിച്ചു മേൽക്കുമേൽ,

വിലസിടുമടിയേററ വെള്ളിപോ—
ലുലയതിലൂതിയ പൊന്നുപോലെയും.

ഇങ്ങനെ നായികാനായകന്മാരിൽ 'ധർമ്മലോപമണയാതെ' 'ശർമ്മവും വ്യഥയുമേകിയേറെ നാളൊരുവഴിക്ക നീണ്ട്' അവരെ സ്നേഹപരിപൂർണ്ണതയാകുന്ന പരമപുരുഷാർത്ഥത്തിലേക്കു പിടിച്ചുകൊണ്ടുപോകുന്ന ഒരു 'കർമ്മപാകഗതി'യെയാണ് ആശാൻെറ ട്രാജഡികൾ വർണ്ണിക്കുന്നതു്. കാവ്യത്തിൻെറ അവസാനത്തോടുകൂടി അതിൽ വർണ്ണിച്ചിരിക്കുന്ന ജീവിതം അവസാനിക്കുന്നില്ല. പാത്രങ്ങൾ അവരുടെ അതേവരെയുള്ള സുഖദുഃഖാനുഭവങ്ങളുടെ ഫലമായി ഉൽകൃഷ്ടതരമായ വേറൊരു ജീവിതത്തിലേക്കു കാലെടുത്തുവെയ്ക്കുന്ന പ്രതീതി അവസാനം ഉണ്ടാകുന്നു. "ആരും—ഉലകിൽ മറയുന്നീല മാംസം വെടിഞ്ഞാൽ" എന്നത്രേ വാസ്തവം. ഇതു്, ട്രാജഡി പ്രസ്ഥാനത്തിൽ തന്നെ ഒരു പുതിയ ഒരു പ്രസ്ഥാനമാണല്ലോ.

ആശാൻെറ കവിതയുടെ വേറൊരു പ്രത്യേകതയെടുക്കാം. ശ്രീമാൻ ചന്തുമേനവൻേറയും അതിലും വിശേഷിച്ചു ശ്രീമാൻ സി. വി. രാമൻപിള്ളയുടേയും അനുഗ്രഹം കൊണ്ടു മലയാളസാഹിത്യം പാത്രസൃഷ്ടിയിലും മററും ഏററവും ഉയന്ന നിലയിൽ എത്തീട്ടുണ്ടു്. എന്നാൽ പദ്യകാവ്യങ്ങളിൽ പാത്രരചനാവൈഭവവും, അത്ര കേമമായിട്ടില്ലെങ്കിലും കഥാബന്ധസാമർത്ഥ്യവും ആദ്യമായി പ്രദർശിപ്പിക്കുന്നതു് ആശാനാണു്. പരിതഃസ്ഥിതികൾക്കു യോജിക്കുന്നവിധം മാനസികനിയമങ്ങളനുസരിച്ചു പാത്രങ്ങളെ കല്പിക്കുവാൻ ആശാനുള്ള പാടവം ഒന്നു വേറെ തന്നെ. ലീലയെത്തന്നെ നോക്കുക. അവൾക്കു് ആദ്യമെ തനിക്കനിഷ്ടമായ വിവാഹത്തെ തടയുവാൻ ശക്തിപോരാ.

ഗുരുജന വചനം കുലക്രമം
തരുണികൾ തന്നുടെയസ്വതന്ത്രത
കരുതിയവ മറച്ചു കാമിതം
കരുമനപൂണ്ടവൾ കാട്ടി ലൗകികം.

എന്നാൽ മുന്നമേ താൻ 'ഹൃദയം നൽകിയ' 'സദന നികടവർത്തി'യും 'ഗുണോത്തരനു'മായ തൻെറ സഖാവിനെ മറക്കുവാൻ അവൾക്കു സാധിക്കുന്നില്ല. ഭത്താവിൻെറ ചിതയിൽ ചാടിമരിച്ച ഒരു സ്വാദ്ധ്വിയുടെ മകളായ അവൾക്കും സതീസാധാരണമായ പ്രകൃതമാണുള്ളതു്. എന്നിട്ടും 'പിതൃകൃതനായ പതി'യോടുകൂടിത്തന്നെ 'അകമലയാതെ'യും മദനനെ സംബന്ധിച്ചിടത്തോളം നിഷ്ഠവിടാതെയും 'ദിനവും മാസവും അതിദീർഘമായ അബ്ദവും' കഴിയുമ്പോഴേക്കും അവളുടെ "അഴൽ കാഷ്ഠയിലെ"ത്തുന്നു. ഭാഗ്യവശാലോ നിർഭാഗ്യവശാലോ "അവനൊരുക്ഷസ്സിലൂണന്നിടാതെയായ്." അപ്പോൾ അവൾ "വിവിധഹൃദയവൃത്തി വിദ്ധ"യാകാതിരിപ്പാൻ തരമില്ല. ഭത്താവിനോടുകൂടി മരിക്കേണ്ടതാണു സതീധർമ്മമെന്നു് അവൾക്കറിയാം. ജനങ്ങൾ "അത്ഭുതങ്ങൾ ഓക്കാനും" "അപവാദങ്ങൾ തുകാനും" ഇടയുണ്ടെന്നും അറിയാം.

ഇളകിലുമിതുപോലവൾക്കുടൻ
ഗളിതഭയം മദനോന്മുഖം മനം

കള ഝടുതി പറിച്ചു ഖിന്നമാം
മുളയതുപോലെ മുതിർന്നുപൊങ്ങുവാൻ

അതുകൊണ്ടു് 'വല്ലവാറും ശ്വശുരനെ വിട്ടു്',

"മദനനരികിൽ വാണു രമ്യമാം
ഉദയപുരത്തിന്നുതന്നെ പോന്നവൾ."

അവിടെ,

"ഉഴറിയുടനവൾക്കു തൃഷ്ണയാൽ
മിഴി മദനാകൃതി മുമ്പു കാണുവാൻ"

ഇപ്പോൾ ഇത്ര വളർന്നിരിക്കുന്ന അവളുടെ അനുരാഗത്തിനു പിന്നീടുണ്ടാകുന്ന പ്രധാനമായ അഭിവൃദ്ധിഹേതുക്കൾ മദനനെപ്പറ്റിയുള്ള അന്വേഷണങ്ങളിൽ അവൾക്കു കിട്ടുന്ന അറിവുകളാണു്. അവളെ വിവാഹംചെയ്തു കൊടുത്ത വിവരം അറിഞ്ഞതുമുതൽ "പുരിയവനെന്ന്യേത! കണ്ടതില്ല പോൽ." അപരാധിയായ പ്രണയിപോലും "പ്രണയിനിയാൾക്കു" "നിയതരാഗപാത്രമായ" സ്ഥിതിക്കു "അപഥമതിൽ നടക്കാതെയും" "അപരയെ നാരിയായി ഓർക്കാതെയും" "അപകൃതനെങ്കിലും" "അവളോടു വൈരമില്ലാതെയും", "സൗഹൃദം അപചയ മാർന്നിടാതെയും" ഇരുന്ന മദനനെപ്പററി ലീലയ്ക്കുള്ള 'ഗണന' തീർച്ചയായും അസാധാരണമായിരിക്കണം.

"സ്വയമവനിവൾമൂലമല്ലി ഹാ!
നിയതമകന്നു ജനാവലോകനം."

എന്നുള്ളതും അവൾ എങ്ങനെ സഹിക്കും? അവൾക്കു മദനന്റെ "ആ മുഖമൊന്നു കാണുവാൻ ത്വരയുള്ളിൽ" ഉണ്ടായതിൽ അത്ഭുതമുണ്ടോ? പിന്നീടറിയുന്ന വർത്തമാനങ്ങളാണു് അതിലും വിശേഷം. അവൻ 'അവനത്തിനു' ആരുമില്ലാത്ത കാട്ടിൽ "കൃശരൂക്ഷഗാത്രനായ്" "അസ്ഥിമാനായ്" 'ലീല', 'ലീല' എന്നു പാടി 'ഭൃഗുവിൽ പ്രേതസമം നടന്ന" കഥയറിയുന്ന ലീല, അവളുടെ "സ്ഥിരമാം ചേതനയെ" അവനു് അധീനമാക്കുകതന്നെ വേണം. ഭർത്താവിനെ തിരഞ്ഞു കാട്ടിലേക്കു പോകുന്ന അവളെത്തടയുവാൻ തന്റെ സഖി ഉപയോഗിക്കുന്ന ലൗകികന്യായങ്ങളും

വിധി വിശ്വസുഖം സ്വദിക്കുവാൻ
മതിയും മർത്ത്യനു നൽകി രാഗവും
രതിയാലസമീക്ഷ്യകാരിയാം
സുധി ധാതാവെയനാദരിക്കയാം."

എന്ന പരിഷ്കൃത യുക്തിയുമെല്ലാം അവൾ സ്നേഹമഹിമയെ വർണ്ണിച്ചു ഖണ്ഡിക്കുന്നു.

"സ്വപരീക്ഷിതമിപ്പൊഴെൻ മന-
സ്സുപശങ്കം സഖി മുമ്പിതേല്പകിൽ
ത്രപവിട്ടിവൾ ചെയ്യുമായിരു-
ന്നപരോക്ഷം പ്രിയഹസ്തപീഡനം"

എന്ന ദൃഢനിശ്ചയവും, അനുതാപവുമൊക്കെ ലീലയുടെ ഏതൽക്കാലസ്ഥിതിക്ക് എത്രയും യോജിച്ചവ തന്നെ.

"ഗുരുജനഭയ പഞ്ജരസ്ഥകഷ്ടം!
പരനഥ പൈങ്കിളിപോലെ ദത്തയായേൻ"

ഇങ്ങനെ തന്റെ മനക്കരുത്തില്ലായ്മയെ അവൾ എത്ര ശപിച്ചിരിക്കണം! ആദ്യമേ മദനനോട് "തുല്യശീല" എന്ന അഭിമാനമാണ് ലീലയ്ക്കുള്ളത്. അതുമാറി ഇപ്പോൾ അവന്റെ 'ദയനീയഭൃത്യ'യാകുന്നു. ഇങ്ങനെ അവളുടെ സ്നേഹം പരമകാഷ്ഠയിൽ എത്തി. മദനന്റെ "സംഗമഗന്ധബന്ധുര"ങ്ങളായ വഴികളെ വേർതിരിച്ചറിയാവുന്ന മാതിരി അവളുടെ "ഇന്ദ്രിയം പടിമയാർന്നിടുന്നു പാരം", ഉടനെ അവൾ,

"വരിക ഹൃദയനാഥ വൈകികാണ്മാൻ
തിരുവടി മൗലിയിൽ വയ്ക്കുവൻ മഹാത്മൻ."

എന്നു വാവിട്ടുകരയുന്നതു സ്വാഭാവികമാണ്. അനേകം പ്രതിബന്ധങ്ങൾ കടന്ന് ഈ സ്ഥിതിയിൽ എത്തിയ ഒരു സ്നേഹമുള്ള അവൾ നദിയിൽചാടിയ മദനനെ അനുഗമിച്ചതു് എത്രയും സംഭാവ്യമാകുന്നു. ഇങ്ങനെയാണ് ആശാൻ പാത്രങ്ങളെ സൃഷ്ടിക്കുന്നതു്.

ആശാന്റെ കഥാബന്ധനരീതിയിലും ഒരു പുതുമയുണ്ട്. 'നളിനി'യിലേയും 'ലീല'യിലേയും കഥാവസ്തുക്കൾ സാധാരണങ്ങൾതന്നെ. എന്നാൽ അവയുടെ നിർവഹണരീതികൊണ്ടു കഥാഗതിക്കു രസം കൂട്ടുന്നു. കഥാഘടനയിൽ നാടകസാധാരണമായ രീതിയാണ് ആശാൻ എടുക്കുന്നതു്. 'നളിനി'യേയും 'ലീല'യേയും വാസ്തവത്തിൽ വിഷ്കംഭാദികൾക്കുപകരം കവി വാക്യംചേർത്ത് ഒന്നും രണ്ടും അങ്കങ്ങളിലായി എഴുതിയ നാടകങ്ങളായി കരുതാം. നായികാനായകന്മാരുടെ ജീവിതത്തിൽ ഏറ്റവും പ്രധാനമായ ഒരു സന്ദർഭം എടുത്ത് അതിൽ അവരെ അവതരിപ്പിച്ച് പ്രധാനമായി അവരുടെ സംഭാഷണംകൊണ്ടു തന്നെ അവരുടെ മനോവ്യാപാരങ്ങളെ വർണ്ണിക്കുന്ന സമ്പ്രദായം നാടകസാധാരണംതന്നെ. ഓരോ സന്ദർഭങ്ങളിൽ പാത്രങ്ങൾക്കു സ്വാഭാവികമായുണ്ടാകുന്ന ചേഷ്ടകളേയും വികാരങ്ങളേയും സൂക്ഷ്മമായറിഞ്ഞു രേഖപ്പെടുത്തുന്നു. സഖി, മദനനിൽനിന്നും ലീലയുടെ മനസ്സിനെ തിരിക്കുവാൻവേണ്ടി മദനനെ കുറെ താഴ്ത്തിപ്പറഞ്ഞു.

"അതിനാൽ സഖി", — എന്നു ചൊല്ലവേ
ശ്രുതിരണ്ടും ബത പൊത്തിയാതുര
"മതി കാന്ത ഗുണാവമാനിനീ
മതി"യെന്നാശ്രു തടുത്തിതോതിനാൾ
അയി; ചാരുതരാന്തരംഗ, നെൻ
ദയിതൻ ദേവസമൻ മഹാമതി
സ്വയമോർപ്പവനല്ല തോഴി! മൺ-
മയമീഭംഗുര ഭംഗിയാമുടൽ.

ഇതെത്ര നാടകീയമായിരിക്കുന്നു! ഇതുപോലെ നളിനി തന്റെ കഥ പറയുന്നതിനിടയിൽ

"ശാന്തമാക ദുരിതം! വിനിശ്ചിത—
സ്വാന്തയായ് കളനശല്യ മൂരുവാൻ.
ധ്വാന്തവും ഭയവുമോർത്തിടാതുടൻ
ഞാന്തടാകതടമെത്തി രാത്രിയിൽ."

എന്നു പറഞ്ഞു കഴിഞ്ഞപ്പോൾ

വേഗമാദയദ, നിശ്ചയം ശ്രവി—
ച്ചാകുലാത്ഭുത ദയാരസോദയൻ
ഏകിനാൻ ചെവിയവൻ, സഗൽഗദം
ശോകമാർന്നു കഥ പിൻതുടർന്നവൾ.

ഈ സന്ദർഭവും എത്രയും സ്വാഭാവികമല്ലേ? പിന്നെയും നളിനി പറയുന്നു:

"തിണ്ണമായിരുളിൽനിന്നു നിശ്വസി-
ച്ചെണ്ണിനേൻ ഝടുതി ഭൂതഭാവികൾ,
വിണ്ണിൽഞാനൊടുവിൽ നോക്കിസത്രപം
കണ്ണടച്ചുഡുഗണങ്ങൾകാൺകയാൽ"

ആത്മഹത്യ ചെയ്യുവാൻ പോകുന്നവൾ പ്രകാശദർശനം എങ്ങിനെ സഹിക്കും! മലയാളത്തിന് ഇതുവരെയും സ്വന്തമായി ഒരു നല്ല നാടകം ഉണ്ടായിട്ടില്ല. ഇപ്പോൾ ഉള്ളവയെക്കാളൊക്കെ നാടകത്വം ആശാന്റെ നളിനി മുതലായ കൃതികൾക്കുണ്ട്. അങ്ങിനെ ആശാൻ നമ്മുടെ നാടകകാലത്തിന്റെ ആഗമനത്തിനുള്ള വിളംബരവാഹിയാണ്. എന്നാലും നാടകം എഴുതുവാൻ അദ്ദേഹത്തിനു കഴിയുമെന്നു തോന്നുന്നില്ല: ജീവിതത്തിന്, ശകാരാർഹമല്ലാത്ത അനേകം ന്യൂനതകൾ ഉണ്ട്. അവയെ കണ്ടറിഞ്ഞു മന്ദഹസിക്കുന്ന ഫലിതമസൃണമായ പ്രകടമല്ലാത്ത അപഹാസവാസന നാടകകവികൾക്ക് അത്യാവശ്യമാകുന്നു. അതു് ആശാനില്ല. കുടിൽമുതൽ കൊട്ടാരംവരെ എത്തുന്ന ജീവിതത്തിന്റെ ഓരോ പടികളിലുമുള്ള ആളുകളെ അറിഞ്ഞിരുന്നാൽമാത്രം പോരാ, അവരെക്കൊണ്ട് അവരുടെ സ്വന്തം ഭാഷകളിൽ സംസാരിപ്പിക്കുവാനുള്ള സാമർത്ഥ്യവും

നാടകകവിക്കു വേണം. അതും ആശാനിൽ കാണുന്നില്ല. ആശാനും സ്ഥിവിയും ഒരാളായിരുന്നെങ്കിൽ നമുക്ക് ഇപ്പോൾ ഒരുവലിയ നാടകകവി ഉണ്ടാകുമായിരുന്നു.

നാടകമല്ല ആശാൻെറ വിധിനിർദ്ദിഷ്ടമായ കവിതാഭൂമി. ഇംഗ്ലീഷിൽ ലീറിക് (Lyric) എന്നു പറയുന്ന സ്വപ്രകടനപരമായ ഉപാധിയിലുള്ള കാവ്യങ്ങളെഴുതുന്നതിലാണ് ആശാൻെറ സഹജമായ സാമർത്ഥ്യം സർവോപരി പ്രകാശിക്കുന്നത്. 'നളിനി'യിലും 'ലീല'യിലും തന്നെ, ദിവാകരൻെറയും ലീലയുടെയും വാക്യങ്ങളിൽ ആശാൻെറ പരിണതമായ അഭിപ്രായങ്ങളല്ലെ തെളിഞ്ഞു കാണുന്നത്? ആർജ്ജവഗുണം സ്വപ്രകടനപരമായ കാവ്യങ്ങൾക്ക് അത്യന്താപേക്ഷിതമാകുന്നു. ആ ഗുണം ധാരാളം ഉള്ളതുകൊണ്ട് ആശാൻെറ കാവ്യങ്ങൾ എത്രയും മനോഹരങ്ങളാകുന്നുണ്ട്. ഹൃദയം പൊട്ടിപ്പുറപ്പെടുന്ന കവിതാപ്രവാഹമാണല്ലോ ഹൃദയത്തെ ആകർഷിക്കുവാൻ മതിയായതു്.

"എന്നാലുമുണ്ടഴലെനിക്കു വിയോഗമോർത്തും
ഇന്നാത്രനിൻ കരുണമായ കിടപ്പുകണ്ടും;
ഒന്നല്ലി നാമയി? സഹോദരരല്ലി? പൂവെ
ഒന്നല്ലി കയ്യിഹ രചിച്ചതു നമ്മെയെല്ലാം?"

ഈ ചോദ്യം നമ്മെയെല്ലാം ആർദ്രചിത്തരാക്കുന്നു.

നരകാർഹനൊരുത്തനില്ലയി—
ത്തരമീ ഞങ്ങടെ പുണ്യഭൂമിയിൽ
അതുമല്ലിതു "ധർമ്മരാജ്യ"മെ—
ന്നധികം വിശ്രുത "വഞ്ചി"മണ്ഡലം
അതിലും ബത മൂലഭൂമിപൻ
പ്രഥിതൻ പാരിലുദാരചര്യയാൽ.

ഇതിൽ ദേശാഭിമാനവും രാജഭക്തിയും തുളുമ്പുന്നു. ആ ദേശാഭിമാനംതന്നെ വേറൊരു സമപ്രധാനമായ വികാരത്തിൽ മുട്ടി രൂപാന്തരപ്പെട്ടു പ്രവഹിക്കുന്നതു് നോക്കുക:

എന്തിന്നു ഭാരതധരേ! കരയുന്നു? പാര—
തന്ത്ര്യം നിനക്കു വിധികല്പിതമാണു തായെ,
ചിന്തിക്ക, ജാതിമദിരാന്ധ,രടിച്ചു തമ്മി—
ലന്തപ്പെടും തനയ,രെന്തിനയെ 'സ്വരാജ്യം'?

നോവലുകളിലും നാടകങ്ങളിലും കാണുന്ന ഫലിതസമ്മിശ്രമായ അപഹാസം ആശാൻെറ കൃതികളിലില്ലെന്നു പറഞ്ഞല്ലോ. എന്നാൽ തിന്മയെ നേരേ ശകാരിക്കുന്ന വിഷയത്തിൽ അദ്ദേഹം അദ്വിതീയനാകുന്നു. നമ്പ്യാർ, സി. വി., ചന്തുമേനോൻ, മൂർക്കോത്തു കുമാരൻ, നായനാർ മുതലായവരെ ആശ്രയിച്ചു വളന്ന ഒരുത്തമമായ പരിഹാസസാഹിത്യം നമുക്കുണ്ട്. അതുപോലെ കുമാരനാശാ

നോട്ടക്കൂടി ഏററവും ഉയൻനിലയിലെത്തുന്ന ഒരു 'ശകാര' സാഹിത്യത്തിലും നമുക്കഭിമാനിക്കാം. ഒരു ദുഷിച്ച ന്യായാധിപനെ ആശാൻ ഇങ്ങനെ ശകാരിക്കുന്നു:

കഷ്ടം! കാരുണികൻ പ്രജാധിപതി നിൻ—
കയ്യിൽ സമർപ്പിച്ചതാം
ചട്ടററീടിന നീതിതൻെറ ഗളനാളത്തെ—
യറുത്തഞ്ജസാ
ദുഷ്ടാത്മൻ, പരവർഗ്ഗ വിപ്രിയതയെപ്പാലി—
ച്ചു നീ, നിൻപിതാ
കെട്ടിത്തന്ന വരാംഗിയെ,ക്കുലടയെക്കാമി—
ച്ചു കൊല്ലില്ലയോ?

ഇതിലധികം ഊക്കോട്ടകൂടി അധർമ്മവിദ്വേഷത്തെ ഏതു കവി പ്രകടിപ്പിച്ചിട്ടുണ്ട്?

വേഷംമറച്ചു പലെടത്തുമഹോ നടന്നി—
പ്പാഷണ്ഡരീശഭയവും നയവുംപെടാത്തോർ,
രോഷംമുഴുത്തു വെറുതേ രുചിപോലെ നിന്നിൽ
ദോഷം ചുമത്തിയപവാദശതങ്ങൾ ചൊൽവൂ.

പരദൂഷണപാഷണ്ഡന്മാൎക്ക് ഇതിലും ശക്തിയേറിയ അസ്ത്രം ഇനി ഏല്ക്കേണ്ടിവരില്ലെന്നാശ്വസിക്കാം. പരിഹാസകവികൾ പുച്ഛിച്ചുതള്ളുന്ന ദുരാചാരങ്ങളുടെ നേരെയും ആശാൻ ശകാരാസ്ത്രംതന്നെ വിടുന്നു.

പ്രഭുതയിരത്ഥവാ, നിനക്കതാ—
നഭിജന സങ്കടദ്ദേശചര്യമേ
അഭയമണവു നിന്നെഹോ! ജനം
പ്രഭവ മനത്ഥ പരമ്പരയ്ക്കു നീ.
അകതളിരെയറുപ്പു, ഹന്ത! ധീ—
വികലതയേകി വലപ്പു,വെത്രതാൻ
അകരുണമനവദ്യ ലോകരെ—
പ്പകയൊടുകൊൽവു പിശാചവൃത്തി നീ!

പ്രകൃതിവിലാസത്തിലും ഈശ്വരമഹിമയിലും ലയിച്ചു ഉല്ലാസഭരിതനാകുന്ന ഒരു കവിയുടെ പ്രകൃതിയുടെ പ്രസരിപ്പു കാണുക:

"പതിവായിക്കാട്ടിൽക്കാലത്തുമന്തിക്കും
പുതിയപൂ കണ്ടുനിൻ പുകഴ്‌വാഴ്ത്തുംഞാൻ
അഴകേറും പൂവിൽ നീയലിഞ്ഞേകുംതേൻ
അഴലെന്യേനുകൎന്നാനന്ദമാൎന്നുടൻ
ഒഴിയാതോലും മണമാൎന്നതെന്നലിൽ
വഴിയെ നിൻ ചുകൾചാടിപ്പാടുകും ഞാൻ.

ഈ മാതിരിയുള്ള പ്രകൃതിമഹിമാധ്യാനംകൊണ്ടു കവികളുടെ പ്രകൃത്യാ ആർജ്ജവമുള്ള അന്തഃകരണം പരിശുദ്ധതരമാകുന്നു. അതിനാൽ അവക്കു ചില അസാധാരണ പ്രഭാവങ്ങളുമുണ്ടാകുമത്രേ. അവരുടെ ഇച്ഛാശക്തി സഫലവും അന്തർദൃഷ്ടി പരമാത്ഥ ദശിയുമായിത്തീരുന്നു. ആററിങ്ങൽ ഇളയതമ്പുരാൻ തിരു മനസ്സിലെ പള്ളിക്കെട്ടിനു് ആശാന്റെ മംഗളാശംസ ഇങ്ങനെ ആയിരുന്നു:

"പൃഥ്വീശാലംബരല്ലോ പ്രജകൾ; ഭവതി
    ദൃഷ്ടാന്തമായ്, കാന്തമാക്കും
വത്തിക്കും രാജ്ഞിമാക്കും, ചിരമിവിടെ വധൂ—
    ജാതിവിഖ്യാതിമേലും
പ്രത്യേകിച്ചിന്നവക്കും വരമരുളമജൻ
    പാവ്വതീഭായി രാജ്ഞീ—
പുത്രന്മാരെന്നു പേരാന്നിനിയവനിപർ
    വേണാടുവാണീടുവാൻ."

ഇതു് അമോഘമായ അനുഗ്രഹമോ, അഭേദ്യമായ ദീർഘദശനമോ എന്താണെന്നു വായനക്കാർതന്നെ തീച്ച്യയാക്കട്ടെ.

ഉൽകൃഷ്ടമായ ദാമ്പത്യാദർശത്തെ ചൂണ്ടിക്കാണിച്ചു വധൂവരന്മാരെ അനുഗ്രഹിക്കേണ്ടതു് ഇങ്ങനെയാണു്:—

രമ്യമാം മിഥുനമെ! വിവാഹമാം
ധമ്മപാശമിതു നിത്യമോക്കുവിൻ
തമ്മിലുണ്മയൊടു നിങ്ങളൊപ്പമായ്
ശമ്മപീഡകൾ പകുത്തുവാഴുവിൻ;
കാണികല്മഷവുമെന്നിസൗഹൃദം
പേണുവിൻ, ധരയിൽ നൂറുവത്സരം
പ്രാണനും തനുവുമെന്നപോലവെ
വാണു നിങ്ങൾ പുരുഷാത്ഥമേലുവിൻ.

ആശാന്റെ സ്വപ്രകടനപരമായ ഖണ്ഡകൃതികളെല്ലാംകൂടി ഒരു പുസ്തകമായി പ്രസിദ്ധം ചെയ്താൽ ഉപകാരപ്രദമായിരിക്കുമെന്നു മാത്രം പറഞ്ഞു് ഈ പ്രമേയത്തിൽനിന്നും വിരമിക്കാം.

കവിതയുടെ പ്രയോജന നിണ്ണയത്തിൽ പണ്ഡിതന്മാർ ഇന്നും ഭിന്നാഭിപ്രായക്കാരാകുന്നു. അതു ചിത്തോല്ലാസമാണെന്നു് ഒരു കൂട്ടരും, അല്ല, ധമ്മോപദേശമാണെന്നു മറെറാരു കൂട്ടരും വാദിക്കുന്നു. എന്നാൽ ആശാന്റെ കവിത, ഇതു രണ്ടും നിർവഹിക്കുന്നു. അതു ഉല്ലാസധമ്മത്തിനു ഹാനിവരുത്താതെ അതിന്റെ പൂണ്ണസഹായത്തോടുകൂടി ഉപദേശധമ്മത്തേയും നിറവേററുന്നു. ആശാന്റെ ഓരോ കാവ്യവും ഓരോ പ്രമേയത്തെ വിശദമാക്കുന്നുണ്ടു്.

"കണ്ണേ മടങ്ങുക കരിഞ്ഞുമലിഞ്ഞുമാർത്തു
മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ
എണ്ണീടുകാർക്കുമിതുതാൻ ഗതി, സാദ്ധ്യമെന്തു
കണ്ണീരിനാൽ? അവനിവാഴ്‌വു കിനാവുകഷ്ടം!"

എന്നുപദേശിക്കുവാൻ ആശാൻ ഒരു വീണപൂവിനെ വർണ്ണിക്കുന്നു. അതുപോലെ:—

"തിരിയുന്നു കരുക്കളായ് ചരാ–
ചരമിങ്ങാരുടെ നിത്യലീലയിൽ
അരുളട്ടെ നമുക്കവൻസുഖം
പരമേശൻ ഭവമുക്തിദായകൻ."

എന്ന സമാധാനം ഒരു സിംഹപ്രസവത്തെക്കണ്ടിട്ടുണ്ടാകുന്നു. ഒരു കപോതപുഷ്പത്തെപ്പററി ചിന്തിക്കുമ്പോൾ:

"ഭുവനതത്വവുമന്തവുമൊന്നുമേ
വിവരമില്ല പഠിച്ചുവലഞ്ഞിതെ"

എന്നു വ്യസനിക്കുന്നു. ഇങ്ങനെ പല പ്രമേയങ്ങളെവച്ചുകൊണ്ടു പല കാവ്യങ്ങൾ എഴുതീട്ടുണ്ടെങ്കിലും ആശാനു സർവ്വപ്രധാനമായ ഒരു പ്രമേയം ഉണ്ടു്. അതു ലോകത്തിലെ എല്ലാ കവികളുടേയും പ്രമേയമായ സ്നേഹമഹിമയാകുന്നു. സ്നേഹവർണ്ണനയിൽ ആശാൻ എല്ലാ മലയാളകവികളേയും അധഃകരിക്കുന്നു. ലോകത്തിലെ ഒരു കവിയും അദ്ദേഹത്തെ കവിഞ്ഞിട്ടുമില്ല. കവിതയുടെ സർവ്വോത്തമമായ ഗുണം ആർജ്ജവമാണെന്നു കാർലൈൽ (Carlyle) എന്ന മഹാൻ പറയുന്നു. താൻ ജീവിക്കുന്ന സ്നേഹത്തെയാണു് ആശാൻ വർണ്ണിക്കുന്നതു്. അതുകൊണ്ടു് അദ്ദേഹത്തിന്റെ സ്നേഹമാഹാത്മ്യവർണ്ണനയ്ക്കു് ഒരു പ്രത്യേകശക്തിയുണ്ടു്. ജീവിതം സ്നേഹപ്രവാഹത്താൽ പ്രാപഞ്ചികമായ താണനിലയിൽനിന്നുയർന്നു് ആദ്ധ്യാത്മികമായ ഉൽക്കൃഷ്ടസ്ഥിതിയിലെത്തുന്നതിനെ ആശാൻ എത്രയും ഹൃദയംഗമമായി വർണ്ണിക്കുന്നു. അതിനിടയിൽ സ്നേഹം "മാംസനിബദ്ധമല്ലെ'ന്നും 'അഖിലസാരമാണെ'ന്നും അതു് "ചിതാശവങ്ങളിൽ പൂവുപോലഥനശ്വരങ്ങളിൽ" ഭാവിക്കത്തക്കതല്ലെന്നും സ്പഷ്ടമാക്കി "സ്ഥിരസ്നേഹത്തെക്കരുതി സ്വയം കഴികിൽ നൂറാവർത്തി ചത്തീടുവിൻ", എന്നു് ഉൽഭടമായി പ്രഖ്യാപനംചെയ്യുന്നു. സാധാരണ രാജസമായ രാഗം, ശൃംഗാരമെന്നൊക്കെ അറിയപ്പെടുന്ന ആ സ്നേഹം ആശാന്റെ കൃതികളിൽ ഉയർന്ന സാത്വികന്മാർക്കുമാത്രം ഉണ്ടാകുന്ന 'പരിശുദ്ധസൗഹൃദം' ('കറപോയ ശൃംഗാരം') ആയിത്തീരുന്നു. ആ നിലയിൽ അതിന്നു ചില ദിവ്യപ്രഭാവങ്ങൾ ഉണ്ടത്രെ.

"കണ്ടതില്ലവർ പരസ്പരം മരം–
കൊണ്ടു നേർവഴിമറഞ്ഞിരിക്കയാൽ;
രണ്ടുപേരുമകതാരിലാർന്നിതുൽ–
ക്കണ്ഠകാൺക ഹഹ! ബന്ധവൈഭവം."

മദനനെ അന്വേഷിച്ചുപോകാനുള്ള ശ്രമത്തിൽനിന്നു ലീലയെ തടയുവാൻ കുലമര്യാദകളേയും മററും പററി പ്രസംഗിച്ച സഖിയോടു ലീല മൊഴിഞ്ഞ ഘന സൗരഭ്യമിയന്ന വാണികളിൽ സ്നേഹമഹിമയെ പ്രശംസിച്ചിരിക്കുന്നതു നോക്കുക:

“വിഹിതാവിഹിതങ്ങളോർത്തയേ,
മഹിതം സ്നേഹമഹോ മറക്കൊലാ;
ഇഹധർമ്മ രഹസ്യമന്തരാ–
നിഹിതം; നിത്യ വിഭിന്നമാം നയം;
“അറിയും ജനനീതി സീമയെ
ത്തിറമായ്ക്കാക്കുമപൂർണ്ണ രാഗികൾ;
നിറയുംരതി ലോകസംഗ്രഹം
കുറിയാക്കാ, സഖി കൂസലാർന്നിടാ.
“ഉടലോർക്കുക ബാഹ്യമായതിൽ
തടവും ലോകമതീവ ബാഹ്യമാം;
സ്ഫുടസൗഹൃദമാന്തരാത്മികം
വെടിയുന്നെങ്ങിനെ തോഴി ദേഹികൾ?
“അലമിന്നതിഭീതി; യെന്മന–
സ്സലയാ; ധീമതി, പേടിയാദ്ദൃഢം;
കുലനീതിയെ, മാംസകഞ്ചുകം
വിലവയ്ക്കാത്ത വിശേഷവേദികൾ.

ഇങ്ങനെയുള്ള കവിത, ‘സ്വരാജ്യസീമകളെ’ക്കൂടി “നിർമ്മലരാഗ വീചീധാരാർദ്രമാക്കു”കതന്നെ ചെയ്യും. ആശാൻ സ്നേഹമാഹാത്മ്യത്തെ ഉൽഘോഷിച്ചു കേരളീയരെ ഉണർത്തുവാൻവന്ന സന്ദേശവാഹിയായ ഒരു കവിയത്രേ.

ആദ്ധ്യാത്മികദൃഷ്ട്യാ ജീവിതനിരൂപണം ചെയ്യുന്ന നളിനി മുതലായ കാവ്യങ്ങളുടെ ഔപദേശികമായ പ്രയോജനം അന്യാദൃശമാണു്. നമുക്കെല്ലാപേർക്കും ശ്രേഷ്ഠമായ ഒരു ആദ്ധ്യാത്മികപ്രകൃതിയുണ്ടല്ലോ. ഭൗതികവ്യവഹാരങ്ങളുടെ ഇടവിടാത്ത പരിചയംകൊണ്ടു് അതു മങ്ങിപ്പോകുന്നു. ഉത്തമകാവ്യങ്ങൾ വായിക്കുമ്പോൾ നമ്മുടെ ആ ആദ്ധ്യാത്മികപ്രകൃതിയുടെ അനുഭവം നമുക്കു വീണ്ടും ഉണ്ടാകുന്നു. വാസ്തവത്തിൽ നമുക്കു പുറമേനിന്നു് ഒന്നും കിട്ടാനില്ലത്രേ. നമ്മുടെ ഹൃദയത്തിൽ ഒളിച്ചുകിടക്കുന്ന നല്ല വാസനകളുടെ പ്രതിബന്ധങ്ങൾ മാറിയാൽ നമുക്കു വേണ്ടതു സിദ്ധിച്ചു. ഒരുത്തമകാവ്യം നമ്മുടെ ഹൃദയത്തിന്റെ എത്രയും ഗൂഢമായ അറകളെക്കൂടിത്തുറക്കുന്ന താക്കോലാണു്. ‘നളിനി’ക്കും ‘ലീല’യ്ക്കും ഈ ഗുണം ധാരാളമായിട്ടുണ്ടു്. ആ കൃതികൾ വായിക്കുമ്പോൾ മനസ്സിനു് ഒരു ഉണർവ്വും ഉയർച്ചയും ഉണ്ടാകുന്നു. ആ അനുഭവം സൽപ്രേരണകളുടെ വിളനിലമാണു്. ആന്തരമായ നല്ല പ്രേരണകളാണല്ലോ ജീവിതത്തെ ഉൽകൃഷ്ടതയിലേക്കു നയിക്കുന്നതു്. ഇങ്ങനെ സ്പഷ്ടമായ ഉപദേശരൂപത്തിലല്ലാതെതന്നെ ഉപദേശധർമ്മത്തെ ഹൃദയംഗമമായി നിർവഹിക്കുന്നതു് ഏററവും

ഉയർന്ന ഒരു കവിതാഗുണമാണു്. അതു് ആശാൻെറ കവിതയ്ക്കുള്ള ഒരു വലിയ മെച്ചമാകുന്നു.

ഇനി കവിതയെ ബാഹ്യമായി സംബന്ധിക്കുന്ന ചില സംഗതികളെ എടുക്കാം. ഇപ്പോൾ മലയാള സാഹിത്യത്തിൽ വർണ്ണനാപ്രധാനമായ മഹാകാവ്യപ്രസ്ഥാനത്തിനു പ്രാബല്യം സിദ്ധിച്ചിരിക്കുന്ന കാലമാണല്ലൊ. അതുകൊണ്ടു് ആശാൻെറ വർണ്ണനാരീതിയെ പരിശോധിക്കുന്നതു രസാവഹമായിരിക്കും. പ്രാചീന കവികൾ സന്ദർഭോചിതമായും പരിമിതമായും ചെയ്യുന്ന വർണ്ണനകൾക്കുള്ള പ്രയോജനത്തെ കണ്ടിട്ടു് 'അധികസ്യ അധികം ഫലം' എന്ന പ്രമാണപ്രകാരം വർണ്ണനയുടെ സീമകളെ വിസ്തൃതമാക്കിയ കവികളായിരിക്കാം, മഹാകവികളല്ലാത്തവർക്കും മഹാകാവ്യം എഴുതുവാൻ സാധിക്കുന്ന എളുപ്പമായ ആ മഹാകാവ്യപ്രസ്ഥാനം കണ്ടുപിടിച്ചതു്. വർണ്ണ്യവസ്തുവിൻെറ പ്രതീതിദാർഢ്യത്തെ ഏതെങ്കിലും പ്രകാരത്തിൽ സഹായിക്കാത്ത വർണ്ണനകളും അലങ്കാരങ്ങളും ഉത്തമസാഹിത്യത്തിൽ അവയ്ക്കുള്ള പ്രയോജനത്തെ നിർവഹിക്കുന്നില്ല. വർണ്ണനാദികൾ വിഷയപ്രതിപാദത്തിനുള്ള ഉപായങ്ങൾ മാത്രമാകുന്നു. പ്രതിപാദ്യവിഷയവും പ്രതിപാദനോപായങ്ങളും പാലും കരിമ്പുകഷണങ്ങളുംപോലെ ആയാൽ ആസ്വാദ്യത വരില്ലല്ലൊ. പാലും പഞ്ചസാരയും പോലെ യോജിച്ചിരിക്കണം. മഹാകാവ്യപ്രസ്ഥാനക്കാരുടെ വർണ്ണനകളിൽ ഈ ഗുണം ഏററവും അപൂർവമായിട്ടേ കാണാറുള്ളു. അവരുടെ താവളം കെട്ടിയ വർണ്ണന ഭാഗ്യവശാൽ ആശാൻെറ കൃതികളിൽ കാണുന്നില്ല. ആശാൻെറ വർണ്ണനകൾ പരിമിതങ്ങളും രസപോഷണത്തിനു് അത്യാവശ്യങ്ങളുമായിരിക്കും. പ്രകൃതി വർണ്ണനയിൽ ആശാനു് അസാധാരണമായ വൈഭവം ഉണ്ടു്. "ആശാന്തരീക്ഷ ജലദഗ്രഹതാരാചക്രങ്ങളും" "രമ്യഭൂഭാഗഭംഗികളും", 'ഈശാംഘ്രിപത്മമൊടു പാർത്തുരമിപ്പവൻ' ആണു നമ്മുടെ കവി. പ്രകൃതിയെ പാത്രങ്ങളുടെ മനോവ്യാപാരങ്ങൾക്കു് അനുകൂലമോ പ്രതികൂലമോ ആയവിധത്തിൽ വർണ്ണിക്കാം. രണ്ടുവിധത്തിലും രസപോഷണമാണു് ഫലം.

"താരങ്ങൾ നിൻപതനമോർത്തുതപിച്ചഹാ! ക-
ണ്ണീരായിതാ ഹിമകണങ്ങൾ പൊഴിഞ്ഞിടുന്നു;
നേരായി നീഡതരുവിട്ടു നിലത്തുനിൻെറ
ചാരത്തുവീണു ചടകങ്ങൾ പുലമ്പിടുന്നു.
"കണ്ടീമഹാവിപത്തഹഹ! കല്ലലിയുന്നിതാടൽ
കൊണ്ടാശുദിങ്മുഖവുമിങ്ങനെ മങ്ങിടുന്നു.
തണ്ടാർസഖൻ ഗിരിതടത്തിൽ വിവർണ്ണനായ്നി-
ന്നിണ്ടൽപ്പെടുന്നു പവനൻ നെടുവീർപ്പിടുന്നു."

ഇവിടെ പ്രകൃതി അനുകൂലമായി നിൽക്കുകയാണു്. കാവ്യത്തിലെ സ്ഥായീഭാവത്തോടു ഘടിപ്പിച്ചിട്ടുള്ള ഈ വർണ്ണനയുടെ നിസ്സർഗ്ഗസുന്ദരതയെ പ്രത്യേകം പറയണമോ?

"ആരാജമാനരിതുചൊല്ലി; യണന്നുതൃഷ്ണ
തീരാതെ തോഴി; യവരങ്ങുടനേ മറഞ്ഞു;
പാരാകെവീണ്ടുമവർ കണ്ടു; വിളങ്ങിയേതു-
മോരാത്തപോലെ യുദയോപരി കർമ്മസാക്ഷി.

ലീലാമദനന്മാരുടെ ആത്മഹത്യയേയും മററും 'പാരും' 'കർമ്മസാക്ഷി'യും ഗൗനിക്കുവാൻ തരമില്ലല്ലോ. പ്രകൃതിയുടെ ഈ ഉദാസീനമായ നിലകൊണ്ടു വർണ്ണ്യമായ കരുണാരസത്തിനു ശക്തികൂടുന്നു.

ഷേക്സ്പീയർ മുതലായ മഹാകവികളെപ്പോലെ പ്രധാനാംശങ്ങൾ മാത്രം തിരഞ്ഞെടുത്തു പ്രകൃതി സ്ഥിതികളെയും മററും പരിമിതമായ വാക്കുകളാൽ വർണ്ണിക്കുന്നതിൽ ആശാനു് ഒരു പ്രത്യേക സാമർത്ഥ്യമുണ്ടു്. ഒരു നട്ടുച്ച ഇങ്ങനെ തന്നെയായായിരിക്കയില്ലെ?

"നീലവിൺ നടുവുരച്ചുഭാനു; കാ
ണ്മീല കാട്ടിലുമനക്കമൊന്നിനും."

രാത്രിയെ എങ്ങിനെ വർണ്ണിക്കുന്നെന്നു നോക്കുക:

"ലോകമൊക്കെയുമുറങ്ങി; ക്രൂരിരു-
ട്ടാകെ മൂടിയമമൂർത്തിഭീകരം"
"ഇത വെള്ളിയുദിച്ചു വാപിയിൽ
ബതക്രവാൻതുനിയുന്നു പക്ഷികൾ."

അപ്പോൾ പ്രഭാതമായെന്നറിയാമല്ലൊ. ആശാനു വാക്കുകൾ കൊണ്ടു ചിത്രമെഴുതാൻ സാധിക്കും.

"കൊടിയവെയിലുമുഗ്രവായുവും
പൊടിയുമിടഞ്ഞു മഹാമരുക്കളിൽ
കടലിൽ ബഹുചരക്കുമാളുമായ്
പടവുകൾ പോൽ വരുമൊട്ടകങ്ങളും
പട കടികൾ വെടിഞ്ഞു കുന്നുതൻ
കൊടുമുടിവിട്ട വലാഹകങ്ങൾ പോൽ
നെടുവഴികളിൽ നീണ്ട വാഹന-
പ്പടയൊടുപോമുരുസാർത്ഥവാഹരും.

നമ്മുടെ മുമ്പിൽ വരുന്നുണ്ടു്.

"കണ്ണുപ്രമോദകര പിന്നയുലഞ്ഞു പച്ച-
പ്പൂണ്ണങ്ങളാം ചിറകിയന്നപഴങ്ങൾ മാവിൽ
സ്വർണ്ണപ്രഭാ ശബളരക്തിമയാൽ കഴുത്തിൽ
വർണ്ണംതെളിഞ്ഞ ശുകപംക്തികൾപോലെതൂങ്ങി"

യതും, നളിനി,

"ചാഞ്ഞുലഞ്ഞ ചെറുദേവദാരുവി—
ന്നാഞ്ഞ ശാഖകളടിക്കു ചിന്തയാൽ
കാഞ്ഞു, കാണമതു മനോരഥങ്ങളാൽ
മാഞ്ഞു, തൻനിലമറന്നുനിന്നതും" ഏററവും

കൗതുകാവഹമായ കാഴ്ചകളാണു്.

"ഈവണ്ണമമ്പൊട്ടവളന്നഥ നിൻെറ യംഗ—
മാവിഷ്കരിച്ചു ചില ഭംഗികൾ മോഹനങ്ങൾ
ഭാവം പകൎന്നു വദനം കവിൾകാന്തിയാൎന്നു
പൂവേയതിൽ പുതിയ പുഞ്ചിരിസഞ്ചരിച്ചു.

യൗവനാഗമത്തെ ഇതിലും ഭംഗിയായി എങ്ങിനെ വൎണ്ണിക്കും.:

"പൂക്കുന്നിതാമുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വൎണ്ണങ്ങൾ പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ

വസന്തത്തിൻെറ ഈ വരവു് മനോഹരമായിരിക്കുന്നു."

"സംഫുല്ലശോഭമതുകണ്ടു കുതൂഹലംപൂ—
ണ്ടമ്പോടടുക്കുമളിവേണികൾ ഭൂഷയായ് നീ
ഇമ്പത്തെയും സുരയുവാക്കളിലാക്കി രാഗ—
സമ്പത്തെയും സമധികം സുകൃതം ലഭിക്കാം."

അളിവേണികളുടെ ഭൂഷയായ പൂവിൻെറ രാഗോദ്ദീപനശക്തിയെക്കുറിച്ചറിയുന്ന ഏതു രസികനാണു് ഇതിൽ തലകുത്താത്തതു്?

വികാരവൎണ്ണനയിലും ആശാൻെറ രീതി അനന്യാദൃശമാണു്.

പ്രാണനായക ഭവാൻെറക്രൂടവേ
കേണുപോം ഹൃദയനീതയായയഹൊ!
പ്രാണനെന്നെ വെടിയുന്നിതേ ജലം
താണുപോം ചിറയെ മത്സ്യമെന്നപോൽ.

പരമകാഷ്ഠയിലെത്തിയിരിക്കുന്ന ഒരു വികാരത്തെ എത്ര ശക്തിയോടെ വൎണ്ണിച്ചിരിക്കുന്നു!

എന്തെങ്കിലും വൎണ്ണിക്കുമ്പോൾ അതിൻെറ സൂക്ഷ്മതരമായ അംഗങ്ങളിൽ കൂടി കവിയുടെ ദൃഷ്ടി പതിയുന്നു.

"ക്ഷണമാസുകുമാരി മേലെഴും
മണലിൻപാടു തലോടിനിന്നവൾ."

തറയിൽ കിടന്നിരുന്ന ലീലയുടെ മൃദുലമായ ദേഹത്തിൽ അവശ്യം പതിഞ്ഞിരിക്കേണ്ട 'മണലിൻപാട്' എല്ലാവരും കണ്ടെത്തുകയില്ല.

സൗന്ദര്യം, സ്വഭാവം, എന്നിവയെ വർണ്ണിക്കുന്നതിലും ആശാന്റെ പോക്ക് ഒന്നുവേറെതന്നെ. സഭ്യതാസീമകളെക്കൂടി അതിക്രമിച്ച പ്രത്യംഗപരിശോധന കൊണ്ടു നായികാനായകന്മാരുടെ നഗ്നാവയവങ്ങളെ വായനക്കാരുടെ മുമ്പിൽ കൊണ്ടുവരുന്ന ആപാദചൂഡവർണ്ണന ആശാന്റെ കൃതികളിൽ ഇല്ല. 'ലീല' അർത്ഥപാലകന്റെ തനയയായ് ജനിച്ച 'അവികലമാനുഷ രൂപമാധുരി'യാണത്രെ. അവൾ 'ഭവനമണിവിളക്കു'മായിരുന്നു. "പ്രകൃതിശൈശവംമുതല്ക്ക് അംഗകാന്തിയാൽ അവളെ മികവൊടണിഞ്ഞു", അവളുടെ യൗവനം "ലലിതലലിത"മായിരുന്നു; അവൾ "തരുനികുഞ്ജം പൂകുന്നതു്" "തരളതടില്ലത" പോലെയാണു്. ഇങ്ങനെ കവി സന്ദർഭാനുസരണംഅല്പാല്പമായി വർണ്ണിച്ച ലീലയെപ്പോലെയുള്ള ഒരു മഹാസുന്ദരിയെ സൃഷ്ടിക്കുന്നു. അവളുടെ തിരുമെയ് കാൺകിൽ നാരിമാർക്കും ഒരു ഭ്രമമുണ്ടാകുമത്രെ! നളിനി 'ഉഷസ്സന്ധ്യപോലു'ള്ള ഒരു 'പാവനാംഗി'യാകുന്നു.

പാരിലില്ല ഭയമെന്നുമേറെയു-
ണ്ടാരിലും കരുണയെന്നുമേതിനും
പോരുമെന്നുമരുളീപ്രസന്നമായ്
ധീരമായ മുഖകാന്തിയാലവൻ.

ദിവാകരന്റെ അകവും പുറവും ഒരുപോലെ തെളിക്കുവാൻ ഈ വർണ്ണന ഒന്നുമതിയാകും.

അലങ്കാരം സാഹിത്യത്തിനു അത്യന്താപേക്ഷിതമാകുന്നു. "സാലംകാരൗ" എന്നാണല്ലോ പ്രമാണം. നഗ്നമായ ശരീരംപോലെ നഗ്നമായ ആശയസമൂഹവും സഹൃദയന്മാരെ ആകർഷിക്കുന്നില്ല. എന്നാൽ ആഭരണഭ്രമംപോലെ അലങ്കാരഭ്രമവും അനാശാസ്യംതന്നെയാകുന്നു. പരിഷ്കൃതരുചിയനുസരിച്ച് പരിമിതമായണിയുന്ന ആഭരണങ്ങളും അലങ്കാരങ്ങളും ഹൃദയംഗമങ്ങളായിരിക്കും. അതുപോലെ അപരിഷ്കൃതമായി വാരിക്കോരിക്കെട്ടുന്ന ആഭരണങ്ങൾ ഉദ്വേഗജനകങ്ങളുമായിരിക്കും. അലങ്കാരകോലാഹലത്തിൽ വർണ്ണ്യത്തിന്റെ പ്രതീതി വിട്ടുപോകുന്ന ശബ്ദക്കസർത്തു ചില കവികളുടെ മററു പ്രകാരത്തിൽ നല്ല കാവ്യങ്ങളെ ദൂഷിപ്പിക്കുന്നുണ്ടു്. ഇങ്ങനെയുള്ള ദോഷമൊന്നും ആശാന്റെ അലംകാരങ്ങളെ ബാധിക്കുന്നില്ല. സാമ്യാലങ്കാരത്തിൽ അദ്ദേഹം കാളിദാസതുല്യനാണ്. മിന്നാമിനുങ്ങു പറക്കുന്നതു "വിശിഷ്ടമാം തങ്കമുരച്ചരേഖപോലിരുട്ടുകീറുന്നൊരു വജ്രസൂചിപോൽ" ആണത്രെ! "അടവിയഥ മൗനമാർന്നു മേളം ഝടിതിനിറുത്തിയ രംഗഭൂമിപോലെ". ഇതു പെട്ടെന്നുണ്ടാകുന്ന നിശ്ശബ്ദതയുടെ പ്രതീതിയെ ദൃഢമായുണ്ടാക്കുന്നു.

"വിരമിച്ചൊരു യുദ്ധനൗവുപോൽ
തിരിയെച്ചെന്നു കിടപ്പുമായവൻ"

സിംഹത്തിൻെറ ഗാംഭീര്യാദികളും തടവിലായതുകൊണ്ടുള്ള ജർജ്ജരത്വവും ഈ ഉപമ സ്പഷ്ടമാക്കുന്നു.

"സുകുമാരനമേ മറഞ്ഞുപോം
മുകുളംപോലിനി മൂന്നുനാൾക്കകം"

മൂന്നു ദിവസംകൊണ്ടു മരിക്കുവാനുള്ള ഒരു സുകുമാരനെ മുകുളത്തോടല്ലാതെ മററെന്തിനോടുപമിക്കും! നളിനി ദിവാകരൻെറ തോളണഞ്ഞു മരിച്ചതിനെ

"സ്നേഹഭാജനതയാന്നു ഏത്തിതിൽ
ദേഹമിങ്ങനെ വെടിഞ്ഞുപാററപോൽ,"

എന്നുപറയുന്നു. സാമ്യാലങ്കാരങ്ങളിൽ ഉപമമാത്രമല്ല ആശാൻ പ്രയോഗിക്കുന്നതു്.

"കരുതരുതുരു ഭൂതികാൺകിലും
സ്ഥിരതുളയാണിഹ ലീയയെന്നുനാം
പരമരുചിരമാമഹർമുഖം
ചരമധരോപരികാറുനില്ലുവേ."

"പ്രണയിയൊടുപിരിഞ്ഞുനാഥനോ-
ടണവതിനാക്കുമവർക്കെഴുന്നഴൽ
ഇണയെയകലെവിട്ടു ദൂരെനിർ
ഘൃണമിഹവിററ കപോതി ചൊൽകിലാം."

ഇങ്ങനെ സാമ്യബീജത്തിൻെറ മനോഹരമായ അനവധി രൂപാന്തരങ്ങളെ എടുക്കാം.

അർത്ഥാന്തരന്യാസമാണു് ആശാൻെറ മറെറാരു പ്രധാനമായ അലങ്കാരം. ചിന്താകുശലമായ മനസ്സാണു് ആശാനുള്ളതു്. പ്രത്യേകസംഗതികളെ വർണ്ണിക്കുമ്പോൾ അവയെ ഹൃദയംഗമമായി സാമാന്യനിയമത്തോടു ഘടിപ്പിക്കുന്നതിനു് ആശാനു് ഒരു ക്ലേശവുമില്ല.

"രമ്യഭൂഭാഗഭംഗികൾ ഹരിക്കുമാരെയും."
"ഗുണികളൂഴിയിൽ നീണ്ടുവാഴാ"
"ചിത്തമാം വലിയ വൈരികീഴമ-
ന്നത്തൽ തീർന്നയമിതന്നെ ഭാഗ്യവാൻ."
"അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലെ വിവേകികൾ"
"പാരമിഷ്ടജനരൂപമോരുവാൻ
നാരിമാർക്കുനയനം സുസൂക്ഷ്മമാം."
"ജന്തുവിനു തുടരുന്നുവാസനാ-
ബന്ധമിങ്ങുടലു വീഴുവോളവും"

ഇങ്ങനെ ലൗകികമായും ആദ്ധ്യാത്മികമായും ഉള്ള തത്വങ്ങളെ അടക്കിയുള്ള ഹൃദയംഗമങ്ങളായ അർത്ഥാന്തരന്യാസങ്ങൾ ആശാൻെറ കൃതികളിൽ സുലഭങ്ങളാകുന്നു.

ആശാൻ പ്രയോഗിക്കുന്ന വേറൊരു പ്രധാനമായ അലങ്കാരം അന്യാപദേശം ആണു്. ഗ്ലോബിനകത്തു വിളക്കുപോലെ അപ്രസ്തുതത്തിനകത്തു പ്രസ്തുതത്തെ പ്രകാശിപ്പിക്കുന്ന വിദ്യ ആശാനു് വശംവദംതന്നെ. കുട്ടികൾക്കു കടം പറയുവാൻ മാത്രം കൊള്ളുന്ന ഒരുമാതിരി ശ്ലേഷാലങ്കാരങ്ങളിൽ അഭിമാനിക്കുന്നവർ ആശാൻെറ അന്യാപദേശാലങ്കരങ്ങൾ വായിക്കട്ടെ. "വീണപൂവു്"മുഴുവൻ അന്യാപദേശമാകുന്നു.

മെല്ലെന്നു സൗരഭവുമൊട്ടുപരന്നു, ലോക-
മെല്ലാം മയക്കിമരുവുന്നളവന്നുനിന്നെ
തെല്ലോ കൊതിച്ചനുഭവാർത്ഥികൾ? ചിത്രമല്ല-
തില്ലാക്കു മിഗ്ഗുണവുമേവമകത്തുതേനും."

രൂപസമ്പന്നയും ശീലവതിയുമായ ഒരു കന്യകയുടെ പേരു് പ്രകൃത്യാ നാടെങ്ങും പരക്കുമ്പോൾ അവളെ അനേകം അനുഭവാർത്ഥികൾ കൊതിക്കുന്നതിനെയാണു് ഇവിടെ പറഞ്ഞിരിക്കുന്നതു്.

"വന്യഭൂമിയിൽവഹിച്ച പൂമണം
ധന്യനായഹഹ! വന്നണഞ്ഞുനീ
തെന്നലെ, തഴുവുകിന്നുശങ്കവേ-
ണ്ടെന്നെ; ഞാൻ മലിനമേനിയല്ലെടോ,"

നളിനിയുടെ തനിയേയുള്ള ഈ പുലമ്പലിൽ കാട്ടിൽ തപസ്സുചെയ്തു കൃതകൃത്യനായ ദിവാകരൻ പരിശുദ്ധയായ തന്നെ ശങ്കകൂടാതെ സ്വീകരിക്കണമെന്നുള്ള പ്രാർത്ഥനകൂടി ഘടിപ്പിച്ചിരിക്കുന്നു. ഇവിടെ പ്രസ്തുതാപ്രസ്തുതങ്ങൾ സമപ്രധാനങ്ങളാണു്.

സ്വഭാവോക്തിയിലും ആശാൻ പിന്നോക്കമല്ല. ബുദ്ധചരിതത്തിലെ വൃദ്ധവർണ്ണനയും ശവദാഹവർണ്ണനയും മലയാള സാഹിത്യത്തിലെ അനശ്വര സ്വത്തുക്കളാകുന്നു. ശവം കൊണ്ടുവരുന്നതു കാണുക:

പുഴവക്കിനെ ലാക്കാക്കീട്ടങ്ങുവേഗംനട-
ന്നാഴ്ത്തുകൊണ്ടു ജനക്കൂട്ടമൊന്നെത്തീടുന്നു.
ചട്ടററകനൽകത്തിജ്വലിക്കുന്നൊരു പുത്തൻ
ചട്ടി തൂക്കിക്കൊണ്ടൊരാൾ നടക്കുന്നിതു മുമ്പേ
ചട്ടങ്ങൾകൂട്ടി മുളചീന്തിവച്ചു ചിതമായ്
കെട്ടിയുണ്ടാക്കീട്ടുള്ള ശവമഞ്ചം ചുമന്നു

പോവുന്നു ചിലരവർക്കൂട്ടത്തുനിന്നുകൊണ്ടു
"ഗോവിന്ദ, ഗോവിന്ദ, ഗോവിന്ദേ"തി വിളിക്കൂട്ടി
ദുഃഖചിഹ്നങ്ങൾ കയ്ക്കൊണ്ടൊററമുണ്ടുടുത്തേറെ
മുഖ്യരാം ബന്ധുക്കളും വഴിയെചെന്നീടുന്നു.
മഞ്ചത്തിലയ്യോ ചത്തുമരവിച്ചാരും കണ്ടാ—
ലഞ്ചുന്നവികൃതമാം മുഖഭാവങ്ങളോടും
കാഴ്ചപോയടഞ്ഞുള്ള കണ്ണുകളോടുംപാരം
താഴ്ചയാന്നൊഴുന്നുള്ള താടിയെല്ലുകളോടും
മെലിഞ്ഞു നെഞ്ചുതാണു വയറുകുഴിഞ്ഞുതോൽ
വലിഞ്ഞുവാരിയെല്ലുന്തികഴ്ന്നു വിരൂപമായ്
ഗോഷ്ഠിയിൽ കുറികളും പൂക്കളുംചാർത്തിയൊരു
വേഷ്ടിയാൽമൂടി വെളിക്കൊട്ടുകാലുകൾനീട്ടി
പ്രേതമങ്ങിനെ കിടക്കുന്നതെ........"

നളിനി ദിവാകരനെ സാഷ്ടാംഗനമസ്കാരം ചെയ്തു് എഴുന്നേററപ്പോൾ,

മാറിൽ നിന്നുടനിഴിഞ്ഞവല്കലം
പേറിയാശ്രുപദരേണുതൊട്ടവൾ
കൂറൊടും തലയിൽവച്ചുസാദരം
മാറിനിന്നുയമിതന്നെ നോക്കി..."യതും

"കൊച്ചോമനമുഖം സ്വേത
കുനിച്ചരികിൽ നിന്നതും" ആക്കും കാണാൻ കൗതുകമുണ്ടു്.

കവിത ഇന്ദ്രിയഗ്രാഹ്യ(Sensuous)മായിരിക്കണമെന്നു മിൽട്ടൺ പറയുന്നു. സൂക്ഷ്മസംഗതികളെ സ്ഥൂലതകൊടുത്തു ഇന്ദ്രിയ ഗോചരമാക്കാൻ ആശാനു നല്ല പാടവമുണ്ടു്. അഞ്ചു കൊല്ലം കഴിഞ്ഞു എന്നതിനു് "പിന്നഞ്ചുവെട്ടമിഹ പൂത്തുകാനനം" എന്നു പറയുമ്പോൾ ഉള്ള ഭംഗി വേറെയല്ലേ? ഈ സ്ഥൂലീകരണം കൊണ്ടു ക്ലിഷ്ടമായ ശാസ്ത്രീയ തത്വങ്ങളെക്കൂടി ആശാൻ എത്രയും ഹൃദയംഗമമായി പ്രസ്താവിക്കുന്നു. 'ഇലയ്ക്കു' 'ചേലായ്കഠോരരവിപച്ചയിട്ടന്ന'തു മനോഹരം തന്നെ. ആശാൻെറ അലങ്കാരങ്ങളെല്ലാം ജീവിതവും പ്രകൃതിയുമായുള്ള അദ്ദേഹത്തിൻെറ ദൃഢമായ പരിചയത്തിൻെറ സന്താനങ്ങളാണു്. അതുകൊണ്ടു് അവ 'മോദവും' 'ബോധവും' തരുന്നു. "ശബ്ദാത്ഥൌ" എന്നാണല്ലോ സിദ്ധാന്തം. ആശയമഹിമപോലെതന്നെ ശബ്ദഭംഗിയും കവിതയ്ക്കു ആവശ്യമാകുന്നു. എത്ര നല്ല ആശയവും കലാസമുചിതമായ ഭാഷയിലായിരുന്നാൽ മാത്രമേ കവിതയാകുന്നുള്ളു. ദൈവേച്ഛയാൽ വർത്തകൻ ക്ഷണത്തിൽ ഇരപ്പാളിയും ഇരപ്പാളി ക്ഷണത്തിൽ വർത്തകനുമായിത്തീരാമെന്ന സംഗതി,

"രണ്ടുനാലു ദിനംകൊണ്ടൊരുത്തനെ—
തണ്ടിലേററി നടത്തുന്നതും ഭവാൻ
മാളികമുകളേറിയ മന്നൻെറ
തോളിൽ മാറാപ്പു കേററുന്നതും ഭവാൻ"

എന്നു ഭാഷയിൽ വരുമ്പോൾ എത്ര ശക്തിയുള്ളതാകുന്നു? ആദ്ധ്യാത്മരാമായണം കിളിപ്പാട്ട് അതിൻെറ മൂലത്തെക്കാൾ ഹൃദയംഗമമായിരിക്കുന്നതു് അതിൻെറ ഭാഷാശക്തികൊണ്ടു മാത്രമാണു്. വാത്മീകിരാമായണം മൂലത്തോളം അതിൻെറ തർജ്ജമകൾ ഹൃദയംഗമങ്ങളാകാത്തതും അവയുടെ ഭാഷയുടെ കുറവുകൊണ്ടാകുന്നു. ഉത്തമസാഹിത്യം വിവർത്തനയോഗ്യമല്ലെന്നു പറയുവാനും തക്ക ന്യായമുണ്ടു്. ഒരു കവിയുടെ ആശയം പകർത്താം. ആ കവിയുടെ ഭാഷാപ്രയോഗവൈദഗ്ദ്ധ്യത്തെ വേറൊരുത്തനു പകർത്താൻ കഴികയില്ല. കാളിദാസരുടെ ആശയങ്ങൾ അനേകം ഭാഷകളിൽ തർജ്ജിമ ചെയ്തിട്ടുണ്ടു്. എന്നാൽ ആ കവികുലക്രൂടസ്ഥൻെറ ശബ്ദമാധുര്യത്തെ ആസ്വദിക്കണമെങ്കിൽ അദ്ദേഹത്തിൻെറ കൃതികൾ തന്നെ വായിക്കണം. സൂക്ഷ്മത്തിൽ നോക്കിയാൽ ആശയവും വിവർത്തനസാദ്ധ്യമല്ലെന്നു കാണും. ആശയത്തെ അതിൻെറ ശരീരമായ ഭാഷയിൽ നിന്നു വേർതിരിക്കുവാൻ തരമില്ല. ഭാഷയും ആശയവും പഞ്ചസാരയും മാധുര്യവും പോലെ എപ്പോഴും യോജിച്ചിരിക്കുന്നു. ആശയത്തിനു പരിപൂർത്തി വരുന്നതു് അതിനു യോജിച്ച ഭാഷയിൽ ഇരിക്കുമ്പോൾ മാത്രമാണു്. ആശാൻെറ കൃതികളിൽ അപൂർവം ചില സ്ഥലങ്ങളിൽ ഭാഷയുടെ കുറവുള്ളതായി കാണുന്നുണ്ടു്. അതായതു്, ചില സ്ഥലങ്ങളിൽ ആശാൻെറ ആശയങ്ങൾക്കു ഭാഷാഗുണത്താൽ ഉണ്ടാകേണ്ടതായ പരിപൂർണ്ണത സിദ്ധിക്കുന്നില്ല. ഒടുവിലൊടുവിലുള്ള കൃതികളിൽ ഈ ന്യൂനത കുറവാണു്. ആകപ്പാടെ ആശാൻെറ ഭാഷ ആദരണീയം തന്നെ. ഒരു തുലാം ശബ്ദത്തിൽ ഒരു കഴഞ്ചു കാര്യമൊതുക്കുന്ന കാവ്യങ്ങൾ വായിച്ചു പരിചയിച്ചിട്ടുള്ളവർക്കു പക്ഷെ തക്കതായ പ്രയോജനമില്ലാതെ ഒരക്ഷരംപോലും പ്രയോഗിച്ചിട്ടില്ലാത്ത ആശാൻെറ അർത്ഥഘനമായ കവിതയുടെ ഭാഷ പ്രഥമദൃഷ്ടിയിൽ രസാവഹമല്ലാതിരുന്നേക്കാം. മനസ്സിരുത്തി വായിക്കുംതോറും ആശാൻെറ ഭാഷ മധുനിഷ്യന്ദിയായിക്കാണും. എന്നു വച്ചു് അതിൻെറ അർത്ഥം മനസ്സിലാക്കുവാൻ ക്ലേശമുണ്ടെന്നല്ല പറയുന്നതു്. കാളിദാസകവിതപോലെ ആശാൻെറ കവിതയും ദ്രാക്ഷാപാകത്തിലുള്ളതാണു്. അന്വയരീതിയും മററും നോക്കിയല്ല കാവ്യഭാഷയുടെ ഗുണദോഷവിവേചനം ചെയ്യേണ്ടതു്. അന്വയാദികളിലുള്ള വൈലക്ഷണ്യങ്ങൾ ഒരു കവിയുടെ ഭാഷാപ്രയോഗനിയമങ്ങൾ പരിചയമാകുന്നതുവരെ മാത്രമെ കുററങ്ങളായി തോന്നുകയുള്ളു. ഒരു ഭാഷയിൽ തന്നെ ഭാഷാരീതിക്കു മാററം വരത്തക്കവണ്ണം കാലംകൊണ്ടു് അത്ര അകൽച്ചയുള്ള ഭിന്നഘട്ടങ്ങളിലുള്ള കാവ്യങ്ങളെയും അതുപോലെ ഭിന്നഭാഷകളിലെ കാവ്യങ്ങളെയും വായിച്ചു രസിക്കുവാൻ സാധിക്കുന്നതു് അതുകൊണ്ടാകുന്നു. ഉണ്ണിനീലിസന്ദേശവും ഷേക്സ്പീയരുടെ കൃതികളും വായിച്ചു രസിക്കുവാൻ നമുക്കു പ്രയാസമുണ്ടോ? കവിതയിൽ ആശയത്തിൻെറ

വാഹനസാമഗ്രിയുടെ ഗുണദോഷങ്ങളെ നിരൂപിക്കേണ്ടതു് അതു സംസാരഭാഷയുടെ രീതിക്കു യോജിച്ചിരിക്കുന്നോ എന്നു നോക്കിയല്ല. ഭാഷ ഓരോരോ അൎത്ഥത്തെ കുറിക്കുന്ന അനേകം ശബ്ദങ്ങളുടെ സമുദായമാകുന്നു. ശബ്ദങ്ങളെ അടയാളപ്പെടുത്തുവാൻ എഴുത്തുന്ന ഏൎപ്പാടു നടപ്പാകുന്നതിനുമുമ്പു അൎത്ഥവും (ശ്രോത്രഗ്രാഹ്യമായ) ശബ്ദവും തമ്മിൽ മിക്കവാറും പരസ്പരാനുകാരിസംബന്ധം ഉണ്ടായിരുന്നു. കഠിനം, മൃദുലം, പരുപരുത്ത, മിനുമിനുത്ത ഈ ശബ്ദങ്ങളുടെ വ്യത്യാസം തന്നെ അവയുടെ അൎത്ഥവ്യത്യാസത്തേയും കുറിക്കുന്നില്ലേ? എഴുത്തു നടപ്പിലായതോടുകൂടി ശബ്ദാൎത്ഥസംബന്ധത്തിനു മാററം വന്നുതുടങ്ങി. അതു കേട്ടുമാത്രം അറിയേണ്ടിയിരുന്ന നിലയിൽ നിന്നു വായിച്ചും അറിയാവുന്ന വാഗൎത്ഥസംബന്ധമായി മാറിപ്പോയിരിക്കുന്നു. അതുകൊണ്ടു പരസ്പരം യോജിക്കുന്ന ശബ്ദാൎത്ഥഘടനയിൽ എല്ലാവരും ശ്രദ്ധിക്കുന്നില്ല ശബ്ദാൎത്ഥസംബന്ധമാകുന്ന തോതുവച്ചു് (അതു വച്ചുതന്നെയാണു വേണ്ടതു്) അളന്നുനോക്കുകയാണെങ്കിൽ ആശാന്റെ ഭാഷ ഏററവും ഉയൎന്ന ഒരു നിലയിൽ എത്തുന്നു അൎത്ഥത്തെ അനുകരിക്കുന്ന ശബ്ദബന്ധമാണു് ആശാന്റെ ഭാഷയ്ക്കുള്ളതു്. 'ജന്തുഭീകരഖരൻ യമൻ" എന്നതുതന്നെ നോക്കുക.

"മരുഭൂക്കളിലൊക്കെയപ്പുറ-
ത്തുരുദൂരത്തു പദക്ഷിണാപഥം
ഉരസുന്നു നഭസ്സ്വവിന്ധ്യനാം
പുരുമേഘാംബരഡംബരൻ ഗിരി."

ഇതിൽ വിന്ധ്യന്റെ ഔന്നത്യവും ദൈൎഘ്യവും ദൂരതവുമൊക്കെ ഭാഷതന്നെ വിശദമാക്കുന്നുണ്ടു്. അതുപോലെതന്നെ ശവം ദഹിക്കുമ്പോൾ അഗ്നി

"ധൃതിയിൽതോൽപൊളിച്ചു സന്ധികൾപൊട്ടിച്ചാത്തു
ചതകൾതിന്നു ചീറിധൂമമുദ്വമിക്കുന്ന" തും നാം കേൾക്കുകയും

കാണുകയും ചെയ്യുന്നു.

പരസ്പരാനുരാഗികളായ ശബ്ദാൎത്ഥങ്ങളുടെ ചേൎച്ചകൊണ്ടുണ്ടാകുന്ന സംഗീതസാധാരണമായ ലയം ആശാന്റെ കവിതയുടെ ഒരു പ്രത്യേകഗുണമാകുന്നു. ആശാന്റെ കാവ്യങ്ങളെല്ലാം "വാക്കിലും പൊരുളിലും രസസ്രവംവായ്ക്കു"ന്ന ഒരു വക "കളലോലഗീത"ങ്ങളാണു്. ആകയാൽ അവയെ വായിച്ചു മനസ്സിലാക്കുകയല്ല, ചൊല്ലി രസിക്കുകയാണു് വേണ്ടതു്. ചെവിയുടെ സഹായവുംകൂടി ഇല്ലെങ്കിൽ അവയുടെ പകുതിരസവും പൊയ്പ്പോകുന്നു.

വരിക്കണക്കിനു ഒതുങ്ങുന്ന ആശയങ്ങളെ എടുക്കുകയോ എടുത്ത ആശയങ്ങളെ വരിക്കകത്തു ഒതുക്കുകയോ ആണു മലയാളകവികളും സംസ്കൃതകവികളും ചെയ്യുന്നതു്. ഇതു് ഒരു വലിയ ന്യൂനതയാണു്. ജീവിതത്തിലെ വലിയ പ്രമേയങ്ങളെപ്പററി ചിന്തിക്കുന്ന കവി മനസ്സിന്റെ അപ്രതിഹതമായ ഗതിയെ ഇങ്ങനെ മുട്ടുവച്ചു തടയുന്നതു കവിതയുടെ ജീവിതാപഹരണം അത്രെ. ഗൗരവമേ

റിയ ഒരു സന്ദർഭത്തെക്കുറിച്ചു പറയുമ്പോൾ കവിവാക്യ വിചാരഗതിക്കനുസരിച്ചുതന്നെ ധാരമുറിയാതെ ഒഴുകണം. സംസ്കൃതകവികളുടെ അടിമയാകാതെ മലയാളത്തിൽ ഒരു പുതിയ കവിതാപദ്ധതി വെട്ടിത്തുറന്ന സരസനായ നമ്പ്യാരുടെ തുള്ളലുകളിൽ പല സ്ഥലത്തും വിചാരധാരമുറിയാതെ ഒഴുകുന്നുണ്ട്. അദ്ദേഹം തനിക്കു പറയാനുള്ളതു പറഞ്ഞു കഴിയുന്നതുവരെ വരിയെണ്ണിനോക്കാതെ പാടിക്കൊണ്ടുപോകും. പിന്നീട് ഈ രീതി ഇതിലും നല്ലനിലയിൽ രാമപുരത്തു വാര്യരുടെ കുചേലവൃത്തത്തിൽ കാണുന്നുണ്ട്. വരിയുടെ അവസാനം വാചകത്തിന്റെ വിരാമം വേണമെന്ന നിർബന്ധം വാര്യർക്കില്ല. വാര്യരുടെശേഷം ഈ അഖണ്ഡിതവൃത്തസമ്പ്രദായം തുടരുന്നതു് ആശാനാണു്. ശ്ലോകങ്ങൾ ധാരമുറിയാത്ത വിചാരധാരയ്ക്കു പററിയവയല്ല, എന്നാലും ആശാന്റെ ശ്ലോകങ്ങളിൽ വരിയിൽനിന്നു വരിയിലേക്കെങ്കിലും ആശയം നില്ക്കാതെ ഒഴുകുന്നുണ്ട്. ആശാന്റെ കിളിപ്പാട്ടിലും വഞ്ചിപ്പാട്ടിലും ചിലടത്തു ദീർഘമായ വിചാരധാര മുറിവും തടവുമെന്യേ വരികളുടെ തുടക്കവും നിറുത്തുമൊന്നും നോക്കാതെ തുള്ളിച്ചാടി ഒഴുകുന്നതു് ഏററവും മനോഹരമായിരിക്കുന്നു. ആശയത്തിന്റെ നിറുത്തനുസരിച്ചു (അല്ലാതെ വരിയുടെ നീളം അളന്നുനോക്കിയല്ല) യതിവയ്ക്കുന്ന സമ്പ്രദായം ശ്ലോകങ്ങളിലും ആശാൻ അനുഷ്ഠിച്ചിരിക്കുന്നു. ആ സ്വാതന്ത്ര്യം അനേകം കവിതാഗുണങ്ങളുടെ വിളനിലമാണു്. എന്നാൽ, ഇപ്പോൾ പ്രാബല്യത്തിലിരിക്കുന്ന ബാലിശരുചിയെ തൃപ്തിപ്പെടുത്താനുള്ള പ്രലോഭനത്തിനു വഴിപ്പെട്ടു് ഇഞ്ചളന്നു യതി വയ്ക്കുന്ന പ്രസ്ഥാനത്തിൽ അദ്ദേഹം വീഴുന്നുണ്ടെന്നു തോന്നുന്നു.

ദ്വിതീയാക്ഷരപ്രാസവിഷയത്തിൽ മററു മലയാളകവികളെപ്പോലെ ആശാനും കുററക്കാരൻതന്നെ. ദ്വിതീയാക്ഷരപ്രാസം ആവശ്യമാണെന്നും അതിനുവേണ്ടി അർത്ഥം ബലികഴിക്കാതിരുന്നാൽ മതിയെന്നുമുള്ള ധാരണ ആശാനെയും ബാധിച്ചിട്ടുണ്ട്. പാദങ്ങളുടെ ആദിയിൽ കടഞ്ഞെടുത്തതുപോലെയുള്ള തുല്യശബ്ദങ്ങൾ (തുല്യരൂപമുള്ള ലിപികളാലും ചിലർ തൃപ്തിപ്പെടുന്നുണ്ട്.) ഉപയോഗിച്ചു തടിച്ച ചെവികളെ വഞ്ചിക്കാമെങ്കിലും യഥാർത്ഥശബ്ദസുഖം തേടുന്ന സൂക്ഷ്മശ്രവണങ്ങൾക്കു അതു ഉദ്വേഗജനകമായിരിക്കും. സ്ഥൂലശ്രുതിയിൽനിന്നു് അനേകം ശബ്ദഭംഗികളെ മറയ്ക്കാനുള്ള വിദ്യയാണു ദ്വിതീയാക്ഷരപ്രാസം. അതിന്റെ സഹജമായ കണ്ണുകടുത്വം പരിചയംകൊണ്ടു കേരളീയർ അറിയുന്നില്ലെന്നേയുള്ളു. ലോകദൃഷ്ടിയിൽ ബീഭത്സമായ ആചാരങ്ങളെക്കൂടി പരിചയത്താൽ ദൈവീകമായികരുതി നമ്മൾ ആലിംഗനം ചെയ്യുന്നുണ്ടല്ലോ? ശരിയായ ശബ്ദഭംഗി, ഐകരൂപ്യംകൊണ്ടല്ല, വൈചിത്ര്യത്തിൽനിന്നാണു ഉണ്ടാകുന്നതെന്നു നമ്മുടെ കവികൾ ഇനിയും അറിയാത്തതു കഷ്ടമാണു്. ഇപ്പോൾ പ്രചാരത്തിൽ ഇരിക്കുന്ന വൃത്തങ്ങളിൽ ദ്വിതീയാക്ഷരപ്രാസം കൂടാതെ ശരിയായ ശബ്ദസുഖം ഉണ്ടാകുവാൻ സാധിക്കുകയില്ലെങ്കിൽ ആ വൃത്തങ്ങൾ ഉൽകൃഷ്ടകാവ്യങ്ങൾക്കു പററിയവയല്ലെന്നു് അറിഞ്ഞു് അവയെ ഉപേക്ഷിച്ചു പുതിയ വൃത്തങ്ങൾ കണ്ടുപിടിക്കേണ്ടകാലം വൈകിയിരിക്കുന്നു. പ്രാസം, യതി, മുതലായവയ്ക്കു ശൈഥില്യംവരുത്തി വൈചിത്ര്യം ഉണ്ടാക്കിയാലും ഏതു കവിതയിൽ ശബ്ദഭംഗിക്കും ലയത്തിനും ഹാനിയില്ലയോ ആ കവിതയുടെ ശബ്ദബന്ധമാ

ണ് നിർദ്ദോഷവും പരിപൂർണ്ണവുമായതു്. കവിതായോഗ്യമായ ആശയങ്ങളെ പറയുന്നതിനു ഗദ്യത്തിലേക്കാൾ പദ്യത്തിൽ സൗകര്യം കൂടും. അങ്ങനെ പദ്യ കൃത്തുക്കൾക്കു കിട്ടീട്ടുള്ള സ്വാതന്ത്ര്യത്തെ അനേകം അർത്ഥമില്ലാത്ത നിബന്ധനക ളാൽ തടയുന്നതു് അനാവശ്യമാകുന്നു. ബാഹ്യസംഗതികളിൽ നിരങ്കുശത്വം ഇല്ലാത്ത കവികൾ ആന്തരമായ കാര്യങ്ങളിൽ ഒരിയ്ക്കലും മെച്ചം നേടീട്ടില്ല. ഉൽകൃഷ്ടമായ കവിതാവാസനയുള്ള ആശാൻ താല്ക്കാലികമായ അനുമോദനത്തെ നോക്കാതെ കുറെ ഉച്ഛൃംഖലത്വം എടുക്കുന്നതു തീർച്ചയായും മലയാളത്തിന്നു് ഒരു വലിയ ഭാഗ്യമായിരിക്കും. വാസനയുള്ള കവികൾ മാമൂലിനെ ആരാധിക്കുന്നതു കൊണ്ടു ദോഷമല്ലാതെ ഒരിക്കലും ഗുണം ഉണ്ടാകുന്നതല്ല. ആശയധാരയെ വരി യുടെ അവസാനത്തിൽ ബലാൽപിടിച്ചു നിറുത്താതെ, ഒരു വരിയിൽനിന്നും മറെറാരുവരിയിലേക്കു തുടർന്നുകൊണ്ടുപോകുവാൻ ഇപ്പോൾതന്നെ ആശാനു ഒരുവി ധം സാധിക്കും. ഇനി താല്ക്കാലികവൃത്തവും ദ്വിതീയാക്ഷരപ്രാസവും അടിയുള നുള്ള യതിയുംകൂടി വലിച്ചെറിഞ്ഞു മലയാളത്തിൽ പ്രശസ്തമായ ബ്ളാങ്ക് വേഴ്സ് (Blank Verse)പ്രസ്ഥാനം തുടങ്ങുവാൻ ശ്രമിച്ചാൽ ആശാനു പ്രയാസ മുണ്ടാകയില്ലെന്നു തോന്നുന്നു. അതു സാധിച്ചാൽ ആശാൻെറ ഭാഷയ്ക്കു ഇപ്പോ ഴുള്ള ചില ന്യൂനതകളും തീരെ നീങ്ങിപ്പോകുന്നതാണു്. ഇംഗ്ലീഷുകവികളുടെ മാതൃകകണ്ടു പരിചയിച്ചു അവരെപ്പോലെ ചിന്തിക്കുവാൻ ശീലിച്ച ആശാൻ തൻെറ തടവില്ലാത്ത മനോധർമ്മത്തെ നന്നാലുവരികളിൽ നാലുരണ്ടെട്ടുമുട്ടുകൾ വെച്ചു പ്രകടിപ്പിക്കുവാൻ നോക്കുന്നതുകൊണ്ടാണു് ഭാഷാഗുണം കുറഞ്ഞുപോകു ന്നതു്. പുതിയമാതിരിയിലുള്ള വിചിന്തനസമ്പ്രദായം സ്വീകരിക്കുന്നതിനു മുമ്പു ള്ള ആശാൻെറ കൃതികളിലെ ഭാഷാസാരള്യവും ഇപ്പോഴത്തെ കിളിപ്പാട്ടിലെ ഭാഷ യ്ക്കുള്ള അക്ലിഷ്ടതയും ഈ ഊഹത്തെ ധാരാളം സാധൂകരിക്കുന്നുണ്ടു്.

ആശാൻെറ കവിതയുടെ വേറൊരു വലിയഗുണം അതിനുള്ള ഒരു പരി പൂർണ്ണതയാണു്. ആശാൻ പറയുന്ന കഥയും, സൃഷ്ടിക്കുന്ന പാത്രവും, വർണ്ണിക്കുന്ന വ്യാപാരവും, പ്രതിപാദിക്കുന്ന പ്രമേയവും കല്പിക്കുന്ന സ്വരൂപവുമെല്ലാം ഏതെ ങ്കിലും ഒരു പ്രകാരത്തിൽ പരിപൂർണ്ണമായിരിക്കും. അദ്ദേഹത്തിൻെറ കാവ്യ ങ്ങളിൽ അനാവശ്യമായി തുറിച്ചുനില്ക്കുന്ന അംശങ്ങളോ, വെറുതെ ഒഴിഞ്ഞു കിടക്കുന്ന ഇടകളോ ഉണ്ടായിരിക്കയില്ല. പൂർണ്ണമായ അംഗിയുടെ കണക്കിനു് ഒപ്പിച്ചു് ഏററക്കുറച്ചിൽകൂടാതെ അളന്നുതിട്ടപ്പെടുത്തി ഭംഗിയായിപ്പണിതിട്ടുള്ള അംശങ്ങൾ ഇണക്കിച്ചേർത്തിട്ടവയാണു ആശാൻെറ കൃതികൾ. അവയ്ക്കു് ആന ച്ചന്തമല്ല ഉള്ളതു്. സൂക്ഷ്മദൃഷ്ടികൾ കണ്ടതിശയിക്കുന്ന അവയവഭംഗിയും, അവയവങ്ങൾ ഇണങ്ങിച്ചേരുമ്പോളുള്ള അവയവരമ്യതയും ചേർന്നുണ്ടാകുന്ന ഉൽകൃഷ്ട കവിതാസഹജമായ കലാവൈശിഷ്ട്യം ആശാൻെറ കവിതയ്ക്കു് ഏററ വും ഉയർന്ന നിലയിൽ സിദ്ധിച്ചിട്ടുണ്ടു്.

അവസാനമായി, മററു കവികളോടു ആശാനുള്ള സംബന്ധത്തെ ചിന്തിക്കാം. ആശാനു് സംസ്കൃതത്തിലും ഇംഗ്ലീഷിലും പരിചയമുണ്ടു്. 'വിശ്വമോഹനമാം കാവ്യം പാടിയ' വാത്മീകിമുനിയേയും 'ശൃംഗാരക്കുറപോയ' തെളിഞ്ഞൊരു

മഹാസൗന്ദര്യസാരാകൃതി'യായ കാളിദാസരേയും 'നിരാഡംബരനാ'യ ഭാസനേയും ആശാന്ന വലിയ ബഹുമാനമാണു്. അവരിൽനിന്നും ചില ഇംഗ്ലീഷുകവികളിൽനിന്നും ആശാൻ പലതും പഠിച്ചിരിക്കണം. എന്നാൽ അങ്ങനെ കിട്ടിയ അറിവു പ്രകൃതിയിൽനിന്നു താൻ സ്വയമായി സമ്പാദിച്ച ജ്ഞാനത്തോടൊത്തു് അദ്ദേഹത്തിന്റെ മനോമൂശയിൽ ഒന്നിച്ചുരുകിക്കിടക്കുകയാണു്. അവിടെനിന്നു തന്റെ സ്വന്തം മുദ്രയോടുകൂടിയ സ്വന്തം സൃഷ്ടിയായിട്ടേ എന്തെങ്കിലും പുറത്തു വരികയുള്ളു. There is many a Slip betwixt the cup and the lip" എന്ന പഴഞ്ചൊല്ലുതന്നെ

"ആന്നിടാം............................
ച്യുതിയിഹ ചുണ്ടിലണഞ്ഞതപേയവും"

എന്നാകുമ്പോൾ ആശാന്റെ സ്വന്തമല്ലെ?

മലയാള കവികളിൽ തുഞ്ചനെ ആശാൻ ഒരു വിഷയത്തിൽ അനുകരിക്കുന്നുണ്ടു്. "തുഞ്ചഗുരുവരോപജ്ഞമാം രീതിയിൽ നെഞ്ചലിയിക്കുന്ന നിഷ്ക്രമണംവരെ" പാടിട്ടുള്ള 'ബുദ്ധചരിതം' കിളിപ്പാട്ടിന്റെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുടങ്ങുന്നു:

"ഭൂരിസുകൃതനാം ശാക്യനരേന്ദ്രന്റെ
യാരോമലുണ്ണിയഖിലലോകപ്രിയൻ
കാരുണ്യകല്ലോല ലോലാശയൻ പൂണ്ണ—
താരുണ്യഭംഗി തരംഗിതാംഗദ്യുതി
മാരവിജയി മഹാത്മാ മുനിവരൻ
വീരശിഖാമണി വിദ്വജ്ജനാഗ്രണി"

ഇതിലെ ഒഴുക്കും, ഗാംഭീര്യവും മാധുര്യവുമൊക്കെ എഴുത്തച്ഛനെ അനുസ്മരിപ്പിക്കുന്നു.

ആശാൻ ബാല്യത്തിലെ കവിത എഴുതിത്തുടങ്ങിയ ഒരു കവിയാണു്. നല്ല കവിതാവാസന ആദ്യം മുതൽക്കെ ഉണ്ടായിരുന്നെങ്കിലും ദീർഘകാലത്തെ നിരന്തര പരിശ്രമംകൊണ്ടാണു് 'വീണപൂവു്' മുതലായ കൃതികളെഴുതുവാൻ ആശാന്ന സാധിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ കവിതാവാസന ഇപ്പോഴും വളൎന്നുകൊണ്ടു തന്നെയിരിക്കുന്നു. ആശാനെപ്പോലെ വാസനയും പരിചയവും ഉള്ള ഒരു കവിക്കു സ്വാഭാവികമായി എത്തുവാൻ കഴിയുന്ന ആ ഉൽകൃഷ്ടനിലയിൽ ഇനിയും ആശാൻ എത്തീട്ടില്ല. ആശാന്റെ ഏററവും പ്രധാനമായ കൃതികൾ ഇനിയാണു് നമുക്കു കിട്ടുവാൻപോകുന്നതു്. അതുകൊണ്ടു കവിക്കു സർവ്വവിജയവും ആശംസിച്ചു്, അദ്ദേഹത്തിന്റെ ഭാവികൃതികളെ പ്രതീക്ഷിച്ചിരിക്കാം.

# "......അല്ലെങ്കിൽ ഒരു സ്നേഹം"

മൂർക്കോത്ത് ശ്രീനിവാസൻ.

1964-ലെ 'മലയാളമനോരമ'
വാർഷികപ്പതിപ്പിൽ പ്രസിദ്ധീകരി
ച്ചതാണ് ഈ ലേഖനം.

(മഹാകവി കുമാരനാശാൻെറ നളിനിയെപ്പററി
ലേഖകൻെറ ചില സ്വതന്ത്ര ചിന്തകൾ)

ആശാൻെറ 'നളിനി'യിലെ നായിക ആരാണ്? "നളിനി" തന്നെ—പക്ഷേ കവി മററൊരുപേർകൂടി അദ്ദേഹത്തിൻെറ കവിതയ്ക്കു നൽകിയിട്ടുള്ളതു് അധികം ആരും അത്ര കാര്യമായി കരുതിയിട്ടുണ്ടെന്നു തോന്നുന്നില്ല: "അല്ലെങ്കിൽ ഒരു സ്നേഹം..." "നളിനി" എന്ന കവിതയിൽ കവി ഒരു പ്രത്യേകതരം സ്നേഹത്തെപ്പററി പ്രതിപാദിച്ചിരിക്കുന്നു. ആ സ്നേഹത്തിനു നളിനിയെന്ന വ്യക്തിയെക്കാൾ ഒരു വിധത്തിൽ ആലോചിക്കുമ്പോൾ, പ്രാധാന്യമുണ്ടെന്നു പറയാം. ആ നിലയിൽ, ആ സ്നേഹമാണ് കവിതയിലെ കഥാനായികയെന്നു് കരുതുന്നതിൽ തെററില്ല. ഏതുതരം സ്നേഹമാണു കവിതയിൽ പ്രതിപാദിച്ചതെന്നു വായനക്കാരനു സംശയം ജനിക്കാനിടയുള്ളതുകൊണ്ടായിരിക്കാം കവി, "ഒരു സ്നേഹം" എന്ന ഉപശീർഷകം നൽകിയതു്. നളിനിയിലെ വരികൾ തന്നെ നോക്കുക:

"തന്നതില്ല പരനുള്ളുകാട്ടുവാ—
നൊന്നുമേ നരനുപായമീശ്വരൻ
ഇന്നു ഭാഷയിതപൂർണ്ണമിങ്ങഹോ,
വന്നു പോം പിഴകളർത്ഥശങ്കയാൽ"

കവികൾ അവരുടെ ഉള്ളുകാട്ടുവാൻ വിഷമിക്കുമ്പോഴാണ്, പ്രതീകങ്ങൾ അല്ലെങ്കിൽ 'സിമ്പലുകൾ' ഉപയോഗിക്കുന്നതു്. അത്തരം സിമ്പലുകൾക്കു്

ചിലപ്പോൾ അപൂർണ്ണത ഉണ്ടായേക്കാം. എങ്കിലും അവ വായനക്കാരന്റെ ഹൃദയത്തിൽ അടങ്ങാത്ത അസ്വാസ്ഥ്യത ഉളവാക്കുകയോ, മനുഷ്യാത്മാവിന്റെ അളവററതും, സാധാരണ നിലയിൽ അപ്രാപ്യവുമായ സാദ്ധ്യതകളിലേയ്ക്കു് ഒളി വീശുകയോ ചെയ്യുന്നുണ്ടെങ്കിൽ അത്തരം സിമ്പലുകളുടെ കർത്താവു് വിജയിച്ചു എന്നു തന്നെ പറയാം. ഇതിൽ ആശാൻ പരിപൂർണ്ണമായി വിജയിച്ചിരിക്കുന്നു. സന്ദേഹങ്ങളിൽക്കൂടെയും, വൈരുദ്ധ്യങ്ങളെന്നു തോന്നുന്ന ആശയങ്ങളിൽക്കൂടെയും ആശാൻ നമ്മെ നയിക്കുന്നതു് കലയുടെ ഉന്നതലക്ഷ്യമായ ആനന്ദത്തിലേക്കു (Exhileration) തന്നെയാണു്.

അച്ഛനമ്മമാർക്കു മക്കളോടുള്ള സ്നേഹം, മക്കൾക്കു് അച്ഛനമ്മമാരോടുള്ള സ്നേഹം, സഹോദരസ്നേഹം, കാമുകീകാമുകന്മാർ തമ്മിലുള്ള സ്നേഹം, ഈശ്വരനോടുള്ള സ്നേഹം ഇങ്ങനെ പലതരത്തിലുള്ള സ്നേഹങ്ങൾക്കു് ഇംഗ്ലീഷിൽ ലൗവു് (Love) എന്ന ഒററ വാക്കുമാത്രമേ ഉള്ളുവെങ്കിലും, സംസ്കൃതത്തിലും അതു വഴിയായി മലയാളത്തിലും ഇവ ഓരോന്നിനും പ്രത്യേക സംജ്ഞകൾ ഉണ്ടു്. ആ നിലയ്ക്കു് അവയിൽ ഒന്നും പെടുത്താൻ സാധിക്കാത്ത സ്നേഹമാണു് നളിനിയിൽ പ്രതിപാദിച്ചതെന്നു് വ്യക്തമാക്കുവാനാണു് കുമാരനാശാൻ "...... അല്ലെങ്കിൽ ഒരു സ്നേഹം" എന്നു വളരെ സൂക്ഷിച്ചു് ഉപയോഗിച്ചതു്. ലോകത്തിലെ എല്ലാ സാഹിത്യങ്ങളിലും സ്നേഹം നിസ്സാരങ്ങളായ പ്രണയകഥകളിൽക്കൂടി മാത്രമല്ല പ്രത്യക്ഷപ്പെടുന്നതു്. സാഹിത്യത്തിന്റെ കാതൽതന്നെ സ്നേഹമാണു്. പക്ഷേ, അമ്പരപ്പിക്കുന്ന വൈവിദ്ധ്യം, സംഭവങ്ങളിലും സ്നേഹത്തിന്റെ തരംഗങ്ങളിലും കാണാം. ഷേക്സ്പീയറുടെ നാടകങ്ങളിൽ റോമിയോവും ജൂലിയററും, ഒഥെല്ലോവും ഡെസ്ഡിമോണയും തമ്മിലുള്ള പ്രണയങ്ങൾ വ്യത്യസ്തങ്ങളായവയാണു്. സ്നേഹബന്ധത്തിൽപ്പെട്ട ഓരോ വ്യക്തിയും അവേശത്തോടുകൂടി പറയുന്നതുകേൾക്കാം: "എന്റെ സ്നേഹം അനുപമമാണു്. എന്റെ സ്നേഹംപോലെ അനുഭവപ്പെട്ട ഒരുവനു മാത്രമേ അതിന്റെ മാഹാത്മ്യം മനസ്സിലാവുകയുള്ളു." നളിനീയിലെ സ്നേഹത്തെ അംഗീകരിക്കപ്പെട്ട സ്നേഹങ്ങളുടെ പട്ടികയിൽ പെടുത്താൻ സാധിക്കയില്ല എന്നു മനസ്സിലാക്കിയതുകൊണ്ടായിരിക്കാം ആശാൻ അതിന്നു് "...ഒരു സ്നേഹം" എന്ന വിശദീകരണം നൽകിയതു്.

ആശാന്റെ മനസ്സിലുണ്ടായ വൈകാരികമായ സംഘട്ടനത്തിന്റെ പവിത്രീകരണത്തിൽ നിന്നു് പുറപ്പെട്ട സമുന്നതമായ കവിതയാണു് 'നളിനി.' ശ്രീ നാരായണഗുരുവിന്റെ പ്രധാന ഭക്തനും അനുയായിയുമായിരുന്ന കുമാരനാശാനെ ജനങ്ങൾ ആദികാലങ്ങളിൽ 'ചിന്നസ്വാമി'യെന്നാണു വിളിച്ചുവന്നിരുന്നതു്. ഗുരുസന്യാസിസംഘം സ്ഥാപിക്കാൻ നിശ്ചയിച്ചു് അതിൽ ചേരാൻ ഒരുക്കമുള്ള അനുയായികളോടു് ഒപ്പിടാൻ ആവശ്യപ്പെട്ടപ്പോൾ ആശാൻ അതിൽ ഒപ്പുവച്ചിരുന്നില്ല. എന്നാൽ ഗുരുവിന്റെ സന്ദേശം, ഗൃഹസ്ഥശിഷ്യനായ ആശാൻ അദ്ദേഹത്തിന്റെ കവിതകളിൽക്കൂടെയും പ്രവർത്തനങ്ങളിൽക്കൂടെയും പ്രചരിപ്പിച്ചിരുന്നതുപോലെ അന്നു് മററാർക്കും സാധിച്ചിരുന്നുവോ എന്നുള്ളതു് സംശയമാണു്. എങ്കിലും ആശാന്റെ മനസ്സിലുള്ള, സന്യാസിയാകേണമോ,

അല്ല വേണ്ടയോ, എന്ന സംഘട്ടനത്തിന്റെ വിശിഷ്ടമായ ഫലമാണ് 'നളിനി'. ആ സംഘട്ടനമുണ്ടായിരുന്നില്ലെങ്കിൽ വിശേഷോത്തരമായ ഒരു കവിത നമുക്കു ലഭിക്കുമായിരുന്നില്ല. ചിലപ്പോൾ ദിവാകരനിലൂടെയും ചിലപ്പോൾ നളിനിയിലൂടെയും ആശാന്റെ സ്വന്തം ആശയസംഘട്ടനങ്ങൾക്കുള്ള ആശ്വാസം വെളിയിൽ വരുന്നു.

> "സന്തരം മിഹിരനാത്മശോഭയും
> സ്വന്തമാം മധു കൊതിച്ച വണ്ടിനും
> ചന്തമാർന്നരുളി നിൽക്കുമോമലേ,
> ഹന്ത, ധന്യമിഹ നിന്റെ ജീവിതം."

ദിവാകരനോടുള്ള പ്രണയത്തിലൂടെ സന്യാസത്തിലേക്കു പ്രവേശിക്കേണ്ടിവന്ന നളിനി ശാരീരികവും ആത്മീയവുമായ വിശിഷ്ടാനുഭൂതികളെ സമഞ്ജസമായി സംയോജിപ്പിക്കാൻ സാധിച്ച താമരയുടെ ജീവിതം ധന്യമാണെന്നു കരുതുന്നു. ഇതു് ആശാനുതന്നെ എത്തിച്ചേരാൻ സാധിച്ച സമാധാനമാണെന്നു കരുതാവുന്നതാണ്.

> "ചിത്തമാം വലിയ വൈരി കീഴമർ—
> ന്നത്തൽതീർന്ന യമിതന്നെ ഭാഗ്യവാൻ."

അങ്ങിനെ ഒരു ഭാഗ്യവാനാകാൻ സാധിക്കുമോയെന്നു ജീവിതത്തിലെ ഒരു ഘട്ടത്തിൽ ആശാൻ ആശിച്ചുപോയിട്ടുണ്ടായിരിക്കാം. കുറെക്കൂടി അദ്ദേഹത്തിന്റെ മാനസികസംഘട്ടനത്തെ വ്യക്തമാക്കുന്നതു നോക്കുക:

> "നിർമ്മലപ്രേമമാം വലയിലാരു വീണിടാ?"

യഥാർത്ഥത്തിൽ ഈ വരിക്കുശേഷമാണ് "ഒരു സ്നേഹ"മെന്ന കഥാപാത്രം പ്രത്യക്ഷപ്പെടുന്നതു്.

ഊഴിയിൽ അഖിലസാരം സ്നേഹമാണ്. എന്നാൽ സ്നേഹത്തിന്റെയും സാരമായ സത്യത്തിനോടുള്ള സ്നേഹമാണ് മോഹനമായ ഭുവനസംഗത്തെ വെടിയുവാൻതന്നെ ഇടയാക്കിയതു് എന്നു് നളിനിയെ ധരിപ്പിച്ച യമിയായ ദിവാകരൻ ഒടുവിൽ നിർമ്മലപ്രേമത്തിന്റെ വലയിൽ വീണുപോയി. ചിത്തമാം വലിയ വൈരിയെ കീഴമർത്താൻ സാധിച്ച യമിക്കു് ഇതൊരു പതനമായിരുന്നുവോ? "വലയിൽ വീണു" എന്ന രൂപകം ഉപയോഗിക്കുമ്പോൾ അത്തരം ഒരു പ്രതീതി വായനക്കാരനിൽ ഉളവാക്കുവാൻ ഇടയാകുന്നതു തന്റെ ദിവാകരപാത്രസൃഷ്ടിക്കു വരുത്തുന്ന കുറവായിപ്പോകയില്ലേ എന്നു് ആശാൻ സംശയിച്ചിരിക്കാൻ ഇടയില്ല. അതു് അങ്ങിനെതന്നെയാണു വേണ്ടതു് എന്നു് ആശാൻ അദ്ദേഹത്തിന്റെ മാനസികപശ്ചാത്തലത്തിന്റെ വെളിച്ചത്തിൽ തീരുമാനിച്ചിട്ടുണ്ടായി

രിക്കണം. അഥവാ ദിവാകരന്റെ "പതനത്തിൽ" സ്വല്പം നിരാശപ്പെട്ടുപോകുന്ന വായനക്കാരനെ ആശാൻ വീണ്ടും ഉയർത്തിക്കൊണ്ടുപോകുന്നതു് എങ്ങിനെയാണു്? നളിനി തന്റെ ചുമലിൽവീണു ചരമമടഞ്ഞപ്പോൾ "ധീരധീപുളകമാർന്നുമില്ലവൻ" എന്ന വർണ്ണനയോടുകൂടിയാണു്, നിർമ്മലപ്രേമത്തിന്റെ വലയിൽ വീണ നായകനാണു പിന്നീടു് അനുപമമായ നിമിഷത്തിൽ ധീരധീയായി ഉയരുന്നതു്.

"ശീതതാപാദികൾ ജയിച്ചു്" "ചിത്തമാം വലിയ വൈരിയെ കീഴമർത്തിയ യതിവര്യ"നായ ദിവാകരൻ, നളിനിക്കു തത്വോപദേശം ചെയ്തു്, നളിനിയുടെ പ്രേമാർത്ഥന തിരസ്കരിച്ചു്, "ഞാൻ പോകട്ടെ" എന്നു പറഞ്ഞു്, ആ നല്ല ഹൈമവതഭൂവിലേയ്ക്കുതന്നെ തിരിക്കാൻ മുതിർന്നപ്പോഴാണു്, അവളുടെ നിർമ്മല പ്രേമത്തിന്റെ വലയിൽ വീണതു്. എന്നാൽ യഥാർത്ഥത്തിൽ അതൊരു വീഴ്ചയായിരുന്നില്ല. "വിദ്യ ഉളവായ നാൾമുതൽ നിന്നെപ്പോലെ ഒരു ഗുരുവേ എനിയ്ക്കു ലഭിച്ചില്ല", എന്നു നളിനിയെപ്പററി ദിവാകരൻ പറയണമെങ്കിൽ അത്രയും ഉൽകൃഷ്ടമായ ഏതോ ഒരു ഗുണം—തന്റെ ദീർഘകാലത്തെ തപശ്ചര്യയിൽ കണ്ടെത്താൻ സാധിക്കാതിരുന്ന ഏതോ ഒന്നു്—നളിനിയിൽ കണ്ടെത്തിയിരിക്കണം. പക്ഷേ, അവൾ ചുമലിൽവീണു മരിച്ചപ്പോൾ മാത്രമേ ദിവാകരനതു് അനുഭവപ്പെട്ടുള്ളു. ദിവാകരന്റെ ബാഹ്യാന്തരത്തെ ചരമശയ്യ ആക്കുമ്പോൾ അവാച്യമായ ഏതോ ഒരു ദിവ്യശക്തി—ഗുരുവിന്റെ ഒററനോട്ടത്തിൽനിന്നു ശിഷ്യനിലേയ്ക്കു ചിലപ്പോൾ പകരുന്ന ജ്യോതിസ്സുപോലെ—ദിവാകരന്റെ ശരീരത്തിലേക്കും ആത്മാവിലേക്കും കടന്നിട്ടുണ്ടായിരിക്കണം. അതുകൊണ്ടാണു് നളിനി വീണുമരിച്ച തന്റെ ശരീരത്തെ "മഹിതതീർത്ഥഭൂമി"യായി ദിവാകരൻ വർണ്ണിക്കുന്നതു്. അവരുടെ ഉടലുകൾ ചേർന്നതു് കവി വർണ്ണിക്കുന്നതു് ഇങ്ങനെയാണല്ലോ: "ശാന്തിവീചിയതിൽ വീചിപോലെയും, കാന്തിയോടപരകാന്തിപോലെയും". ആ ചേർച്ചയിൽ ഒരുപുതിയ മെയ്യും ആത്മാവുമാണു് ദിവാകരനു ലഭിക്കുന്നതു്. യോഗനിഷ്ഠകൊണ്ടു തനിക്കു ലഭിക്കാതിരുന്ന ഏതോ ഒരു ശക്തി നളിനിയുടെ സ്നേഹത്തിൽനിന്നു് ഉൽഭവിച്ചു് ദിവാകരനിലേക്കു പകർന്നു. അതിനുവേണ്ടി നളിനി ജീവിതം ത്യജിക്കേണ്ടിവന്നു. വാക്കുകൊണ്ടും കണ്ണീരുകൊണ്ടും ചേഷ്ടകൾകൊണ്ടും സാധിക്കാതിരുന്നതു് ചരമംകൊണ്ടു നളിനിക്കു സാധിച്ചു. അങ്ങനെ തന്റെ ബാല്യകാലസഖിയും, ബാലപാഠം ഉരുവിട്ടുകൊടുത്ത ശിഷ്യയുമായ നളിനി, ഒരു പ്രത്യേകതരം സ്നേഹത്തിൽനിന്നു് ഉടലെടുത്ത ഗുരുവായിത്തീർന്നു പക്ഷേ, അത്തരം ഒരു "ഗുരുത്വ"ത്തെപ്പററി നളിനിക്കു ബോധമുണ്ടായിരുന്നില്ല. "എളിയ ശിഷ്യ"യുടെ പദത്തിനുമാത്രമേ നളിനി ദിവാകരനോടു യാചിച്ചിട്ടുള്ളു. ആ ഗുരുത്വം നളിനി സമാധിയായതിന്റെശേഷം ദിവാകരനു് അനുഭവപ്പെട്ടതാണു്. ഒടുവിൽ കവി ഇത്രത്തോളം ദിവാകരനെപ്പററി പറയുന്നു.

"ശോകം ചേർന്നീലവനു നളിനീചിന്തയാൽ ശുദ്ധിയേറി". ശീതതാപാദികൾ ജയിച്ച തപസ്വി! ഉൽഫുല്ലബാലരവിപോലെ നല്ല ഹൈമവതഭൂവിൽ ഉല്ലസിച്ച യുവയോഗി! ചിത്തമാം വലിയ വൈരി കീഴമർന്നത്തൽതീർന്ന യമി!

ഇങ്ങനെയുള്ള മഹാനു ത്തുദ്ധിയേറാൻതക്കവണ്ണം വിശിഷ്ടമായ എന്തൊന്നാണ്? 'നളിനി' നൽകിയതു്" ലോകത്തിലെ സകലത്തിൻേറയും സാരം സ്നേഹമാണെന്നും എന്നാൽ സ്നേഹത്തിൻേറയും സാരം സത്യമാണെന്നും കണ്ടെത്താൻ സാധിച്ച ദിവാകരനു താൻ കാണാതിരുന്ന സ്നേഹത്തിൻെറ മറെറാരുവശം കാണാൻ ഇടയായി. അതുകൊണ്ടാണു കവി "അല്ലെങ്കിൽ ഒരു സ്നേഹം" എന്നു തൻെറ കവിതയ്ക്കു കരുതിക്കൂട്ടി ഉപശീർഷകം നൽകിയതു്.

നളിനീദിവാകരന്മാരുടെ അവാച്യമായ വേഴ്ചയേ വാഴ്ത്താൻ സാധിക്കുന്ന മറെറാരുവാക്ക് "അപൂർണ്ണമായ ഭാഷയിൽനിന്നു കവിക്കു ലഭിച്ചില്ല. ഭാഷയെ കവച്ചുവെയ്ക്കുന്നതാണ് മനുഷ്യാത്മാക്കളുടെ അനുഭൂതികൾ—വിശേഷിച്ചും മഹാന്മാരായ മഹാകവികളുടെ അനുഭൂതികൾ—അത്തരം ഒരു നിസ്സാഹയതതന്നെയാണ്", നളിനി എന്ന കവിത വായിക്കുന്തോറും വികാരവിചാരങ്ങളുടെ പ്രദർശനത്തെ സംബന്ധിച്ച ഈ ലേഖകനു അനുഭവപ്പെട്ടിട്ടുള്ളതു്.

കേരളത്തിലെ സാഹചര്യത്തിൽ ചാത്തനെപ്പോലുള്ളൊരു നായകനു് തൻെറ കീഴിലഭയംതേടിയ ഒരു നമ്പൂതിരീകന്യകയുടെ നേരേ ആശാൻ പ്രതിപാദിച്ച രീതിയിലല്ലാതെ പെരുമാറുവാൻ കഴിയുകയില്ല. അതുപോലെത്തന്നെ ആ കന്യകയ്ക്കു ചാത്തനിൽ പ്രേമാർപ്പണം ചെയ്യുവാൻ വളരെയേറെ ആത്മപരിശോധനയും അതിൻഫലമായി വലിയൊരു മാനസികപരിണാമവും വേണ്ടിവരും. വെറും യുവത്വത്തിൻെറ പേരിൽ അവരിരുവരും തമ്മിൽ കണ്ടെത്തുമ്പോഴയ്ക്കും കടന്നുപിടിച്ച് കാമക്രീഡയ്ക്കൊരുങ്ങുക എന്നതു് സ്വപ്നത്തിൽപ്പോലും യാഥാർത്ഥ്യമാകാവുന്ന ഒരു കാര്യമല്ല.

—പ്രൊ: മുണ്ടശ്ശേരി.

# ആത്മപോഷിണിയുടെ 'പ്രരോദന' നിരൂപണവും മഹാകവി കുമാരനാശാൻെറ പ്രത്യാഖ്യാനവും

## I

## പ്രരോദനം

—ആത്മപോഷിണീനിരൂപണം.

മഹാകവി വള്ളത്തോളിൻെറ പത്രാധിപത്യത്തിൽ നടന്നിരുന്ന 'ആത്മപോഷിണി' മാസികയുടെ 1095-മകരം-കുംഭം (പുസ്തകം-10; ലക്കം 10-ം, 11-ം) ലക്കങ്ങൾ ഒന്നായുള്ളതിൽ പ്രസിദ്ധീകരിച്ചതാണു് ഈ നിരൂപണം.

മഹാകവി വള്ളത്തോളിൻെറ 'ഗ്രന്ഥവിഹാരം' എന്ന നിരൂപണ സമാഹാരത്തിൽ ഈ നിരൂപണം ചേർത്തിട്ടില്ല. എങ്കിലും ഇന്നും ഈ നിരൂപണത്തിൻെറ കർതൃത്വം മഹാകവി വള്ളത്തോളിൽ ആണു് പല പണ്ഡിതന്മാരും കാണുന്നതു്.

'മലയാളനാട്' വാരിക പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന മഹാകവി ജി. ശങ്കരക്കുറുപ്പിൻെറ "ഓർമ്മകളുടെ ഓളങ്ങളിൽ" അദ്ദേഹം ഈ നിരൂപണത്തെ സംബന്ധിച്ചു പറയുന്നു:

"ആത്മപോഷിണി'യിൽ 'പ്രരോദന'ത്തെക്കുറിച്ചൊരു, നിരൂപണം വന്നിരുന്നു. അതു പത്രാധിപരുടെ, വള്ളത്തോളിൻെറ ആണെന്നാണു് ഞാൻ വിചാരിച്ചിരുന്നതു്. 'ഗ്രന്ഥവിഹാര'ത്തിൽ ചേർത്തിട്ടില്ലതാനും. ഊണുകഴിഞ്ഞു ചതുരംഗത്തിനു വാഴയിണ മുറിക്കുമ്പോഴാണു് ഈ സംഗതി പ്രസ്താവിക്കാനിടയായതു് (ശ്രീ. കുററിപ്പുറംതന്നെ പറഞ്ഞതു്.) വാസ്തവത്തിൽ കേശവൻനായർ ആയിരുന്നു, ലേഖകൻ." ആത്മപോഷിണീ നിരൂപണകർത്താവ് ശ്രീ. കുററിപ്പുറത്തു കേശവൻ നായർ ആണെന്നു് ഇപ്പോൾ വ്യക്തം.

ഈ നിരൂപണത്തിനു് "ആത്മപോഷിണിയും പ്രരോദന നിരൂപണവും" എന്ന പേരിൽ മഹാകവി കുമാരനാശാൻ എഴുതിയ പ്രത്യാഖ്യാനവും ഇതോടൊന്നിച്ചു കൊടുക്കുന്നു. മഹാകവി വള്ളത്തോൾതന്നെയാണു് നിരൂപണകർത്താവു് എന്ന ധാരണയോടെയാണു് മഹാകവി കുമാരനാശാൻ ഈ പ്രത്യാഖ്യാനം എഴുതിയിട്ടുള്ളതു്. അങ്ങനെ ധരിക്കുവാനുള്ള വസ്തുതകളും പ്രത്യാഖ്യാനത്തിൽ ആശാൻ പറയുന്നുണ്ടു്. അതുകൊണ്ടു് കൂടുതലൊന്നും പറയേണ്ടതുമില്ല.

ആശാൻെറ പ്രത്യാഖ്യാനം അപൂർണ്ണമാണു്. എങ്കിലും സാഹിത്യശാസ്ത്രപരമായി പലതും പഠിക്കാൻ അതു സഹായിക്കും. ആശാൻ ഈ പ്രത്യാഖ്യാനം പ്രസിദ്ധീകരിക്കുകയുണ്ടായില്ല. ആശാൻെറ കാലശേഷം ശ്രീ. മൂർക്കോത്തു കുമാരനാണു് ആദ്യമായും ഈ നിരൂപണം പ്രസിദ്ധീകരിച്ചതു്.

'നളിനി', 'ലീല' മുതലായ ഉത്തമകൃതികളുടെ കർത്താവെന്ന നിലയിൽ ഇതിനുമുമ്പുതന്നെ കേരളീയ സഹൃദയന്മാക്കെല്ലാം പരിചയപ്പെട്ടിട്ടുള്ള ഉൽക്കൃഷ്ടകവിയായ മിസ്റ്റർ എൻ. കുമാരനാശാൻ, 'ഏ. ആർ. രാജരാജവർമ്മകോയി ത്തമ്പുരാൻ തിരുമനസ്സിലെ ദേഹവിയോഗ സ്മാരകമായി എഴുതിയ ഒരു ഖണ്ഡകാവ്യമാണു് 'പ്രരോദനം'. 'ശാർദ്ദൂലവിക്രീഡിതം' വൃത്തത്തിൽ 147—പദ്യങ്ങളുള്ള ഈ കാവ്യത്തിൽ നന്ത്യാർ വീട്ടിൽ പരമേശ്വരൻപിള്ള എം. ഏ., എം. ആർ. ഏ. എസ്സ് അവർകളുടെ അവതാരികയും ഗ്രന്ഥകർത്താവിൻെറ ഒരു മുഖവുരയും ടിപ്പണവും അടങ്ങിയിട്ടുണ്ടു്.

സ്വപുത്രനായ രാജരാജൻെറ വിയോഗത്താൽ "കണ്ണുപൂട്ടിവിളറിക്കാൽ നീട്ടി നിശ്ചേഷ്ടയായു് കിടക്കുന്ന" കൈരളിയെ മാതാവായ കേരളഭൂമി താങ്ങിക്കൊണ്ടിരിക്കുന്നതായും, വർഷാജന്യമായ പ്രകൃതിപരിണാമത്തെ ആധാരമാക്കി ഈ മഹാവിപത്തിൽ അത്യധികം ദുഃഖിക്കുന്നതായും ഉൽപ്രേക്ഷിച്ചുകൊണ്ടു കാവ്യം ആരംഭിക്കുന്നു. "ശാരദാലയ മഹാദീപം" കലാശിച്ചു. ധൂമത്താൽ മാവേലിക്കരയെ ആവരണം ചെയ്തിരിക്കുന്ന ആകാശം മലിനമായി. ശ്മശാനഭൂമിയിൽ ശോകാകുലരായ നരന്മാരും മുകളിൽ ദേവന്മാരും വന്നുചേരുന്നു. തങ്ങളുടെ നിത്യാപത്യമായ കൈരളിയെ അനുശോചിപ്പാനായി തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ രാജ്യങ്ങളുടെ അധിദേവതകളായ സഹോദരിമാരും സ്വസ്വാനുരൂപമായ വേഷത്തിൽ സന്നിഹിതകളായി. ഝില്ലീഝംകാരാദിശബ്ദങ്ങളാൽ ആ നിശാകാലം മാത്രമല്ല ബന്ധുക്കളുടെ മുറവിളികളാലും മാറെറാലിക്കൊണ്ടു; ദിഗ്ദേവിമാർക്കുടെ നിലവിളിച്ചുതുടങ്ങി.

ശ്മശാനം ഒരു "ആദ്ധ്യാത്മ വിദ്യാലയം"തന്നെ. മനുഷ്യജീവിതത്തിൻെറ ക്ഷണികതയെ ഓർത്തു് അവിടത്തെ പുല്ലുകൾപോലും ചിരിച്ചു. 'ബുഭുക്ഷാകുല' നായ ആശ്രയാശൻ തമ്പുരാൻെറ ദേഹമാകുന്ന ആ അപൂർവ്വഹവ്യത്തെ അംഗീ

കരിച്ചു തൃപ്തനായി. കൈരളിയുടെ തത്താദൃശനായ കനിഷ്ഠപുത്രൻ കഥാവശേഷനായി. കലകളും ശാസ്ത്രങ്ങളുമെല്ലാം അനാഥങ്ങളുമായും തീൎന്നു. വിദ്യാവൈഭവംകൊണ്ടു സുസ്ഥിരമായ ദിവ്യപദത്തെ അവലംബിച്ചിരിക്കുന്നവരും ദിവ്യമായ രൂപത്തോടുകൂടിയവരുമായ മനുഷ്യാത്മാക്കൾ ഭൂമിയെ അനുശോചിച്ച് ആകാശത്തിൽവന്നുചേൎന്നു. "വാണിതൻെറ പരിഷൽ സാമാജികന്മാരായ" അവരിൽ പാണിനി കാളിദാസപ്രഭൃതികളായ ഓരോരുത്തരും തങ്ങളുടെ ഈ പുതിയ അതിഥിയെ യഥോചിതം ആശിർവാദാദികളോടു അംഗീകരിച്ചു. പുത്രവിയോഗാൎത്തയായ കൈരളിയെ സരസ്വതീദേവിതന്നെ വന്നു ആശ്വസിപ്പിച്ചു. ഇത്രയുമായപ്പോൾ,

"വാണീസംഗമവും സുരാഗമവും
മററും വൃഥാവാസനാ-
ശ്രേണീ നിൎമ്മിതമാണു; കാണ്മതു ദിവാ-
സ്വപ്നങ്ങളാണൊക്കെ ഞാൻ"

എന്നിങ്ങനെ ആ ഭാഗം അവസാനിപ്പിച്ച്, കവി പിന്നെ പരേതനായ തിരുമേനിയുടെ ഗൃഹജീവിതത്തെയും കലാശാലാ ജീവിതത്തെയും അനേക സൽഗുണങ്ങളെയും അനുസ്മരിച്ചു മുക്തകണ്ഠം വിലപിക്കുന്നു. അനന്തരം കേവലം അന്തർമുഖമായി തത്വചിന്താനിമഗ്നമായിത്തീൎന്ന ഹൃദയത്തോടുകൂടി "ഏകാന്താദ്വയശാന്തിഭൂവിനു നമസ്കാരം" പറഞ്ഞു കാവ്യത്തെ ഉപസംഹരിക്കുകയും ചെയ്യുന്നു.

ഇതാണ് പ്രരോദനത്തിൻെറ ഒരു സംക്ഷിപ്തമായ രൂപം. ആശാനവർകളുടെ ഇതരകൃതികളെപ്പോലെതന്നെ ആശയവിശുദ്ധികൊണ്ട് ഈ കൃതിയും എത്രയും ഉൽകൃഷ്ടമാണ്. ബാഹ്യാന്തരപ്രകൃതികളെ നിപുണമായി നിരീക്ഷിച്ചു താദാത്മ്യത്തോടെ വൎണ്ണിപ്പാനുള്ള ഒരു ശക്തി പ്രസ്തുത കവിക്കുണ്ടെന്നു പുസ്തകത്തിൻെറ ഏതുഭാഗം നോക്കിയാലും പ്രത്യക്ഷപ്പെടുന്നതാണ്.

"ക്രൂരാളും തിരുമേനി കൃത്യപരനായ്
പിൻപൂമുഖം പൂകവേ
മാറാതമ്മലർവായുവീശുവൊരു നൻ-
മല്ലീനികുഞ്ജങ്ങളേ!
വേറാശയ്ക്കിടമില്ല, നിങ്ങൾ ചൊരിയും
വെൺപൂക്കളെത്തദ്ബലി-
ച്ചോറായോൎത്തു ചുഴന്നു കാക്കകളിനി-
ക്കൊത്തീടുമോൎത്തീടുവിൻ!"

എന്ന പദ്യത്തിലെ ഭ്രാന്തിമദലങ്കാരം കരുണരസത്തെ എത്രയും ദീപ്തിമത്താക്കിത്തീൎത്തിട്ടുണ്ട്! എന്നാൽ 'ഓർത്തീടുവിൻ' എന്ന ഈൎഷ്യാദ്യോതകമായ അന്തിമപദം രസത്തെ കുറെ നിഷ്പ്രഭമാക്കുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. അന്ത്യപ്രാസമാത്രഫലമായ ഈ നാലക്ഷരം ഇല്ലാതിരുന്നുവെങ്കിൽ ഈ പദ്യം ലോകോത്തരമായി പരിലസിക്കുമായിരുന്നു!

"............നിർനിശീ-
ഥത്തിന്റെ സന്താനമാം
മൂകത്വത്തെ മുതിന്നുതൻമുലകുടി-
പ്പിക്കും മഹത്വത്തോടും"

കൂടി നിശ്ശബ്ദതയെ വർണ്ണിച്ചതിൽ ചമൽക്കാരമുണ്ടെങ്കിലും ഒരു ഫലിതംപോലെ തോന്നുന്ന "മുലകുടിപ്പിക്കും" എന്ന ലാക്ഷണികപ്രയോഗം ആ സന്ദർഭത്തിൽ അത്ര യുക്തമല്ല. കരുണൈകരസങ്ങളായ ഇത്തരം കൃതികളിൽ ഹൃദയം അന്തർമുഖമായി ഭാവപ്രവണമായിട്ടാണ് ഇരിക്കേണ്ടതു്; നേരെമറിച്ചു ബഹിർമുഖമായിരുന്നു വിചിത്രങ്ങളായ വസ്തുക്കളെ അന്വേഷിച്ചു ബഹുദൂരം സഞ്ചരിക്കുന്നതു കേവലം സ്വഭാവവിരുദ്ധമത്രെ. ആ നിലയിൽ പ്രസ്തുത കൃതിയിലെ പാണിനീ കാളിദാസ പ്രഭൃതികളുടെ ആഗമനപ്രസ്താവവും വർണ്ണനയുമെല്ലാം അധികമെന്നുവേണം പറവാൻ. "വാണീസംഗമവും" എന്നു തുടങ്ങി,

"താണീലിന്നു വിയോഗവേദന, മറി-
ച്ചെന്നന്തരാത്മാഭൃശം
കേണീടുന്നിതുണർന്നഹോ! ജനനിയെ-
ത്തേടും കിടാവെന്നപോൽ"

എന്നവസാനിക്കുന്ന 96-ാം പദ്യംകൊണ്ടു ഗ്രന്ഥകർത്താവിനുതന്നെ ഈ ആശങ്ക ഉണ്ടായതായി കാണുന്നു. ശോകത്തിന്റെ അത്യാരൂഢവസ്ഥയിൽ ആത്മാവു് അർദ്ധനിമീലിതമായിരിക്കുമ്പോൾ ഏതാദൃശ സങ്കല്പങ്ങളും മററും സംഭവിക്കാമെന്നു സമാധാനിപ്പാനേ ഇവിടെ നിവൃത്തിയുള്ളു. ഏതായാലും ആവക വർണ്ണനകളെല്ലാം തീരെ ബാലിശങ്ങളാണെന്നുള്ളതിൽ സംശയമില്ല. മരിച്ച ആളെ സ്വർഗ്ഗത്തിൽ കൊണ്ടുചെല്ലുകയും, ഇന്ദ്രന്റെ അർദ്ധാസനത്തിൽ ഇരുത്തുകയും മററും ചില്ലറ കവികളുടെ പതിവായിത്തീർന്നിട്ടുണ്ടല്ലൊ. കാളിദാസൻ സ്വർഗ്ഗാതിഥിയായി തിരുമേനിയെ സ്വാഗതപൂർവ്വം സ്വീകരിക്കുന്ന ഘട്ടത്തിൽ പറഞ്ഞ വാക്കുകളിൽ മിക്കതിനും താദാത്മ്യം കുറവായിപ്പോയി എന്നൊരു സംഗതികൂടെ ഈ അംശത്തിൽ തന്നെ പ്രസ്താവയോഗ്യമായിരിക്കുന്നു.

"ഭംഗംവിട്ടു രസപ്രവാഹമമര-
പ്രാമാണികക്ഷ്മാപ്സരോ-
രംഗത്തിൽ തിരതല്ലിയെന്നുമരുളും
മദ്രൂപകങ്ങൾക്കു മേൽ"

ഈ വിധം കാളിദാസൻ പറയുമോ? "മന്ദഃ കവിയശഃ പ്രാർത്ഥീ" എങ്ങിനെ ഇവിടെയിരിക്കുമ്പോൾ ലളിതമായി വിനയം പ്രകാശിപ്പിച്ചിരുന്ന അദ്ദേഹം അവിടെ ചെന്നപ്പോൾ ഓജസ്സോടെ ഔദ്ധത്യം പ്രകടിപ്പിക്കുന്നതിനു, ആ ദിവ്യലോകമോ ഈ കാവ്യകാരനോ അപരാധി എന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. മരിച്ചാൽ സ്വഭാവം മാറുമെന്നാണെങ്കിൽ ഭാസനെ "നീരാഡംബര"മായിത്തന്നെ "നിലകൊള്ളി"ച്ചതിനു് (ശ്ലോകം-78) വേറെ സമാധാനം തേടേണ്ടിയിരിക്കുന്നു.

'പ്രരോദന'ത്തിലെ അർത്ഥാന്തരന്യാസങ്ങൾ മിക്കവയും വളരെ രസകരങ്ങളായിരിക്കുന്നു:

"..........ക്രൂരവൃകാരെ-
യൊരുമിപ്പിപ്പൂ കഷ്ടംബാധികൾ"
"ഭാവത്തിൻപരകോടിയിൽ സ്വയമഭാ–
വത്തിൻ സ്വഭാവം വരാം."

ഇങ്ങനെ ഒരു മഹാകവിക്കല്ലാതെ സുഘടിതമാക്കുവാൻ വയ്യാത്ത പല അർത്ഥാന്തരന്യാസങ്ങളും ഇതിലുണ്ട്. ഇതിലെ അർത്ഥനിഷ്കർഷം സ്ഥത്യർഹമായിത്തന്നെ ഇരിയ്ക്കുന്നു. എന്നാൽ പദങ്ങളുടെ വിന്യാസവൈഷമ്യംകൊണ്ടും ആശയങ്ങളുടെ അനുസ്യൂതിഭംഗംകൊണ്ടും അലങ്കാരങ്ങൾ ചില ദിക്കിൽ അപൂർണ്ണങ്ങളായിപ്പോയി:

"ശ്രീമൻ, ഭൂപരിവർത്തനങ്ങളിലിട–
യ്ക്കെങ്ങോ മറഞ്ഞേറെ നാ–
ളീമട്ടിൽ പട്ടദന്തലേഖനി നയി–
ച്ചിപ്പോൾ 'ഗണേശോദ്ധൃതം

ആമന്നാടക ചക്രമമ്പിൽ നിജവാ–
ക്കൂടേ തിരിക്കും ഭവാ–
നാമജ്ജിച്ചിതു കാലസിന്ധുവിലഹോ
സംസാരപാരിപ്ലവം!"

ഇതിലെ പൂർവ്വാർദ്ധത്തിൽ കാണുന്ന 'ഗണേശൻ' എന്ന പദം ഗണേശനാകുന്ന (ശ്രീമാൻ ഗണപതിശാസ്ത്രികളാകുന്ന) ഗണേശൻ എന്ന ശ്ലിഷ്ടരൂപകമാണ്. അപ്പോൾ അവയവമായ ലേഖനിയെ പട്ടദന്തമായി രൂപണം ചെയ്യുന്നതു് 'ലേഖനിപട്ടദന്തം' എന്നാണ്; പട്ടദന്തലേഖിനി എന്നല്ല. "'നാടകചക്രം' എന്ന പദത്തിന്നു, നാടകചക്രമാകുന്ന = നാടകസമൂഹമാകുന്ന, ചക്രം = വണ്ടി എന്നും അർത്ഥം ഗ്രഹിക്കണം." എന്നാൽ കരയിൽമാത്രം പ്രസക്തിയുള്ള ആ വണ്ടിയുടെ നടത്തിപ്പുകാരൻ "സിന്ധു"വിൽ മുങ്ങുന്നതു അസംബന്ധമാകുന്നു. അങ്ങനെ മുങ്ങുന്നതോടുകൂടി അലങ്കാരവും അപൂർണ്ണതയിൽ മുങ്ങിപ്പോകുന്നു.

"ശങ്കാപേതമുദിക്കുമർത്ഥരുചിയെ–
ങ്ങെങ്ങാവെറും ശബ്ദമാ–
മാങ്കോലക്കുരുവിൻെറ യെണ്ണയിലെഴ–
ന്നാജ്ജാല കൗതൂഹലം"

എന്നാണു് ആശാൻെറ ആശയം. എങ്കിലും "കൈരളീ മഹിള തൻ മംഗല്യ"മായ സജാതീയദ്വിതീയപ്രാസം ഇതിൽ അധികം ദിക്കിലും വിട്ടുകളഞ്ഞിട്ടില്ല. "പോയീ കൈരളി തൻ പ്രശസ്തതനയൻ" ആദിയായ 97-ാം പദ്യത്തിൽ അർത്ഥാ

ന്തര പ്രയോജ്യമായ 'സ്ഥായീഭാവം' വന്നതു് 'കേരളവർമ്മ പ്രാസ'ത്തിൽ കവികളുള്ള സ്ഥായീഭാവം കൊണ്ടാവാമെന്നു ഞങ്ങൾ വിചാരിക്കുന്നു. കുമാരനാശാനെപ്പോലെയുള്ള കവികൾ തള്ളിക്കളയേണ്ടതായ ഈ പ്രാസഭ്രമംനിമിത്തം "ചീത്തക്കാലം"പോലെ പ്രയോഗിച്ചുകൂടാത്ത "ദുഷ്ടക്കാല" (ശ്ലോകം 25-ദുഷ്ടക്കാലമാണു സാധു) വും മററും വന്നുചേർന്നതു കൈരളിയുടെ കഷ്ടകാലംതന്നെ!

ആശാനവർകളുടെ കാവ്യം കുറേയധികം ഗഹനമാണു്; വിഷയഗൗരവവും രീതിഭേദവും ഏറെക്കുറെ അതിനു കാരണമായിരിക്കാം. സാഹിത്യവും സംഗീതം പോലെ ആപാദമധുരമായിരിക്കണമെന്നല്ല ഞങ്ങൾ പറയുന്നതു്. ശ്രവണമാത്രത്തിൽതന്നെ ഹൃദയാവഗാഹം ഉണ്ടാക്കി ചിത്തലയം വരുത്തുന്ന "പ്രസാദം" എന്ന ഗുണം ചുരുങ്ങുന്നേടത്തോളം, കരുണരസപ്രധാനങ്ങളായ കാവ്യങ്ങൾക്കു് വിശേഷിച്ചും ഭംഗി കുറയുമെന്നേ ഞങ്ങൾ അഭിപ്രായപ്പെടുന്നുള്ളു. മിസ്റ്റർ കുമാരനാശാന്റെ പദ്യങ്ങൾ പലതും തീരെ അപ്രസന്നങ്ങളാണു്. വ്യാഖ്യാനാപേക്ഷകൂടാതെ പണ്ഡിതന്മാർക്കുപോലും അവ ദുർഗ്രഹങ്ങളാകുന്നു. താഴെക്കാണിക്കുന്ന ചില ഉദാഹരണങ്ങൾ നോക്കുക:

"ഈ കർമ്മക്ഷമ വിദ്യയൊന്നുമിനിയും
നൽകീല സാഹായ്യമീ—
ശോകത്തിനു..................
... ... ... ... ... "

"കർമ്മക്ഷമവിദ്യ=സയൻസ്" എന്നു ടിപ്പണം. "ഈ ശോകത്തിനു സാഹായ്യം നൽകീല=മരണശോകത്തിനു നിവാരണം വരുത്തിയില്ല" എന്നാണു് അർത്ഥം വിചാരിക്കേണ്ടതു്. നിവാരണം എന്ന അർത്ഥത്തിൽ 'സാഹായ്യ' ശബ്ദം അവാചകമാകുന്നു ശോകമനുഭവിക്കുന്ന മനുഷ്യർക്കു സാഹായ്യം നൽകിയില്ല എന്ന ആശയത്തിന്റെ അംശസ്ഫുരണമായിരിക്കാം ഇതു്. (ഇക്കർമ്മമെന്നുച്ചരിക്കേണ്ടതിനെ "ഈ കർമ്മം" എന്നുച്ചരിപ്പിക്കുന്നതും പ്രാസപ്പിശാചിന്റെ പണിത്തരമല്ലേ?)

"ചത്തോരിബ്ബുധവാസരത്തിനുടലൊത്തു്" (ശ്ലോകം 18) "ചത്തുപോയ ബുധവാസരത്തിന്റെ ഉടലോടു സദൃശമായ" എന്ന വിവക്ഷിതാർത്ഥം വ്യാഖ്യാനം നോക്കാതെ ഗ്രഹിക്കുവാൻ പ്രയാസംതന്നെ. ഇങ്ങനെ ഭംഗിയുള്ള അനേകം ആശയങ്ങൾ ക്ലിഷ്ടങ്ങളായ ശബ്ദജാലങ്ങളിൽ മറഞ്ഞു കിടക്കുന്നതു വ്യസനകരംതന്നെ. 'കവിത' എന്നതു് എല്ലാവരുടേയും ഹൃദയത്തിൽ സ്ഥിതിചെയ്യുന്നുണ്ടു്; പക്ഷേ, കവിശബ്ദത്തിനു ഒരാൾ അർഹനാകേണമെങ്കിൽ വിചാരിച്ചതു വിവരിപ്പാൻ വിദഗ്ദ്ധതയുണ്ടായിരിക്കണം.

അചേതനങ്ങളും അരൂപങ്ങളുമായ വസ്തുക്കൾക്കു ചൈതന്യവും രൂപവും കൊടുത്തു് ചാർച്ചയും ചേർച്ചയും ഉണ്ടാക്കുന്നതിൽ ഏകാഗ്രതയില്ലാതായാൽ അതുകളുടെ അനുസന്ധാനം കേവലം ക്ലേശസാദ്ധ്യമായിത്തീരും. പ്രസ്തുത കാവ്യ

ത്തിൽ പുത്രവിയോഗാർത്തയായ കൈരളിയെകണ്ടു വസുധ വ്യസനിക്കുന്നതായി വർണ്ണിച്ചു തുടങ്ങിയിരിക്കുന്നു. ഈ വസുധ കേരളഭൂമിയാണെങ്കിൽ അതിലുൾപ്പെടുന്ന മൂന്നുഖണ്ഡങ്ങളുടെ അധിഷ്ഠാനദേവതകളെ വേറെ കല്പിക്കുന്നതിൽ ചേർച്ചകേടില്ലയോ? ശങ്കരാചാര്യരുടെ മാതാവു് (ശ്ലോകം- 92) കേരളാവനീയാണു്. പ്രകൃതമഹാപുരുഷന്റെ അമ്മയോ, "കൈരളി" (മലയാളഭാഷ)യുമാണു്. ഇത്തരം കല്പനകൾക്കുള്ള ആധാരം എന്തെന്നുള്ള ആലോചനയിൽ സഹൃദയന്മാർ ഭഗ്നാശരായി പിന്മാറുകയല്ലാതെ ഗത്യന്തരമില്ല.

"നഷ്ടം വീട്ടുക" (ശ്ലോകം 101), (കടംവീട്ടുകയും നഷ്ടം തീർക്കുകയുമാണു്) മുതലായ ശൈലീഭംഗങ്ങളും പലതരം രചനാദോഷങ്ങളും ഇതിലുണ്ടു്. എന്നാൽ അവയെല്ലാം ഇതിലെ ആശയശുദ്ധികൊണ്ടുള്ള ഗുണപൗഷ്കല്യത്താൽ നിസ്സാരങ്ങളായി ഗണിക്കാം. "പ്രരോദന"ത്തിനു കേരളസാഹിത്യത്തിൽ ശാശ്വതവും ഉൽകൃഷ്ടവുമായ ഒരു സ്ഥാനത്തിനു് അവകാശമുണ്ടെന്നു പറയുന്നവർ ഒരിക്കലും പക്ഷപാതികളായിരിക്കേണമെന്നില്ല.

## II

# ആത്മപോഷിണിയും പ്രരോദന നിരൂപണവും

### മഹാകവി എൻ. കുമാരൻആശാൻ

കഴിഞ്ഞ മകരം കുംഭം ലക്കങ്ങൾ ഒന്നായുള്ള "ആത്മപോഷിണി"യിൽ പത്രാധിപർ വള്ളത്തോൾ നാരായണമേനോൻ അവർകൾ എന്റെ നവീനകൃതികളിൽ ഒന്നായ "പ്രരോദന"ത്തെ വിമർശിച്ചു അഭിപ്രായം പറഞ്ഞിരിക്കുന്നു. പ്രരോദനം അച്ചടിച്ചുകഴിഞ്ഞ ഉടനേതന്നെ ഞാൻ അദ്ദേഹത്തിനു് ഒരു പ്രതി അയച്ചുകൊടുക്കുകയും, അതു വായിച്ചു വളരെ പ്രശംസിച്ചു അദ്ദേഹം മറുപടി അയക്കുകയും ചെയ്തിരുന്നു. തന്റെ അഭിപ്രായം ആത്മപോഷിണിമുഖേന പ്രസിദ്ധപ്പെടുത്തിക്കാണ്മാൻ ആഗ്രഹമുണ്ടോ എന്നു മറെറാരു സന്ദർഭത്തിൽ അദ്ദേഹംതന്നെ എന്നോടെഴുതിച്ചോദിച്ചിരുന്നതിനു ഞാൻ കൊടുത്ത മറുപടിയനുസരിച്ചാണു് ഈ വിമർശം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്. അതുകൊണ്ടു് ആ ദയയ്ക്കായി അദ്ദേഹത്തിനു ആദ്യമേ നന്ദി പറയേണ്ടിയിരിക്കുന്നു. "ചിത്രയോഗ്"മഹാകാവ്യംകൊണ്ടു് പ്രശസ്തിനേടിയ "മഹാകവി"യും ഇപ്പോൾ "കേരളരവി

ന്ദ്രനാഥടാഗൂർ” എന്ന അത്യുൽക്കൃഷ്ടപദദാനത്താൽ ജനങ്ങൾ സ്തുതിച്ചുവരുന്ന “കവിതിലക”നമായ ഈ മഹാന്റെ വിമർശനത്തിനു വിഷയമാകുന്നതുതന്നെ ഒരു കൃതിക്കു ചാരിതാർത്ഥ്യഹേതുവായി കരുതേണ്ട ദിക്കായിട്ടുണ്ടു്. വിശേഷിച്ചും ആത്മപോഷിണി അദ്ദേഹത്തിന്റെ കീഴിലായതിൽപിന്നെ ഒന്നോ അരയോ പുറത്തിൽ അച്ചടിശാലകളിലെ പ്രൂഫ്‌വായനക്കാരുടെ മാതിരിയിലുള്ള ചില പിഴതിരുത്തൽകൊണ്ടുമാത്രം ഗ്രന്ഥപരിശോധന പൂർത്തിയാക്കാറുള്ള സാധാരണ പതിവിൽനിന്നു തെറ്റി “പ്രരോദന”നിരൂപണത്തിനായി വിലയേറിയ എട്ടു പുറങ്ങൾ ഉപയോഗിച്ചു ആ കൃതിയെ ബഹുമാനിച്ചതിനു പ്രത്യേകിച്ചു നന്ദി പറയേണ്ടതാവശ്യമാണു്.

ഈ എട്ടുപുറങ്ങളിൽ മിക്കവാറും രണ്ടുപുറം മുഴുവൻ കൃതിയുടെ പ്രമേയങ്ങളെ സംഗ്രഹിച്ചു പറവാൻ ഉപയോഗിച്ചിട്ടുണ്ടു്. ഈ സംഗ്രഹണം പണ്ഡിതരായ പരമേശ്വരൻപിള്ള അവർകളുടെ അവതാരികയെ അനുകരിച്ചുള്ളതാണെങ്കിലും ഭംഗിഭേദംകൊണ്ടു് ഹൃദയംഗമമായിരിക്കുന്നു എന്നു സമ്മതിച്ചേ തീരൂ. അനന്തരം കൃതിയുടെ ഗുണപൗഷ്കല്യത്തെ സാമാന്യേന രണ്ടുചെറിയ വാക്യങ്ങൾകൊണ്ടും നിരൂപകൻ പ്രശംസിക്കുന്നു. അതു്,

“ആശാൻ അവർകളുടെ ഇതരകൃതികളെപ്പോലെതന്നെ ആശയവിശുദ്ധി കൊണ്ടു് ഈ കൃതിയും എത്രയും ഉൽകൃഷ്ടമാണു്. ബാഹ്യാന്തരപ്രകൃതികളെ നിപുണമായി നിരീക്ഷിച്ചു താദാത്മ്യത്തോടെ വർണ്ണിപ്പാനുള്ള ഒരു ശക്തി പ്രസ്തുത കവിക്കുണ്ടെന്നു പുസ്തകത്തിന്റെ ഏതുഭാഗം നോക്കിയാലും പ്രത്യക്ഷപ്പെടുന്നതാണു്;” ഇങ്ങനെയാണു്.

ശേഷം പേജുകളെല്ലാം മിക്കവാറും കൃതിയുടെ പലപ്രകാരത്തിലുള്ള ദോഷോദ്ഭാവനകൾകൊണ്ടു് നിറച്ചിരിക്കയാണു്. നിരൂപകന്റെ ആക്ഷേപം, രസം, അലങ്കാരം, രീതി, ഭാഷ, രചന ഇത്യാദികളെ മാത്രമല്ല പ്രമേയകല്പനകളെക്കൂടി നിർഭയമായി സ്പർശിച്ചിട്ടുണ്ടു്. ഇതിൽ ഒരു ആക്ഷേപമെങ്കിലും സാധൂകരിക്കത്തക്കതായി കാണുന്നില്ല. വല്ല നിസ്സാരന്മാരുമായിരുന്നു ആക്ഷേപിച്ചതെങ്കിൽ സരസനായ നീലകണ്ഠദീക്ഷിതർ പറയുംപ്രകാരം,

“പാഠപ്രമാദൈഃ പദയോജനാഭി-
സ്താദ്പത്യദൂർന ശ്ചയ തശ്ചമനൈഃ
ആശാസ്യമാനാം ഗിരമാത്മനോയേ,
കണ്ഠന്ന കർവന്തിത ഏവ ധന്യാഃ”

എന്നു കരുതി മൗനം ദീക്ഷിക്കാമായിരുന്നു. ലോകത്തിൽ സാഹിത്യവിഷയമായി നോക്കിയാൽ “മുക്കാലും മൂഢ”രാണല്ലോ. അതുകൊണ്ടു് അങ്ങിനെയുള്ളവർക്കു് തെറ്റിദ്ധാരണവരാതിരിപ്പാനും പ്രൗഢകാവ്യസരണിയിൽ വായനക്കാർക്കു ആഭിമുഖ്യവും കൗതുകവും ജനിപ്പാനുമായിട്ടെങ്കിലും ഈ ആക്ഷേപങ്ങൾക്കു സമാധാനം പറയേണ്ടതു് ആവശ്യമായിത്തീർന്നിരിക്കുന്നു. ഞാൻ വളരെ കവിതകൾ

എഴുതാറില്ലെങ്കിലും എഴുതുന്നിടത്തോളം വളരെ സൂക്ഷിച്ച് എഴുതാറാണ് പതിവ്. ഒരു ഉൽക്കൃഷ്ടകലയുടെ നിലയിൽ കവിതയുടെ സാങ്കേതികമായ ഗുണദോഷങ്ങളുടെ എല്ലാ അംശങ്ങളേയും പററി ഗാഢമായും നിർദ്ദയമായും ചിന്തിച്ചു ത്യാജ്യങ്ങളെ പാടുള്ളത്ര ത്യജിച്ചും ഗ്രാഹ്യങ്ങളെ കഴിയുന്നത്ര ഗ്രഹിച്ചും അല്ലാതെ ഞാൻ ഒരു "മുക്തകം"പോലും രചിക്കാറില്ലെന്നുള്ളത് എനിക്കു നല്ല നിശ്ചയമുള്ള സംഗതിയാണ്. അതുകൊണ്ട് പണ്ഡിതന്മാരുടെ ഇടയിൽത്തന്നെ പക്ഷാന്തരമുള്ള ചില പ്രമേയങ്ങളിലല്ലാതെ പല്ലവഗ്രാഹികളായ നിരൂപകന്മാരുടെ ആക്ഷേപങ്ങൾക്കോ വിപ്രതിപത്തികൾക്കോ സമാധാനം പറവാൻ എനിക്കു ഒരു പ്രയാസവും തോന്നാറില്ലെന്നുള്ള വസ്തുതകൂടി വിനയപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. ഈ അനുഭവം പ്രകൃതവിഷയത്തിലും തുല്യമാണെന്നു കാണുന്നതിൽ വലിയ ചാരിതാർത്ഥ്യം ഉണ്ട്. ഇത്രയുംകൊണ്ട് മനുഷ്യസാധാരണമായ പ്രമാദങ്ങൾ എനിക്കു വരാറില്ലെന്നു ഞാൻ വികത്ഥനം ചെയ്യുന്നതായി തെററിദ്ധരിക്കാതിരിക്കാനപേക്ഷ. പ്രമാദം ആക്കും വരും; എന്നാൽ അതു ദർശനമാത്രയിൽതന്നെ പ്രമാദമാണെന്ന് വിദ്വാന്മാക്ക് അറിയാവുന്നതാകയാൽ അതിനെ എടുത്തുപറയേണ്ട ആവശ്യമില്ല. ഭാഗ്യംകൊണ്ട് ആ മാതിരി പ്രമാദങ്ങൾ ഒന്നുംതന്നെ വാദഗ്രസ്ത വിഷയത്തിൽ എനിക്കു സംഭവിച്ചിട്ടുമില്ല.

ഇനി ഈ ആക്ഷേപങ്ങളെ ഓരോന്നായി ചിന്തിക്കാം. ആക്ഷേപങ്ങളുടെ സാധർമ്മ്യവൈധർമ്മ്യങ്ങളനുസരിച്ച് അവയെ പ്രത്യേകം ക്രമപ്പെടുത്തി നിരൂപിക്കുന്നതിനേക്കാൾ അപേക്ഷകൻെറ ക്രമത്തെത്തന്നെ നിരൂപണത്തിൽ പിന്തുടരുന്നതു വായനക്കാക്ക് അധികം സൗകര്യപ്രദമായിരിക്കുമെന്നുള്ളതിനാൽ അപ്രകാരം ചെയ്യുന്നു. പത്രാധിപർ 105—ാമത്തെ പദ്യമുദ്ധരിച്ചുകൊണ്ട്, താഴെക്കാണും:

"ക്രൂരാളും തിരുമേനി കൃത്യപരനായ്
പിൻപൂമുഖം പൂകവേ
മാറതമ്മലർ വായു വീത്തുവൊരുന—
ന്മല്ലീ നികുഞ്ജങ്ങളേ!
വേറാശയ്ക്കിടമില്ല, നിങ്ങൾ ചൊരിയും
വെൺപൂക്കളെത്തദ്ബലി—
ച്ചോറായോത്തുചുഴന്നു കാക്കകളിനി
ക്കൊത്തീട്ടമോത്തീടുവിൻ!"

"ഈ പദ്യത്തിലെ ഭ്രാന്തിമദലംകാരം കരുണരസത്തെ എത്രയും ദീപ്തമാക്കിത്തീത്തിട്ടുണ്ട്. എന്നാൽ "ഓത്തീടുവിൻ" എന്ന ഈർഷ്യാദ്യോതമായ അന്തിമപദം രസത്തെ കുറെ നിഷ്പ്രഭമാക്കുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. അനുപ്രാസമാത്രഫലമായി ഈ നാലക്ഷരം ഇല്ലായിരുന്നുവെങ്കിൽ ഈ പദ്യം ലോകോത്തരമായി പരിലസിക്കുമായിരുന്നു."

ഇവിടെ ഒന്നാമതായി ചിന്തിക്കേണ്ടതു് ഒടുവിലത്തെ "ഓത്തീട്ടവിൻ" എന്ന പദം വെറും അനുപ്രാസത്തിനായി ചേർത്തതാണോ എന്നാണു്. ഒരിലുമല്ല; കാരണം അതു നികുഞ്ജങ്ങളെ ഉദ്ബോധനം ചെയ്യുക എന്ന വ്യാജേന കവിയുടെ ശോകാവിഷ്ടമായ ഹൃദയത്തെ വിവേകോന്മുഖമാക്കാൻ ശ്രമിക്കയാണു ചെയ്യുന്നതു്. എന്തിനെന്നോ? പറയാം, പ്രരോദനത്തിലെ അംഗിയായ രസം കരുണമല്ല, ശാന്തമാണു്; അതിന്റെ സ്ഥായി ആയ ഭാവം നിർവേദമാണു്. തത്വചിന്ത, ആപത്തു്, ഈർഷ്യ ഇത്യാദികളാലുണ്ടാകുന്ന വിഷയവൈരാഗ്യമാണു് നിർവേദം. അതുകൊണ്ടു് അംഗിയായ രസത്തെ പോഷിപ്പിക്കുന്നതിൽ 'ഓത്തീട്ടവിൻ' എന്ന ഉദ്ബോധം എത്ര ഉപയുക്തമായിരിക്കുന്നു എന്നു നോക്കുക. "വേറാശക്കിടയില്ല" എന്ന ഉത്തരാർദ്ധത്തിലെ ആദ്യവാക്യം നൈരാശ്യരൂപമായ നിർവേദത്തെത്തന്നെ പ്രത്യേകം ദ്യോതിപ്പിക്കുന്നതും നോക്കുക! ഇനി നിരൂപകൻ പറയുംപോലെ "ഓത്തീട്ടവിൻ" എന്നതിനെ ഈർഷ്യാദ്യോതകമായി ചിന്തിച്ചാൽതന്നെ നിരർത്ഥകമാകുന്നില്ല. നേരെ മറിച്ചു് ഈർഷ്യ നിർവേദഹേതുവായ ഒരു ഭാവമാണു്: ദോഷദർശനരൂപമായ ജുഗുപ്സ എന്ന സഞ്ചാരീഭാവത്തിനു അംഗകമായി നിന്നുകൊണ്ടു് സ്ഥായിയായ നിർവേദത്തെ അതു് ഉദ്ദീപിപ്പിക്കയും ചെയ്യുന്നു. "ശാന്തേ ജുഗുപ്സാ കഥിതാ" എന്നാണു് ശാസ്ത്രവചനം. ഇനി വാദത്തിനുവേണ്ടി കരുണമാണു് അംഗിയായ രസമെന്നു സമ്മതിച്ചാൽ തന്നെ ഇഷ്ടജനവിരഹജന്യമായ ശോകമാണു് അതിന്റെ സ്ഥായി. നിർവേദാദികൾ അതിന്റെ വ്യഭിചാരീഭാവങ്ങളുമാണു്. അതുകൊണ്ടു് അപ്പോഴും "ഓത്തീട്ടവിൻ" എന്നതിനാൽ പ്രതീയമാനമായ ഈർഷ്യ നിർവേദത്തിനു ഹേതുവായി നിന്നുകൊണ്ടു് രസത്തെ അത്യന്തം പോഷിപ്പിക്കുകയാണു് ചെയ്യുന്നതു്. കരുണത്തിനു നിർവേദം വ്യഭിചാരീഭാവമാണെന്നുള്ളതു് അനുഭവസിദ്ധമെന്നു മാത്രമല്ല, ശാസ്ത്രസിദ്ധവുമാകുന്നു. ഈർഷ്യയുടെ നിർവേദകാരണത്വം മുമ്പുതന്നെ സൂചിപ്പിച്ചിട്ടുമുണ്ടു്. "നിർവേദമോഹാപസ്മാരവ്യാധി ഗ്ലാനി സ്മൃതിശ്രമാ: വിഷാദജഡതോന്മാദചിന്താദ്യ— "എന്നാണു് കരുണരസത്തിന്റെ വ്യഭിചാരീഭാവങ്ങളെ ദർപ്പണകാരൻ പരിഗണിക്കുന്നതു്. അതുകൊണ്ടു് ഇനി വാദത്തിനു വകയില്ല. ഇവിടെ താർക്കിക ഭാഷയിൽ "ഉഭയതഃ പാശാരജ്ജു" എന്നു പറയുന്ന രണ്ടുവശത്തും കുടുക്കുള്ള ചങ്ങലയിലാണു് പ്രതിയോഗി വീണിരിക്കുന്നതു്.

സാഹിത്യലോകത്തിൽ ഇത്ര ശ്രുതിപ്പെട്ട ഒരു മഹാകവി നിരൂപണവിഷയത്തിൽ ഈ ഭീമാബദ്ധത്തിൽ കുടുങ്ങി എന്നു വരാമോ? വല്ലതും ഉപപത്തി കാണുകില്ലേ? എന്നു് ഔദാര്യത്തോടെ ഒന്നുകൂടി ചുഴിഞ്ഞുനോക്കാം. "ഭ്രാന്തിമദലങ്കാരം" കരുണരസത്തെ എത്രയും ദീപ്തിമത്താക്കിത്തീർത്തിട്ടുണ്ടു്. 'ഓർത്തീട്ടവിൻ' എന്ന അന്തിമപദം അതിനെ നിഷ്പ്രഭമാക്കുന്നു, എന്നാണല്ലോ അദ്ദേഹം പറയുന്നതു്. അതുകൊണ്ടു് ശാന്തരസം അംഗിയാണെങ്കിലും അതു കൃതിയുടെ അവസാനഭാഗത്തെ പുഷ്ടിയെ പ്രാപിക്കുന്നുള്ളു; പ്രകൃതസ്ഥലത്താകട്ടെ, കരുണമാണു് പുഷ്ടമായിരിക്കുന്നതു്. അതിന്റെ സ്ഥായി ശോകമാണു്. ആലംബനവിഭാവമായ കഥാപുരുഷന്റെ പ്രസാധനോചിതമായിരുന്ന മുല്ലപ്പൂക്കളിൽ ബലി

ച്ചോറിന്റെ സാധർമ്മ്യത്തെ ആധാരമാക്കിയുള്ള ഭ്രാന്തിമദലങ്കാരം വിലക്ഷണമായ ഒരു ദയനീയ ദശാപരിണാമമാകുന്ന വസ്തുവിനെ ധ്വനിപ്പിച്ചിട്ടു ശോകത്തെ പുഷ്ടമാക്കുന്നുണ്ടുതാനും. പിന്നെ എന്തിനാണു് 'ഓത്തീടുവിൻ'? ശരി! എന്നാൽ ആ പക്ഷത്തിൽ 'വേറാശയ്ക്കിടമില്ല' എന്ന ഉത്തരാർദ്ധത്തിലെ ആദ്യ വാക്യവും വ്യർത്ഥമാണു്. ഭ്രാന്തിമദലങ്കാരത്തിനു് അതിന്റെ അപേക്ഷ അശേഷമില്ല. അതുകൊണ്ടു് ഒടുവിലത്തെ നാലക്ഷരത്തോടു് ആ ഏഴക്ഷരംകൂടിച്ചേർന്നു് പതിനൊന്നക്ഷരം വ്യർത്ഥകോടിയിൽ തള്ളേണ്ടിയിരുന്നു. എന്തുകൊണ്ടു് അങ്ങിനെ ചെയ്തില്ല? കരുണരസത്തിനു നിർവേദം സഞ്ചാരീഭാവമാണല്ലോ. അതിനെ 'വേറാശയ്ക്കിടമില്ല' എന്ന ഏഴക്ഷരം ദ്യോതിപ്പിക്കുന്നുണ്ടു്. അതുകൊണ്ടു് അതു് വ്യർത്ഥമെന്നു സൂചിപ്പിക്കാത്തതാണു്; എന്നാണുത്തരമെങ്കിൽ അതിനെ പ്രത്യേകമെടുത്തുപറയാത്തതെന്തു്? വിസ്തരഭയംകൊണ്ടു് എടുത്തുപറഞ്ഞില്ല എന്നാണെങ്കിൽ വ്യർത്ഥപദത്തിന്റെ അക്ഷരങ്ങൾ എണ്ണുകയും അതു് അനുപ്രാസഫലമാണെന്നു് ഖണ്ഡിക്കുകയും അതില്ലായിരുന്നുവെങ്കിൽ "പദ്യം ലോകോത്തരമായിപ്പരിലസിക്കുമായിരുന്നു" എന്നു വൃഥാ കോലാഹലം കൂട്ടുകയും ചെയ്യുന്നതെങ്ങിനെ? വിസ്തരഭയം അതിനെ തടുക്കാഞ്ഞതെന്തു്? വാസ്തവത്തിൽ ഭ്രാന്തിമദലങ്കാരം കരുണരസത്തെ പുഷ്ടമാക്കുന്നുണ്ടെങ്കിലും പ്രതിയോഗി പറയുംപ്രകാരം അതിനെ 'എത്രയും ദീപ്തിമത്താ'ക്കുന്നില്ല. രസം അവിടെ എത്രയും ദീപ്തിമത്താകുന്നുണ്ടെങ്കിൽ അങ്ങിനെ ആകുന്നതു അലങ്കാരത്തിന്റെ മുമ്പിൽ അദ്ദേഹം കാണാതെയോ മാപ്പുകൊടുത്തിട്ടോ അണിനിരന്നുനിൽക്കുന്ന ഏഴക്ഷരങ്ങളും അതിന്റെ പിമ്പിൽ, അതായതു് ഒടുവിൽ അദ്ദേഹം പുരികം ചുളിച്ചുനോക്കുന്ന നാലക്ഷരങ്ങളും ആകുന്നു. എന്തുകൊണ്ടെന്നാൽ 'വേറാശയ്ക്കിടമില്ല' എന്നതു ചിന്താവിഷാദാദികളായ വ്യഭിചാരീഭാവങ്ങളുടേയും 'ഓത്തീടുവിൻ' എന്നതു ദുർവിധിയുടെ ഉപാലംഭനം മുതലായ അനുഭാവങ്ങളുടേയും പ്രതീതികളെക്കൂടി ജനിപ്പിക്കുകയും, വിശേഷിച്ചു 'ഓത്തീടുവിൻ' എന്നു് ഊന്നിപ്പറയുന്നതിന്റെ സാമർത്ഥ്യത്താൽ ഭ്രാന്തിമദലങ്കാരംതന്നെ. മുമ്പുപറഞ്ഞ വസ്തുധ്വനിക്കുപുറമെ ഈർഷ്യാദിഭാവധ്വനികളെക്കൂടി പുറപ്പെടുവിക്കുകയും ചെയ്യുന്നു. അതുകൊണ്ടു് ഈ തള്ളപ്പെട്ട പദങ്ങളുടെ സമ്മർദ്ദത്താലുണ്ടാകുന്ന വിദ്യുൽപ്രഭയാണു് വാസ്തവത്തിൽ രസത്തെ അത്യന്തം ദീപ്തിമത്താക്കുന്നതെന്നു രസജ്ഞന്മാർ നിരാക്ഷേപം സമ്മതിക്കുന്നതാണു്. വിഭാവാനുഭാവസാത്വിക വ്യഭിചാരികളായ എല്ലാ ഭാവങ്ങളുടേയും യഥോചിതനിർദ്ദേശത്തിൽനിന്നാണു് രസം പരിപുഷ്ടമാകുന്നതു്. അവയിൽ ഏതെങ്കിലും ചിലതിന്റെ നിർദ്ദേശത്തിൽനിന്നല്ല. "വിഭാവൈരനുഭാവൈശ്ച സാത്വികവ്യഭിചാരിഭി: ആധീയമാന:സ്വാദ്യത്വം സ്ഥായീഭാവോരസസ്മൃത:" എന്ന വിദ്യാനാഥവചനം നോക്കുക. ഇങ്ങനെ നിഷ്പ്രയോജനമെന്നു പറഞ്ഞ പദം കാവ്യജീവനായ രസഭാവാദി ധ്വനികളെ വ്യഞ്ജിപ്പിക്കുന്നതിനാൽ അത്യന്തം സപ്രയോജനമായി. അതു രസത്തെ ഏററവും സപ്രഭമാക്കുന്നതിനാൽ "നിഷ്പ്രഭമാക്കുന്നു" എന്നുള്ള അഭിപ്രായം ഖണ്ഡിതമായി. ദാക്ഷിണ്യം പ്രയോഗിച്ചുനോക്കിയിട്ടും ഇത്രമാത്രംകൊണ്ടുതന്നെ പ്രതിയോഗിയുടെ അപരാധങ്ങൾ തെളിഞ്ഞുതെളിഞ്ഞും അവയുടെ ഗൌരവം വർദ്ധിച്ചുവർദ്ധിച്ചും വരുന്നതേയുള്ളു.

ഇനിയും നോക്കാം. 'കരുണരസത്തെ' എന്നു നിർവിശേഷണമായിട്ടാണല്ലോ പറഞ്ഞിരിക്കുന്നതു്. അതിന്റെ സ്വാരസ്യംകൊണ്ടു് ശാന്തരസത്തിന്റെ പ്രസംഗത്തിൽ അസ്വാരസ്യംകണ്ടിട്ടു തദ്ദ്യോതകമായ 'ഓത്തീട്ടവിൻ' പദത്തെ പ്രതിയോഗി തിരസ്കരിക്കുന്നതായി വിചാരിക്കരുതോ? ശോകസ്ഥായിയായ കരുണരസം തത്വജ്ഞാനജന്യമായ നിർവേദമല്ലെങ്കിൽ ശമത്തിൽ ഊന്നിനില്ക്കുന്ന നിർവികാരമായ ശാന്തരസത്തിനു വിരുദ്ധമല്ലയോ? അവയ്ക്കു ഐകാധികരണ്യം അല്ലെങ്കിൽ ഏകപദ്യത്തിൽ പ്രവേശം നൽകാമോ? നൽകിയാൽ കരുണത്തിനു അപകർഷമുണ്ടാകയില്ലയോ? ഇതാണാശയമെങ്കിൽ ശരി; "രസത്തെ കുറെ നിഷ്പ്രഭമാക്കുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു," എന്ന നിരുത്സാഹമായ വാക്യത്തിന്റെ സ്വാരസ്യവും ആ സന്ദേഹത്തെ ബലപ്പെടുത്തിയേക്കാം. എന്നാൽ ഈ ശങ്കയ്ക്കുമവകാശമില്ല. ശാന്തരസത്തെ നിർവികാരാവസ്ഥയായി രസനിരൂപകന്മാർ തള്ളിക്കളഞ്ഞിട്ടില്ല. വാസ്തവത്തിൽ സ്ഥായിയായ അവസ്ഥയിൽ എല്ലാ രസങ്ങളും നിർവികാരസ്ഥിതിയെ പ്രാപിക്കുമെന്നാണു് ആലങ്കാരികമതം. മനോവികാരങ്ങൾ എല്ലാം കേവലം ക്ഷണികസ്ഥായികളാണു്. ശൃംഗാരാദിരസങ്ങളിൽ രത്യാദികളെ സ്ഥായീഭാവങ്ങളെന്നു പറയുന്നതും നിർവികാരാവസ്ഥയിലുള്ള അവയുടെ ആത്മതാദാത്മ്യത്തേയും തന്നിമിത്തമായ നിത്യതയേയും ആശ്രയിച്ചാണു്. നിർവേദം വിഷയവൈരാഗ്യമാണു്. അതു് ഒരു അഭാവമല്ല. നിത്യാനിത്യവസ്തുക്കളെ തിരിച്ചറിഞ്ഞു അനിത്യങ്ങളുടെ നേരെ വെറുപ്പ്തോന്നിക്കുന്ന വ്യാപാരം അതിന്റെ വകയാണു്. അതുകൊണ്ടു് അതൊരു ഭാവംതന്നെയാകുന്നു. തന്നെയുമല്ല, ശാന്തവും കരുണവും വിരുദ്ധരസങ്ങളുമല്ല. വിശേഷിച്ചു ശോകം നിർവേദത്തിനു കാരണമായിരിക്കുമെന്നുള്ളതു പ്രസിദ്ധവുമാകുന്നു. അലങ്കാരികന്മാർ കരുണശാന്തങ്ങൾക്കു പരസ്പരവൈരുദ്ധ്യം കല്പിച്ചിട്ടുമില്ല. എന്നുതന്നെയല്ല, വിരുദ്ധരസങ്ങൾക്കുതന്നെ അംഗാംഗിഭാവമാശ്രയിച്ചു് യുഗപദ്ഭാവം അവർ സമ്മതിക്കുന്നുമുണ്ടു്. ഏകവാക്യത്തിൽതന്നെ ഔചിത്യമനുസരിച്ചു് വിരുദ്ധരസങ്ങളെ നിവേശിപ്പിക്കുന്നതിനും സാഹിത്യശാസ്ത്രജ്ഞന്മാരനുവദിക്കുന്നുണ്ടു്.

"രസാന്തരിതയോരേക വാക്യസ്ഥയോരപി
നിവർത്തതേഹിരസയോസ്സമാവേശേ വിരോധിതാ".

ഈ ധ്വന്യാലോകശ്ലോകം നോക്കുക. രസാന്തരത്താൽ ദൂരീകരിക്കപ്പെട്ട ഒരു ഗ്രന്ഥത്തിൽ പ്രതിപാദ്യമാനമായ രണ്ടു രസങ്ങൾക്കു മാത്രമല്ല, ഒരുവാക്യത്തിൽ തന്നെ പ്രതീയമാനമാകുന്ന രണ്ടു രസങ്ങൾക്കുകൂടി വിരോധം നിലനില്ക്കുന്നില്ല എന്നാണിതിന്റെ താല്പര്യം. അതുകൊണ്ടു സാക്ഷാൽവിരുദ്ധങ്ങളായ ശൃംഗാരശാന്തങ്ങൾക്കുകൂടിയും അംഗാംഗികളായി പദ്യത്തിൽതന്നെ നിവേശിക്കുന്നതായ അനവധി ദൃഷ്ടാന്തങ്ങൾ സാഹിത്യത്തിലുണ്ടു്. ഇതാ:

"നാലഞ്ചത്യന്തലോല പ്രസവശമെട്ടത്തംഗ--
ജന്മാവട്ടത്താൽ
പാലഞ്ചും വാണിമാർതൻ...മലമേൽച്ചെന്നൊ—
ളിക്കാം കളിക്കാം

കാലൻകാളുന്ന കാളായസമുസലവുമായ്പ്പാഞ്ഞ—
ടുക്കുന്നൊരാപൽ—
കാലം ചൂലിൻെറ......തടവു......വുംകണ്ടി
രിക്കാം മരിക്കാം".

ഈ പ്രാചീനപദ്യം ഈ വിഷയത്തിൽ ഒരുനല്ല ഉദാഹരണമാണു്. ഇതിൽ ശൃംഗാരം ശാന്തത്തിന്നംഗമായിനിന്നുകൊണ്ടു അംഗിയെ എത്ര ശക്തിമത്താക്കിയിരിക്കുന്നു. അതുകൊണ്ടു പ്രകൃതത്തിൽ കരുണം ശാന്തത്തെ പോഷിപ്പിക്കുന്നു എന്നുള്ളതിൽ സംശയിപ്പാൻ മാൎഗ്ഗമേ ഇല്ല. കരുണൈകരസമായ കൃതി, എന്നു് ഈ ഗ്രന്ഥത്തെപ്പററി നിരൂപണത്തിൽ ഒന്നിലധികം സ്ഥലത്തു പറഞ്ഞിട്ടുള്ളതു തന്നെ ഇതിന്നു തെളിവാണു്. ഈ കാരണങ്ങളാൽ കരുണത്തേക്കാൾ ശാന്തത്തെ സഹായിച്ചുകൊണ്ടു് പ്രകൃതപദ്യത്തിൻെറ മകുടമായി ശോഭിക്കുന്ന ആ നാലക്ഷരം അനുപ്രാസമാത്രഫലമെന്നു പറഞ്ഞതു് അബദ്ധംതന്നെ. വിഷയങ്ങളുടെ പരിണാമവിരസതയേയും അസ്ഥിരതയേയും സൂക്ഷ്മമായും മധുരമായും വ്യഞ്ജിപ്പിക്കുന്ന ആ നാലക്ഷരങ്ങളുടെ വീണാഗാനത്തിൽ ചെവികൊടുക്കാതെ അതിൻെറ മേളം മാത്രമായ അനുപ്രാസമൃദംഗഘോഷത്തിൽ മാത്രം ഭ്രമിച്ചുനിന്നുകൊണ്ടു് അഭിപ്രായം പറവാൻ പുറപ്പെട്ട നമ്മുടെ കവിതിലകൻെറ കവിതാനിരൂപണചാതുൎയ്യത്തിന്നു നമസ്കാരമെന്നല്ലാതെ എന്താണു പറയേണ്ടതു്?

അവസാനമായി രസവികാരത്തിൽ ഒരു സംഗതികൂടി നോക്കാം. വ്യഞ്ജ്യമാനമായ രസത്തിന്നു ചിലപ്പോൾ വാചകശബ്ദങ്ങൾ അപകൎഷമുണ്ടാക്കാറുണ്ടു്. അപ്പോൾ വ്യംഗ്യം ഗുണീഭൂതമായിപ്പോകും. 'ഓൎത്തീടുവിൻ' എന്നപദം അങ്ങനെയുള്ള വല്ല വ്യംഗ്യാംശങ്ങളേയോ വാച്യമാക്കിത്തീൎത്തതായി നിരൂപകൻ ശങ്കിച്ചിരിക്കരുതോ? അങ്ങിനെയും സംശയിപ്പാൻ തരമില്ല. കാരണം (1) "ഔഷ്യദ്യോതകമായ അന്തിമപദം" എന്നു നിരൂപകൻതന്നെ പറഞ്ഞിരിക്കുന്നു. ഏതെങ്കിലുമൊരൎത്ഥത്തിൻെറ വാചകമായ എന്നു പറഞ്ഞിട്ടുമില്ല. (2) ഓൎത്തീടുവിൻ' എന്നുള്ളതു നോക്കുവിൻ, കേൾക്കുവിൻ എന്നിത്യാദിപോലെ ശ്രോതാക്കൾക്കു പ്രകൃതത്തിൽ അധികം ശ്രദ്ധപതിപ്പാൻമാത്രം സാമാന്യേന ഉപയോഗിക്കുന്ന ഒരു ക്രിയാപദമാണു്. "ശ്രോതാക്കൾ വിചാരിക്കണം എന്നുമാത്രമാണതിൻെറ വാച്യാൎത്ഥം," അതിൽനിന്നു വിശേഷാൎത്ഥപ്രതിനിധികൾ വ്യംഗ്യങ്ങളുമാണു്. അതുകൊണ്ടു് ആ വാദത്തിലും ഗുണമൊന്നുമില്ല. പ്രകൃതകാവ്യം മുഴവൻ സൂക്ഷിച്ചു വായിച്ചു അഭിപ്രായം പറവാൻ പുറപ്പെട്ട പത്രാധിപർ കാവ്യത്തിൻെറ അംഗിയായ രസം ശാന്തമാണെന്നു സൂചിപ്പിക്കുന്ന ഒരു വാക്കുപോലും പറയാത്തതും ഈ അവസരത്തിൽ ചിന്ത്യമാണു്. ഏതെങ്കിലും പറഞ്ഞിരുന്നെങ്കിൽ അതുകൊണ്ടു ഈ പദ്യത്തിൽ ശാന്തത്തിന്നു കരുണത്തെ അംഗമാക്കിത്തീൎത്തതു അനൗചിത്യമാണെന്നും, അങ്ങിനെ കരുണത്തെ അപകൎഷിച്ച അപരാധത്തിൽ മുഖ്യാംശം വഹിക്കുന്ന അന്തിമപദം ഹേയമാണെന്നും അദ്ദേഹം വിവക്ഷിച്ചതായെങ്കിലും ഊഹിച്ചു അഭിപ്രായത്തിന്നു ഏതെങ്കിലും ഒരു വിലവയ്ക്കാമായിരുന്നു. ആ വഴിക്കു് കുറെ ദൂരം ഇരുകക്ഷികൾക്കും വാദചാതുൎയ്യം പ്രകടിപ്പിക്കുകയെങ്കിലും ചെ

ദ്ധ്യമായിരുന്നു. എന്നാൽ വിഷയസംഗ്രഹണം ഉപസംഹരിക്കുന്ന ദിക്കിൽ അനന്തരം കേവലം "അന്തർമുഖമായി തത്വചിന്താമുഖമായിത്തീർന്ന ഹൃദയത്തോടുകൂടി 'ഏകാന്താദ്വയശാന്തി ഭൂവിന്നു നമസ്കാരം' പറഞ്ഞു കാവ്യത്തെ ഉപസംഹരിക്കുകയും ചെയ്യുന്നു," എന്നു താൻതന്നെ വ്യക്തമായിപ്പറഞ്ഞിട്ടും ആ ഉപസംഹാരത്തിന്റെ ഗുണദോഷങ്ങളെപ്പററി മിണ്ടാത്തതിൽനിന്നു ശാന്തരസത്തിനു് ഈ കൃതിയിലുള്ള പ്രാമുഖ്യത്തെ അദ്ദേഹം ഉള്ളവണ്ണം മനസ്സിലാക്കീട്ടില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

"വാദങ്ങളും സമാധാനങ്ങളും ശാസ്ത്രീയരീത്യാ ഉള്ളതാണു്. ഒരു യഥാർത്ഥ കവിതയുടെ ഗുണം വാദിച്ചു സ്ഥാപിക്കേണ്ടതല്ല; സ്വതേ സ്ഫുരിക്കേണ്ടതാണു്. അതായതു്, വായിക്കുമ്പോൾതന്നെ തോന്നേണ്ടതാണു്. ആക്ഷേപങ്ങളാകട്ടെ ഒരു നാടോടിമട്ടിൽ മാത്രം പറഞ്ഞിട്ടുള്ളതും, ആ നിലയിൽ അവ ശരിയായിട്ടുള്ളതുമാണു്" എന്നു പറയുകയാണെങ്കിൽ അതും ശരിയല്ല; കാരണം (1) ഈ ആക്ഷേപങ്ങൾ അലങ്കാരശാസ്ത്രത്തിലെ സാങ്കേതിക പദങ്ങൾ ഉപയോഗിച്ചും കാവ്യജീവനായ രസഭാവാദികളേയും ശബ്ദാർത്ഥാലങ്കാരങ്ങളെക്കൂടിയും ചുഴിഞ്ഞു നോക്കിയും ചെയ്തിട്ടുള്ളതാണു്, നാടോടിമട്ടിൽ ചെയ്തിട്ടുള്ളതല്ല. (2) ഉൽകൃഷ്ടകൃതികളുടെ ഗുണം വാസ്തവത്തിൽ വാദക്ഷമതയാകുന്നു. സാഹിത്യശാസ്ത്രീയമായ ഏതുവിധം തോദനങ്ങൾക്കും എതൃത്തുനിന്നു ചർച്ചചെയ്യുംതോറും അധികമധികം ആസ്വാദ്യതയെ വെളിപ്പെടുത്തുന്ന കൃതിയാണു സാക്ഷാൽ ഉൽകൃഷ്ട കാവ്യം. സാഹിത്യത്തെ 'ആലോചനാമൃത'മെന്നു് അഭിയുക്തന്മാർ പ്രശംസിക്കുന്നതും യഥാർത്ഥത്തിലാണു്. (3) പ്രകൃത പദ്യത്തിലെ ഒടുവിലത്തെ നാലക്ഷരം വ്യർത്ഥമാണെന്നു് ഒരു നാടോടി വായനക്കാരൻ ഒരിക്കലും സംശയിക്കപോലും ചെയ്കയില്ല. 'മല്ലീനികുഞ്ജങ്ങളേ! തിരുമേനിയെ സംബന്ധിച്ചു് ഇനി വേറൊരു പ്രത്യാശക്കും വകയില്ല; നിങ്ങളുടെ പുഷ്പങ്ങൾ ഇനി ആരും ഇറുത്തെടുക്കാതെ അവിടെ നിലത്തുവീണു ചിതറിക്കിടക്കും—അവയെ ബലിച്ചോറെന്നു വിചാരിച്ചു് കാക്കകൾ കൊത്തിപ്പെറുക്കുകയും ചെയ്യും' എന്നു പറഞ്ഞാൽ 'ഓർത്തുകൊള്ളുവിൻ' എന്നുകൂടി പറയാതെ വിസംരംഭം വിശ്രമിക്കുമെന്നു സാധാരണ വായനക്കാർ വിചാരിക്കുമോ? നേരെമറിച്ചു് അതിനെ വ്യർത്ഥമെന്നു് ആക്ഷേപിക്കുന്നതു് മലയാളകവികളുടെ ഇടയിൽ നല്ലപേരെടുത്ത വള്ളത്തോൾ നാരായണമേനോൻ അവർകൾ അല്ലായിരുന്നു എങ്കിൽ പ്രൈമറിക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ കൂടി അതു കേട്ടു ചിരിക്കയില്ലയോ?

പ്രകൃത പദ്യത്തിലെ ആക്ഷേപങ്ങളെ മുഴുവൻ ഖണ്ഡിക്കയും സ്വപക്ഷം സ്ഥാപിക്കുകയും ചെയ്തുകഴിഞ്ഞു. ഇനി 'നാലക്ഷരങ്ങൾ ഇല്ലായിരുന്നു എങ്കിൽ ഈ പദ്യം ലോകോത്തരമായി പരിലസിക്കുമായിരുന്നു' എന്ന പ്രശംസയുടെ ഔചിത്യത്തെക്കൂടി ഒന്നു ചിന്തിച്ചുനോക്കി ഈ ഭാഗം അവസാനിപ്പിക്കാം. ലോകോത്തരമെന്നാൽ ലോകത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള എല്ലാററിനേക്കാളും ഉൽകൃഷ്ടമെന്നാണർത്ഥം. അപ്പോൾ പ്രകൃത പദ്യത്തോടു കിടനില്ക്കുന്നതായ ഗുണമുള്ള കാവ്യശകലം ഒരു രാജ്യത്തും ഒരു ഭാഷയിലും ഇതുവരെ ഉണ്ടായിട്ടില്ലെ

ന്നോ? എല്ലാം താരതമ്യപ്പെടുത്തി നോക്കീട്ടാണോ ഇങ്ങനെ തീരുമാനിച്ചതു്? വാത്മീകി, വ്യാസൻ, കാളിദാസൻ, ഹോമർ, ചാസർ, ഷേക്സ്പീയർ, മിൽട്ടൺ, തുളസീദാസൻ, കമ്പർ, ഗേഥേ, രവീന്ദ്രനാഥടാഗൂർ ഇവരിൽ ആരുടെയെങ്കിലും കൃതികളിൽനിന്നു് ഒരു നാലുവരി ഇതിനോടു കിടനില്ക്കുന്നതായി എടുക്കാൻ കാണുകയില്ലെന്നു് തീർച്ചതന്നെയോ? അങ്ങിനെയെങ്കിൽ ഈയുള്ളവന്നു് അടുത്ത അവസരത്തിലെ സാഹിത്യവിഷയമായ "നോബൽ പ്രൈസ്സും" ടാഗൂറിന്റെ മുൻവശത്തു് ആസനവും കിട്ടാൻ ഭാഗ്യമുണ്ടോ? ഇതൊന്നും എനിക്കു ഊഹിപ്പാൻപോലും കഴിയാത്ത ബഹുമതികളാണു്. അല്ലെങ്കിൽ ഇനി വെറുതെ ഊഹിച്ചു ബുദ്ധിമുട്ടേണ്ടല്ലോ. ആ ശനികൾ, നാലക്ഷരങ്ങൾ വഴിക്കു കേറിനിന്നു ആ മഹാഭാഗ്യങ്ങളെ തട്ടിപ്പറിച്ചുകൊണ്ടുപോയിക്കഴിഞ്ഞില്ലേ. വിസ്തരിക്കേണ്ട ആവശ്യമില്ല. ആ നാലക്ഷരങ്ങളുടെ വൈയർത്ഥ്യത്തെ നിഷേധിക്കുകയും സാർത്ഥക്യത്തെ സ്ഥാപിക്കയും ചെയ്തുകഴിഞ്ഞു. ഈ പദ്യം വാസ്തവത്തിൽ അർത്ഥപുഷ്ടിയും അലങ്കാരഭംഗിയും രസഭാവസ്ഫൂർത്തികളുംകൊണ്ടു് ഒരു വിധം നല്ല ചമല്ക്കാരമുള്ള ഒന്നുതന്നെയാണു്. എന്നാൽ പലതുകൊണ്ടും ഇതിനേക്കാൾ മെച്ചമായ പദ്യങ്ങൾ ഈ കൃതിയിൽതന്നെ അധികമുണ്ടെന്നാണു് എന്റെ അഭിപ്രായം. സ്വന്തമാകയാലും വിസ്താരഭയത്താലും ഉദാഹരണങ്ങളെ ഉദ്ധരിക്കുന്നില്ല. ചുരുക്കത്തിൽ നിരൂപകന്റെ ആക്ഷേപങ്ങൾ പോലെതന്നെ പ്രശംസയും അസ്ഥാനത്തിൽ എന്നു് പറഞ്ഞാൽ കഴിഞ്ഞു. ഇതിന്നു പിന്നെ വല്ല വംഗ്യാർത്ഥവുമുണ്ടെങ്കിൽ അതു താഴെ കാണിക്കുന്നവയായിരിക്കും. (1) മുമ്പുതന്നെ അദ്ദേഹം എനിക്കു എഴുതിയിരുന്ന കത്തിൽ പ്രത്യേകം വളരെയൊക്കെ ശ്ലാഘിച്ചെഴുതിയിരുന്ന ഈ പദ്യത്തെ നിരൂപണത്തിലും ഒരുവിധം സ്തുതിച്ചു എന്നു വരുത്തുവാനുള്ള സാഹസം. (2) അലംകൃത്യ ശിരച്ഛേദന്യായേന മണ്ഡനാനന്തരം ഖണ്ഡിക്കുമെന്നുള്ള ഉൽകൃഷ്ട നിരൂപക നയത്തിന്റെ നാട്യം അല്ലെങ്കിൽ ഏററവും പൊക്കിക്കൊണ്ടുപോയി താഴോട്ടു മറിച്ചിട്ടു് ചരപക്ഷവിഭജനം ചെയ്യുന്ന വാദവൈദഗ്ദ്ധ്യത്തിന്റെ വൃഥാഭിനയം. (3) ഗുണപുഷ്കലമായ ഒരു പദ്യത്തിലെ തുച്ഛമായ ദോഷത്തെക്കണ്ടറിഞ്ഞു് പരിഹരിപ്പാനുള്ള ജ്ഞാനത്തിന്റേയും വാസനാശക്തിയുടേയും അഭാവത്തെ കവിയിലാരോപിച്ചു് തദ്വാരാ കാവ്യത്തിന്നു പൊതുവിലപകർഷം സ്ഥാപിക്കുവാനുള്ള മോഹം. ഈ ഒടുവിൽ പറഞ്ഞ ദോഷം നീചമായിട്ടുള്ളതാണു്. അതിന്നു സ്ഥാനമനുവദിക്കത്തക്കവണ്ണം എന്റെ മാന്യസ്നേഹിതന്റെ ഹൃദയം അതിമലിനവും കുടിലവുമാണെന്നു വിചാരിപ്പാൻ തന്നെ എനിക്കു മടിയുണ്ടു്. അനുപ്രാസത്തെ സംബന്ധിച്ചു നിന്ദാഗർഭമായി ചെയ്തിട്ടുള്ള സൂചനയ്ക്കു താഴെ ഒരുദിക്കിൽ മറുപടി പറയുന്നതാണു്.

(അപൂർണ്ണം)

# ഒരു അനുസ്മരണം

## വിളയത്തു കൃഷ്ണനാശാൻ



വിളയത്തു കൃഷ്ണനാശാൻ

മഹാകവി കുമാരനാശാന്റെ അടുത്ത ഒരു സുഹൃത്തായിരുന്നു ശ്രീ. വിളയത്തു കൃഷ്ണനാശാൻ. മഹാകവിയുടെ ആദ്യകാലകൃതികളിൽ പലതും പ്രസിദ്ധീകരിച്ച "വിദ്യാവിലാസിനി"മാസികയുടെ ഉടമസ്ഥനും വിളയത്തു ആശാൻ ആയിരുന്നു.

മഹാകവിയുടെ സ്തോത്രകൃതികളും 'വിചിത്രവിജയം' നാടകവും നമുക്കു ലഭ്യമായതു് ശ്രീ. കൃഷ്ണനാശാന്റെ സഹായംകൊണ്ടാണു് എന്നു കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതാണു്.

മഹാകവിയുടെ "സ്തോത്രകൃതികൾ പരസ്യം ചെയ്വാൻ എന്നെ വളരെ ഉത്സാഹിപ്പിച്ചുകൊണ്ടിരുന്നതു് പരേതനായ വിളയത്തു കൃഷ്ണനാശാൻ അവർകളാണു്..............................അദ്ദേഹത്തിന്റെ വക 'വിവേകാനന്ദവിലാസം' വായനശാലയിൽ ആശാന്റെ പദ്യവും ഗദ്യവുമായ സകല ഗ്രന്ഥങ്ങളും മാസികകളിലും മററും എഴുതിയിട്ടുള്ള ലേഖനങ്ങളും മംഗളശ്ലോകങ്ങളും കൂടിയും നശിച്ചുപോകാതെ സൂക്ഷിച്ചിട്ടുണ്ടു്," എന്നിങ്ങനെയാണു് 'കുമാരനാശാന്റെ പദ്യകൃതികൾ, മൂന്നാം വാല്യ'ത്തിന്റെ മുഖവുരയിൽ പ്രസാധിക ശ്രീമതി കെ. ഭാനുമതി അമ്മ രേഖപ്പെടുത്തിയിരിക്കുന്നതു്.

ഇതിൽനിന്നും ശ്രീ. കൃഷ്ണനാശാനു് മഹാകവിയോടുള്ള ബന്ധം എത്രമാത്രമായിരുന്നു എന്നു മനസ്സിലാക്കാമല്ലോ.

ഈ 'അനുസ്മരണം' വിളയത്തു് ആശാന്റെ ഒരു ഡയറിക്കുറിപ്പാണു്—പ.

"1066–ാമാണ്ടു മുതൽ മഹാകവിയെ എനിക്കു പരിചയവും സ്നേഹവും ഉണ്ടു്.—ഇപ്പോൾ 44–വൎഷമായിട്ടുണ്ടു്.

"മഹാകവി ഉള്ളൂരിനു്, മഹാകവിയുടെ കവിതകൾ 1071–ാമാണ്ടു മുതൽ വായിക്കാൻ അവസരം ലഭിച്ചിട്ടുണ്ടു്. അന്നു ഞങ്ങൾ നടത്തിക്കൊണ്ടിരുന്ന 'വിദ്യാവിലാസിനി' മാസികയിൽ അദ്ദേഹം ഒരു പ്രധാന ലേഖകനും കവിയും ആയിരുന്നു. ആ വിവരം അദ്ദേഹം തിരുവനന്തപുരത്തു മ്യൂസിയം ലൈബ്രറിയിൽ മഹാകവിയുടെ പടം അനാച്ഛാദനം ചെയ്ത അവസരത്തിൽ ചെയ്ത പ്രസംഗത്തിൽ പറഞ്ഞിട്ടുമുണ്ടു്.

മഹാകവി അന്നു സ്വാമിതൃപ്പാദങ്ങളോടുകൂടി വേളിക്കാട്ടു ക്ഷേത്രത്തിൽ വരുന്ന പതിവുണ്ടായിരുന്നു. അവിടെവെച്ചാണു് എനിക്കു് അദ്ദേഹത്തെ പരിചയിക്കാൻ ഭാഗ്യമുണ്ടായതു്.

"..............................ഒരു സംവത്സരത്തോളം ഞാൻ അരുവിപ്പുറത്തു സന്യാസിമഠത്തിൽ സ്വാമിതൃപ്പാദങ്ങളെ സേവിച്ചു താമസിച്ചിട്ടുണ്ടു്. അന്നു ഞാൻ അവിടെ വച്ചു സ്വാമിയുടേയും മഹാകവിയുടേയും കവിതകളിൽ പലതും പകർത്തിക്കൊണ്ടു പോന്നിട്ടുണ്ടു്.

"മഹാകവി ആദ്യമായി കവിത പാടിയതു് ഭക്തിരസത്തിലാണു്. അദ്ദേഹത്തിന്റെ ഒരു പ്രധാന സ്തുതിപാഠകനായ എ. ഡി. ഹരിശർമ്മാ അവർകൾ ഈ വിഷയം തെററിധരിച്ചിരിക്കുകയാണു്. 'ദീപം' എന്ന ഒരു മാസികയിൽ മിസ്റ്റർ ശർമ്മാ മഹാകവിയുടെ ജീവചരിത്രത്തിന്റെ രത്നച്ചുരുക്കം പ്രസിദ്ധപ്പെടുത്തിയിരുന്നതു വായിച്ചപ്പോൾ വളരെ വ്യസനിക്കേണ്ടിവന്നു.

"ഈശ്വരഭക്തന്മാർക്കു് സ്മരിക്കാൻകൂടി കൊള്ളാത്ത ഒരു ശൃംഗാരപദ്യം പ്രബോധചന്ദ്രോദയത്തിലുണ്ടു്. അതിനെ ആ പുസ്തകം തർജ്ജമ ചെയ്യേണ്ടി വന്നപ്പോൾ മഹാകവി തർജ്ജമ ചെയ്തിട്ടുണ്ടു്. അതു് മഹാകവിയുടെ ആദ്യകാലത്തെ സ്വകൃതമായ ഒരു ശൃംഗാര പദ്യമാണെന്നു ആ ചരിത്രത്തിൽ പറഞ്ഞിട്ടുണ്ടു്.

"കൊങ്കക്കുംഭക്ഷതത്തിൽ സ്ഫുടമിടകൾ നദൃ—
ങ്ങിടവേ ഗാഢമായെ—
ന്നങ്കത്തിങ്കൽക്കരേറിപ്പുരിചൊട്ടു പരിരം—
ഭിക്ക തുമ്പിക്കരോരു!
തിങ്കൾഖണ്ഡാവതംസനുടയൊരു തുടമേ—
ലത്തുഷാരാചലത്തി—
ന്നങ്കയ്യേല്ക്കുന്ന ലീലാലഹരി തുടരുകെൻ—
തങ്കമാൻകണ്ണി മൗലേ!"

"ഈ പദ്യം മഹാകവിയുടെ ബാല്യത്തിലെ ഒരു സ്വകൃതിയായ ശൃംഗാരപദ്യമാണൊന്നാണു്.

"വേറൊരു പദ്യമായിരുന്നെങ്കിലും വേണ്ടതില്ല. ഒരു ഈശ്വരഭക്തന്റെ ഹൃദയത്തിൽ ഉദിക്കുന്നതും ഉദിക്കേണ്ടതുമായ ഒരു പദ്യമല്ല ഇതു്.

"ഇതു് പ്രബോധചന്ദ്രോദയത്തിൽ മഹാമോഹമഹാരാജാവു് മിഥ്യ എന്ന ഭാൎയ്യയോടു പറയുന്ന സംസ്കൃതപദ്യത്തിന്റെ ഭാഷാന്തരമാണു്. ഇതു് ആ നാടകം തൎജ്ജമ ചെയ്തപ്പോൾ അദ്ദേഹത്തിനു തൎജ്ജമ ചെയ്യേണ്ടതായി വന്നുപോയതാണു്.

"മഹാകവി മരിച്ച ഇടയ്ക്കു ഏറത്തു കൃഷ്ണനാശാൻ വരുത്തിക്കൂട്ടിയ വിപ്ലവങ്ങളിൽനിന്നു മിസ്റ്റർ ശൎമ്മാ തെററിദ്ധരിച്ചതുമാണു്. മിസ്റ്റർ ആശാൻ അദ്ദേഹത്തെ തെററിദ്ധരിപ്പിച്ചതുമാണു്. മഹാകവി മരിച്ചു് ഇടയ്ക്കു് ഏറത്തു കൃഷ്ണനാശാൻ എന്റെ അടുക്കൽവന്നു. മഹാകവിയുടെ പ്രബോധചന്ദ്രോദയം കയ്യെഴുത്തു കാപ്പി എന്റെ കയ്യിൽ ഉണ്ടായിരുന്നതിൽനിന്നും കുറേ പദ്യങ്ങൾ പകൎത്തിക്കൊണ്ടുപോയി. കുമാരനാശാന്റെ ചില ബാല്യകാലകവിതകൾ ചേൎത്തു, ഒരു ചെറു പുസ്തകം പ്രസിദ്ധപ്പെടുത്തി. ഒരുചക്രം ആയിരുന്നു വില..............ഈ പുസ്തകത്തിൽവന്ന ഈ പദ്യംമൂലം കൃഷ്ണനാശാൻ മിസ്റ്റർ ഹരിശൎമ്മയെ തെററിദ്ധരിപ്പിച്ചു. അതിൽനിന്നും ഹരിശൎമ്മ അവൎകൾക്കു പററിയ അബദ്ധമാണിതു്. 'ദീപ'ത്തിൽ ഇതുകണ്ടപ്പോൾതന്നെ എനിക്കു കാൎയ്യം മനസ്സിലായി.

"മഹാകവിയുടെ ബാല്യത്തിൽ എഴുതീട്ടുള്ള ഭക്തിരസപ്രധാനങ്ങളായ പദ്യങ്ങൾ ആണു് എന്നെ ആകൎഷിച്ചതു്. ആശാൻ അന്നു ശൃംഗാരപദ്യങ്ങൾ സ്മരിക്കക്കൂടി ചെയ്തിട്ടില്ല. അത്ര ഒരു ബ്രഹ്മചാരി ആയിരുന്നു അദ്ദേഹം."

ദുൎഗ്രഹങ്ങളായ ശാസ്ത്രസിദ്ധാന്തങ്ങളെ പ്രതിപാദിക്കുന്നതിനുപോലും ആശാൻ ദ്രാവിഡപദങ്ങൾക്കു് വേണ്ടുവോളം പ്രാഭവമുണ്ടെന്നു് പലയിടത്തും പ്രദൎശിപ്പിച്ചിട്ടുണ്ടു്. കാന്തിയും മൂല്യവും ക്ഷയിച്ചിട്ടില്ലാത്ത ദ്രാവിഡ പദങ്ങളെ തേടിപ്പിടിച്ചു് സ്വകാവ്യങ്ങളിൽ സമുചിതമായി പ്രയോഗിക്കുന്നതിനു് ആശാനെപ്പോലെ ആധുനിക കവികളിൽ അധികംപേൎക്കും സാധിച്ചിട്ടില്ല.

— ഡോ: കെ. ഗോദവൎമ്മ.

# പുതിയ രൂപഭാവങ്ങൾ

വ്യക്തിയിലെ വ്യക്തി—വി. പി. മുഹമ്മദ് വില 6–50

രൂപാന്തരങ്ങൾ—ഭാരതി ഉദയഭാനു, എൻ. ബി. എസ്. കോട്ടയം. വില 3–50

കെ. ശാന്തമ്മ

നാം ഇന്നു് നോവൽ സാഹിത്യത്തിന്റെ കാര്യത്തിൽ സമ്പന്നരാണു്. മാത്രമല്ല ദിനംപ്രതി ആ സമ്പത്തു് ഏറിയേറിവരികയുമാണു്. നോവലിന്റത്രയില്ലെങ്കിലും, ജീവചരിത്രത്തിന്റെ കാര്യത്തിലും കൈരളി ദരിദ്രയല്ല. എന്നാൽ, ജീവചരിത്രനോവലിനെസംബന്ധിച്ച പറകയാണെങ്കിൽ അതു് പുതിയതാണു്; ഇനിയും വളരേണ്ടതും വളർത്തേണ്ടതുമാണു്. ഈ സാഹിത്യശാഖയിലേക്കു് ഒരു പുതിയസംഭാവനയുമായിട്ടാണു് വായനക്കാർക്കു് അപരിചിതനല്ലാത്ത ശ്രീ: വി. പി. മുഹമ്മദു് കടന്നുവന്നിരിക്കുന്നതു്. അദ്ദേഹത്തിന്റെ 'വ്യക്തിയിലെ വ്യക്തി' ഒരു ജീവചരിത്രനോവലാണു്.

തനിനോവലോ ജീവചരിത്രമോ എഴുതുന്നതുപോലെ അത്ര എളുപ്പമല്ല ജീവചരിത്രനോവൽ രചന. ജീവചരിത്രമെന്ന നിലയ്ക്കു് വസ്തുതകൾ സത്യസന്ധമായിരിക്കുന്നതോടൊപ്പം ഒരു നോവലിനുണ്ടായിരിക്കേണ്ട റൊമാൻസും ഇതിനു കൂടിയേ കഴിയൂ. ജീവചരിത്രത്തിന്നാധാരമായ വ്യക്തികളുടെ ഗുണവശങ്ങൾ പെരുപ്പിച്ചു കാണിക്കുകയും ദോഷവശങ്ങൾ മൂടിവയ്ക്കുകയും ചെയ്യുന്നതു് ഇന്നത്തെ ജീവചരിത്രകാരന്മാരുടെ പൊതുരീതിയാണു് എന്നുതന്നെ പറയാം. ഈ രീതി യഥാർത്ഥത്തിൽ വ്യക്തിപൂജയ്ക്കു കളമൊരുക്കലാണു്. നേട്ടങ്ങളെ പർവ്വതീകരിച്ചു പറയുക; പതനങ്ങളെക്കുറിച്ചു പറയാതിരിക്കുക. ഇത്തരത്തിലുള്ള പല ജീവചരിത്രങ്ങളും അബ്രഹാം ലിങ്കണെക്കുറിച്ചും ഉണ്ടായിട്ടുണ്ടു്. അതിൽനിന്നെല്ലാം തികച്ചും വ്യത്യസ്തമാണു് ശ്രീ. വി. പി. മുഹമ്മദിന്റെ 'വ്യക്തിയിലെ വ്യക്തി'. ധിഷണാശാലിയായ ഒരു രാജ്യതന്ത്രജ്ഞനെന്ന നിലയിൽ അബ്രഹാം ലിങ്കന്റെ നേട്ടങ്ങളും, മനുഷ്യനെന്ന നിലയിൽ അദ്ദേഹത്തിനുണ്ടായിട്ടുള്ള പതനങ്ങളും സത്യസന്ധമായി അനുവാചകഹൃദയത്തിൽ പതിയത്തക്കനിലയിൽ

ഇതിൽ പ്രതിപാദിക്കുന്നു. അമേരിക്കയിൽ നിലനിന്നിരുന്ന അടിമവ്യവസ്ഥിതിക്ക് അറുതിവരുത്താനായി നിയമം കൊണ്ടുവരികയും എല്ലാ എതിർപ്പുകളേയും ആഭ്യന്തരകലാപങ്ങളേയും പരാജയപ്പെടുത്തിക്കൊണ്ട് അതു നടപ്പാക്കുകയും ചെയ്ത അടിപതറാത്ത രാജ്യതന്ത്രജ്ഞനാണ് അമേരിക്കൻ പ്രസിഡൻറായ അബ്രഹാം ലിങ്കൺ. എന്നാൽ മേരിയെന്ന പിടിവാശിക്കാരിയുടെ ചാപല്യങ്ങൾക്ക വഴങ്ങി നിസ്സഹായനായി അടിപതറിപ്പോകുന്ന മനുഷ്യനാണ് ഗൃഹനാഥനായ അബ്രഹാം ലിങ്കൺ. പ്രസിഡൻെറന്ന നിലയിലുള്ള അദ്ദേഹത്തിൻെറ വിജയത്തിനും ഒരു സാധാരണവ്യക്തിയെന്ന നിലയിലുള്ള പതനത്തിനും അബ്രഹാമിലുള്ള മനുഷ്യസ്നേഹമാണ് നിദാനമെന്നു മനസ്സിലാക്കി തൻെറ കൃതിയിലുടനീളം അതിനെ പോഷിപ്പിച്ചിരിക്കയാണ് ഗ്രന്ഥകർത്താവ്. ചുരുക്കത്തിൽ, അബ്രഹാം ലിങ്കണിലുള്ള യഥാർത്ഥ മനുഷ്യനെ കണ്ടെത്തുന്നതിലും വായനക്കാർക്ക കാട്ടിക്കൊടുക്കുന്നതിലും ശ്രീ: വി. പി. മുഹമ്മദ് വിജയിച്ചിരിക്കുന്നു എന്നു പറയാം.

മലയാളികൾക്കു സുപരിചിതയായ ശ്രീമതി ഭാരതീ ഉദയഭാനു ഇക്കുറി 'രൂപാന്തരങ്ങൾ' എന്ന ഗ്രന്ഥത്തിലൂടെ യവന ദേവകഥകൾ പറയുകയാണ്. 'ഓവിഡി'ൻെറ 'രൂപപരിണാമങ്ങൾ' എന്ന കൃതിയെ ആധാരമാക്കിയെഴുതിയിട്ടുള്ള മുപ്പത്തിനാലു കഥകളാണ് ഇതിൻെറ ഉള്ളടക്കം. പുരാതനമായ ഗ്രീക്ക് സംസ്കാരവും വിശ്വാസപ്രമാണങ്ങളും കുറെയൊക്കെ മനസ്സിലാക്കാൻ ഈ ഗ്രന്ഥം ഉപകരിക്കും. ശ്രീമതി ഭാരതീ ഉദയഭാനു ഇതിൽ അനുവർത്തിച്ചിരിക്കുന്ന കഥാകഥനരീതി നമ്മുടെ 'പഞ്ചതന്ത്രകഥക'ളെ അനുസ്മരിപ്പിക്കുന്ന വിധത്തിലാണ്. കുട്ടികളെ കഥാകുതുകികളാക്കുന്നതിന് ഈ രീതി ഫലപ്രദംതന്നെ. അയത്നലളിതവും സ്വതസിദ്ധമായ നർമ്മരസത്തോടുകൂടിയതുമായ ഭാഷാപ്രയോഗത്താൽ ഇതൊരു സ്വതന്ത്രകൃതിയോടു കിടനില്ക്കുന്നു. ദേവീദേവന്മാരുടേയും അവരുടെ സന്താനങ്ങളുടേതുമായി നിരവധി പേരുകൾ ഇതിലുണ്ട്. അവയിൽ പലതും കേരളീയർക്ക പരിചിതങ്ങളല്ലാത്തതിനാൽ ആവശ്യാനുസരണം ഫുട്ട്നോട്ടുകൾ കൊടുത്ത് ഈ പേരുവിവരങ്ങൾ ചേർത്തിരുന്നെങ്കിൽ വായനക്കാർക്ക കൂടുതൽ സഹായകമായിരുന്നു. ഏതായാലും വായിച്ചു രസിക്കാൻ കൊള്ളാവുന്ന ഒരു ചെറുകൃതിയാണ് "രൂപാന്തരങ്ങൾ". സംശയമില്ല.

## കൈപ്പററി

ഉദ്യാനസൂനം (കവിതകൾ) —എം. പി. അപ്പൻ.
പേജ് 54 വില 1–50

ടോൾസ്റ്റോയ് സ്മരണകൾ —മാക്സിം ഗോർക്കി.
വിവ: എം. മാധവൻ
പേജ് 173 വില 4–50

മരണം ദുർബലം (നോവൽ) പേജ് 569 വില 14–00
എൻ. ബി. എസ്; കോട്ടയം.

ദിവ്യകോകരം (കവിതകൾ) —കായംകുളം പി. എൻ. മുരളി

പേജ് 54 വില 1–00

ആത്മബലി (വിലാപകാവ്യം) പേജ് 155 വില 1–50

മാധുരീ പബ്ളിക്കേഷൻസ്, കായംകുളം

മലയാളഭാഷാ പരിണാമം—സിദ്ധാന്തങ്ങളും വസ്തുതകളും

—തിരുനല്ലൂർ കരുണാകരൻ. വില 4–00

ദാഹിക്കുന്ന പാനപാത്രം —ഒ. എൻ. വി. വില 3–00

പ്രസൂതികാശാസ്ത്രവും സ്ത്രീരോഗവിജ്ഞാനീയവും

—എം. കപിലൻ, വിവ: ഡോ: സതീശ് ചന്ദ്രൻ
വില 10–00

കേരള ചരിത്രത്തിലെ അവഗണിക്കപ്പെട്ട ഏടുകൾ

—ററി. എച്ച്. പി. ചെന്താരശ്ശേരി

വില 3–50

പ്രഭാതം പ്രിൻറിംഗ് ആൻറ് പബ്ളിഷിംഗ് കമ്പനി (പ്രൈ) ലിമിററഡ്
തിരുവനന്തപുരം.

## പുതിയ അഞ്ചു് M. S. പ്രസിദ്ധീകരണങ്ങൾ

### ആത്മാവെൻെറ കിനാവു നിൻെറ നോവൽ

എ. സി. ബാബു

സ്ത്രീ അവളുടെ പ്രതികാരം എങ്ങനേയും സാധിക്കും. ഈ ജന്മത്തിലല്ലെങ്കിൽ അടുത്ത ജന്മത്തിൽ ഉടനെ വെള്ളിത്തിരയിൽ കാണാവുന്ന ശ്രീ. സാബുവിൻെറ അനുഗ്രഹീത കൃതി. വില: രൂപ 2–50

### ആദ്യത്തെ വിഷു വിനോദ കഥകൾ

വേളൂർ കൃഷ്ണൻകുട്ടി

ഏററവും നല്ല കഥകളെന്നു് ഗ്രന്ഥകാരൻതന്നെ സമ്മതിക്കുന്ന വേളൂർ കൃഷ്ണൻകുട്ടിയുടെ ആദ്യത്തെ വിഷു, പറഞ്ഞാ പറഞ്ഞപോലെ, സ്ലൗവുകാരണം, ദൈവം നേരുകാരനാ തുടങ്ങിയ പത്തുകഥകളുടെ സമാഹാരം.

വില: രൂപ 2–50

### മറക്കാൻകഴിയാത്തതിനു് മാപ്പ് കഥകൾ

എഴകോൺ സത്യപാലൻ

നമ്മുടെ നിത്യജീവിതത്തിൽ കാണുന്ന ചില നഗ്നസത്യങ്ങളുടെ നേരെ വിരൽ ചൂണ്ടുകയാണു് ഈ കഥയിലൂടെ ശ്രീ. സത്യപാലൻ.

വില: രൂപ 2–50

### പത്മവ്യൂഹം നാടകം

അസീസ്

ഷാഹുലും—ബേബിയും അയൽക്കാരാണു് ഏകോദരസഹോദരങ്ങളെപ്പോലെ ജീവിക്കുന്നു. ഷാഹുൽ വിവാഹിതനായശേഷം നേരിട്ട തകർച്ചയും റിസർച്ചായ ബേബിക്കു് നിശ്ചയിച്ച വിവാഹം നടത്തേണ്ട സമയത്തു് നേരിട്ട ദുരന്തവും അതുമൂലം ആ പെൺകുട്ടികൾ അനുഭവിച്ച മാനസിക സംഘട്ടനങ്ങളുമാണു് ഇതിലെ പ്രതിപാദ്യം. വില: രൂപ 2–50

### കാളിയമർദ്ദനം നാടകം

തേവന്നൂർ മണിരാജ്

ശ്രീ. പി. കേശവദേവ് എഴുതുന്നു: 'നല്ലൊരു നാടകത്തിൻെറ സർവ്വലക്ഷണങ്ങളും ഇതിൽ തെളിഞ്ഞു കാണുന്നു. ആരുടേയും ശുപാർശ ഇല്ലാതെ ആസ്വാദകരേ നേരിട്ടു സമീപിക്കുവാനുള്ള കഴിവാണു് ഒരു കലാകാരൻെറ യഥാർത്ഥ കഴിവു്. ആ കഴിവു് വികസിപ്പിച്ചെടുക്കുക അതിനു വേണ്ടുന്ന എല്ലാ കഴിവുകളും നിങ്ങൾക്കുണ്ടു്.' വില രൂപ 3–00

നിങ്ങൾക്കുവേണ്ടുന്ന മററെല്ലാ പുസ്തകങ്ങൾക്കും

**M S Book Depot, Quilon-1**




# PROGRESS OF A NATION

THE INDUSTRIAL PROGRESS OF A NATION DEPENDS UP ON THE QUANTITY OF FOREIGN CURRENCY EARNED THROUGH EXPORTING THINGS

THE PACKING CASES NEEDED FOR THE BETTER PACKING OF THE EXPORT GOODS ARE SUPPLIED BY RADHAS PRINTERS THE LARGEST FIRM OF ITS KIND IN SOUTH INDIA.

## RADHAS PRINTERS

QUILON COCHIN

Statement about ownership and other particulars about newspaper DIVYAKOKILAM to be Published in the first issue every year after the last day of February.

## FORM IV

**(See Rule 8)**

| | | |
|---|---|---|
| 1. | Place of Publication | Quilon. |
| 2. | Periodicity of its publication | Quarterly. |
| 3. | Printer's name<br>(Whether citizen of India?)<br>(If foreigner, state the country of origin)<br>Address | Puthuppally Raghavan.<br>Indian.<br><br>Cheemarathara Veedu<br>Punnathala, Quilon-12 |
| 4. | Publisher's name<br>(Whether citizen of India?)<br>(If foreigner, state the country of origin)<br>Address | Puthuppally Raghavan<br>Indian.<br><br>Cheemarathara Veedu<br>Punnathala, Quilon-12 |
| 5. | Editor's name<br>(Whether citizen of India?)<br>(If foreigner, state the country of origin)<br>Address | Puthuppally Raghavan<br>Indian.<br><br>Cheemarathara Veedu<br>Punnathala, Quilon-12 |
| 6. | Name and address of individuals who own the newspaper and partners and shareholders holding more than one per cent of the total capital. | Puthuppally Raghavan<br>Cheemarathara Veedu<br>Punnathala,<br>Quilon-12. |

I, Puthuppally Raghavan, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Dated, 1- April, 1973. Puthuppally Raghavan.

DIVYAKOKILAM
(QUARTERLY)

Price Rs. 3


# ജയഭാരതം ആര്യവൈദ്യശാല

## H.O. പുനലൂർ



അസുഖങ്ങളെക്കുറിച്ച്
ഓർക്കുമ്പോൾ

**കദളീകല്പം**

ആരോഗ്യമുള്ള തരുണികളേ!
അകാലവാർദ്ധക്യത്തിലേക്ക്
നയിക്കുന്ന, മേഹരോഗങ്ങൾ,
വെള്ളപോക്ക്, മഞ്ഞ
പോക്ക്, മൂത്രച്ചൂടിച്ചി
ൽ, എരിച്ചിൽ, ഗർഭാ
ശയ — മൂത്രാശയ
രോഗങ്ങൾക്ക്
കദളീകൽപം
ഉടൻ ശമനം
കൈവരുത്തുന്നു.





Edited, Printed & Published by Puthuppally Raghavan, at
Crown Printers, Quilon.

# ദിവ്യകോകിലം

## ആശാൻ ജന്മശതാബ്ദിപ്പതിപ്പ്



"മാററുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാററുമതുകളീ നിങ്ങളെത്താൻ"

Indic Digital Archive Foundation
gpura.org